SUPREME AUDIT INSTITUTION OF INDIA
लोकहितार्थ सत्यनिष्ठा
Dedicated to Truth in Public Interest

ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ സംയോജിത റിപ്പോർട്ട്
2023 മാർച്ചിൽ അവസാനിച്ച കാലയളവിലേത്

കേരള സർക്കാർ

2025 വർഷത്തിലെ റിപ്പോർട്ട് നമ്പർ 6

(റവന്യൂ/ അനുവർത്തന ഓഡിറ്റ് റിപ്പോർട്ട് - സിവിൽ)

ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ സംയോജിത റിപ്പോർട്ട്

2023 മാർച്ചിൽ അവസാനിച്ച കാലയളവിലേത്

കേരള സർക്കാർ

2025 വർഷത്തിലെ റിപ്പോർട്ട് നമ്പർ 6

(റവന്യൂ/ അനുവർത്തന ഓഡിറ്റ് റിപ്പോർട്ട് - സിവിൽ)

ഉള്ളടക്കം

വിശദാംശങ്ങൾ	ഖണ്ഡിക	പേജ്
ആമുഖം		(v)
ഉപരിവീക്ഷണം		(vii)
ഭാഗം I – റവന്യൂ വിഭാഗം		
അദ്ധ്യായം–I : പൊതുവിൽ		
റവന്യൂ വരവിന്റെ പ്രവണത	1.1	1
റവന്യൂ കുടിശ്ശികയുടെ വിശകലനം	1.2	5
സ്റ്റേ അനുവദിച്ച കേസ്സുകളുടെ വിശകലനം	1.3	6
നികുതി നിർണ്ണയങ്ങളുടെ കുടിശ്ശിക	1.4	6
വകുപ്പുകൾ കണ്ടുപിടിച്ച നികുതി വെട്ടിപ്പുകൾ	1.5	7
തീർപ്പാക്കാൻ ബാക്കി നിന്ന റീഫണ്ട് കേസുകൾ	1.6	7
ഓഡിറ്റിനോടുള്ള സർക്കാരിന്റെ/ വകുപ്പുകളുടെ പ്രതികരണം	1.7	8
ഓഡിറ്റിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനത്തിന്റെ സ്ഥിതി	1.8	12
ഓഡിറ്റ് ആസൂത്രണം	1.9	14
ഓഡിറ്റിന്റെ ഫലങ്ങൾ	1.10	14
ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളുന്നത്	1.11	15
അദ്ധ്യായം–II : ചരക്കു സേവന നികുതിയും, വിൽപ്പന, വ്യാപാരം മുതലായവയിന്മേലുള്ള നികുതികൾ/ വാറ്റ് എന്നിവകളും		
നികുതികാര്യ നിർവ്വഹണം	2.1	17
ആന്തരിക പരിശോധന	2.2	17
ഓഡിറ്റിന്റെ ഫലങ്ങൾ	2.3	18
2018-19 മുതൽ 2020-21 വരെയുള്ള കാലയളവിലെ 'ജിഎസ്ടി പേയ്മെന്റുകളും റിട്ടേൺ ഫയലിംഗും സംബന്ധിച്ച വകുപ്പിന്റെ മേൽനോട്ടം' എന്ന നിർദ്ദിഷ്ട വിഷയത്തിന്റെ അനുവർത്തന ഓഡിറ്റ്	2.4	19
പ്രത്യേക സാമ്പത്തിക മേഖലയിലേക്കുള്ള (സെസ്സ്) വിൽപ്പനയ്ക്ക് നിശ്ചിത നിരക്കിൽ നികുതി ചുമത്തുന്നതിൽ വീഴ്ച വരുത്തിയതിനാൽ നികുതിയുടെ കുറഞ്ഞ ഒടുക്കൽ	2.5	55
വിറ്റുവരവ് മൂടിവയ്ക്കപ്പെട്ടത് മൂലം നികുതിയുടെ കുറഞ്ഞ ചുമത്തൽ	2.6	56
ഇൻപുട്ട് ടാക്സിന്റെ അധിക ക്രെഡിറ്റ് കാരണം നികുതിയുടെ കുറഞ്ഞ ചുമത്തൽ	2.7	58
അധിക ഇളവ് അനുവദിച്ചതിന്റെ ഫലമായി കുറഞ്ഞ നികുതി ചുമത്തൽ	2.8	60
അദ്ധ്യായം–III : വാഹനങ്ങളിൻമേലുള്ള നികുതികൾ		
നികുതികാര്യ നിർവ്വഹണം	3.1	63
ആന്തരിക പരിശോധന	3.2	63
ഓഡിറ്റിന്റെ ഫലങ്ങൾ	3.3	63

വിശദാംശങ്ങൾ	ഖണ്ഡിക	പേജ്
ഗതാഗത വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കാത്തത്	3.4	65
ചെക്ക് പോസ്റ്റിൽ അനുവദിച്ചു നൽകിയ പെർമിറ്റുകൾക്ക് സർവീസ് ചാർജ് ഈടാക്കാത്തത്	3.5	66
ഹരിത നികുതി ചുമത്താതിരുന്നത്	3.6	67
മോട്ടോർ ക്യാബിനെ സംബന്ധിച്ച നികുതി വസൂലാക്കാത്തത്	3.7	68
ടിപ്പിംഗ് സംവിധാനം ഘടിപ്പിച്ച ചരക്ക് വണ്ടികളിൽ നിന്ന് കുറഞ്ഞ നികുതി ഈടാക്കിയത്	3.8	68
ഗതാഗതേതര വാഹനങ്ങൾക്കുമേൽ ഒറ്റത്തവണ നികുതി കുറവായി ചുമത്തിയത്	3.9	69
അദ്ധ്യായം–IV : സംസ്ഥാന എക്സൈസ്		
നികുതികാര്യ നിർവ്വഹണം	4.1	71
ആന്തരിക പരിശോധന	4.2	71
ഓഡിറ്റിന്റെ ഫലങ്ങൾ	4.3	71
'സംസ്ഥാന എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ' എന്ന നിർദ്ദിഷ്ട വിഷയത്തിന്റെ അനുവർത്തന ഓഡിറ്റ്	4.4	73
കള്ളുഷാപ്പുകളിൽ നിന്ന് അധിക വാർഷിക വാടക ഈടാക്കാത്തതിനാൽ വരുമാന നഷ്ടം	4.5	97
വിദേശ മദ്യ ലൈസൻസ് കൈവശമുള്ള കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ അനധികൃത പുനഃസംഘടന	4.6	98
വിദേശമദ്യ ലൈസൻസ് ക്രമരഹിതമായി കൈമാറ്റം ചെയ്യുന്നതിലൂടെ വരുമാന നഷ്ടം	4.7	99
അദ്ധ്യായം–V : സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും		
നികുതികാര്യ നിർവ്വഹണം	5.1	101
ആന്തരിക പരിശോധന	5.2	101
ഓഡിറ്റിന്റെ ഫലങ്ങൾ	5.3	101
ഭൂമിയുടെ തെറ്റായ തരംതിരിവ് മൂലം കുറഞ്ഞ പിരിവ്/ വരുമാന നഷ്ടം	5.4	103
ന്യായവില നിശ്ചയിക്കുന്നതിലെ പിഴവ് മൂലം സ്റ്റാമ്പ് തീരുവയുടെയും രജിസ്ട്രേഷൻ ഫീസിന്റെയും കുറഞ്ഞ ചുമത്തൽ	5.5	106
ഭാഗം II – സാമ്പത്തിക സേവനങ്ങൾ		
അദ്ധ്യായം-I : പൊതുവായവ		
ഓഡിറ്റ് ചെയ്യപ്പെട്ട വകുപ്പുകളുടെ രൂപരേഖയും ചെലവിന്റെ പ്രവണതയും	1.1	109
ഓഡിറ്റ് നടത്തുന്നതിനുള്ള അധികാരം	1.2	109
ഓഡിറ്റ് യൂണിവേഴ്സും യൂണിറ്റുകളുടെ കവറേജും	1.3	110
ഓഡിറ്റിന്റെ ആസൂത്രണവും നടത്തിപ്പും	1.4	110
ഓഡിറ്റിനോടുള്ള സർക്കാരിന്റെ പ്രതികരണം	1.5	110
തീർപ്പാക്കാത്ത ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ	1.5.1	110

വിശദാംശങ്ങൾ	ഖണ്ഡിക	പേജ്
ഓഡിറ്റ് സമിതി യോഗങ്ങൾ	1.5.2	111
ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടികൾ	1.5.3	111
ഓഡിറ്റ് ഖണ്ഡികകളിന്മേൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചർച്ച	1.5.4	111
അദ്ധ്യായം-II : അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ		
ഗതാഗത വകുപ്പ്		
റോഡ് സുരക്ഷാ ഫണ്ടിലേക്ക് തുക കൈമാറ്റം ചെയ്യാത്തതും/ ഭാഗികമായി കൈമാറ്റം ചെയ്തതും	2.1	113
വനം വന്യജീവി വകുപ്പ്		
തേക്ക് തോട്ടങ്ങളുടെ നടത്തിപ്പിൽ കേരള വനം വന്യജീവി വകുപ്പിനുണ്ടായ വീഴ്ചകൾ	2.2	121
പൊതുമരാമത്ത് വകുപ്പ്		
വകുപ്പുതല റബ്ബിളിന്റെ വില വീണ്ടെടുക്കുന്നതിലുണ്ടായ കുറവ് - 56.98 ലക്ഷം രൂപ	2.3	136
വിധി പുറപ്പെടുവിച്ച നാൾ മുതൽ നാല് വർഷം കഴിഞ്ഞിട്ടും ആർബിട്രൽ വിധി നടപ്പിലാക്കിയില്ല	2.4	138
അനുബന്ധം		141
ചുരുക്കെഴുത്തുകളുടെ പദാവലി		193

ആമുഖം

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 151(2) പ്രകാരം സംസ്ഥാന നിയമസഭയുടെ മുൻപാകെ വയ്ക്കുന്നതിനായി ഗവർണർക്ക് സമർപ്പിക്കാൻ തയ്യാറാക്കിയതാണ് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ ഓഡിറ്റ് റിപ്പോർട്ട്.

കേരള സർക്കാർ വകുപ്പുകളുടെ അനുവർത്തന ഓഡിറ്റിന്റെ സുപ്രധാന ഫലങ്ങൾ റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്നു. റിപ്പോർട്ടിനെ രണ്ട് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. സംസ്ഥാന ചരക്ക് സേവന നികുതി, വാഹന നികുതി, എക്സൈസ് തീരുവ, സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും തുടങ്ങിയ റവന്യൂ വിഭാഗത്തിന് കീഴിൽ വരുന്ന ഓഡിറ്റ് കണ്ടെത്തലുകൾ ഭാഗം Iൽ അടങ്ങിയിരിക്കുന്നു. വനവും വന്യജീവിയും, ഗതാഗതം, പൊതുമരാമത്ത് തുടങ്ങിയ സാമ്പത്തിക സേവനങ്ങൾക്ക് കീഴിൽ വരുന്ന വകുപ്പുകൾ ഭാഗം IIൽ അടങ്ങിയിരിക്കുന്നു.

ഈ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നവ 2022-23 കാലയളവിലെ രേഖകളുടെ പരീക്ഷണ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടവയും, മുൻ വർഷങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടും മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്താൻ സാധിക്കാതിരുന്നവയുമാണ്. 2022-23ന് ശേഷമുള്ള കാലയളവുമായി ബന്ധപ്പെട്ടവയും ആവശ്യമായ ഇടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഓഡിറ്റിംഗ് മാനദണ്ഡങ്ങൾക്കനുസൃതമായാണ് ഓഡിറ്റ് നടത്തപ്പെട്ടത്.

റിപ്പോർട്ടിന്റെ ഈ മലയാളം പരിഭാഷയിൽ എന്തെങ്കിലും സംശയം ഉളവായാൽ ഇംഗ്ലീഷ് പതിപ്പിനെ ആധികാരികമായി പരിഗണിക്കേണ്ടതാണ്.

ഉപരിവീക്ഷണം

ഉപരിവീക്ഷണം

ഭാഗം I : റവന്യൂ വിഭാഗം

സംസ്ഥാന ചരക്ക് സേവന നികുതി, വാഹന നികുതി, എക്സൈസ് തീരുവ, സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും തുടങ്ങിയ റവന്യൂ വിഭാഗത്തിന് കീഴിൽ വരുന്ന ഓഡിറ്റ് കണ്ടെത്തലുകൾ ഭാഗം Iൽ അടങ്ങിയിരിക്കുന്നു. രണ്ട് നിർദ്ദിഷ്ട വിഷയത്തിന്റെ അനുവർത്തന ഓഡിറ്റുകൾ ഉൾപ്പെടെ ₹1,671.25 കോടിയുടെ വരുമാന പ്രഭാവം ഉൾപ്പെടുന്ന 21 ഖണ്ഡികകൾ ഇതിൽ ഉൾപ്പെടുന്നു. ചില പ്രധാന കണ്ടെത്തലുകൾ ചുവടെ പരാമർശിച്ചിരിക്കുന്നു:

I. പൊതുവിൽ

2022-23 വർഷത്തെ സംസ്ഥാന സർക്കാരിന്റെ മൊത്തം റവന്യൂ വരുമാനം ₹1,32,724.66 കോടിയായിരുന്നു, മുൻ വർഷമായ 2021-22ൽ ഇത് ₹1,16,640.24 കോടിയായിരുന്നു. സംസ്ഥാനത്തിന്റെ തനതു വരുമാനം ₹87,086.12 കോടിയായിരുന്നു (മൊത്തം വരുമാനത്തിന്റെ 66 ശതമാനം); ഭാരത സർക്കാരിൽ നിന്നുള്ള വരവിന്റെ വിഹിതം ₹45,638.54 കോടിയായിരുന്നു (മൊത്തം വരുമാനത്തിന്റെ 34 ശതമാനം).

(ഖണ്ഡിക 1.1.1)

ചില പ്രധാന റവന്യൂ ശീർഷകങ്ങളിലെ വരുമാന കുടിശ്ശിക ₹28,398.10 കോടി ആയിരുന്നു, ഇത് സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ 21.40 ശതമാനമാണ്.

(ഖണ്ഡിക 1.2)

2023 ജൂൺ അവസാനത്തിൽ, 2022 ഡിസംബർ വരെ നൽകിയ 2,524 പരിശോധനാ റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് ₹5,062.52 കോടി ഉൾപ്പെടുന്ന 14,953 ഖണ്ഡികകൾ നീക്കിയിരിപ്പുണ്ടായിരുന്നു.

(ഖണ്ഡിക 1.7)

II. ചരക്കു സേവന നികുതിയും, വിൽപ്പന, വ്യാപാരം മുതലായവയിന്മേലുള്ള നികുതികൾ/ വാറ്റ് എന്നിവകളും

2018-19 മുതൽ 2020-21 വരെയുള്ള കാലയളവിലെ 'ജിഎസ്ടി പേയ്മെന്റുകളും റിട്ടേൺ ഫയലിംഗും സംബന്ധിച്ച വകുപ്പിന്റെ മേൽനോട്ടം' എന്ന നിർദ്ദിഷ്ട വിഷയത്തിന്റെ അനുവർത്തന ഓഡിറ്റ്

തിരഞ്ഞെടുത്ത 10 സർക്കിളുകളിലും വീഴ്ച വരുത്തിയവർക്ക് നോട്ടീസ് നൽകുന്നതിലും റിട്ടേണുകൾ ഫയൽ ചെയ്യാത്തവരിൽ നിന്ന് ബാധ്യത തിരിച്ചുപിടിക്കുന്നതിലും നിരീക്ഷണ സംവിധാനം അപര്യാപ്തമായിരുന്നു.

(ഖണ്ഡിക 2.4.6.1)

364 കേസുകളിൽ നടത്തിയ പരിശോധനയിൽ 44 എണ്ണത്തിൽ റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയിലെ മന്ദഗതി മൂലം ₹103.67 കോടിയുടെ വരുമാന നഷ്ടം കണ്ടെത്തി.

(ഖണ്ഡിക 2.4.6.2)

16 മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ള സംസ്ഥാന അധികാരപരിധിയുമായി ബന്ധപ്പെട്ട ഡാറ്റ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ, പൊരുത്തക്കേടുകൾ/ വ്യതിചലനങ്ങൾ സംബന്ധിച്ച 703 കേസുകൾ വകുപ്പിനെ അറിയിച്ചു. വകുപ്പ് മറുപടി നൽകിയ 374 കേസുകളിൽ 271 എണ്ണത്തിൽ, ഈ പൊരുത്തക്കേടുകൾ/ വ്യതിചലനങ്ങൾ ₹683.5 കോടിയുടെ കുറഞ്ഞ നികുതി ചുമത്തലിന് കാരണമായി. ശേഷിക്കുന്ന 329 കേസുകൾക്ക്, വകുപ്പിൽ നിന്ന് പ്രാരംഭ പ്രതികരണങ്ങൾ കാത്തിരിക്കുന്നു.

(ഖണ്ഡിക 2.4.7.2 & 2.4.7.3)

13 കേസുകളിൽ ₹139.47 കോടിയുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ക്രമരഹിതമായ ക്ലെയിം കണ്ടെത്തി.

(ഖണ്ഡിക 2.4.8.3 (i))

22 കേസുകളിൽ ₹136.98 കോടി വരുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ കുറഞ്ഞ തിരിച്ചടവ്/ തിരിച്ചടക്കാത്തത് ഓഡിറ്റിൽ കണ്ടെത്തി.

(ഖണ്ഡിക 2.4.8.3 (ii))

ഇൻപുട്ട് സർവീസ് ഡിസ്ട്രിബ്യൂഷൻ വഴി ₹188.89 കോടിയുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അധികമായി നേടിയതായി 15 കേസുകളിൽ കണ്ടെത്തി.

(ഖണ്ഡിക 2.4.8.3 (iii))

ലഭ്യമായതിനേക്കാൾ കൂടുതൽ ₹291.75 കോടി വരുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നേടിയതായി 51 കേസുകളിൽ കണ്ടെത്തി.

(ഖണ്ഡിക 2.4.8.3 (iv))

37 കേസുകളിൽ ₹33.42 കോടിയുടെ നികുതി ബാധ്യത തീർക്കാത്തതും 16 കേസുകളിൽ ₹482.09 കോടിയുടെ വിറ്റുവരവ് ഒഴിവാക്കലും ഉൾപ്പെടുന്ന 55 അനുവർത്തന പോരായ്മകൾ ഓഡിറ്റ് കണ്ടെത്തി.

(ഖണ്ഡിക 2.4.8.4)

പ്രത്യേക സാമ്പത്തിക മേഖലയിലേക്കുള്ള (സെസ്സ്) വിൽപ്പനയ്ക്ക് നിശ്ചയിച്ച നിരക്കിൽ നികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയതിനാൽ ₹0.58 കോടിയുടെ നികുതി കുറവായി ചുമത്തി.

(ഖണ്ഡിക 2.5)

അധിക ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കാരണം ₹0.92 കോടിയുടെ കുറഞ്ഞ ചുമത്തൽ.

(ഖണ്ഡിക 2.7)

III. വാഹനങ്ങളിൻമേലുള്ള നികുതികൾ

ഗതാഗത വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കാലാവധി കഴിഞ്ഞതിന്റെ/ വൈകി പുതുക്കിയതിന്റെ പിഴയും അധിക ഫീസും ഈടാക്കാതിരുന്നതിനാൽ ₹8.82 കോടി.

(ഖണ്ഡിക 3.4)

താൽക്കാലിക/ പ്രത്യേക പെർമിറ്റുകൾ നൽകിയതിന് ₹4.24 കോടിയുടെ സർവീസ് ചാർജ് ഈടാക്കിയില്ല.

(ഖണ്ഡിക 3.5)

IV. സംസ്ഥാന എക്സൈസ്

'സംസ്ഥാന എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള' അനുവർത്തന ഓഡിറ്റ്

അബ്കാരി/ എൻഡിപിഎസ് കുറ്റകൃത്യങ്ങളുടെ അന്വേഷണം പൂർത്തിയാക്കുന്നതിൽ നടപടിക്രമപരമായ വീഴ്ചകളും കാലതാമസവും ഓഡിറ്റിൽ കണ്ടെത്തി. 1,596 കേസുകളിൽ എൻഡിപിഎസ് കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനുള്ള എല്ലാ പ്രസക്തമായ വകുപ്പുകളും ഉൾപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടു.

(ഖണ്ഡിക 4.4.6.2)

ഒരു ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേക്ക് കള്ള് കൊണ്ടുപോകുന്നതിനുള്ള അധിക പെർമിറ്റ് ഫീസായി ₹8.31 കോടി ഈടാക്കിയില്ല.

(ഖണ്ഡിക 4.4.6.4- ബുള്ളറ്റ് 1)

ഡയറക്ടർ ബോർഡിന്റെ പുനഃസംഘടനയുടെ മറവിൽ വിദേശ മദ്യ ലൈസൻസ് കൈമാറ്റം ചെയ്തതുമൂലം ₹64.00 ലക്ഷം കുറവായി ചുമത്തി.

(ഖണ്ഡിക 4.4.6.4- ബുള്ളറ്റ് 4)

ഡയറക്ടർ ബോർഡിന്റെ അനധികൃത പുനഃസംഘടനയ്ക്ക് ഫീസും പിഴയുമായി ₹24.00 ലക്ഷം ഈടാക്കിയില്ല.

(ഖണ്ഡിക 4.4.6.4- ബുള്ളറ്റ് 5 (i))

കള്ളുഷാപ്പുകളിൽ നിന്ന് അധിക വാർഷിക വാടക ഈടാക്കാത്തതിനാൽ ₹0.43 കോടിയുടെ വരുമാനനഷ്ടം.

(ഖണ്ഡിക 4.5)

V. സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും

ഭൂമിയുടെ തെറ്റായ വർഗ്ഗീകരണം മൂലം ₹0.33 കോടിയുടെ കുറഞ്ഞ പിരിവ്/ വരുമാന നഷ്ടം.

(ഖണ്ഡിക 5.4)

ഭാഗം II : സാമ്പത്തിക സേവനങ്ങൾ

തെരഞ്ഞെടുത്ത പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും ഓഡിറ്റിൽ നിന്നും, നാല് സർക്കാർ വകുപ്പുകൾ, അതായത്, പൊതുമരാമത്ത്, വനം-വന്യജീവി, പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാനം, ശാസ്ത്ര സാങ്കേതിക വിദ്യ, അവയ്ക്ക് കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അനുവർത്തന ഓഡിറ്റിൽ നിന്നും ഉരുത്തിരിഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെട്ടതാണ് റിപ്പോർട്ടിന്റെ ഭാഗം II. പ്രധാനപ്പെട്ട കണ്ടെത്തലുകൾ താഴെ സൂചിപ്പിച്ചിരിക്കുന്നു:

I. പൊതുവായവ

മൊത്തം മൂലധന ബഡ്ജറ്റ് **3,551.65** കോടി രൂപയായിരുന്നു. വകുപ്പുകൾ **2,919.08** കോടി രൂപ (**82.18** ശതമാനം) ചെലവഴിച്ചു. ആകെ റവന്യൂ ബഡ്ജറ്റ് വകയിരുത്തൽ **4,640.15** കോടി രൂപയും വകുപ്പുകൾ ചെലവാക്കിയത് **3,664.71** കോടി രൂപയും (**78.98** ശതമാനം) ആയിരുന്നു.

(ഖണ്ഡിക 1.1)

2023 ജൂൺ അവസാനം വരെ, **558** ഇൻസ്പെക്ഷൻ റിപ്പോർട്ടുകളിലെ **3,011** ഖണ്ഡികകൾ തീർപ്പാകാതെ ശേഷിക്കുന്നു.

(ഖണ്ഡിക 1.5.1)

II. അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

ഗതാഗത വകുപ്പ്

റോഡ് സുരക്ഷാ ഫണ്ടിലേക്ക് തുക കൈമാറ്റം ചെയ്യാത്തതും/ഭാഗികമായി കൈമാറ്റം ചെയ്തതും

വാഹന ഉടമകളിൽ നിന്നുള്ള ഒറ്റത്തവണ സെസ്സും കോമ്പൗണ്ടഡ് ഫീസും റോഡ് സുരക്ഷാ ഫണ്ടിലേക്ക് കൈമാറാത്തതും/ ഭാഗികമായി കൈമാറിയതും റോഡ് സുരക്ഷാ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനെ ബാധിച്ചു. **2018-19** മുതൽ **2022-23** വരെയുള്ള കാലായളവിൽ, കൈമാറിയ തുകയിൽ **27,930.88** ലക്ഷം രൂപയുടെ കുറവുണ്ടായി.

(ഖണ്ഡിക 2.1)

വനം വന്യജീവി വകുപ്പ്

തേക്ക് തോട്ടങ്ങളുടെ നടത്തിപ്പിൽ കേരള വനം-വന്യജീവി വകുപ്പിനുണ്ടായ വീഴ്ചകൾ

നിർദ്ദിഷ്ട പ്രവർത്തന പദ്ധതികൾ പാലിക്കാത്തതും തോട്ടം നടീൽ, അവയുടെ പരിപാലന പ്രവർത്തനങ്ങൾ എന്നിവയിലെ പോരായ്മകളും തേക്ക് തോട്ടം നടത്തിപ്പിലെ വീഴ്ചകൾക്ക് കാരണമായി. പ്ലാറ്റ്ഫോം രൂപീകരണത്തിന്റെ അഭാവം, ആനുകാലിക അറ്റകുറ്റപ്പണികൾ, കളകൾ നീക്കം ചെയ്യൽ എന്നിവ ഇല്ലാതിരിക്കുക, മരങ്ങൾ തമ്മിലുള്ള നിർദ്ദിഷ്ട അകലം ലംഘിച്ചുകൊണ്ടുള്ള നടീൽ, മെക്കാനിക്കൽ/ സിൽവികൾച്ചർ തിന്നിങ്ങിലെ കാലതാമസം, തിരഞ്ഞെടുത്തുള്ള മരം മുറി നടത്താതിരിക്കൽ, മൂപ്പെത്തിയ തേക്ക് തോട്ടം വെട്ടി മാറ്റാതിരിക്കൽ, ബോറർ ആക്രമണം തടയുന്നതിനുള്ള സമയബന്ധിതമായ നടപടി കൈക്കൊള്ളാതിരിക്കൽ എന്നീ കാരണങ്ങളാൽ തേക്കിൻ തോട്ടങ്ങൾ നശിച്ചുപോയതും ഈ വീഴ്ചകളിൽ ഉൾപ്പെടുന്നു.

(ഖണ്ഡിക 2.2)

പൊതുമരാമത്ത് വകുപ്പ്

വകുപ്പുതല റബ്ബിളിന്റെ വില വീണ്ടെടുക്കുന്നതിലുണ്ടായ കുറവ് - 56.98 ലക്ഷം രൂപ

വകുപ്പുതലത്തിൽ വിതരണം ചെയ്ത റബ്ബിളിന്റെ വില ഈടാക്കുമ്പോൾ ചെലവ് സൂചിക ഉൾപ്പെടുത്തുന്നതിൽ പരാജയപ്പെട്ടത് കരാറുകാരന് 56.98 ലക്ഷം രൂപയുടെ അനർഹമായ നേട്ടത്തിന് കാരണമായി.

(ഖണ്ഡിക 2.3)

വിധി പുറപ്പെടുവിച്ച നാൾ മുതൽ നാല് വർഷം കഴിഞ്ഞിട്ടും ആർബിട്രൽ വിധി നടപ്പിലാക്കിയില്ല

വിധി പുറപ്പെടുവിച്ച് നാല് വർഷം കഴിഞ്ഞിട്ടും 32.27 കോടി രൂപയുടെ (12.40 കോടി രൂപ പലിശ ഉൾപ്പെടെ) ആർബിട്രൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് പരാജയപ്പെട്ടു.

(ഖണ്ഡിക 2.4)

ഭാഗം I

റവന്യൂ വിഭാഗം

അദ്ധ്യായം I

പൊതുവിൽ

അദ്ധ്യായം - I
പൊതുവിൽ

1.1 റവന്യൂ വരവിന്റെ പ്രവണത

1.1.1 കേരള സർക്കാർ 2022-23 വർഷത്തിൽ സമാഹരിച്ച നികുതിയും നികുതിയേതര വരുമാനവും, സംസ്ഥാനങ്ങൾക്കായി നീക്കിവയ്ക്കുന്ന വിഭജിത കേന്ദ്ര നികുതികളുടേയും തീരുവകളുടേയും അറ്റവരവിൽ നിന്നുള്ള സംസ്ഥാനത്തിന്റെ വിഹിതം, ആ വർഷം ഭാരത സർക്കാരിൽ നിന്നും ലഭിച്ച സഹായധനം എന്നിവയും കഴിഞ്ഞ നാലു വർഷങ്ങളിലെ തൽസ്ഥാനത്തുള്ള സംഖ്യകളും **പട്ടിക - 1.1**ൽ പ്രതിപാദിച്ചിരിക്കുന്നു.

പട്ടിക - 1.1 : റവന്യൂ വരവിന്റെ പ്രവണത

(₹ കോടിയിൽ)

ക്രമ നമ്പർ	വിശദാംശങ്ങൾ	2018-19	2019-20	2020-21	2021-22	2022-23
1	**സംസ്ഥാന സർക്കാർ സമാഹരിച്ച വരുമാനം**					
	നികുതി വരുമാനം	50,644.10	50,323.14	47,660.84	58,340.52	71,968.16
	നികുതിയേതര വരുമാനം	11,783.24	12,265.22	7,327.31	10,462.51	15,117.96
	ആകെ	62,427.34	62,588.36	54,988.15	68,803.03	87,086.12
2	**ഭാരത സർക്കാരിൽ നിന്നുള്ള വരവുകൾ**					
	വിഭജിത കേന്ദ്ര നികുതികളുടേയും തീരുവകളുടേയും അറ്റവരവിൽ നിന്നുള്ള സംസ്ഥാന വിഹിതം	19,038.17	16,401.05	11,560.40	17,820.09	18,260.68
	സഹായധനം	11,388.96	11,235.26	31,068.28	30,017.12	27,377.86
	ആകെ	30,427.13	27,636.31	42,628.68	47,837.21	45,638.54
3	**സംസ്ഥാന സർക്കാരിന്റെ ആകെ റവന്യൂ വരുമാനം (1-ഉം 2-ഉം)**	**92,854.47**	**90,224.67**	**97,616.83**	**1,16,640.24**	**1,32,724.66**
4	**1, 3ന്റെ എത്ര ശതമാനം**	**67**	**69**	**56**	**59**	**66**

സ്രോതസ്സ്: എജി (എ&ഇ), കേരള തയ്യാറാക്കിയ സാമ്പത്തിക കണക്കുകൾ.

സംസ്ഥാന സർക്കാർ, 2022-23 വർഷത്തിൽ സമാഹരിച്ച വരുമാനം (₹87,086.12 കോടി) ആകെ റവന്യൂ വരുമാനത്തിന്റെ 66 ശതമാനമായിരുന്നു എന്ന് മുകളിലെ പട്ടിക സൂചിപ്പിക്കുന്നു. 2022-23 കാലയളവിലെ വരവിന്റെ ശേഷിച്ച 34 ശതമാനം വിഭജിത കേന്ദ്ര നികുതികളുടേയും തീരുവകളുടേയും അറ്റവരവിൽ നിന്നുള്ള വിഹിതത്തിൽ നിന്നും, ഭാരത സർക്കാരിൽ നിന്നും ലഭിച്ച സഹായധനത്തിൽ നിന്നുമായിരുന്നു. 2022-23 വർഷത്തിൽ സംസ്ഥാന സർക്കാർ സമാഹരിച്ച വരുമാനം 2020-21, 2021-22 വർഷങ്ങളെ അപേക്ഷിച്ച് വർദ്ധന കാണിക്കുന്നു. 2021-22നെ അപേക്ഷിച്ച് 2022-23 കാലയളവിൽ സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനം ₹16,084.42 കോടി വർദ്ധിച്ചു. തനത് നികുതി വരുമാനത്തിൽ ₹13,627.64 കോടിയും നികുതിയേതര വരുമാനം ₹4,655.45 കോടിയും വർധിച്ചതാണ് ഇതിന് പ്രധാന കാരണം.

1.1.2 കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ സംസ്ഥാന സർക്കാരിന്റെ മൊത്തം റവന്യൂ വരുമാനം അടിസ്ഥാനമാക്കിക്കൊണ്ട് ഭാരത സർക്കാരിൽ നിന്നുള്ള വരവുകളുടെയും കേരള സർക്കാർ സമാഹരിച്ച വരുമാനത്തിന്റെയും, ശതമാനം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്ന **ചാർട്ട് – I**ൽ കാണിച്ചിരിക്കുന്നു:

ചാർട്ട് – I : റവന്യൂ വരവുകളുടെ പ്രവണത



സംസ്ഥാന സർക്കാരിന്റെ റവന്യൂ വരുമാനം 2021-22ലെ 59 ശതമാനത്തിൽ നിന്ന് 2022-23ൽ 66 ശതമാനമായി ഉയർന്നപ്പോൾ, ഭാരത സർക്കാരിൽ നിന്നുള്ള വരുമാനം 2021-22ലെ 41 ശതമാനത്തിൽ നിന്ന് 2022-23ൽ 34 ശതമാനമായി കുറഞ്ഞു.

1.1.3 റവന്യൂ വരവുകളുടെ ഘടന

ചുവടെ കൊടുത്തിരിക്കുന്ന **ചാർട്ട് - II**, 2022-23ലെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ ഘടന കാണിക്കുന്നു (₹ കോടിയിൽ).

ചാർട്ട് – II : സംസ്ഥാനത്തിന്റെ റവന്യൂ വരവുകളുടെ ഘടന



1.1.4 റവന്യൂ വരവുകളുടെ പ്രവണതയും വളർച്ചയും

2022-23ലെ സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനം ₹1,32,724.66 കോടിയാണ്. 2021-22ലെ ₹1,16,640.24 കോടിയുമായി താരതമ്യം ചെയ്യുമ്പോൾ ₹16,084.42 കോടിയുടെ (13.79 ശതമാനം) വർദ്ധനവുണ്ടായി. റവന്യൂ വരവുകളുടെ ഘടകങ്ങളുടെ പ്രവണതകൾ ചുവടെയുള്ള **പട്ടിക-1.2**ൽ നൽകിയിരിക്കുന്നു.

പട്ടിക - 1.2 : റവന്യൂ വരവുകളിലെ പ്രവണത

(₹ കോടിയിൽ)

പരാമീറ്റർ	2018-19	2019-20	2020-21	2021-22	2022-23
റവന്യൂ വരവുകൾ	**92,854.47**	**90,224.67**	**97,616.83**	**1,16,640.24**	**1,32,724.66**
റവന്യൂ വരവുകളുടെ വളർച്ചാ നിരക്ക് (ശതമാനം)	11.85	(-)2.83	8.19	19.49	13.79
തനത് നികുതി വരുമാനം (₹ കോടിയിൽ)	50,644.10	50,323.14	47,660.84	58,340.52	71,968.16
നികുതിയേതര വരുമാനം (₹ കോടിയിൽ)	11,783.24	12,265.22	7,327.31	10,462.51	15,117.96
തനത് റവന്യൂവിന്റെ വളർച്ചാ നിരക്ക് (തനത് നികുതിയും നികുതിയേതര വരുമാനവും) (ശതമാനം)	8.27	0.26	(-)12.14	25.12	26.57

സ്രോതസ്സ്: ബന്ധപ്പെട്ട വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ.

1.1.5 സംസ്ഥാനത്തിന്റെ തനത് വരുമാനം

തനത് നികുതി വരുമാനവും നികുതിയേതര വരുമാനവും അടങ്ങുന്നതാണ് സംസ്ഥാനത്തിന്റെ വരുമാനം.

1.1.5.1 തനത് വരുമാനം

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ സംസ്ഥാന ജിഎസ്ടി, എക്സൈസ് തുടങ്ങിയ സംസ്ഥാനവുമായി ബന്ധപ്പെട്ട നികുതികൾ ഉൾക്കൊള്ളുന്നു. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ തനത് നികുതി വരുമാനത്തിന്റെ പ്രവണതയും അതിന്റെ ഘടകങ്ങളുടെ വിശകലനവും **പട്ടിക-1.3**ൽ കാണിച്ചിരിക്കുന്നു.

പട്ടിക - 1.3 : സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ ഘടകങ്ങൾ

(₹ കോടിയിൽ)

ക്രമ നമ്പർ	റവന്യൂ ശീർഷകം	2018-19	2019-20	2020-21	2021-22	2022-23	2022-23ലെ മൊത്തം തനത് നികുതി വരുമാനത്തിന്റെ ശതമാനം
	(1)	(2)	(3)	(4)	(5)	(6)	(7)
1	സംസ്ഥാന ചരക്ക് സേവന നികുതി	21,014.71	20,446.95	20,028.31	24,169.81	29,513.28	41.01
2	വിൽപന, വ്യാപാരം തുടങ്ങിയവയുടെ നികുതികൾ	19,225.75	19,649.64	17,689.17	22,487.42	26,875.78	37.34
3	മുദ്രപ്പത്രവും രജിസ്ട്രേഷൻ ഫീസും	3,693.17	3,615.01	3,489.59	4,857.33	6,216.71	8.64
4	സംസ്ഥാന എക്സൈസ്	2,521.40	2,255.28	2,329.22	2,032.23	2,875.95	4.00

ക്രമ നമ്പർ	റവന്യൂ ശീർഷകം	2018-19	2019-20	2020-21	2021-22	2022-23	2022-23ലെ മൊത്തം തനത് നികുതി വരുമാനത്തിന്റെ ശതമാനം
5	വാഹന നികുതി	3,708.61	3,721.14	3,386.28	4,037.10	5,386.81	7.48
6	ഭൂനികുതി	202.78	332.42	493.35	470.84	718.90	1.00
7	ചരക്കുകളുടെയും സേവനങ്ങളുടെയും മറ്റ് നികുതികളും തീരുവകളും	37.57	39.31	48.80	56.04	67.89	0.09
8	മറ്റുള്ളവ	240.11	263.39	196.12	229.75	312.84	0.44
	ആകെ	**50,644.10**	**50,323.14**	**47,660.84**	**58,340.52**	**71,968.16**	**100.00**

സ്രോതസ്സ്: ബന്ധപ്പെട്ട വർഷങ്ങളിലെ സാമ്പത്തിക കണക്കുകളുടെ പ്രസ്താവന 3.

- സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2021-22ലെ ₹58,340.52 കോടിയിൽ നിന്ന് ₹13,627.64 കോടി വർദ്ധിച്ച് 2022-23ൽ ₹71,968.16 കോടിയായി 23.36 ശതമാനം വളർച്ച രേഖപ്പെടുത്തി. 2022-23 കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം റവന്യൂ വരുമാനത്തിന്റെ 54.22 ശതമാനമായിരുന്നു.

- സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ എല്ലാ ഘടകങ്ങൾക്കു കീഴിലും വരുമാന ശേഖരണം 2022-23ൽ വർദ്ധിച്ചുവന്ന പ്രവണത കാണിക്കുന്നു.

- മുദ്രപ്പത്രവും രജിസ്ട്രേഷനും കീഴിലുള്ള വരുമാന ശേഖരണത്തിന്റെ വളർച്ചാ നിരക്ക് 2021-22ലെ 39.19 ശതമാനത്തിൽ നിന്ന് 2022-23ൽ 27.99 ശതമാനമായും വിൽപ്പന, വ്യാപാരം തുടങ്ങിയവയുടെ നികുതികൾ 27.13 ശതമാനത്തിൽ നിന്ന് 19.51 ശതമാനമായും കുറഞ്ഞു.

1.1.5.2 നികുതിയേതര വരുമാനം

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ സമാഹരിച്ച നികുതിയേതര വരുമാനത്തിന്റെ വിശദാംശങ്ങൾ **പട്ടിക - 1.4**ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 1.4 : സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിന്റെ പ്രധാന ഘടകങ്ങൾ

(₹ കോടിയിൽ)

ക്രമ നമ്പർ	വരവ് ശീർഷകം	2018-19	2019-20	2020-21	2021-22	2022-23
1	സംസ്ഥാന ലോട്ടറി	9,264.66	9,973.67	4,873.01	7,134.93	11,892.87
2	ഡിവിഡന്റുകളും ലാഭവും	132.12	100.33	110.19	227.98	48.93
3	വനവും വന്യജീവിയും	287.21	255.85	236.61	200.57	290.61
4	പലിശ വരുമാനം	132.38	84.95	246.64	177.05	171.95
5	മറ്റു നികുതിയേതര വരുമാനം	1,966.87	1,850.42	1,860.86	2,721.98	2,713.60
6	**നികുതിയേതര വരുമാനം**	**11,783.24**	**12,265.22**	**7,327.31**	**10,462.51**	**15,117.96**
7	മൊത്തം റവന്യൂ വരുമാനം	92,854.47	90,224.67	97,616.83	1,16,640.24	1,32,724.66

ക്രമ നമ്പർ	വരവ് ശീർഷകം	2018-19	2019-20	2020-21	2021-22	2022-23
8	നികുതിയേതര വരുമാനം റവന്യൂ വരവുകളുടെ ശതമാനത്തിൽ	12.69	13.59	7.51	8.97	11.39

സ്രോതസ്സ് : അതാത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകളിലെ പ്രസ്താവന 14.

കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ സംസ്ഥാനത്തിന്റെ തനതു വരുമാനത്തിന്റെ 7.51 ശതമാനം മുതൽ 13.59 ശതമാനം വരെയുണ്ടായിരുന്ന നികുതിയേതര വരുമാനം 2022-23ൽ മുൻ വർഷത്തെ അപേക്ഷിച്ച് ₹4,655.45 കോടി (44.50 ശതമാനം) വർദ്ധിച്ചു. നികുതിയേതര വരുമാനത്തിന്റെ പ്രധാന സ്രോതസ്സായ സംസ്ഥാന ലോട്ടറിയിൽ നിന്നുള്ള വിഹിതം 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ നികുതിയേതര വരുമാനത്തിന്റെ 66 മുതൽ 81 ശതമാനം വരെയായിരുന്നു. 2022-23 കാലയളവിൽ സംസ്ഥാന ലോട്ടറിയിൽ നിന്നുള്ള വരുമാനം മുൻവർഷത്തെ അപേക്ഷിച്ച് 66.69 ശതമാനം (₹4,757.94 കോടി) വർദ്ധിച്ചു, ഇത് നികുതിയേതര വരുമാനത്തിന്റെ 78.67 ശതമാനമാണ്.

1.2 റവന്യൂ കുടിശ്ശികയുടെ വിശകലനം

ചില പ്രധാന റവന്യൂ ശീർഷകങ്ങളിൽ 2023 മാർച്ച് 31ലെ ആകെ വരുമാന കുടിശ്ശിക, ചുവടെയുള്ള **പട്ടിക-1.5**ൽ വിവരിച്ചിരിക്കുന്നത് പോലെ, ₹28,398.10 കോടിയാണ്.

പട്ടിക - 1.5 : 2023 മാർച്ച് 31 വരെയുള്ള വരുമാന കുടിശ്ശിക

ക്രമ നമ്പർ	വകുപ്പിന്റെ പേര്/ അക്കൗണ്ട് ശീർഷകം	തുക (₹ കോടിയിൽ)
1	സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് (മുഖ്യ ശീർഷകം 0006)	13,559.58
2	മോട്ടോർ വാഹന വകുപ്പ് (മുഖ്യ ശീർഷകം 0041)	1,109.91
3	വൈദ്യുതിയുടെ നികുതികളും തീരുവകളും (മുഖ്യ ശീർഷകം 0043)	3,800.92
4	രജിസ്ട്രേഷൻ വകുപ്പ് (മുഖ്യ ശീർഷകം 0030)	719.95
5	വനം വകുപ്പ് (മുഖ്യ ശീർഷകം 0406)	398.03
6	പോലീസ് വകുപ്പ് (മുഖ്യ ശീർഷകം 0055)	454.35
7	എക്സൈസ് വകുപ്പ് (മുഖ്യ ശീർഷകം 0039)	285.26
8	മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്	198.96
9	കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (മുഖ്യ ശീർഷകം 0070)	105.49
10	അച്ചടി	52.74
11	സ്റ്റേഷനറി (മുഖ്യ ശീർഷകം 0058)	31.02
12	ഫാക്ടറികളും ബോയിലറുകളും (മുഖ്യ ശീർഷകം 0230)	1.90
13	തൊഴിൽ വകുപ്പ് (മുഖ്യ ശീർഷകം 0230)	2.56
14	കേരള മാരിടൈം ബോർഡ് (മുഖ്യ ശീർഷകം 1051) (മുൻ തുറമുഖ വകുപ്പ്)	2.48
15	ധനകാര്യ വകുപ്പ് - പലിശ വരുമാനത്തിലെ കുടിശ്ശിക (മുഖ്യ ശീർഷകം 0049)	6,855.62
16	ധനകാര്യ വകുപ്പ് – ഗ്യാരണ്ടി കമ്മീഷനിലെ കുടിശ്ശിക (മുഖ്യ ശീർഷകം 0075)	323.68
17	ഭൂനികുതി വകുപ്പ് (മുഖ്യ ശീർഷകം 0029)	495.65
	ആകെ	**28,398.10**

സ്രോതസ്സ്: വകുപ്പുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ.

മൊത്തം കുടിശ്ശികയായ ₹28,398.10 കോടി സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിന്റെ 21.40 ശതമാനമാണ്. ഇത് കുടിശ്ശിക തീർക്കാൻ സർക്കാരിന്റെ അടിയന്തര ഇടപെടൽ അനിവാര്യമാക്കുന്നു. കുടിശ്ശിക കണക്കുകൾ എല്ലാ വർഷവും വകുപ്പുകൾ ഓഡിറ്റിന്റെ ആവശ്യപ്രകാരം മാത്രമാണ് നൽകുന്നത്. കുടിശ്ശികകൾ റവന്യൂ വകുപ്പിന് യഥാസമയം റിപ്പോർട്ട് ചെയ്യാത്തതും ബന്ധപ്പെട്ട വകുപ്പുകൾ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാത്തതുമാണ് കുടിശ്ശിക വൻതോതിൽ തീർപ്പാകാതിരിക്കുന്നതിന് പ്രധാന കാരണം.

1.3 സ്റ്റേ അനുവദിച്ച കേസ്സുകളുടെ വിശകലനം

2023 മാർച്ച് 31 വരെയുള്ള കുടിശ്ശികകളിൽ വിവിധ ഘട്ടങ്ങളിൽ വിവിധ അതോറിറ്റികൾ സ്റ്റേ ചെയ്ത പിരിവുകളും ഉൾപ്പെടുന്നുവെന്ന് റവന്യൂ കുടിശ്ശികയുടെ വിവിധ ഘട്ടങ്ങളിലുള്ള വിശകലനം വെളിപ്പെടുത്തി. മുഖ്യശീർഷകങ്ങൾക്കു കീഴിൽ വിവിധ അതോറിറ്റികൾ അനുവദിച്ച സ്റ്റേയുടെ വിശദാംശങ്ങൾ **പട്ടിക - 1.6**ൽ പ്രതിപാദിച്ചിരിക്കുന്നു.

പട്ടിക - 1.6 : സ്റ്റേ അനുവദിച്ചതിന്റെ നില

(₹ കോടിയിൽ)

ക്രമ നമ്പർ	റവന്യൂ ശീർഷകം	മൊത്തം കുടിശ്ശിക തുക	സ്റ്റേയുടെ നില അനുസരിച്ചുള്ള വിവരം		സ്റ്റേയ്ക്കു കീഴിലെ മൊത്തം തുക	മൊത്തം കുടിശ്ശികയിൽ സ്റ്റേയുടെ ശതമാനം
			കോടതിയുടെയും മറ്റ് ജുഡീഷ്യൽ അതോറിറ്റികളുടെയും സ്റ്റേ	സർക്കാരിന്റെ സ്റ്റേ		
1	0040 - വിൽപന, വ്യാപാരം തുടങ്ങിയവയുടെ നികുതികൾ	13,559.58	5,023.08	35.95	5,059.03	37.31
2	0406 - വനവൽക്കരണവും വന്യജീവി സംരക്ഷണവും	398.03	2.32	130.00	132.32	33.24
3	0039 - സംസ്ഥാന എക്സൈസ്	285.26	64.93	0	64.93	22.76
4	0029 - ഭൂനികുതി	495.65	428.14	21.61	449.75	90.74
5	0030 - മുദ്രപ്പത്രങ്ങളും റജിസ്ട്രേഷൻ ഫീസും	719.95	4.08	0	4.08	0.57
6	0853 - ഇരുമ്പേതര ഖനനവും ധാതു വ്യവസായവും	198.96	27.62	49.75	77.37	38.89
7	0041 - വാഹന നികുതി	1,109.91	0.88	0	0.88	0.08
	ആകെ	**16,767.34**	**5,551.05**	**237.31**	**5,788.36**	**34.52**

സ്രോതസ്സ്: ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിച്ച വിശദാംശങ്ങൾ.

സ്റ്റേ കാരണം തീർപ്പാക്കുവാൻ കുടിശ്ശികയായ ₹5,788.36 കോടി മൊത്തം കുടിശ്ശികയുടെ 34.52 ശതമാനം ആണ്. സ്റ്റേ ഒഴിവാക്കുന്നതിനും തുക വസൂലാക്കുന്നതിനും വകുപ്പുകൾ ഫലപ്രദമായ നടപടികൾ എടുക്കേണ്ടതാണ്.

1.4 നികുതി നിർണ്ണയങ്ങളുടെ കുടിശ്ശിക

വർഷാരംഭത്തിൽ തീർപ്പാക്കാൻ ബാക്കി നിന്നിരുന്ന കേസുകൾ, നികുതി നിർണ്ണയത്തിനുള്ള കാലാവധിയെത്താറായ കേസുകൾ, പ്രസ്തുത വർഷത്തിൽ തീർപ്പാക്കപ്പെട്ട കേസുകൾ, 2022-23 വർഷാവസാനത്തിലും പൂർത്തീകരിക്കാതെ ബാക്കി നിന്നിരുന്ന കേസുകളുടെ എണ്ണം എന്നിങ്ങനെ നികുതി നിർണയവുമായി ബന്ധപ്പെട്ട കുടിശ്ശികയുടെ വിവരങ്ങൾ വകുപ്പുകൾ നൽകിയത് (2024 ജനുവരി) **അനുബന്ധം-I**ൽ നൽകിയിരിക്കുന്നു.

പ്രസ്തുത വർഷത്തിൽ, റവന്യൂവും ദുരന്തനിവാരണവും (ആർ&ഡിഎം) വകുപ്പ് 2,28,078 കെട്ടിടനികുതി കുടിശ്ശിക കേസുകളിൽ 1,95,892 കേസുകളും, 1,288 തോട്ടം നികുതി കേസുകളിൽ 274 കേസുകളും തീർപ്പാക്കി. ആർ&ഡിഎം വകുപ്പിന്റെ കുടിശ്ശികയുടെ തീർപ്പാക്കൽ നിരക്ക് 85.53 ശതമാനമാണ്, ഇത് 2021-22 വർഷത്തെക്കാൾ കൂടുതലാണ്.

എസ്ജിഎസ്ടി വകുപ്പിൽ 39,358 കേസുകളിൽ 17,005 എണ്ണം തീർപ്പാക്കി. കാർഷിക വരുമാനത്തിന്മേലുള്ള നികുതിയുമായി ബന്ധപ്പെട്ട 22.78 ശതമാനം മുതൽ ആഡംബര നികുതിയുമായി ബന്ധപ്പെട്ട 100 ശതമാനം വരെയാണ് കുടിശ്ശിക തീർപ്പാക്കലിന്റെ

നിരക്ക്. 2021-22 വർഷത്തെ അപേക്ഷിച്ച്, ജിഎസ്ടി, വിൽപ്പന നികുതി, ആഡംബര നികുതി, കാർഷിക നികുതി എന്നിവയുടെ കാര്യത്തിൽ തീർപ്പാക്കൽ മെച്ചപ്പെട്ടു. എസ്ജിഎസ്ടി വകുപ്പിലെ മൊത്തം തീർപ്പാക്കലിന്റെ നിരക്ക് 2021-22ലെ 35.39 ശതമാനത്തിൽ നിന്ന് 2022-23ൽ 43.21 ശതമാനമായി ഉയർന്നു.

നികുതി നിർണ്ണയങ്ങൾ ഒരു മികച്ച വരുമാന സ്രോതസ്സാണെന്ന് തിരിച്ചറിഞ്ഞു കൊണ്ട് അവയുടെ സമയബന്ധിതമായ തീർപ്പാക്കലിനുവേണ്ടി വകുപ്പുകൾ കഠിനമായി പ്രയത്നിക്കേണ്ടതാണ്.

1.5 വകുപ്പുകൾ കണ്ടുപിടിച്ച നികുതി വെട്ടിപ്പുകൾ

വകുപ്പുകൾ കണ്ടെത്തിയ നികുതി വെട്ടിപ്പ് കേസുകൾ, തീർപ്പാക്കിയത്, അധിക ഡിമാൻഡ് സൃഷ്ടിച്ചത് എന്നിവ സംസ്ഥാന സർക്കാരിന്റെ റവന്യൂ സമാഹരണ ശ്രമങ്ങളുടെ പ്രധാന സൂചകങ്ങളാണ്. ഈ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിൽ പ്രാധാന്യമർഹിക്കുന്നു.

വകുപ്പുകൾ കണ്ടെത്തിയ നികുതിവെട്ടിപ്പ് കേസുകളുടെ വിശദാംശങ്ങൾ 13 വകുപ്പുകളിൽ നിന്ന് ഓഡിറ്റ് ആവശ്യപ്പെട്ടിരുന്നു, അതിൽ ഏഴ്[1] വകുപ്പുകൾ കേസുകളൊന്നും കണ്ടെത്തിയില്ല. അഞ്ച് വകുപ്പുകൾ കണ്ടെത്തിയ നികുതി വെട്ടിപ്പ് കേസുകളുടെ വിശദാംശങ്ങൾ, തീർപ്പാക്കി അധിക ഡിമാൻഡ് സൃഷ്ടിച്ച കേസുകൾ എന്നിവ വകുപ്പുകൾ അറിയിച്ചത് ചുവടെയുള്ള **പട്ടിക - 1.7**ൽ നൽകിയിരിക്കുന്നു.

പട്ടിക - 1.7 : നികുതി വെട്ടിപ്പിന്റെ വിശദാംശങ്ങൾ

ക്രമ നമ്പർ	വിശദാംശങ്ങൾ		0030 - മുദ്രപ്പത്രവും രജിസ്ട്രേഷൻ ഫീസും	0041 - വാഹന നികുതി	0406 - വനവൽക്കരണവും വന്യജീവി സംരക്ഷണവും	0040 - സംസ്ഥാന ചരക്കു സേവന നികുതി	0029 - ഭൂനികുതി
1	2022 മാർച്ച് 31 വരെ തീർപ്പാകാതെയിരുന്ന കേസുകളുടെ എണ്ണം		1,47,394	38	3	12,355	2,585
2	2022-23ൽ കണ്ടെത്തിയ കേസുകളുടെ എണ്ണം		16,066	1	0	16,081	2,907
	ആകെ		**1,63,460**	**39**	**3**	**28,436**	**5,492**
3	നികുതി നിർണ്ണയം/ അന്വേഷണം പൂർത്തിയാക്കിയ കേസുകൾ, പിഴയോടു കൂടിയ അധിക ഡിമാൻഡ് സൃഷ്ടിച്ചത് മുതലായവ	കേസുകളുടെ എണ്ണം	21,610	23	0	9,331	3,031
		ഡിമാൻഡ് തുക (₹ കോടിയിൽ)	20.81	1.11	0	1,189.76	4.87
4	2023 മാർച്ച് 31ന് തീർപ്പാക്കാൻ ശേഷിക്കുന്ന കേസുകളുടെ എണ്ണം		1,41,850	16	3	19,105	2,461

സ്രോതസ്സ്: വകുപ്പുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ.

ആരോഗ്യ വകുപ്പിൽ നിന്നുള്ള വിശദാംശങ്ങൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ല (2024 സെപ്റ്റംബർ).

1.6 തീർപ്പാക്കാൻ ബാക്കി നിന്ന റീഫണ്ട് കേസുകൾ

2022-23 വർഷത്തിന്റെ തുടക്കത്തിൽ തീർപ്പാക്കാതെയിരുന്ന റീഫണ്ട് കേസുകളുടെ വിശദാംശങ്ങൾ, ലഭിച്ച ക്ലെയിമുകൾ, തൻ വർഷത്തിൽ അനുവദിച്ച റീഫണ്ടുകൾ, 2022-23 വർഷത്തിന്റെ അവസാനത്തിൽ തീർപ്പാക്കാൻ ബാക്കി നിന്ന കേസുകൾ എന്നിവ എസ്ജിഎസ്ടി, എക്സൈസ് വകുപ്പുകൾ റിപ്പോർട്ട് ചെയ്തത് **പട്ടിക - 1.8**ൽ

[1] മൃഗസംരക്ഷണ വകുപ്പ്, സ്റ്റേഷനറി വകുപ്പ്, ലോട്ടറി വകുപ്പ്, അച്ചടി വകുപ്പ്, എക്സൈസ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, പൊതുമരാമത്ത് വകുപ്പ്.

നൽകിയിരിക്കുന്നു.

പട്ടിക - 1.8 : തീർപ്പാക്കാൻ ബാക്കി നിന്ന റീഫണ്ട് കേസുകളുടെ വിശദവിവരം

ക്രമ നമ്പർ	വിശദാംശങ്ങൾ	സംസ്ഥാന ചരക്കു സേവന നികുതി		സംസ്ഥാന എക്സൈസ്	
		കേസുകളുടെ എണ്ണം	തുക (₹ കോടിയിൽ)	കേസുകളുടെ എണ്ണം	തുക (₹ കോടിയിൽ)
1	2022-23 വർഷാരംഭത്തിൽ തീർപ്പാക്കുവാൻ ബാക്കി നിന്നിരുന്ന ക്ലെയിമുകൾ	709	219.16	349	9.99
2	2022-23 വർഷത്തിൽ ലഭിച്ച ക്ലെയിമുകൾ	2,758	413.28	316	5.52
3	2022-23 വർഷത്തിൽ നൽകിയ റീഫണ്ടുകൾ	2,259	367.44	594	12.67
4	2022-23 വർഷത്തിൽ നിരസിച്ച റീഫണ്ടുകൾ	441	77.38	-	-
5	2022-23 വർഷാവസാനം തീർപ്പാക്കുവാൻ ബാക്കി നിൽക്കുന്നത്	767	187.62	71	2.84

സ്രോതസ്സ്: അതത് വകുപ്പുകളിൽ നിന്ന് ലഭിച്ച വിശദാംശങ്ങൾ.

എസ്ജിഎസ്ടി വകുപ്പിൽ, 2023 മാർച്ച് അവസാനം വരെ കുടിശ്ശികയുള്ള റീഫണ്ട് കേസുകളുടെ എണ്ണം 767 ആയിരുന്നു, അതിൽ 123 കേസുകൾ ₹47.11 കോടിയുടെ മൂല്യവർധിത നികുതിയുടെ റീഫണ്ടുമായി ബന്ധപ്പെട്ടതും 619 കേസുകൾ ₹128.62 കോടിയുടെ ജിഎസ്ടിയുമായി ബന്ധപ്പെട്ടതും ആണ്. കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം, 2017ലെ വകുപ്പ് 56 അനുസരിച്ച് അപേക്ഷ സ്വീകരിച്ച തീയതി മുതൽ 60 ദിവസത്തിനുള്ളിൽ റീഫണ്ട് നൽകാൻ ഉത്തരവിട്ട നികുതി തിരികെ നൽകിയില്ലെങ്കിൽ, റീഫണ്ട് തുകയുടെ കൂടെ ആറ് ശതമാനം നിരക്കിൽ പലിശ (ഒരു വിധിനിർണ്ണയ അതോറിറ്റി അല്ലെങ്കിൽ അപ്പലേറ്റ് ട്രൈബ്യൂണൽ അല്ലെങ്കിൽ കോടതി പാസാക്കിയ അന്തിമ ഉത്തരവിനാൽ റീഫണ്ട് നൽകിയാൽ ഒമ്പത് ശതമാനം) 60 ദിവസം കഴിഞ്ഞ് റീഫണ്ട് നൽകുന്ന തീയതി വരെ നൽകേണ്ടതുണ്ട്. കേരള മൂല്യവർദ്ധിത നിയമം, 2003ലെ വകുപ്പ് 89(4) അനുസരിച്ച് നികുതി നിർണ്ണയ ഉത്തരവ് തീയതി, അപ്പീൽ അല്ലെങ്കിൽ പുനരവലോകനത്തിന്റെ ഉത്തരവ് ലഭിച്ച തീയതി, അല്ലെങ്കിൽ അപ്പീലിനോ പുനരവലോകനത്തിനോ നൽകുന്നതിനുള്ള സമയം അവസാനിക്കുന്ന തീയതി മുതൽ 90 ദിവസത്തിനുശേഷം റീഫണ്ട് നടത്തുന്ന കേസുകളിൽ പ്രതിവർഷം പത്ത് ശതമാനം നിരക്കിൽ പലിശ ബാധകമാണ്.

എക്സൈസ് വകുപ്പിൽ, 2023 മാർച്ച് അവസാനം കുടിശ്ശികയുള്ള റീഫണ്ട് കേസുകൾ ₹2.84 കോടി ഉൾപ്പെടുന്ന 71 എണ്ണം ആണ്, ഈ വർഷം 594 കേസുകളിലായി വകുപ്പ് ₹12.67 കോടി റീഫണ്ട് നൽകി. കെട്ടിക്കിടക്കുന്ന കേസുകളിൽ 89 ശതമാനവും തീർപ്പാക്കിയ വകുപ്പിന്റെ നടപടി അഭിനന്ദനാർഹമാണ്.

1.7 ഓഡിറ്റിനോടുള്ള സർക്കാരിന്റെ/ വകുപ്പുകളുടെ പ്രതികരണം

അക്കൗണ്ടന്റ് ജനറൽ (എജി) (ഓഡിറ്റ് II), കേരള, സർക്കാർ വകുപ്പുകളുടെ കാലാനുക്രമമായ പരിശോധന നടത്തുകയും ഇടപാടുകളുടെ പരീക്ഷണ പരിശോധന നടത്തി പ്രധാന അക്കൗണ്ടുകളും മറ്റ് രേഖകളും സൂക്ഷിച്ചിരിക്കുന്നത് ചട്ടങ്ങളിലും നടപടി ക്രമങ്ങളിലും നിഷ്കർഷിച്ചിരിക്കുന്നതു പോലെയാണോ എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. പരിശോധനാ വേളയിൽ കണ്ടുപിടിച്ചതും തത്സമയം തന്നെ തീർപ്പാക്കാതിരുന്നതുമായ ക്രമക്കേടുകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പരിശോധനാ റിപ്പോർട്ടുകൾ (ഐആർ) സത്വരമായ പരിഹാര നടപടികൾ എടുക്കുന്നതിനായി

തൊട്ടുമുകളിലെ അധികാരിക്ക് പകർപ്പ് നൽകി കൊണ്ട് ഓഫീസ് തലവൻമാർക്ക് പരിശോധനകളുടെ തുടർനടപടി എന്ന നിലയിൽ നൽകുന്നു. പരിശോധനാ റിപ്പോർട്ടുകൾ ലഭിച്ച തീയതി മുതൽ നാല് ആഴ്ചകൾക്കകം ഓഫീസ് തലവൻമാർ/ സർക്കാർ ആദ്യ മറുപടി നൽകേണ്ടതാണ്. പരിശോധന റിപ്പോർട്ടിലെ ചില ഖണ്ഡികകൾക്കുള്ള അന്തിമ മറുപടി സമയപരിധിക്കുള്ളിൽ നൽകിയിട്ടില്ലെങ്കിലും, ഓഡിറ്റ് ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടിയെ സൂചിപ്പിക്കുന്ന ഒരു ഇടക്കാല മറുപടി നൽകേണ്ടതാണ്. ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ വകുപ്പ് തലവൻമാർക്കും സർക്കാരിനും റിപ്പോർട്ട് ചെയ്യപ്പെടുന്നു.

2023 ജൂൺ മാസം അവസാനത്തിൽ, 2022 ഡിസംബർ വരെ നൽകിയ 2,524 പരിശോധനാ റിപ്പോർട്ടുകളിൽ, ₹5,062.52 കോടി ഉൾപ്പെട്ട 14,953 ഖണ്ഡികകൾ ബാക്കി നിൽക്കുന്നത് മുൻപത്തെ രണ്ട് വർഷങ്ങളിലെ ബന്ധപ്പെട്ട കണക്കുകൾക്കൊപ്പം **പട്ടിക - 1.9**ൽ നൽകിയിരിക്കുന്നു.

പട്ടിക - 1.9 : തീർപ്പാക്കുവാൻ ബാക്കി നിൽക്കുന്ന പരിശോധനാ റിപ്പോർട്ടുകളുടെ വിവരം

	ജൂൺ 2021	ജൂൺ 2022	ജൂൺ 2023
തീർപ്പാക്കുവാൻ ബാക്കി നിൽക്കുന്ന പരിശോധനാ റിപ്പോർട്ടുകളുടെ എണ്ണം	2,275	2,625	2,524
തീർപ്പാക്കുവാൻ ബാക്കി നിൽക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങളുടെ എണ്ണം	14,654	16,701	14,953
ഉൾപ്പെട്ട റവന്യൂ തുക (₹ കോടിയിൽ)	4,412.44	5,084.70	5,062.52

സ്രോതസ്സ്: എജി (ഓഡിറ്റ് II) സമാഹരിച്ച വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി ഒത്തു നോക്കിയത്.

1.7.1 പരിശോധനാ റിപ്പോർട്ടുകളുടെ വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ

ബാക്കി നിന്നിരുന്ന പരിശോധനാ റിപ്പോർട്ടുകളുടെയും ഓഡിറ്റ് നിരീക്ഷണങ്ങളുടേയും അവയിൽ ഉൾപ്പെട്ട തുകകളുടേയും 2023 ജൂൺ 30ലെ വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ **പട്ടിക – 1.10**ൽ പ്രതിപാദിച്ചിരിക്കുന്നു.

പട്ടിക - 1.10 : പരിശോധനാ റിപ്പോർട്ടുകളുടെ വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ

ക്രമ നമ്പർ	വകുപ്പ്	വരവിന്റെ തരം	ബാക്കിനിൽക്കുന്ന ഐആറുകളുടെ എണ്ണം	ബാക്കി നിൽക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങളുടെ എണ്ണം	ഉൾപ്പെട്ട തുക (₹ കോടിയിൽ)
1	സംസ്ഥാന ചരക്ക് സേവന നികുതി	വില്പന വ്യാപാരം തുടങ്ങിയവയുടെ നികുതി	1,647	10,861	4,060.37
		കാർഷികാദായ നികുതി	61	191	74.11
2	മോട്ടോർ വാഹന വകുപ്പ്	വാഹന നികുതി	251	1,937	113.26
3	സംസ്ഥാന എക്സൈസ്	സംസ്ഥാന എക്സൈസ്	104	371	106.37
4	രജിസ്ട്രേഷൻ	മുദ്രപത്രവും രജിസ്ട്രേഷൻ ഫീസും	324	1,118	296.00
5	ലോട്ടറി	ലോട്ടറികളിൽ നിന്നുള്ള വരവുകൾ	29	86	7.30
6	ധനകാര്യം, ആസൂത്രണ		108	389	405.11

ക്രമ നമ്പർ	വകുപ്പ്	വരവിന്റെ തരം	ബാക്കിനിൽക്കുന്ന ഐആറുകളുടെ എണ്ണം	ബാക്കി നിൽക്കുന്ന ഓഡിറ്റ് നിരീക്ഷണ ങ്ങളുടെ എണ്ണം	ഉൾപ്പെട്ട തുക (₹ കോടിയിൽ)
	സാമ്പത്തിക കാര്യ വകുപ്പ്				
ആകെ			**2,524**	**14,953**	**5,062.52**

സ്രോതസ്സ്: എജി (ഓഡിറ്റ് II) സമാഹരിച്ച വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി ഒത്തു നോക്കിയത്.

2022-23 കാലയളവിൽ 163 പരിശോധനാ റിപ്പോർട്ടുകൾക്ക് ആറ് ഓഫീസ് മേധാവികളിൽ നിന്ന് ഐആർ നൽകിയ തീയതി മുതൽ നാലാഴ്ചയ്ക്കുള്ളിൽ ആദ്യ മറുപടി ഓഡിറ്റിന് ലഭിച്ചില്ല. മറുപടി ലഭിക്കാത്തതിനാൽ വലിയ തോതിൽ ഐആറുകൾ തീർപ്പാക്കാൻ ബാക്കി നിൽക്കുന്നത്, ഐആറുകളിൽ എജി (ഓഡിറ്റ് II) ചൂണ്ടിക്കാണിച്ച ന്യൂനതകൾ, വ്യതിയാനങ്ങൾ, ക്രമക്കേടുകൾ എന്നിവ പരിഹരിക്കുന്നതിന് ഓഫീസ് മേധാവികളും വകുപ്പുകളും നടപടികൾ ആരംഭിച്ചിട്ടില്ല എന്നതിന്റെ സൂചനയാണ്. ശേഷിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ തീർപ്പാക്കുന്നതിന് സെക്രട്ടറി തലത്തിലുള്ള ഓഡിറ്റ് നിരീക്ഷണ സമിതികളുടെയും ചീഫ് സെക്രട്ടറി തലത്തിലുള്ള അപെക്സ് സമിതികളുടെയും നിരീക്ഷണ സംവിധാനത്തിന്റെ പരാജയമാണ് മറുപടി ലഭിക്കാതെ ഐആറുകൾ വൻതോതിൽ തീർപ്പാക്കാതെ ബാക്കി നിൽക്കുന്നത് കാണിച്ചു തരുന്നത്.

ധനവകുപ്പ് പുറപ്പെടുവിച്ച സർക്കുലറിൽ[2] നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഓഡിറ്റ് നിരീക്ഷണത്തിന് ഉടനടി ഉചിതമായ മറുപടി ഉറപ്പാക്കുന്നതിന് ഫലപ്രദമായ സംവിധാനം സർക്കാർ ഏർപ്പെടുത്തേണ്ടതുണ്ട്.

1.7.2 വകുപ്പുതല ഓഡിറ്റ് സമിതി യോഗങ്ങൾ

ലോക്കൽ ഓഡിറ്റ് റിപ്പോർട്ടുകളുടെയും അവയിലെ ഖണ്ഡികകളുടെയും തീർപ്പാക്കലിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി സർക്കാർ ഓഡിറ്റ് സമിതികൾ രൂപീകരിച്ചു. 2022-23 കാലയളവിൽ ചേർന്ന ഓഡിറ്റ് സമിതി യോഗങ്ങളുടെയും തീർപ്പാക്കിയ ഖണ്ഡികകളുടേയും വിശദാംശങ്ങൾ **പട്ടിക – 1.11**ൽ പ്രതിപാദിച്ചിരിക്കുന്നു.

പട്ടിക - 1.11 : വകുപ്പുതല ഓഡിറ്റ് സമിതിയോഗങ്ങളുടെ വിവരങ്ങൾ

ക്രമ നമ്പർ	റവന്യൂ ശീർഷകം	2022-23ൽ ചേർന്ന യോഗങ്ങളുടെ എണ്ണം	2022 മാർച്ച് 31ന് ബാക്കി നിന്നിരുന്ന ഓഡിറ്റ് നിരീക്ഷണങ്ങളുടെ എണ്ണം	തീർപ്പാക്കിയ ഖണ്ഡികകളുടെ എണ്ണം	തീർപ്പാക്കിയ ഖണ്ഡികകളിൽ ഉൾപ്പെട്ട തുക (₹ കോടിയിൽ)
1	0030 - മുദ്രപ്പത്രവും റജിസ്ട്രേഷൻ ഫീസും	2	1,259	56	35.41
2	0041 - വാഹന നികുതി	1	1,042	174	3.90
3	0040 - സംസ്ഥാന ചരക്കു സേവന നികുതി	4	12,948	1,055	2,656.14
ആകെ		**7**	**15,249**	**1,285**	**2,695.45**

സ്രോതസ്സ് : എജി (ഓഡിറ്റ് II) സമാഹരിച്ച വിവരങ്ങൾ.

1,208 ഓഡിറ്റ് നിരീക്ഷണങ്ങൾ ശേഷിക്കുന്നുണ്ടെങ്കിലും എക്സൈസ്, സംസ്ഥാന ലോട്ടറി, കാർഷികാദായ നികുതി, ധനകാര്യം, ആസൂത്രണ സാമ്പത്തിക കാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട യോഗങ്ങൾ ഒന്നും നടന്നില്ല. തീർപ്പാക്കാൻ ബാക്കിയുള്ള

[2] 1965 നവംബർ 15ലെ സർക്കുലർ മെമ്മോറാണ്ടം നമ്പർ 57374/ഐഎൻഎസ്.2/65/ധന.

ഖണ്ഡികകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് പതിവായി ഓഡിറ്റ് സമിതി യോഗങ്ങൾ നടത്താനുള്ള ആനുകാലികമായ കർമ്മപദ്ധതി ആവിഷ്കരിക്കുവാൻ സർക്കാർ വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകണം.

1.7.3 കരട് ഓഡിറ്റ് ഖണ്ഡികകളോട് വകുപ്പുകളുടെ പ്രതികരണം

ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാർക്ക്, ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനായി നിർദ്ദേശിക്കപ്പെട്ട ഓഡിറ്റ് കണ്ടെത്തലുകളിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടും ആറ് ആഴ്ചകൾക്കകം അവരുടെ പ്രതികരണം അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും കരട് ഓഡിറ്റ് ഖണ്ഡികകൾ എജി (ഓഡിറ്റ് II) അയച്ചു കൊടുക്കുന്നു.

രണ്ട് അനുവർത്തന ഓഡിറ്റ് റിപ്പോർട്ടുകൾ ഉൾപ്പെടെ 21 ഖണ്ഡികകൾ ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാർക്ക് അവരുടെ പേരിൽ 2023 സെപ്റ്റംബറിനും 2024 ഓഗസ്റ്റിനും ഇടയിൽ അയച്ചുകൊടുത്തു. വകുപ്പുകളുടെ സെക്രട്ടറിമാർ 14 ഖണ്ഡികകൾക്ക് മറുപടിയും ഏഴ് ഖണ്ഡികകൾക്ക് ഇടക്കാല മറുപടിയും നൽകിയിട്ടുണ്ട്.

1.7.4 ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടികൾ - സംഗ്രഹം

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ (പിഎസി) വിജ്ഞാപനം (2002 ഡിസംബർ) അനുസരിച്ച് നിയമനിർമ്മാണ സഭയിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം കമ്മിറ്റിയുടെ പരിഗണനയ്ക്കായി രണ്ടു മാസത്തിനകം ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള നടപടി എടുക്കൽ വിശദീകരണ കുറിപ്പുകൾ സർക്കാർ, ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിൽ സമർപ്പിക്കേണ്ടതാണ്. 2017 മാർച്ച് 31ന് അവസാനിച്ചത് മുതൽ 2021-22 വരെയുള്ള കാലയളവിലെ കേരള സർക്കാരിന്റെ റവന്യൂ മേഖലയെക്കുറിച്ചുള്ള കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ, 2018 ജൂൺ 12നും 2023 സെപ്റ്റംബർ 14നും ഇടയിൽ സംസ്ഥാന നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ (പ്രവർത്തനക്ഷമതാ ഓഡിറ്റ് ഉൾപ്പെടെ 112 ഖണ്ഡികകൾ) തുടർനടപടികളുടെ സ്ഥിതി ഇനിപ്പറയുന്നവയാണ്:

- 22 ഖണ്ഡികകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുമുള്ള നടപടി എടുക്കൽ വിശദീകരണക്കുറിപ്പുകൾ ലഭിച്ചത് ശരാശരി 10 മാസം മുതൽ 66 മാസം വരെ താമസിച്ചായിരുന്നു.

- ആറു വകുപ്പുകളിൽ നിന്നും 74 ഖണ്ഡികകളിന്മേലുള്ള (62 തനത് ഖണ്ഡികകളും 12 പ്രവർത്തനക്ഷമതാ ഓഡിറ്റ്/ അവലോകന ഖണ്ഡികകളും) നടപടി എടുക്കൽ വിശദീകരണക്കുറിപ്പുകൾ ഇതുവരെയും (2024 മാർച്ച്) ലഭിച്ചിട്ടില്ല. ഇതിൽ 2021-22 കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടിലെ 33 ഖണ്ഡികകളും ഉൾപ്പെടുന്നു.

- 2021-23 കാലയളവിൽ പിഎസി 16 ഖണ്ഡികകൾ ചർച്ച ചെയ്യുകയും അതിന്റെ ശുപാർശകൾ കമ്മിറ്റിയുടെ അതാത് കാലയളവിലെ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു.

സ്വീകരിച്ച നടപടികളുടെ വിശദീകരണ കുറിപ്പുകൾ സമർപ്പിക്കാത്തത് പ്രധാനമായും നികുതി, മോട്ടോർ വാഹന വകുപ്പുകൾ ആയിരുന്നു. 2017 ജൂൺ 15, 2017 ഡിസംബർ 11, 2018 ജൂൺ 23, 2018 ഡിസംബർ 18, 2020 ഫെബ്രുവരി 11, 2022 ഫെബ്രുവരി 22, 2023 മെയ് 25 തീയതികളിൽ നടന്ന അപെക്സ് കമ്മിറ്റി യോഗങ്ങളിൽ എടിഎൻ ലഭിക്കാത്തത് ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി.

പട്ടിക - 1.12ൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം നികുതി, എക്സൈസ്, ഗതാഗതം, റവന്യൂവും ദുരന്ത നിവാരണവും എന്നീ നാല് വകുപ്പുകളിൽ നിന്നും പിഎസിയുടെ 161 ശുപാർശകളിൽ 152 എണ്ണത്തിലും സ്വീകരിച്ച നടപടികളുടെ വിശദീകരണക്കുറിപ്പുകൾ ലഭിച്ചിട്ടില്ല (2024 മാർച്ച്).

പട്ടിക - 1.12 : നാല് വകുപ്പുകളിൽ നിന്ന് എടിഎൻ ലഭിക്കാത്തതിന്റെ വിശദാംശങ്ങൾ

പിഎസി കമ്മിറ്റി രൂപീകരിച്ച വർഷം	വകുപ്പിന്റെ പേര്				ആകെ
	നികുതി	എക്സൈസ്	ഗതാഗതം	റവന്യൂവും ദുരന്ത നിവാരണവും	
2004-06	-	-	-	1	**1**
2006-08	-	-	-	2	**2**
2008-11	2	-	-	-	**2**
2011-14	-	-	-	-	**-**
2014-16	2	-	4	-	**6**
2016-19	20	11	7	2	**40**
2019-21	15	-	5	8	**28**
2021-23	3	-	2	45	**50**
2023-26	2	18	-	3	**23**
ആകെ	**44**	**29**	**18**	**61**	**152**

സ്രോതസ്സ്: അക്കൗണ്ടന്റ് ജനറൽ പരിപാലിക്കുന്ന രേഖകൾ, വകുപ്പുകളുടെ കണക്കുകളുമായി താരതമ്യപ്പെടുത്തിയത്.

1.8 ഓഡിറ്റിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനത്തിന്റെ സ്ഥിതി

പരിശോധനാ റിപ്പോർട്ടുകൾ/ ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവയിൽ ഉന്നയിച്ച വിഷയങ്ങൾ പരിഹരിക്കുന്നതിന് വകുപ്പുകൾക്ക്/ സർക്കാരിനുള്ള സംവിധാനം വിശകലനം ചെയ്യുന്നതിനായി, കഴിഞ്ഞ 10 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഒരു വകുപ്പിനെക്കുറിച്ച് ഉൾപ്പെടുത്തിയിട്ടുള്ള ഖണ്ഡികകളിലും പ്രവർത്തനക്ഷമതാ പരിശോധനകളിലും എടുത്ത നടപടികൾ വിശകലനം ചെയ്യുകയും ഈ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു.

തുടർന്ന് നൽകിയിരിക്കുന്ന 1.8.1 മുതൽ 1.8.2 വരെയുള്ള ഖണ്ഡികകളിൽ, 0041-വാഹന നികുതി എന്ന റവന്യൂ ശീർഷകത്തിനു കീഴിലെ മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനക്ഷമതയും പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ കേസുകളും 2013-14 മുതൽ 2022-23 വരെ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള കേസുകളും ചർച്ച ചെയ്യുന്നു.

1.8.1 പരിശോധനാ റിപ്പോർട്ടുകളുടെ നില

കഴിഞ്ഞ 10 വർഷക്കാലയളവിൽ നൽകിയ പരിശോധനാ റിപ്പോർട്ടുകളുടെ ചുരുക്കത്തിലുള്ള നില, പ്രസ്തുത റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഖണ്ഡികകളും അവയുടെ 2023 മാർച്ച് 31ലെ നിലയും **പട്ടിക-1.13**ൽ നൽകിയിരിക്കുന്നു.

പട്ടിക - 1.13 : പരിശോധനാ റിപ്പോർട്ടുകളുടെ നില

(₹ കോടിയിൽ)

ക്രമ നമ്പർ	വർഷം	മുന്നിരുപ്പ്			പ്രസ്തുത വർഷത്തിൽ കൂട്ടിച്ചേർക്കപ്പെട്ടത്			പ്രസ്തുത വർഷത്തിൽ തീർപ്പാക്കിയത്			നീക്കിയിരിപ്പ്		
		ഐ ആറു കൾ	ഖണ്ഡി കകൾ	ധനമൂല്യം	ഐ ആറു കൾ	ഖണ്ഡി കകൾ	ധനമൂ ല്യം	ഐ ആറു കൾ	ഖണ്ഡിക കൾ	ധനമൂല്യം	ഐ ആറു കൾ	ഖണ്ഡി കകൾ	ധനമൂല്യം
1	2013-14	285	1,540	37.75	71	637	21.92	46	504	5.73	310	1,673	53.94
2	2014-15	310	1,673	53.94	71	734	14.57	41	411	8.87	340	1,996	59.64
3	2015-16	340	1,996	59.64	84	1,005	146.67	30	422	7.46	394	2,579	198.85
4	2016-17	394	2,579	198.85	47	584	41.91	21	331	88.12	420	2,832	152.64
5	2017-18	420	2,832	152.64	99	1,242	52.32	205	1,589	61.59	314	2,485	143.37
6	2018-19	314	2,485	143.37	56	679	26.03	56	737	28.73	314	2,427	140.67
7	2019-20	314	2,427	140.67	47	541	45.91	88	759	43.41	273	2,209	143.17
8	2020-21	273	2,209	143.17	3	51	1.27	2	49	1.69	274	2,211	142.75
9	2021-22	274	2,211	142.75	19	245	5.17	4	99	10.75	289	2,357	137.17
10	2022-23	289	2,357	137.17	37	428	81.03	43	543	54.75	283	2,242	163.45

സ്രോതസ്സ്: എജി (ഓഡിറ്റ് II) പരിപാലിക്കുന്ന രേഖകൾ.

പഴയ ഖണ്ഡികകൾ തീർപ്പാക്കുന്നതിനായി വകുപ്പും/ സർക്കാരും അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസും തമ്മിൽ ഓഡിറ്റ് കമ്മിറ്റി യോഗങ്ങളും അപ്പെക്സ് കമ്മിറ്റി യോഗങ്ങളും ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി യോഗങ്ങളും നടന്നു.

1.8.2 അംഗീകരിച്ച കേസുകളിലെ വസൂലാക്കൽ

കഴിഞ്ഞ 10 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകൾ, വകുപ്പ് അംഗീകരിച്ചവ, വസൂലാക്കിയ തുക എന്നിവയുടെ നില **പട്ടിക - 1.14**ൽ പ്രതിപാദിച്ചിരിക്കുന്നു.

പട്ടിക - 1.14 : ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ഖണ്ഡികകളുടെയും അംഗീകരിച്ചവയിൽ നിന്നുള്ള വസൂലാക്കലിന്റെയും വിശദാംശങ്ങൾ

(₹ കോടിയിൽ)

ക്രമ നമ്പർ	ഓഡിറ്റ് റിപ്പോർട്ടിന്റെ വർഷം	ഉൾപ്പെട്ട ഖണ്ഡികകളുടെ എണ്ണം	ഖണ്ഡികകളുടെ ധന മൂല്യം	അംഗീകരിക്കപ്പെട്ട ഖണ്ഡികകളുടെ എണ്ണം	അംഗീകരിക്കപ്പെട്ട ഖണ്ഡികകളുടെ ധന മൂല്യം	വർഷത്തിൽ വസൂലാക്കിയ തുക	31.03.2023ലെ നിലയനുസരിച്ച് അംഗീകരിക്കപ്പെട്ട കേസുകളിലെ വസൂലാക്കലിന്റെ സഞ്ചിത നില
1	2012-13	5	1.69	5	1.68	0.89	0.89
2	2013-14	5	10.69	5	10.69	1.10	1.99
3	2014-15	4	2.08	4	2.08	1.37	3.36
4	2015-16	5	8.70	5	8.70	1.49	4.85
5	2016-17	7	155.17	7	132.92	9.01	13.86
6	2017-18	4	459.02	4	459.02	2.13	15.99
7	2018-19	3	5.92	3	5.92	1.94	17.93
8	2019-21*	4	3.93	4	3.93	1.84	19.77

ക്രമ നമ്പർ	ഓഡിറ്റ് റിപ്പോർട്ടിന്റെ വർഷം	ഉൾപ്പെട്ട ഖണ്ഡികകളുടെ എണ്ണം	ഖണ്ഡികകളുടെ ധന മൂല്യം	അംഗീകരിക്കപ്പെട്ട ഖണ്ഡികകളുടെ എണ്ണം	അംഗീകരിക്കപ്പെട്ട ഖണ്ഡികകളുടെ ധന മൂല്യം	വർഷത്തിൽ വസൂലാക്കിയ തുക	31.03.2023ലെ നിലയനുസരിച്ച് അംഗീകരിക്കപ്പെട്ട കേസുകളിലെ വസൂലാക്കലിന്റെ സഞ്ചിത നില
9	2021-22	7	72.98	1	0.83	0.48	20.25

സ്രോതസ്സ്: എജി (ഓഡിറ്റ് II) പരിപാലിക്കുന്ന രേഖകൾ.

* 2019-2021 കാലയളവിലെ റവന്യൂ മേഖലയെക്കുറിച്ചുള്ള സിഎജിയുടെ സംയോജിത അനുവർത്തന ഓഡിറ്റ് റിപോർട്ട്.

കഴിഞ്ഞ ദശകത്തിലുടനീളം അംഗീകരിക്കപ്പെട്ട കേസുകളിലെ വസൂലാക്കലിന്റെ പുരോഗതി തുച്ഛമാണെന്ന് മുകളിലത്തെ പട്ടിക സൂചിപ്പിക്കുന്നു. അംഗീകരിക്കപ്പെട്ട കേസുകളിലെ വസൂലാക്കൽ ബന്ധപ്പെട്ട കക്ഷികളിൽ നിന്നും വസൂലാക്കേണ്ട കുടിശ്ശികയായി കണക്കാക്കേണ്ടതാണ്.

1.9 ഓഡിറ്റ് ആസൂത്രണം

പ്രശ്നസാധ്യതാ വിശകലനത്തിന്റെ അടിസ്ഥാനത്തിലാണ് വാർഷിക ഓഡിറ്റ് പദ്ധതി തയ്യാറാക്കുന്നത്. ഓഫീസുകളുടെ വരുമാന നില, കഴിഞ്ഞ കാലത്തെ ഓഡിറ്റ് നിരീക്ഷണങ്ങളുടെ പ്രവണത, പരാതികൾ, മാധ്യമ റിപ്പോർട്ടുകൾ, രേഖകൾ നൽകാതിരിക്കുന്ന സ്ഥിതി എന്നിവ അനുസരിച്ച് വിവിധ വകുപ്പുകൾക്കു കീഴിലെ യൂണിറ്റ് ഓഫീസുകളെ ഉയർന്നത്, മദ്ധ്യമം, താഴ്ന്നത് എന്നിങ്ങനെ പ്രശ്നസാധ്യതയുള്ള യൂണിറ്റുകൾ ആയി തരംതിരിച്ചിരിക്കുന്നു. ആകെയുണ്ടായിരുന്ന 990 ഓഡിറ്റ് യൂണിറ്റുകളിൽ 2022-23 വർഷക്കാലയളവിൽ 176 യൂണിറ്റുകൾ ഓഡിറ്റ് ചെയ്തു. ഇത് മൊത്തം ഓഡിറ്റ് യൂണിറ്റുകളുടെ 18 ശതമാനമായിരുന്നു. മുകളിൽ സൂചിപ്പിച്ച യൂണിറ്റുകൾക്ക് പുറമേ, രണ്ടു[3] പ്രവർത്തനക്ഷമതാ ഓഡിറ്റുകളും രണ്ടു[4] അനുവർത്തന ഓഡിറ്റുകളും ഈ വർഷത്തിൽ ഏറ്റെടുത്തു.

1.10 ഓഡിറ്റിന്റെ ഫലങ്ങൾ

പ്രസ്തുത വർഷത്തിൽ നടത്തിയ ഓഡിറ്റിന്റെ സ്ഥിതി

സംസ്ഥാന ജിഎസ്ടി, മോട്ടോർ വാഹനങ്ങൾ, സംസ്ഥാന എക്സൈസ്, റജിസ്ട്രേഷൻ, മറ്റ് വകുപ്പുതല ഓഫീസുകൾ എന്നിവയുടെ 176 യൂണിറ്റുകളിലെ രേഖകളുടെ പരീക്ഷണ പരിശോധന 2022-23 വർഷ കാലയളവിൽ നടത്തിയതിൽ കുറഞ്ഞ നികുതി നിർണ്ണയം/ കുറഞ്ഞ നികുതി ചുമത്തൽ/ റവന്യൂ നഷ്ടം എന്നിവയിലായി ₹1,800.27 കോടി ഉൾപ്പെട്ട 668 കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടു. 2022-23 കാലയളവിൽ ഓഡിറ്റ് ചൂണ്ടിക്കാണിച്ച 431 കേസുകളിൽ ഉൾപ്പെട്ട ₹102.05 കോടിയുടെ കുറഞ്ഞ നികുതിനിർണ്ണയവും മറ്റു കുറവുകളും ബന്ധപ്പെട്ട വകുപ്പുകൾ അംഗീകരിക്കുകയും ഓഡിറ്റ് ചൂണ്ടിക്കാണിച്ച ആറ് കേസുകളിലായി ₹0.51 കോടി സമാഹരിക്കുകയും ചെയ്തു. 2022-23 വർഷ കാലയളവിൽ മുൻ വർഷങ്ങളിലെ ഓഡിറ്റ് കണ്ടെത്തലുകളുമായി ബന്ധപ്പെട്ട 875 കേസുകളിലായി ₹35.61 കോടി പിരിച്ചെടുത്തു.

---

[3] ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം-കേരളയുടെയും ജിഎസ്ടിക്ക് കീഴിലുള്ള ഇവേബിൽ സിസ്റ്റത്തിന്റെയും പ്രവർത്തനക്ഷമതാ ഓഡിറ്റുകൾ.

[4] ജിഎസ്ടി പേയ്മെന്റുകളിലും റിട്ടേൺ ഫയലിംഗിലും വകുപ്പിന്റെ മേൽനോട്ടത്തെക്കുറിച്ചുള്ള നിർദ്ദിഷ്ട വിഷയത്തിന്റെ അനുവർത്തന ഓഡിറ്റ് രണ്ടാം ഘട്ടവും സംസ്ഥാന എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള അനുവർത്തന ഓഡിറ്റും.

1.11 ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളുന്നത്

2022-23 വർഷത്തെ റെക്കോർഡുകളുടെ പരീക്ഷണ പരിശോധനയ്ക്കിടെ ശ്രദ്ധയിൽ പെട്ടതും കൂടാതെ മുൻ വർഷങ്ങളിൽ ശ്രദ്ധയിൽപെട്ടതുമായ ₹1,671.25 കോടിയുടെ വരുമാന ആഘാതമുള്ള 21 ഖണ്ഡികകൾ റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്നു. 2022-23ന് ശേഷമുള്ള കാലയളവുമായി ബന്ധപ്പെട്ട സന്ദർഭങ്ങളും ആവശ്യമുള്ളിടത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. ₹642.17 കോടിയുടെ ഓഡിറ്റ് നിരീക്ഷണങ്ങൾ വകുപ്പ്/ സർക്കാർ അംഗീകരിച്ചു, അതിൽ ₹0.41 കോടി തിരിച്ചുപിടിച്ചു. തുടർന്നുള്ള II മുതൽ V വരെയുള്ള അധ്യായങ്ങളിൽ ഇവ വിശദമായി ചർച്ചചെയ്യുന്നു.

ശുപാർശ: ധനവകുപ്പ് പുറപ്പെടുവിച്ച സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ ഓഡിറ്റ് നിരീക്ഷണത്തിന് ഉചിതമായ പ്രതികരണം ഉറപ്പാക്കുന്നതിന് ഫലപ്രദമായ സംവിധാനം സർക്കാർ ഏർപ്പെടുത്തേണ്ടതുണ്ട്.

അദ്ധ്യായം II

ചരക്കു സേവന നികുതിയും വിൽപ്പന, വ്യാപാരം മുതലായവയിന്മേലുള്ള നികുതികൾ/ വാറ്റ് എന്നിവകളും

അദ്ധ്യായം - II
ചരക്കു സേവന നികുതിയും, വിൽപ്പന, വ്യാപാരം മുതലായവയിന്മേലുള്ള നികുതികൾ/ വാറ്റ് എന്നിവകളും

2.1 നികുതികാര്യ നിർവ്വഹണം

റവന്യൂവിന്റെ മുക്കാൽ ഭാഗവും ലഭ്യമാക്കുന്ന നികുതി വകുപ്പ് കേരള സർക്കാരിന്റെ പ്രധാന വരുമാന സ്രോതസ്സാണ്. സുതാര്യവും ലളിതവുമായ നടപടിക്രമങ്ങളിലൂടെ സ്വമേധയാ നികുതി പാലിക്കൽ ഉറപ്പാക്കുക, അഴിമതി ഇല്ലാതാക്കുക, സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിലൂടെ സേവനങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കുക എന്നിവയാണ് വകുപ്പിന്റെ പ്രധാന ലക്ഷ്യം. നികുതി പിരിവ്, ഡീലർമാരുടെ രജിസ്ട്രേഷൻ, നികുതി കുടിശ്ശിക പിരിച്ചെടുക്കൽ, സംസ്ഥാന-കേന്ദ്ര സർക്കാരുകൾ നടപ്പിലാക്കുന്ന നിയമങ്ങളുടെ കീഴിലുള്ള നികുതി കുറ്റകൃത്യങ്ങൾ കണ്ടെത്തൽ, തടയൽ എന്നിവയാണ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ. റിട്ടേൺ ഫയൽ ചെയ്യൽ, നികുതി അടയ്ക്കൽ, നിയമാനുസൃത ഫോമുകളുടെ വിതരണം, ചരക്കുകളുടെ പരസ്യപ്പെടുത്തൽ തുടങ്ങിയ വകുപ്പിന്റെ നിർണായക പ്രവർത്തനങ്ങൾ ഇപ്പോൾ പൂർണ്ണമായും ഓട്ടോമേറ്റഡാണ്.

ചരക്കു സേവന നികുതി (ജിഎസ്ടി) നിയമം, കേരള പൊതുവില്പന നികുതി (കെജിഎസ്ടി) നിയമം, കേരള മൂല്യവർദ്ധിത നികുതി (കെവിഎടി) നിയമം, കേരള മണി ലെൻഡിംഗ് ആക്ട്, ആഡംബര നികുതി നിയമം, കാർഷിക ആദായ നികുതി നിയമം എന്നിവ കൈകാര്യം ചെയ്യുന്നത് ജിഎസ്ടി വകുപ്പാണ്. സംസ്ഥാന ചരക്ക് സേവന നികുതി (എസ്ജിഎസ്ടി) വകുപ്പിന്റെ തലവനായ കമ്മീഷണറെ അഡീഷണൽ കമ്മീഷണർ, ജോയിന്റ് കമ്മീഷണർമാർ (ജെസി) ഡെപ്യൂട്ടി കമ്മീഷണർമാർ (ഡിസി), അസിസ്റ്റന്റ് കമ്മീഷണർമാർ (എസി), സംസ്ഥാന നികുതി ഓഫീസർമാർ (എസ്ടിഒ) എന്നിവർ സഹായിക്കുന്നു. നികുതിനിർണ്ണയം, ചുമത്തൽ, പിരിവ് എന്നിവ എസിമാരും സംസ്ഥാന നികുതി ഓഫീസർമാരും നടത്തുന്നു.

കഞ്ചാവ്, കറുപ്പ്, വിദേശമദ്യം, ചില പെട്രോളിയം ഉത്പന്നങ്ങൾ എന്നിവയുടെ വില്പനയിന്മേൽ കെജിഎസ്ടി ചുമത്താവുന്നതാണ്. ശേഷിക്കുന്ന ഉൽപ്പന്നങ്ങളുടെ സംസ്ഥാനത്തിനകത്തുള്ള വില്പനയിന്മേൽ കെവിഎടിയും അവയുടെ സംസ്ഥാനാന്തര വില്പനയിന്മേൽ കേന്ദ്രവില്പന നികുതിയും (സിഎസ്ടി) ആണ് ചുമത്തിയിരുന്നത്. വാറ്റ്, സിഎസ്ടി മുതലായവ ഉൾപ്പെടുത്തി, 2017 ജൂലൈ 01 മുതൽ, ജിഎസ്ടി നിലവിൽ വന്നു.

2018 ആഗസ്റ്റ് മാസത്തിൽ കേരളത്തിൽ ഉണ്ടായ വൻ വെള്ളപ്പൊക്കത്തെത്തുടർന്നുള്ള പുനർനിർമ്മാണം, പുനരധിവാസം, നഷ്ടപരിഹാരം എന്നീ ആവശ്യങ്ങൾക്കായി 2019ലെ സാമ്പത്തിക നിയമത്തിലെ വകുപ്പ് 14 പ്രകാരം സർക്കാർ 2019 ഓഗസ്റ്റ് 1 മുതൽ രണ്ട് വർഷത്തെ കാലയളവിലേക്ക് കേരള പ്രളയ സെസ് നടപ്പിലാക്കി.

2.2 ആന്തരിക പരിശോധന

ജിഎസ്ടി വകുപ്പിലെ പുനഃസംഘടനയ്ക്കു ശേഷം, ആന്തരിക ഓഡിറ്റ് നടത്തുന്നത്, വകുപ്പുതല ഓഡിറ്റും അച്ചടക്ക പ്രവർത്തനങ്ങളും ഏറ്റെടുക്കുന്ന ഇന്റേണൽ ഓഡിറ്റ് ആന്റ് ഇന്റേണൽ വിജിലൻസ് സെല്ലാണ്. കൂടാതെ, വകുപ്പിനു കീഴിലുള്ള ഓഫീസുകളിലെ വിധിനിർണ്ണയ അധികാരികൾ പുറപ്പെടുവിച്ച ഉത്തരവിന്റെ നിയമസാധുതയും ഔചിത്യവും പരിശോധിക്കുന്ന ഒരു റിവ്യൂ സെല്ലും പ്രവർത്തിക്കുന്നു. ഒരു ഡെപ്യൂട്ടി കമ്മീഷണറും ഒരു സ്റ്റേറ്റ് ടാക്സ് ഓഫീസറും (എസ്ടിഒ) മൂന്ന് അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർമാരും (എഎസ്ടിഒ) അടങ്ങുന്നതാണ് ഇന്റേണൽ ഓഡിറ്റ് ആന്റ് ഇന്റേണൽ വിജിലൻസ് സെൽ. റിവ്യൂ സെല്ലിൽ മൂന്ന് ഡെപ്യൂട്ടി കമ്മീഷണർമാരും ആറ് എസ്ടിഒമാരും പത്ത് എഎസ്ടിഒമാരും ഉണ്ട്. ഉദ്യോഗസ്ഥർക്ക് ഇതുമായി ബന്ധപ്പെട്ട പ്രത്യേക പരിശീലനമൊന്നും നൽകിയിട്ടില്ല.

2022-23 കാലയളവിൽ, മൊത്തം കുടിശ്ശികയുണ്ടായിരുന്ന 8,742 ഖണ്ഡികകളിൽ 3,330 ഖണ്ഡികകൾ (38.09 ശതമാനം) മാത്രമാണ് തീർപ്പാക്കിയത്. കൂടാതെ, ഇ-ഓഡിറ്റുകൾ നടത്തി അധിക ഡിമാൻഡ് സൃഷ്ടിച്ചതു വഴി വകുപ്പിന്റെ ധനവിനിയോഗവും കാര്യക്ഷമതയും ഫലപ്രാപ്തിയും മെച്ചപ്പെടുത്താനും സാധിച്ചിട്ടുണ്ട്.

2.3 ഓഡിറ്റിന്റെ ഫലങ്ങൾ

എസ്ജിഎസ്ടി വകുപ്പിൽ ഓഡിറ്റിന് വിധേയമാക്കാവുന്ന 55 യൂണിറ്റുകൾ ഉണ്ടായിരുന്നു. ഇതിൽ 2022-23 കാലയളവിൽ എസ്എസ്‌സിഎയ്ക്കുള്ള 34 യൂണിറ്റുകൾ ഉൾപ്പെടെ 45 യൂണിറ്റുകൾ ഓഡിറ്റിനായി തിരഞ്ഞെടുത്തു. 2022-23 കാലയളവിൽ കെവിഎടി/ കെജിഎസ്ടി/ സിഎസ്ടി നികുതിനിർണ്ണയ ഉത്തരവുകളുടെയും ബന്ധപ്പെട്ട രേഖകളുടെയും പരീക്ഷണ പരിശോധനയിൽ, നികുതി/ പലിശ കുറവായി ചുമത്തിയത്/ ചുമത്താതിരുന്നത്, ക്രമരഹിതമായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിച്ചത്, വിറ്റുവരവ് മൂല്യനിർണ്ണയത്തിൽ നിന്നും വിട്ടുപോയത്, മറ്റ് പിഴവുകൾ എന്നിവയുമായി ബന്ധപ്പെട്ട ₹1,647.34 കോടി വരുന്ന 14 കേസുകളിൽ കുറഞ്ഞ നികുതി നിർണയവും മറ്റു ക്രമക്കേടുകളും സംഭവിച്ചതായി കണ്ടെത്തി. റെക്കോഡുകളുടെ പരീക്ഷണ പരിശോധനയെ അടിസ്ഥാനമാക്കിയുള്ളവ ആയതിനാൽ ഇവ ഉദാഹരണങ്ങൾ മാത്രമാണ്. പരീക്ഷണപരിശോധന നടത്തിയ കേസുകൾ ടെസ്റ്റ് ഓഡിറ്റ് ആയതിനാലും ഓഡിറ്റ് നിരീക്ഷണങ്ങൾ ടെസ്റ്റ് ഓഡിറ്റിൽ ഉൾപ്പെടാത്ത മറ്റു കേസുകളിൽ പ്രതിഫലിക്കാൻ സാധ്യതയുള്ളവയായതിനാലും വകുപ്പ് ബാക്കിയുള്ള യൂണിറ്റുകളിൽ ആന്തരിക പരിശോധന നടത്തുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും അതിലൂടെ അനുവർത്തനരഹിതമായ സംഭവങ്ങൾ പരിഹരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും അത്തരം സന്ദർഭങ്ങളിൽ വീഴ്ചയുടെ ഉത്തരവാദിത്തം നിജപ്പെടുത്തുകയും വേണം. മുൻവർഷങ്ങളിലും ഓഡിറ്റ് സമാനമായ ചില വീഴ്ചകൾ ചൂണ്ടിക്കാണിച്ചിരുന്നു. ഈ ക്രമക്കേടുകൾ നിലനിൽക്കുന്നു എന്ന് മാത്രമല്ല അടുത്ത ഓഡിറ്റ് നടത്തുന്നത് വരെ അവ കണ്ടെത്താതെയുമിരിക്കുന്നു. ഒരു എസ്എസ്‌സിഎ ഉൾപ്പെടെ താഴെ പറയുന്ന വിഭാഗങ്ങളിൽപെടുന്ന കുറഞ്ഞ നികുതിനിർണ്ണയവും മറ്റു ക്രമക്കേടുകളുമായി ബന്ധപ്പെട്ട ₹1,647.34 കോടി ഉൾപ്പെടുന്ന 14 കേസുകൾ **പട്ടിക - 2.1**ൽ നൽകിയിരിക്കുന്നു.

പട്ടിക - 2.1 : നികുതി കുറവായി ചുമത്തിയതിന്റെയും മറ്റ് ക്രമക്കേടുകളുടെയും വിശദാംശങ്ങൾ

ക്രമ നമ്പർ	വിഭാഗങ്ങൾ	കേസുകളുടെ എണ്ണം	തുക (₹ കോടിയിൽ)
1	ജിഎസ്ടി പേയ്മെന്റുകളും റിട്ടേൺ ഫയലിംഗും സംബന്ധിച്ച വകുപ്പുകളുടെ മേൽനോട്ടം സംബന്ധിച്ച എസ്എസ്‌സിഎ	1	1,645.56
2	യോഗ്യതയില്ലാത്ത/ അധിക ഇളവു മൂലമുള്ള നികുതിയുടെ കുറഞ്ഞ ഒടുക്കൽ	2	0.70
3	നികുതിനിർണ്ണയത്തിൽ നിന്നും വിറ്റുവരവ് വിട്ടുപോയതിലുണ്ടായ നികുതിയുടെ കുറഞ്ഞ ഒടുക്കൽ	1	0.13
4	ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തെറ്റായി ഉപയോഗിച്ചതു മൂലമുണ്ടായ നികുതിയുടെ കുറഞ്ഞ ഒടുക്കൽ	2	0.92
5	മറ്റുള്ളവ	8	0.03
ആകെ		**14**	**1,647.34**

സ്രോതസ്സ്: അക്കൗണ്ടന്റ് ജനറൽ പരിപാലിക്കുന്ന രേഖകൾ.

2022-23 കാലയളവിൽ, ഓഡിറ്റ് ചൂണ്ടിക്കാണിച്ച, കുറവായി നികുതി നിർണ്ണയിച്ചതും മറ്റ് ന്യൂനതകളും അടങ്ങിയ ₹6.65 കോടിയുടെ 221 കേസുകൾ വകുപ്പ് അംഗീകരിച്ചു. പ്രസ്തുത വർഷത്തിൽ 749 കേസുകളിലായി ₹20.55 കോടി വസൂലാക്കി.

2.4 2018-19 മുതൽ 2020-21 വരെയുള്ള കാലയളവിലെ 'ജിഎസ്ടി പേയ്മെന്റുകളും റിട്ടേൺ ഫയലിംഗും സംബന്ധിച്ച വകുപ്പിന്റെ മേൽനോട്ടം' എന്ന നിർദ്ദിഷ്ട വിഷയത്തിന്റെ അനുവർത്തന ഓഡിറ്റ്

2.4.1 ആമുഖം

കേന്ദ്രവും സംസ്ഥാനങ്ങളും ഈടാക്കുകയും ശേഖരിക്കുകയും ചെയ്യുന്ന വിവിധ നികുതികൾക്ക് പകരമായാണ് ചരക്ക് സേവന നികുതി (ജിഎസ്ടി) നിലവിൽ വന്നത്. ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയോ വിതരണത്തിന്മേലുള്ള ഓരോ മൂല്യവർദ്ധനവിനും ചുമത്തുന്ന, ലക്ഷ്യസ്ഥാനത്തെ അടിസ്ഥാനമാക്കിയുള്ള ഉപഭോഗ നികുതിയായ ജിഎസ്ടി 2017 ജൂലൈ 01 മുതൽ നിലവിൽ വന്നു. കേന്ദ്രവും സംസ്ഥാനങ്ങളും ഒരേസമയം ഒരു പൊതു നികുതി അടിത്തറയിൽ ജിഎസ്ടി ചുമത്തുന്നു. കേന്ദ്ര ജിഎസ്ടി (സിജിഎസ്ടി), സംസ്ഥാന ജിഎസ്ടി (എസ്ജിഎസ്ടി)/ കേന്ദ്രഭരണ പ്രദേശ ജിഎസ്ടി (യുടിജിഎസ്ടി) എന്നിവ സംസ്ഥാനത്തിനുള്ളിലെ വിതരണങ്ങളിൽ ചുമത്തുന്നു, കൂടാതെ അന്തർ സംസ്ഥാന വിതരണങ്ങളിൽ സംയോജിത ജിഎസ്ടിയും (ഐജിഎസ്ടി) ചുമത്തുന്നു.

ജിഎസ്ടി ഒരു സ്വയം വിലയിരുത്തൽ അടിസ്ഥാനമാക്കിയുള്ള നികുതിയായതിനാൽ, നികുതി ബാധ്യത കണക്കാക്കുന്നതിനും കണക്കാക്കിയ നികുതി ബാധ്യത തീർപ്പാക്കുന്നതിനും റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുമുള്ള ഉത്തരവാദിത്തം നികുതിദായകനിൽ നിക്ഷിപ്തമാണെന്ന് 2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 59 വ്യവസ്ഥ ചെയ്യുന്നു. ജിഎസ്ടി റിട്ടേണുകൾ ജിഎസ്ടി കോമൺ പോർട്ടലിൽ പതിവായി ഓൺലൈനായി ഫയൽ ചെയ്യണം. അല്ലെങ്കിൽ പിഴ ഈടാക്കാം. ഏതെങ്കിലും നികുതി കാലയളവിൽ ബിസിനസിന് നികുതി ബാധ്യത ഇല്ലെങ്കിൽ പോലും, നിർബന്ധമായും ഒരു 'നിൽ' റിട്ടേൺ ഫയൽ ചെയ്യണം. കൂടാതെ, നിയമത്തിന്റെ വകുപ്പ് 61, 2017ലെ എസ്ജിഎസ്ടി ചട്ടങ്ങളുടെ ചട്ടം 99 എന്നിവ, നികുതിദായകർ നൽകിയ റിട്ടേണും അനുബന്ധ വിവരങ്ങളും പ്രോപ്പർ ഓഫീസർക്ക് സൂക്ഷ്മമായി പരിശോധിക്കാമെന്നും പൊരുത്തക്കേടുകൾ നികുതിദായകരെ അറിയിക്കാമെന്നും വിശദീകരണം തേടാമെന്നും വ്യവസ്ഥ ചെയ്യുന്നു.

ഈ പുതിയ നികുതി വ്യവസ്ഥയിൽ നികുതി അനുസരണത്തിനായി വിഭാവനം ചെയ്തിരിക്കുന്ന നിയന്ത്രണ സംവിധാനത്തിന്റെ പ്രാധാന്യവും കേരള സർക്കാരിന്റെ ജിഎസ്ടി വകുപ്പിന്റെ മേൽനോട്ട സംവിധാനവും പരിഗണിച്ചാണ് ഈ നിർദ്ദിഷ്ട വിഷയത്തിന്റെ അനുവർത്തന ഓഡിറ്റ് (എസ്എസ്സിഎ) ഏറ്റെടുത്തത്.

2.4.2 ഓഡിറ്റ് ലക്ഷ്യങ്ങൾ

ജിഎസ്ടി പേയ്മെന്റുകളും റിട്ടേൺ ഫയലിംഗും സംബന്ധിച്ച വകുപ്പിന്റെ മേൽനോട്ടത്തിന്റെ ഓഡിറ്റ് ഇനിപ്പറയുന്ന ഓഡിറ്റ് ലക്ഷ്യങ്ങളോടെയാണ് ഏറ്റെടുത്തത്:

i. നിയമങ്ങളും നടപടിക്രമങ്ങളും രൂപകൽപന ചെയ്തിരിക്കുന്നത് നികുതി അനുസരണം കാര്യക്ഷമമായി പരിശോധിക്കുന്നതിനാണോ, നികുതിദായകർ അത് കൃത്യമായി പാലിക്കുന്നുണ്ടോ, കൂടാതെ

ii. സർക്കിളുകളുടെ സൂക്ഷ്മപരിശോധനാ നടപടിക്രമങ്ങൾ, ആന്തരിക പരിശോധന, മറ്റ് അനുവർത്തിക്കേണ്ട പ്രവർത്തനങ്ങൾ എന്നിവ മതിയായതും ഫലപ്രദവുമാണോ.

2.4.3 ഓഡിറ്റിന്റെ വ്യാപ്തി

നികുതിദായകരുടെ അനുസരണം, സൂക്ഷ്മപരിശോധനാ പ്രക്രിയ, രജിസ്റ്റർ ചെയ്ത നികുതിദായകർ സമർപ്പിച്ച റിട്ടേണുകളിൽ വകുപ്പ് നടത്തുന്ന തുടർനടപടികൾ എന്നിവ ഓഡിറ്റിന്റെ പരിധിയിൽ ഉൾപ്പെടുന്നു. കൂടാതെ, **2018-19** മുതൽ **2020-21** വരെയുള്ള കാലഘട്ടത്തിലെ സാംപിൾ ആയെടുത്ത നികുതിദായകരുടെ രേഖകളുടെ അവലോകനവും തിരഞ്ഞെടുത്ത സർക്കിളുകളുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തലും ഈ എസ്എസ്സിഎയിൽ ഉൾപ്പെടുന്നു.

റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയുടെയും നികുതിദായകരുടെ രേഖകളുടെ പരിശോധനയുടെയും അവലോകന കാലയളവ് **2018** ഏപ്രിൽ മുതൽ **2021** മാർച്ച് വരെയും തിരഞ്ഞെടുത്ത സർക്കിളുകളുടെ പ്രവർത്തനങ്ങളുടെ ഓഡിറ്റിന് **2020-21**ഉം ആയിരുന്നു.

2.4.4 ഓഡിറ്റ് രീതിശാസ്ത്രവും സാമ്പിൾ തിരഞ്ഞെടുപ്പും

ആസൂത്രണത്തിനും കൂടാതെ വസ്തുനിഷ്ഠമായ ഓഡിറ്റിന്റെ രീതിയും വ്യാപ്തിയും നിർണ്ണയിക്കാനും ഒരു ഡാറ്റാധിഷ്ഠിത സമീപനം സ്വീകരിച്ചു. ഈ എസ്എസ്സിഎയുടെ സാംപിളിൽ ഇനി പറയുന്നവ ഉൾക്കൊള്ളുന്നു:

- സർക്കിളുകളുടെ അനുവർത്തന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള സർക്കിളുകളുടെ ഒരു സാംപിൾ;
- ഫീൽഡ് സന്ദർശനങ്ങൾ ഉൾപ്പെടാത്ത കേന്ദ്രീകൃത ഓഡിറ്റിനായി ഡാറ്റ വിശകലനത്തിലൂടെ തിരിച്ചറിഞ്ഞ ഒരു കൂട്ടം വ്യതിയാനങ്ങൾ; ഒപ്പം
- ഫീൽഡ് സന്ദർശനങ്ങളും വകുപ്പിന്റെ ഓഫീസുകളിൽ വച്ച് നികുതിദായ കരുടെ രേഖകളുടെ സൂക്ഷ്മപരിശോധനയും ഉൾപ്പെട്ട വിശദമായ ഓഡിറ്റിനായി നികുതിദായകരുടെ ഒരു സാംപിൾ.

ഈ എസ്എസ്സിഎയ്ക്ക് ഇനിപ്പറയുന്ന മൂന്ന് വ്യത്യസ്ത ഭാഗങ്ങളുണ്ട്:

(i) ഭാഗം I - സർക്കിളുകളുടെ ഓഡിറ്റ്

മേൽനോട്ട പ്രവർത്തനങ്ങളുടെ വിലയിരുത്തലിനായി, വിശദമായ ഓഡിറ്റിനായി തിരഞ്ഞെടുത്ത ഏറ്റവും കൂടുതൽ സാംപിളുകൾ അധികാരപരിധിയിൽ വരുന്ന പത്ത്[5] നികുതിനിർണ്ണയ സർക്കിളുകൾ നികുതിനിർണ്ണയ സർക്കിളുകളുടെ ഓഡിറ്റിനുള്ള സാംപിളായി പരിഗണിച്ചു.

(ii) ഭാഗം II - കേന്ദ്രീകൃത ഓഡിറ്റ്

നികുതിദായകർ സമർപ്പിച്ച ജിഎസ്ടി റിട്ടേണുകൾ തമ്മിലുള്ള ഒരു കൂട്ടം വ്യതിയാനങ്ങളും യുക്തിപരമായ പൊരുത്തക്കേടുകളും ജിഎസ്ടിഎൻ വഴി **2018-19** മുതൽ **2020-21** വരെയുള്ള ജിഎസ്ടി റിട്ടേൺ ഡാറ്റ വിശകലനം ചെയ്തതിലൂടെ ഓഡിറ്റ് കണ്ടെത്തി. വാർഷിക റിട്ടേണുകളും അക്കൗണ്ട് ബുക്കുകളും തമ്മിലുള്ള ഐടിസിയുടെ പൊരുത്തക്കേട്, പലിശയുടെ കുറഞ്ഞ ഒടുക്കൽ മുതലായ **16** പാരാമീറ്ററുകളുടെ[6] ഒരു കൂട്ടം പരിശോധനയിൽ കണ്ടെത്തി. വകുപ്പിന്റെ

---

[5] സ്പെഷ്യൽ സർക്കിൾ **II** എറണാകുളം, സ്പെഷ്യൽ സർക്കിൾ **III** എറണാകുളം, സ്പെഷ്യൽ സർക്കിൾ പ്രൊഡ്യൂസ് മട്ടാഞ്ചേരി, എസ്ടിഒ **I** സർക്കിൾ തൃപ്പൂണിത്തുറ, സ്പെഷ്യൽ സർക്കിൾ തിരുവനന്തപുരം, എസ്ടിഒ (വർക്സ് കോൺട്രാക്ട്) തിരുവനന്തപുരം, ഐഎസി തിരുവനന്തപുരം, ഐഎസി പാലക്കാട്, എസ്ടിഒ (വർക്സ് കോൺട്രാക്ട്) കോഴിക്കോട്, സ്പെഷ്യൽ സർക്കിൾ കണ്ണൂർ.

[6] **16** പരാമീറ്ററുകൾ പട്ടിക **2.2**ൽ ഡി**1** മുതൽ ഡി**21** വരെയായി സൂചിപ്പിച്ചിരിക്കുന്നു; ഡി**8**, ഡി**15**, ഡി**16**, ഡി**18**, ഡി**19** എന്നിവ ഇല്ല.

സൂക്ഷ്മപരിശോധനാ നടപടിക്രമത്തിന്റെ പര്യാപ്തതയും ഫലപ്രാപ്തിയും വിലയിരുത്തുന്നതിനായി 703 കേസുകളുടെ ഒരു സാംപിൾ ഓഡിറ്റ് തിരഞ്ഞെടുത്തു. ഓഡിറ്റ് അവലോകനം 2023 ജൂണിനും സെപ്റ്റംബറിനും ഇടയിൽ ബന്ധപ്പെട്ട ടാക്സ്പെയർ സർവീസസ് സർക്കിളുകൾക്ക് (ടിപിഎസ്‌സി) നൽകിയ ചോദ്യങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. നികുതിദായകരുടെ രേഖകളുടെ കൂടുതൽ സൂക്ഷ്മപരിശോധന നടത്തിയിട്ടില്ല.

(iii) ഭാഗം III - വിശദമായ ഓഡിറ്റ്

ടിപിഎസ്‌സികളിൽ ലഭ്യമായ രേഖകളുടെ പരിശോധനയ്ക്കായി ഫീൽഡ് സന്ദർശനങ്ങൾ ഉൾപ്പെട്ട വിശദമായ ഓഡിറ്റിനായി 70 നികുതിദായകരെ[7] ഓഡിറ്റ് തിരഞ്ഞെടുത്തു. നികുതിദായകരുടെ നികുതി അനുസരണത്തിന്റെ വ്യാപ്തി വിലയിരുത്തുന്നതിനായി നികുതിദായകരുടെ റിട്ടേണുകളും അനുബന്ധ രേഖകളും മറ്റു വിവരങ്ങളും സർക്കിളുകളിൽ പരിശോധിച്ചു. നികുതിദായകരുമായി ബന്ധപ്പെട്ട ഡാറ്റ/ രേഖകൾ (രജിസ്ട്രേഷൻ, നികുതി ഒടുക്കൽ, റിട്ടേണുകൾ, മറ്റ് വകുപ്പുതല കർത്തവ്യങ്ങൾ മുതലായവ) പരിശോധിക്കാൻ എസ്എസ്ഒഐഡികൾ[8] നൽകിയിട്ടുള്ളത് ഓഡിറ്റ് പരമാവധി ഉപയോഗിച്ചു. ഇൻവോയ്സുകൾ പോലുള്ള പ്രസക്തമായ ഗ്രാനുലാർ രേഖകൾ റിസ്ക് അടിസ്ഥാനമാക്കിയുള്ള സമീപനത്തിൽ, നികുതിദായകരിൽ നിന്ന്, ബന്ധപ്പെട്ട നികുതിനിർണ്ണയ സർക്കിളുകൾ വഴി, ശേഖരിക്കാൻ ശ്രമിച്ചു.

സംസ്ഥാന ജിഎസ്ടി വകുപ്പ് കമ്മീഷണർ, കേരള സർക്കാറിന്റെ അഡീഷണൽ സെക്രട്ടറി (നികുതി വകുപ്പ്) എന്നിവരുമായി 2023 ജൂലൈ 27ന് നടന്ന ഈ എസ്എസ്‌സിഎയുടെ എൻട്രി കോൺഫറൻസിൽ ഓഡിറ്റ് ലക്ഷ്യങ്ങൾ, സാമ്പിൾ തിരഞ്ഞെടുക്കൽ, ഓഡിറ്റ് വ്യാപ്തിയും രീതിശാസ്ത്രവും എന്നിവ ചർച്ച ചെയ്തു. സംസ്ഥാന ജിഎസ്ടി വകുപ്പ് കമ്മീഷണർ, കേരള സർക്കാറിന്റെ ജോയിൻറ് സെക്രട്ടറി (നികുതി വകുപ്പ്) എന്നിവരുമായി 2024 സെപ്റ്റംബർ 12ന് നടന്ന എക്സിറ്റ് കോൺഫറൻസിൽ ഓഡിറ്റ് കണ്ടെത്തലുകൾ ചർച്ച ചെയ്തു. എക്സിറ്റ് കോൺഫറൻസിൽ സംസ്ഥാന സർക്കാർ പ്രകടിപ്പിച്ച അഭിപ്രായങ്ങളും കരട് റിപ്പോർട്ടിനുള്ള രേഖാമൂലമുള്ള മറുപടികളും ഉചിതമായ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2.4.5 ഓഡിറ്റ് മാനദണ്ഡം

എസ്ജിഎസ്ടി നിയമം, 2017, ഐജിഎസ്ടി നിയമം, 2017, അതിനനുസരിച്ചുള്ള ചട്ടങ്ങൾ എന്നിവയിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതാണ് ഓഡിറ്റ് മാനദണ്ഡത്തിന്റെ ഉറവിടം. കൂടാതെ, റിട്ടേണുകൾ ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന നികുതി വകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനങ്ങളും സർക്കുലറുകളും റിട്ടേണുകൾ ഫയൽ ചെയ്യൽ, റിട്ടേണുകളുടെ സൂക്ഷ്മപരിശോധന, രജിസ്ട്രേഷൻ റദ്ദാക്കൽ എന്നിവയുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങളിൽ വകുപ്പുതല ഉദ്യോഗസ്ഥർക്കുള്ള നിർദ്ദേശങ്ങൾ അടങ്ങിയ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറുകളും (എസ്ഒപി) ഓഡിറ്റ് മാനദണ്ഡത്തിന്റെ ഭാഗമായി.

ഓഡിറ്റ് കണ്ടെത്തലുകൾ

2.4.6 സർക്കിളുകളുടെ ഓഡിറ്റ് (ഭാഗം I)

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 61 പ്രകാരം, നികുതിദായകർ ഫയൽ ചെയ്യുന്ന വിവിധ റിട്ടേണുകളുടെ കൃത്യത പരിശോധിക്കാൻ പ്രോപ്പർ ഓഫീസർ റിട്ടേണുകളുടെ സൂക്ഷ്മ പരിശോധന നടത്തേണ്ടതും റിട്ടേണുകളിൽ പ്രതിഫലിക്കുന്ന വ്യത്യാസങ്ങൾക്കോ പൊരുത്തക്കേടുകൾക്കോ ഉചിതമായ നടപടി സ്വീകരിക്കേണ്ട

---

[7] 2021 മാർച്ച് 31ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ആകെ നികുതിദായകർ 3,73,940 ആണ്.

[8] സിംഗിൾ സൈൻഓൺ ഐഡികൾ - ജിഎസ്ടിഎൻ ബാക്കെൻഡിൽ പ്രവേശിക്കുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുന്ന യുണീക് ഉപയോക്തൃ ഐഡിയും പാസ്സ്‌വേഡും.

തുമാണ്. അസിസ്റ്റന്റ് കമ്മീഷണർ/ സ്റ്റേറ്റ് ടാക്സ് ഓഫീസർ[9] ആണ് ഈ ആവശ്യത്തിനായി നിയോഗിക്കപ്പെട്ട പ്രോപ്പർ ഓഫീസർ. കൂടാതെ, 2017ലെ എസ്ജിഎസ്ടി ചട്ടങ്ങളുടെ ചട്ടം 99, പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ, വിശദീകരണം നൽകുന്നതിനായി നികുതിദായകനെ അറിയിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. അറിയിപ്പു ലഭിച്ച് 30 ദിവസത്തിനുള്ളിൽ നികുതിദായകൻ തൃപ്തികരമായ വിശദീകരണം നല്കാതിരിക്കുകയോ എന്തെങ്കിലും തിരുത്തൽ നടപടിയെടുക്കാതിരിക്കുകയോ ചെയ്താൽ, നിയമത്തിലെ വകുപ്പ് 73 അല്ലെങ്കിൽ വകുപ്പ് 74 പ്രകാരം ഡിമാൻഡ് നോട്ടീസ് നൽകുന്നത് ഉൾപ്പെടെയുള്ള ഉചിതമായ നടപടി പ്രോപ്പർ ഓഫീസർക്ക് ആരംഭിക്കാവുന്നതാണ്.

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 73, അതിൽ വ്യക്തമാക്കിയിട്ടുള്ള ഏതെങ്കിലും കാരണത്താൽ നികുതിദായകൻ ഏതെങ്കിലും നികുതി അടച്ചിട്ടില്ലെന്നോ കുറഞ്ഞ അടവു നടത്തിയെന്നോ തോന്നുന്ന പക്ഷം, പ്രോപ്പർ ഓഫീസർ നടത്തേണ്ട നികുതിനിർണ്ണയവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു നികുതിനിർണ്ണയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ്, ഉത്തരവ് നൽകുന്നതിന് വകുപ്പ് 73(10)ൽ വ്യക്തമാക്കിയ സമയപരിധിക്ക് കുറഞ്ഞത് മൂന്ന് മാസം മുമ്പെങ്കിലും പ്രോപ്പർ ഓഫീസർ നികുതിദായകന് ഒരു നോട്ടീസ് നൽകേണ്ടതാണ്. 2017-18 സാമ്പത്തിക വർഷത്തേക്കുള്ള ഉത്തരവ് നൽകുന്നതിനുള്ള സമയപരിധി 2023 ഡിസംബർ 31 വരെയും 2018-19ലേത് 2024 ഏപ്രിൽ 30 വരെയും നീട്ടിയിരുന്നു[10]. അതുപ്രകാരം, 2017-18 സാമ്പത്തിക വർഷത്തേക്കുള്ള നോട്ടീസ് നൽകാനുള്ള അവസാന തീയതി 2023 സെപ്റ്റംബർ 30ഉം 2018-19ലേത് 2024 ജനുവരി 31ഉം ആയിരുന്നു. മുകളിൽ വ്യക്തമാക്കിയ സമയപരിധിക്കുള്ളിൽ നോട്ടീസുകൾ നൽകിയില്ലെങ്കിൽ, 2017-18, 2018-19 വർഷങ്ങളിലെ വകുപ്പ് 73(10) പ്രകാരമുള്ള ഒരു നികുതി നിർണ്ണയവും നടത്താൻ കഴിയില്ല. 2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 2(91) പ്രകാരം, കമ്മീഷണർ ചുമതല ഏൽപ്പിച്ച സംസ്ഥാന നികുതി ഓഫീസിലെ ഉദ്യോഗസ്ഥനെയാണ് പ്രോപ്പർ ഓഫീസർ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

2.4.6.1 റിട്ടേൺ ഫയലിംഗിൽ നിരീക്ഷണ സംവിധാനത്തിന്റെ പോരായ്മ

10 സർക്കിളുകളുടെ സാമ്പിളിൽ, റിട്ടേൺ ഫയൽ ചെയ്യാത്തവരിൽ നിന്നും ഡിമാൻഡ് പിരിച്ചെടുക്കുന്നതിനുള്ള നിരീക്ഷണ സംവിധാനം 10 സർക്കിളുകളിലും കുറവുള്ളതായി കാണപ്പെട്ടു. കൂടാതെ, 10 സർക്കിളുകളിലും, ജിഎസ്ടിആർ-3എ (ജിഎസ്ടി റിട്ടേണുകൾ ഫയൽ ചെയ്യാത്തവർക്കുള്ള അറിയിപ്പ്) നൽകുന്നതിന്റെയും എഎസ്എംടി-13 (നികുതിദായകർ ജിഎസ്ടിആർ-3എ അറിയിപ്പുകൾ പാലിക്കാത്ത കേസുകളിൽ മികച്ച വിധിനിർണ്ണയ ഉത്തരവ്) വഴിയുള്ള തുടർനടപടിയുടെയും, ഡിആർസി-07ന്റെയും (എഎസ്എംടി-13നെ തുടർന്നുള്ള ഡിമാൻഡ് ഉത്തരവിന്റെ സംഗ്രഹം) വിശദാംശങ്ങൾ ഓഫീസിൽ ലഭ്യമല്ല.

ഇത് 2024 ഓഗസ്റ്റിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി. മറുപടിക്കായി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

2.4.6.2 റിട്ടേണുകളുടെ മന്ദഗതിയിലുള്ള സൂക്ഷ്മപരിശോധന

2020-21 വർഷത്തിൽ, തിരഞ്ഞെടുത്ത 10 സർക്കിളുകളിലായി, പ്രോപ്പർ ഓഫീസർമാർ 1,665 കേസുകൾ കണ്ടെത്തി സൂക്ഷ്മപരിശോധനയ്ക്കായി തിരഞ്ഞെടുത്തു. ഇതിൽ 364 കേസുകളുടെ രേഖകൾ ഓഡിറ്റ് പരിശോധിച്ചതിൽ 44 കേസുകളിൽ വകുപ്പിന് ₹103.67 കോടിയുടെ വരുമാന നഷ്ടമുണ്ടായതായി കണ്ടെത്തി. നഷ്ടത്തിനുള്ള കാരണം ഇനിപ്പറയുന്നവയാണ്:

- സമയപരിധിക്കുള്ളിൽ നോട്ടീസ് നൽകുന്നതിലും കണ്ടെത്തിയ പിഴവുകളിൽ എസ്ജിഎസ്ടി നിയമം, 2017ലെ വകുപ്പ് 73 പ്രകാരം നികുതി നിർണ്ണയം

[9] 2017 ജൂലൈ 6ലെ ഉത്തരവ് നമ്പർ ജിഎസ്ടിസി 24614/2017/സിടി.

[10] 2023 മാർച്ച് 31ലെ വിജ്ഞാപനം നം.09/2023-കേന്ദ്ര നികുതി.

പൂർത്തിയാക്കുന്നതിലും വീഴ്ച്ച വരുത്തിയതിലൂടെ, എട്ട് കേസുകളിലായി ₹57.73 കോടി രൂപ;

- റിട്ടേൺ സൂക്ഷ്മപരിശോധനയിലും നികുതി കുടിശ്ശിക നിശ്ചയിക്കുന്നതിലുമുള്ള ന്യൂനത, 21 കേസുകളിലായി ₹40.38 കോടി രൂപ;

- അറിയിപ്പ്/ നോട്ടീസ് നൽകിയതിന് ശേഷം ക്രമരഹിതമായ മറുപടികൾ സ്വീകരിച്ച് കണ്ടെത്തിയ പൊരുത്തക്കേടുകൾ ഒഴിവാക്കിയതിലൂടെ 15 കേസുകളിലായി ₹5.56 കോടി രൂപ. എഎസ്എംടി-10/ എസ്‌സിഎൻ നൽകിയതിനു ശേഷം, മറുപടികളുടെ ശരിയായ പരിശോധന കൂടാതെ നിലനിൽക്കുമായിരുന്ന പൊരുത്തക്കേടുകൾ ഒഴിവാക്കി.

ഇത് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ (2024 ഓഗസ്റ്റ്), വകുപ്പ് 22 കേസുകൾ പരിശോധിച്ചുവെന്നും രണ്ട് കേസുകളിൽ ₹0.18 കോടി അധികമായി ഡിമാൻഡ് (ഡിആർസി-07) ചെയ്തതായും 7 കേസുകളിൽ 2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 74 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയതായും മൂന്ന് കേസുകളിൽ നോട്ടീസ് നൽകുമെന്നും, 10 കേസുകളിൽ ക്രമക്കേടുകളൊന്നും കണ്ടെത്തിയിട്ടില്ല എന്നും സർക്കാർ അറിയിച്ചു (2024 സെപ്റ്റംബർ). 10 കേസുകളിൽ ക്രമക്കേടുകളൊന്നും കണ്ടെത്തിയിട്ടില്ലെന്ന് വ്യക്തമാക്കിയിരുന്നെങ്കിലും മറുപടിയെ സാധൂകരിക്കുന്ന അനുബന്ധ രേഖകളൊന്നും നൽകിയില്ല. 2024 സെപ്റ്റംബർ 12ന് നടന്ന എക്സിറ്റ് കോൺഫറൻസിൽ, പ്രോപ്പർ ഓഫീസർമാർ കേസുകൾ ഒഴിവാക്കിയതിനും തുടർനടപടികൾ സ്വീകരിക്കാതിരിക്കുന്നതിനും ഉള്ള കാരണം ഗൗരവമായി കാണുമെന്ന് വകുപ്പ് വ്യക്തമാക്കി.

ഓരോ വിഭാഗത്തിലും ദൃഷ്ടാന്തമായ കേസുകൾ ചുവടെ വിശദമായി വിവരിച്ചിരിക്കുന്നു:

(i) സ്പെഷ്യൽ സർക്കിൾ III എറണാകുളത്ത്, 2017-18 സാമ്പത്തിക വർഷത്തേക്ക് ഒരു നികുതിദായകൻ സമർപ്പിച്ച റിട്ടേണുകളുടെ സൂക്ഷ്മപരിശോധന പ്രോപ്പർ ഓഫീസർ നടത്തുകയും ജിഎസ്ടിആർ-2എ, 3ബി എന്നിവ തമ്മിലുള്ള പൊരുത്തക്കേട് അറിയിച്ചുകൊണ്ട് ₹14.47 കോടിയുടെ എഎസ്എംടി-10 നികുതിദായകന് നൽകുകയും ചെയ്തു. എന്നിരുന്നാലും, നിശ്ചിത സമയത്തിനുള്ളിൽ (2023 സെപ്റ്റംബർ 30) വകുപ്പ് 73 പ്രകാരം നികുതിയും മറ്റ് കുടിശ്ശികകളും നിർണ്ണയിക്കാൻ പ്രോപ്പർ ഓഫീസർ നടപടി ആരംഭിച്ചില്ല. നിശ്ചിത സമയത്തിനുള്ളിൽ നടപടി തുടങ്ങാത്തത് വരുമാന നഷ്ടത്തിന് കാരണമായി.

ഇത് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ (2024 ഓഗസ്റ്റ്), വകുപ്പ് കേസ് പരിശോധിച്ചതിൽ നികുതിദായകന് ജിഎസ്ടിആർ-2എയിൽ ജിഎസ്ടിആർ-3ബിയെക്കാൾ കൂടുതൽ ഐടിസി ഉണ്ടെന്നും അതിനാൽ അധിക ഐടിസി ക്ലെയിം ചെയ്തിട്ടില്ലെന്നും സർക്കാർ അറിയിച്ചു (2024 സെപ്റ്റംബർ).

മറുപടിയെ പിന്തുണയ്ക്കുന്ന രേഖകളുടെ പകർപ്പ് സമർപ്പിക്കാത്തതിനാൽ മറുപടി സ്വീകാര്യമല്ല. ജിഎസ്ടിഎന്നിൽ ലഭ്യമായ രേഖകളുമായി മറുപടി ഓഡിറ്റ് പരിശോധിച്ചു. മോഡൽ 1 ബാക്കെൻഡിൽ ലഭ്യമായ ജിഎസ്ടിആർ-2എ അനുസരിച്ച്, നികുതിദായകന് സിജിഎസ്ടി, എസ്ജിഎസ്ടി എന്നിവയ്ക്ക് കീഴിൽ ₹12.37 കോടി വീതവും ഐജിഎസ്ടിയിൽ ₹63.66 കോടിയും ഐടിസി ലഭ്യമാണെന്ന് ഓഡിറ്റ് കണ്ടെത്തി. എന്നാൽ, ജിഎസ്ടിആർ-3ബി വഴി നികുതിദായകൻ സിജിഎസ്ടി, എസ്ജിഎസ്ടി എന്നിവയ്ക്ക് കീഴിൽ ₹21.29 കോടി വീതവും ഐജിഎസ്ടിക്കു കീഴിൽ ₹94.94 കോടി രൂപയും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. അതിലൂടെ നികുതിദായകന് ₹49.12 കോടിയുടെ അധിക ഐടിസി ലഭിച്ചു. നികുതിദായകൻ അധികമായി നേടിയ

ഐടിസിയുടെ കേസ് ഒഴിവാക്കുമ്പോൾ ഈ കാര്യം പരിഗണിച്ചതായി കാണുന്നില്ല.

(ii) എസ്ടിഒ (ഡബ്ല്യൂസി), കോഴിക്കോടിൽ, 2018-19 സാമ്പത്തിക വർഷത്തേക്ക് ഒരു നികുതിദായകൻ സമർപ്പിച്ച റിട്ടേണുകളുടെ സൂക്ഷ്മ പരിശോധന പ്രോപ്പർ ഓഫീസർ നടത്തുകയും ഔട്ട്പുട്ട് ടാക്സ് ബാധ്യതയിലും ഐടിസി ഉപയോഗത്തിലും പൊരുത്തക്കേടുകൾ അറിയിച്ചുകൊണ്ട് എഎസ്എംടി-10 നൽകുകയും ചെയ്തു (2020 സെപ്റ്റംബർ). കൂടാതെ, ഡിആർസി-01 നോട്ടീസ് നൽകുകയും (2023 ഡിസംബർ), നികുതിദായകന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ, ഡെപ്യൂട്ടി കമ്മീഷണർ (ടിപിഎസ് ഡിവിഷൻ) ഡിആർസി-05 (2024 മാർച്ച്) പ്രകാരം കേസുകൾ ഒഴിവാക്കുകയും ചെയ്തു.

സമർപ്പിച്ച റിട്ടേണുകൾ പ്രകാരം, 2018-19 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ക്രമീകരിക്കാത്ത അഡ്വാൻസുകളാണെന്ന് അവകാശപ്പെട്ട് നികുതിദായകൻ നികുതി ബാധകമായ വിറ്റുവരവിൽ നിന്ന് ₹65.56 കോടി കുറച്ചിരുന്നു. കൂടാതെ, അഡ്വാൻസുകൾ ക്രമീകരിച്ചതിന് ശേഷം ഓഡിറ്റഡ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകൾ പ്രകാരം വിറ്റുവരവ് ₹71.23 കോടിയായി കാണിക്കുന്നു. (ജിഎസ്ടിആർ-9സി 5പി). ഈ ക്രമീകരിച്ച വിറ്റുവരവ് 2017-18 അവസാനത്തിൽ കാണിച്ച ക്രമീകരിക്കാത്ത അഡ്വാൻസുകളുമായി (പൂജ്യം) പൊരുത്തപ്പെടുന്നില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. ഇത് നികുതിദായകന്റെ അവകാശവാദം തെറ്റാണെന്ന് സൂചിപ്പിക്കുന്നു. അതിനാൽ, ₹136.79 കോടിയുടെ വിറ്റുവരവിന് നികുതി അടയ്ക്കാൻ നികുതിദായകൻ ബാധ്യസ്ഥനാണ്. കൂടാതെ, നികുതിദായകൻ 18 ശതമാനം നിരക്കിൽ ജിഎസ്ടി അടയ്ക്കേണ്ട പ്രീമിയം വില്ലകൾ, അപ്പാർട്ടുമെന്റുകൾ, വാണിജ്യ പദ്ധതികൾ എന്നിവയുടെ നിർമ്മാണങ്ങളിൽ ഏർപ്പെട്ടിരുന്നുവെങ്കിലും, ₹66.20 കോടിയുടെ വിറ്റുവരവിന് 12 ശതമാനം നികുതിയാണ് അടച്ചത്. പ്രോപ്പർ ഓഫീസർ ഈ പൊരുത്തക്കേടുകൾ തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടതിനാൽ നികുതിയായി ₹15.86 കോടിയും പലിശയായി ₹14.51 കോടിയും പിഴയായി ₹1.59 കോടിയും ചേർത്ത് മൊത്തം ₹31.96 കോടിയുടെ നഷ്ടമുണ്ടായി.

ഇത് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ (2024 ഓഗസ്റ്റ്), 2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 74 പ്രകാരം ₹16.38 കോടി വീതം സിജിഎസ്ടിയും എസ്ജിഎസ്ടിയും ആവശ്യപ്പെട്ട് നികുതിദായകന് കാരണം കാണിക്കൽ നോട്ടീസ് (എസ്സിഎൻ) നൽകിയതായി സർക്കാർ അറിയിച്ചു (2024 സെപ്റ്റംബർ).

(iii) സ്പെഷ്യൽ സർക്കിൾ II, എറണാകുളത്ത്, 2017-18 വർഷത്തേക്ക് ഒരു നികുതിദായകൻ സമർപ്പിച്ച റിട്ടേണുകളുടെ സൂക്ഷ്മപരിശോധന പ്രോപ്പർ ഓഫീസർ നടത്തുകയും കുറഞ്ഞ നികുതി ഒടുക്കലും ഐടിസിയുടെ അധിക ഉപയോഗവും ശ്രദ്ധയിൽപ്പെടുത്തി എഎസ്എംടി-10ൽ ഒരു അറിയിപ്പ് നികുതിദായകന് നൽകുകയും ചെയ്തു. അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ, എഎസ്എംടി-12 വഴി, ഈ വിഷയത്തിൽ കൂടുതൽ നടപടികളൊന്നും ആവശ്യമില്ലെന്ന് അറിയിച്ചുകൊണ്ട് കേസുകൾ ഒഴിവാക്കി.

നികുതിദായകൻ ഫയൽ ചെയ്ത ജിഎസ്ടിആർ-3ബി പ്രകാരം, ചരക്കുകളുടെ ഇറക്കുമതിയുമായി ബന്ധപ്പെട്ട് അടച്ച ₹7.30 കോടി ഐജിഎസ്ടി ഐടിസിയായി നികുതിദായകൻ ക്ലെയിം ചെയ്തു. എന്നാൽ, ജിഎസ്ടിആർ-2എ പ്രകാരം, "ബിൽ ഓഫ് എൻട്രിയിലൂടെ വിദേശത്തുനിന്നുള്ള ചരക്കുകളുടെ ഇറക്കുമതി"യുടെ ഐജിഎസ്ടി ₹6.42 കോടി മാത്രമാണെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അങ്ങനെ, നികുതിദായകൻ ₹0.88 കോടിയുടെ അധിക ഐടിസി ക്ലെയിം ചെയ്തു. എന്നാൽ, 2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 73 പ്രകാരം നികുതി, പലിശ, പിഴ എന്നിവ നിർണ്ണയിക്കാൻ നടപടി ആരംഭിക്കുന്നതിൽ വകുപ്പ് പരാജയപ്പെട്ടു. ഇത്

നികുതിയായി ₹**0.88** കോടിയും പലിശയായി ₹**0.90** കോടിയും പിഴയായി ₹**0.08** കോടിയും ചേർത്ത് ആകെ ₹**1.86** കോടിയുടെ വരുമാന നഷ്ടത്തിന് ഇടയാക്കി.

കൂടാതെ, വകുപ്പ് 61(2) പ്രകാരമുള്ള പ്രോപ്പർ ഓഫീസറുടെ പ്രവർത്തനങ്ങൾക്കായി അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസറെ സംസ്ഥാന ജിഎസ്ടി കമ്മീഷണർ നിയമിച്ചിട്ടില്ല[11]. എന്നിരുന്നാലും, അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ ശരിയായ അധികാരമില്ലാതെ എഎസ്എംടി-12 നൽകി.

ഇത് വകുപ്പിന്റെയും (2024 മെയ്) സർക്കാരിന്റെയും (2024 ഓഗസ്റ്റ്) ശ്രദ്ധയിൽപ്പെടുത്തി. മറുപടിക്കായി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

ശുപാർശ 1:

പുറപ്പെടുവിച്ച എഎസ്എംടികളുമായി ബന്ധപ്പെട്ട ഡാറ്റയെയും തുടർ നടപടികളെയും തമ്മിൽ പൊരുത്തപ്പെടുന്നതിന് ഒരു ഓട്ടോമേറ്റഡ് സംവിധാനം അവതരിപ്പിക്കുന്നതിനുള്ള സാധ്യത വകുപ്പിന് പരിശോധിക്കാവുന്നതാണ്.

2.4.6.3 ജിഎസ്ടി റിട്ടേണുകൾ വൈകി ഫയൽ ചെയ്യുന്നവർക്കും ഫയൽ ചെയ്യാത്തവർക്കും എതിരായ നടപടിയുടെ അഭാവം

2017ലെ എസ്ജിഎസ്ടി നിയമത്തിന്റെ വകുപ്പ് 46, എസ്ജിഎസ്ടി ചട്ടങ്ങൾ, 2017-ന്റെ ചട്ടം 68 എന്നിവ നികുതിദായകൻ നിശ്ചിത തീയതിക്കുള്ളിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിൽ പരാജയപ്പെട്ടാൽ, പതിനഞ്ച് ദിവസത്തിനുള്ളിൽ റിട്ടേൺ ഫയൽ ചെയ്യണമെന്ന് ഫോം ജിഎസ്ടിആർ-3എയിൽ ഒരു അറിയിപ്പ് നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. അത്തരം നോട്ടീസിനു ശേഷവും നികുതിദായകൻ റിട്ടേണുകൾ ഫയൽ ചെയ്യാതിരുന്നാൽ, ലഭ്യമായതോ ശേഖരിച്ചതോ ആയ പ്രസക്തമായ എല്ലാ വസ്തുതകളും കണക്കിലെടുത്ത് പ്രോപ്പർ ഓഫീസർക്ക് പ്രസ്തുത വ്യക്തിയുടെ നികുതി ബാധ്യത അവരുടെ യുക്തിക്കനുസരിച്ച് വിലയിരുത്തി ഫോം എഎസ്എംടി-13ൽ നികുതിനിർണ്ണയ ഉത്തരവ് നൽകാം. നികുതിവീഴ്ച വരുത്തിയതുമായി ബന്ധപ്പെട്ട സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക റിട്ടേൺ സമർപ്പിക്കുന്നതിനുള്ള നിശ്ചിത തീയതി മുതൽ അഞ്ച് വർഷത്തിനുള്ളിൽ ഈ നികുതിനിർണ്ണയ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. അത്തരം ഓർഡറിന്റെ ഒരു സംഗ്രഹം ഫോം ഡിആർസി-07ൽ സിസ്റ്റത്തിൽ അപ്‌ലോഡ് ചെയ്യണം.

തിരഞ്ഞെടുത്ത പത്ത് നികുതിനിർണ്ണയ സർക്കിളുകളിൽ വൈകി ഫയൽ ചെയ്തവർക്കും ഫയൽ ചെയ്യാത്തവർക്കും എതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റ് ആവശ്യപ്പെട്ടെങ്കിലും വകുപ്പ് ലഭ്യമാക്കിയില്ല. വിവരങ്ങൾ/ പ്രസക്തമായ രേഖകൾ നൽകാത്തത് ഓഡിറ്റിന്റെ വ്യാപ്തി പരിമിതപ്പെടുത്തി. വിശദമായ ഓഡിറ്റിനായി തിരഞ്ഞെടുത്ത 70 നികുതിദായകർ റിട്ടേൺ ഫയൽ ചെയ്യുന്നത് ഓഡിറ്റ് പരിശോധിച്ചതിൽ ഒൻപത് നികുതിദായകർ ഒരു ദിവസം മുതൽ 309 ദിവസം വരെ കാലതാമസത്തോടെ റിട്ടേൺ ഫയൽ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടു. എന്നാൽ, ഈ കേസുകളിൽ നികുതിനിർണ്ണയത്തിനോ രജിസ്ട്രേഷൻ റദ്ദാക്കലിനോ വേണ്ട ഒരു നടപടിയും പ്രോപ്പർ ഓഫീസർ ആരംഭിച്ചിരുന്നില്ല.

ഇത് വകുപ്പിന്റെയും (2024 മെയ്) സർക്കാരിന്റെയും (2024 ഓഗസ്റ്റ്) ശ്രദ്ധയിൽപ്പെടുത്തി. മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

[11] 2017 ജൂലൈ 6ലെ ഉത്തരവ് നമ്പർ ജിഎസ്ടിസി 24614/2017/സിടി.

ശുപാർശ 2:

റിട്ടേൺ സമർപ്പിക്കാത്തവർക്കും നിശ്ചിത സമയത്തിനുള്ളിൽ റിട്ടേൺ സമർപ്പിക്കാൻ വൈകിയവർക്കും നോട്ടീസ് നൽകാൻ ഉദ്യോഗസ്ഥർക്ക് കൃത്യമായ നിർദ്ദേശം വകുപ്പിന് നൽകാവുന്നതാണ്.

2.4.6.4 രജിസ്ട്രേഷൻ റദ്ദാക്കിയതിന് ശേഷം ജിഎസ്ടിആർ-10 ഫയൽ ചെയ്യാത്തതിൽ തുടർനടപടിയുടെ അപര്യാപ്തത

വകുപ്പ് 39(1) പ്രകാരം റിട്ടേൺ സമർപ്പിക്കേണ്ട രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെട്ട എല്ലാ രജിസ്റ്റർ ചെയ്ത വ്യക്തിയും റദ്ദാക്കിയ തീയതി അല്ലെങ്കിൽ റദ്ദാക്കിയ ഉത്തരവിന്റെ തീയതി, ഏതാണോ പിന്നീട്, ആ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ അന്തിമ റിട്ടേൺ (ജിഎസ്ടിആർ-10) സമർപ്പിക്കണമെന്ന് 2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 45 അനുശാസിക്കുന്നു. നികുതിദായകൻ കുടിശ്ശികയുള്ള നികുതി ബാധ്യത തീർക്കുന്നു എന്ന് ഉറപ്പാക്കുക എന്നതാണ് അന്തിമ റിട്ടേണിന്റെ ലക്ഷ്യം. ജിഎസ്ടിആർ-10 ഫയൽ ചെയ്യാത്ത സാഹചര്യത്തിൽ, ഏതെങ്കിലും റിട്ടേൺ ഫയൽ ചെയ്യാത്തതിന് സ്വീകരിക്കേണ്ട അതേ നടപടിക്രമം നികുതി ഓഫീസർ സ്വീകരിക്കേണ്ടതാണ്.

2018 സെപ്റ്റംബർ 30-നോ അതിനുമുമ്പോ രജിസ്ട്രേഷൻ റദ്ദാക്കിയ നികുതിദായകർക്ക് ജിഎസ്ടിആർ-10 നൽകുന്നതിനുള്ള അവസാന തീയതി 2018 ഡിസംബർ 31 വരെ നീട്ടിയിരുന്നു[12]. 2017ലെ എസ്ജിഎസ്ടി ചട്ടങ്ങളുടെ ചട്ടം 68 അനുസരിച്ച്, ജിഎസ്ടിആർ-10 ഫയൽ ചെയ്തിട്ടില്ലെങ്കിൽ, നികുതിദായകന് ജിഎസ്ടിആർ-3എയിൽ നോട്ടീസ് നൽകേണ്ടതാണ്, കൂടാതെ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ അന്തിമ റിട്ടേൺ ഫയൽ ചെയ്യുന്നതിൽ നികുതിദായകൻ പരാജയപ്പെട്ടാൽ, നികുതി ബാധ്യത നിർണ്ണയിക്കാൻ ഫോം എഎസ്എംടി-13ൽ ഒരു നികുതി നിർണ്ണയ ഉത്തരവ് നൽകേണ്ടതുണ്ട്. എഎസ്എംടി-13ൽ ഉത്തരവ് നൽകി 30 ദിവസത്തിനുള്ളിൽ നികുതിദായകൻ അന്തിമ റിട്ടേൺ ഫയൽ ചെയ്തില്ലെങ്കിൽ, പ്രോപ്പർ ഓഫീസർക്ക് 2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 73 പ്രകാരം നടപടികൾ ആരംഭിക്കാവുന്നതാണ്.

അനുബന്ധം-IIൽ വിശദമാക്കിയിരിക്കുന്ന അഞ്ച് സർക്കിളുകളിലായി 157 കേസുകളിൽ ജിഎസ്ടിആർ-10 ഫയൽ ചെയ്യുന്നതിൽ അനുവർത്തന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു. ബാക്കിയുള്ള അഞ്ച് സർക്കിളുകളിലെ ഡാറ്റ ഓഡിറ്റിന് നൽകിയിട്ടില്ല.

ദൃഷ്ടാന്തമായ ഒരു കേസ് ചുവടെ കൊടുത്തിരിക്കുന്നു:

എസ്ടിഒ I സർക്കിൾ, തൃപ്പൂണിത്തുറയിൽ, 2020-21 കാലയളവിൽ രജിസ്ട്രേഷൻ റദ്ദാക്കിയ 239 കേസുകളിൽ 141 കേസുകളിലും ജിഎസ്ടിആർ-10 ഫയൽ ചെയ്തിട്ടില്ല. ഈ 141 കേസുകളിൽ സ്വീകരിച്ച തുടർ നടപടികൾ സർക്കിളിൽ ലഭ്യമല്ല.

ഇത് വകുപ്പിന്റെയും (2023 മെയ്) സർക്കാരിന്റെയും (2024 ഓഗസ്റ്റ്) ശ്രദ്ധയിൽപ്പെടുത്തി. മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

ശുപാർശ 3:

നിശ്ചിത സമയപരിധിക്കുള്ളിൽ ജിഎസ്ടിആർ-10 റിട്ടേൺ ഫയൽ ചെയ്യുന്നതിൽ പരാജയപ്പെട്ട നികുതിദായകർക്കെതിരെ നടപടിയെടുക്കാൻ വകുപ്പിന് പ്രോപ്പർ ഓഫീസർക്ക് നിർദ്ദേശം നൽകാം.

[12] 2018 ഒക്ടോബർ 26ലെ വിജ്ഞാപനം നമ്പർ 58/2018-കേന്ദ്ര നികുതി.

2.4.7 കേന്ദ്രീകൃത ഓഡിറ്റ് (ഭാഗം II)

ജിഎസ്ടിഎൻ ലഭ്യമാക്കിയ 2018-21ലെ ജിഎസ്ടി റിട്ടേൺ ഡാറ്റ ഓഡിറ്റ് വിശകലനം ചെയ്തു. നിയമാധിഷ്ഠിത വ്യതിയാനങ്ങളും നികുതിദായകർ സമർപ്പിച്ച ജിഎസ്ടി റിട്ടേണുകൾ തമ്മിലുള്ള യുക്തിപരമായ പൊരുത്തക്കേടുകളും 16 പാരാമീറ്ററുകളിൽ തിരിച്ചറിഞ്ഞു, അവയെ വിശാലമായി രണ്ട് ഡൊമെയ്നുകളായി തരംതിരിക്കാം - ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ഐടിസി), നികുതി പേയ്മെന്റുകൾ.

ജിഎസ്ടി റിട്ടേണുകൾ/ ഡാറ്റകൾ തമ്മിലുള്ള വ്യതിയാനങ്ങൾ, പൊരുത്തക്കേടുകൾ എന്നിവ തിരിച്ചറിയുന്നതിനായി 15 നിർദ്ദിഷ്ട ജിഎസ്ടി റിട്ടേണുകളിൽ[13] സാധാരണ നികുതിദായകർക്ക് ബാധകമായ ഇനിപ്പറയുന്ന അടിസ്ഥാന റിട്ടേണുകൾ പരിഗണിച്ചു:

- ജിഎസ്ടിആർ-1: ചരക്കുകളുടെയും സേവനങ്ങളുടെയും ഔട്ട്‌വേർഡ് സപ്ലൈ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന, ചരക്കുകളുടെയും സേവനങ്ങളുടെയും അല്ലെങ്കിൽ രണ്ടിന്റെയും ഔട്ട്‌വേർഡ് സപ്ലൈകൾ നടത്തുന്ന സാധാരണ നികുതിദായകരും താൽകാലികമായി രജിസ്റ്റർ ചെയ്ത നികുതിദായകരും നൽകുന്ന പ്രതിമാസ റിട്ടേൺ.

- ജിഎസ്ടിആർ-3ബി: നിയമത്തിന്റെ വകുപ്പ് 39(1) പ്രകാരം വ്യക്തമാക്കിയിട്ടുള്ളവർ ഒഴികെ എല്ലാ നികുതിദായകരും ഫയൽ ചെയ്യേണ്ട, നികുതിദായകന്റെ നികുതി അടയ്ക്കുന്നതിനൊപ്പം ഔട്ട്‌വേർഡ് സപ്ലൈകളുടെയും ക്ലെയിം ചെയ്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും പ്രതിമാസ സംഗ്രഹ റിട്ടേൺ. ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജറിലെ ക്രെഡിറ്റുകളും ഡെബിറ്റുകളും ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിലെ ഡെബിറ്റുകളും വരുന്നത് ഈ റിട്ടേണിൽ നിന്നാണ്.

- ജിഎസ്ടിആർ-6: ഇൻപുട്ട് സേവന വിതരണക്കാർക്കുള്ള (ഐഎസ്ഡി) പ്രതിമാസ റിട്ടേൺ, അവരുടെ വിതരണം ചെയ്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ഇൻവേർഡ് സപ്ലൈകളുടെയും വിശദാംശങ്ങൾ നൽകുന്നു.

- ജിഎസ്ടിആർ-8: ജിഎസ്ടിക്കു കീഴിൽ ടിസിഎസ് (ഉറവിടത്തിൽ നിന്ന് ശേഖരിച്ച നികുതി) കുറയ്ക്കേണ്ട ഇ-കൊമേഴ്സ് ഓപ്പറേറ്റർമാർ സമർപ്പിക്കേണ്ട 2018 ഒക്ടോബറിൽ അവതരിപ്പിച്ച പ്രതിമാസ റിട്ടേൺ.

- ജിഎസ്ടിആർ-9: ഇൻപുട്ട് സർവീസ് ഡിസ്ട്രിബ്യൂട്ടർ (ഐഎസ്ഡി), ഉറവിടത്തിലെ നികുതി കിഴിവ്/ ഉറവിടത്തിൽ നിന്ന് നികുതി ശേഖരിക്കുന്നവർ, താത്കാലിക നികുതിദായകർ, നോൺ റസിഡന്റ് നികുതിദായകൻ എന്നിവർ ഒഴികെയുള്ള എല്ലാ രജിസ്റ്റർ ചെയ്ത വ്യക്തികളും ഫയൽ ചെയ്യേണ്ട വാർഷിക റിട്ടേൺ. ഇതിൽ വർഷം മുഴുവനും വിവിധ നികുതി ശീർഷകങ്ങളിൽ (സിജിഎസ്ടി, എസ്ജിഎസ്ടി, ഐജിഎസ്ടി) കൊടുത്തതും സ്വീകരിച്ചതുമായ എല്ലാ സപ്ലൈകളുടെയും വിശദാംശങ്ങളും കൂടാതെ അതിനുള്ള വിറ്റുവരവും ഓഡിറ്റ് വിശദാംശങ്ങളും അടങ്ങിയിരിക്കുന്നു.

- ജിഎസ്ടിആർ-9സി: ഒരു പ്രത്യേക സാമ്പത്തിക വർഷത്തിൽ അഞ്ച് കോടി രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള എല്ലാ നികുതിദായകരുടെയും വാർഷിക ഓഡിറ്റ് ഫോം.

[13] ജിഎസ്ടിആർ-1, ജിഎസ്ടിആർ-3ബി, ജിഎസ്ടിആർ-4 (കോമ്പോസിഷൻ സ്കീമിന് കീഴിലുള്ള നികുതിദായകർ), ജിഎസ്ടിആർ-5 (നോൺ റസിഡന്റ് നികുതി വിധേയരായ വ്യക്തികൾ), ജിഎസ്ടിആർ-2എ (ബി2ബി ഇൻവേർഡ് സപ്ലൈകളുടെ തനിയെ സൃഷ്ടിച്ച സ്റ്റേറ്റ്മെൻറ്), ജിഎസ്ടിആർ-5എ (നോൺ റസിഡന്റ് ഒഐഡിഎആർ സേവനദാതാക്കൾ), ജിഎസ്ടിആർ-6 (ഇൻപുട്ട് സേവന വിതരണക്കാർ), ജിഎസ്ടിആർ-7 (ടിഡിഎസ് കിഴിവ് ചെയ്യുന്ന നികുതിദായകർ), ജിഎസ്ടിആർ-8 (ഇ-കൊമേഴ്സ് ഓപ്പറേറ്റർ), ജിഎസ്ടിആർ-9 (വാർഷിക റിട്ടേൺ), ജിഎസ്ടിആർ-9സി (വാർഷിക റിട്ടേണും സാമ്പത്തിക പ്രസ്താവനകളും തമ്മിലുള്ള അനുരഞ്ജന പ്രസ്താവന), ജിഎസ്ടിആർ-10 (അന്തിമ റിട്ടേൺ), ജിഎസ്ടിആർ-11 (യുഐഎൻ ഉള്ള റീഫണ്ട് ക്ലെയിം ചെയ്യുന്ന വ്യക്തി), സിഎംപി-08, ഐടിസി-04 (ഒരു ജോബ് വർക്കർക്ക് അയച്ച/ സ്വീകരിച്ച സാധനങ്ങളുടെ വിശദാംശങ്ങളെക്കുറിച്ച് ഒരു പ്രിൻസിപ്പൽ/ ജോബ് വർക്കർ ഫയൽ ചെയ്യേണ്ട പ്രസ്താവന).

ഇത് അടിസ്ഥാനപരമായി ജിഎസ്ടിആർ-9ൽ സമർപ്പിച്ച വാർഷിക റിട്ടേണുകളും നികുതിദായകന്റെ ഓഡിറ്റ് ചെയ്ത വാർഷിക സാമ്പത്തിക പ്രസ്താവനകളും തമ്മിലുള്ള ഒരു അനുരഞ്ജന പ്രസ്താവനയാണ്.

- ജിഎസ്ടിആർ-2എ: ഒരു സ്വീകർത്താവിന് വേണ്ടിയുള്ള ഇൻവേർഡ് സപ്ലൈകളുടെ സിസ്റ്റം ജനറേറ്റ് ചെയ്യുന്ന സ്റ്റേറ്റ്മെന്റ്. വിതരണക്കാരുടെ ഫോം ജിഎസ്ടിആർ-1/5ൽ നിന്നുള്ള എല്ലാ ബി2ബി ഇടപാടുകളുടെ വിശദാംശങ്ങളും, ജിഎസ്ടിആർ-6ൽ നിന്നുള്ള ഐഎസ്ഡി വിശദാംശങ്ങളും യഥാക്രമം ജിഎസ്ടിആർ-7, ജിഎസ്ടിആർ-8 എന്നിവയിൽ നിന്നുള്ള എതിർ പാർട്ടി മുഖേനയുള്ള വിശദാംശങ്ങളും ഇന്ത്യൻ കസ്റ്റംസിന്റെ ഐസ്ഗേറ്റ് പോർട്ടലിൽ നിന്ന് ലഭിച്ച ബിൽ ഓഫ് എൻട്രിയിൽ വിദേശത്ത് നിന്ന് സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതും ഇതിൽ അടങ്ങിയിരിക്കുന്നു.

2.4.7.1 ഡാറ്റ വിശകലനത്തെ അടിസ്ഥാനമാക്കിയുള്ള ഓഡിറ്റ് കണ്ടെത്തലുകൾ

തിരിച്ചറിഞ്ഞ 16 പാരാമീറ്ററുകളിലെ സംസ്ഥാന അധികാരപരിധിയുമായി ബന്ധപ്പെട്ട ഡാറ്റ വിശകലനത്തിന്റെ വിശദാംശങ്ങളും നിരീക്ഷിച്ച വ്യതിയാനങ്ങളുടെ/ പൊരുത്ത ക്കേടുകളുടെ വ്യാപ്തിയും **പട്ടിക - 2.2**ൽ സംഗ്രഹിച്ചിരിക്കുന്നു.

പട്ടിക - 2.2 : സംസ്ഥാനമൊട്ടാകെയുള്ള ഡാറ്റ വിശകലനത്തിന്റെ സംഗ്രഹം

ക്രമ നമ്പർ	പാരാമീറ്റർ	അൽഗോരിതം ഉപയോഗിച്ചത്	വ്യതിയാനങ്ങളുടെ എണ്ണം	തുക (₹ കോടിയിൽ)
ഡൊമെയ്ൻ: ഐടിസി				
1	ഐടിസിയുടെ അധിക ഉപയോഗം [ഡി1]	ജിഎസ്ടിആർ-2എ പ്രകാരം ലഭ്യമായ ഐടിസി, അതിന്റെ എല്ലാ ഭേദഗതികളോടും കൂടി, ജിഎസ്ടിആർ-3ബിയിലെ പട്ടിക 4എ(5)ൽ (ആഭ്യന്തര സപ്ലൈകളിൽ നിന്നുള്ളത്) ലഭ്യമായ ഐടിസിയുമായി, പട്ടിക 4ബി(2)ലെ റിവേഴ്സൽ ഒഴികെ, എന്നാൽ തുടർന്നുള്ള വർഷത്തിലെ ജിഎസ്ടിആർ-9ന്റെ പട്ടിക 8സിയിൽ നിന്ന് ലഭ്യമായ ഐടിസി ഉൾപ്പെടെ, താരതമ്യം ചെയ്തു.	77	529.06
2	വിതരണക്കാരൻ നികുതി അടക്കാതെ ഐടിസി കൈമാറി [ഡി2]	നികുതിനിർണ്ണയ വർഷത്തിൽ ജിഎസ്ടിആർ-9ന്റെ പട്ടിക 8എ പ്രകാരം ലഭ്യമായ ഐടിസിയെ ജിഎസ്ടിആർ-2എയിൽ ലഭ്യമായ ഐടിസിയുമായി താരതമ്യം ചെയ്തു. ജിഎസ്ടിആർ-9ന്റെ പട്ടിക 8എ, അടുത്ത സാമ്പത്തിക വർഷം ഒക്ടോബർ 31ന് ലഭ്യമായ ജിഎസ്ടിആർ-2എയിൽ നിന്ന് സ്വയമേവ വരുന്നതാണ് (തിരുത്താവുന്നതല്ല).	50	186.36
3	കാലാവധിക്കു ശേഷം ഫയൽ ചെയ്ത ജിഎസ്ടിആർ-3ബിയിൽ ഐടിസി ലഭിച്ചു [ഡി3]	അടുത്ത വർഷത്തെ സെപ്റ്റംബർ ജിഎസ്ടിആർ-3ബി റിട്ടേണിന്റെ നിശ്ചിത തീയതികൾക്കു ശേഷം നികുതിദായകർ ഫയൽ ചെയ്ത 2018-19, 2019-20, 2020-21 വർഷങ്ങളുമായി ബന്ധപ്പെട്ട ജിഎസ്ടിആർ-3ബിയുടെ പട്ടിക 4ലൂടെ ഉപയോഗ പ്പെടുത്തിയ ഐടിസി.	50	69.44
4	ഐഎസ്ഡി മെക്കാനിസത്തിനു കീഴിൽ അധിക ഐടിസി ലഭിച്ചത് [ഡി4]	ജിഎസ്ടിആർ-9 പട്ടിക 6ജി അല്ലെങ്കിൽ ജിഎസ്ടിആർ-3ബി പട്ടിക 4എ(4)ൽ കൈമാറിയ ഐഎസ്ഡി, സ്വീകർത്താക്കളുടെ ജിഎസ്ടിഐഎ എന്നുകളിലെ ജിഎസ്ടിആർ-6ന്റെ പട്ടിക 5എ, പട്ടിക 8എ, പട്ടിക 9എ എന്നിവയുടെ ആകെത്തുകയുമായി താരതമ്യം ചെയ്തു.	21	26.20
5	റിവേഴ്സ് ചാർജ് മെക്കാനിസത്തിനു (ആർസിഎം) കീഴിലുള്ള നികുതിയുടെ	ജിഎസ്ടിആർ-9 പട്ടിക 4ജിയിലെ (അടയ്ക്കേണ്ട നികുതി) ആർസിഎം പേയ്മെന്റുകൾ ജിഎസ്ടിആർ-9 പട്ടിക 6സി, 6ഡി, 6എഫ് (ലഭ്യമായ ഐടിസി) എന്നിവയിൽ ലഭ്യമായ ഐടിസിയുമായി താരതമ്യം ചെയ്തു.	49	88.47

ക്രമ നമ്പർ	പാരാമീറ്റർ	അൽഗോരിതം ഉപയോഗിച്ചത്	വ്യതിയാനങ്ങളുടെ എണ്ണം	തുക (₹ കോടിയിൽ)
	കുറഞ്ഞ ഒടുക്കൽ [ഡി5]	ജിഎസ്ടിആർ-9 ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ ജിഎസ്ടിആർ-3ബിയുടെ പട്ടിക 3.1(ഡി) പ്രകാരമുള്ള ആർസിഎം പേയ്മെന്റുകൾ അതിലെ പട്ടിക 4എ(2), 4എ(3) എന്നിവയുമായി താരതമ്യം ചെയ്തു. ജിഎസ്ടിആർ-9ഉം 3ബിയും ലഭ്യമായ സന്ദർഭങ്ങളിൽ കൂടുതൽ വ്യത്യാസമുള്ളത് പരിഗണിച്ചു.		
6	വാർഷിക റിട്ടേണുകളും സാമ്പത്തിക പ്രസ്താവനകളും തമ്മിൽ ലഭ്യമായ ഐടിസിയിലെ പൊരുത്തക്കേട് (ജിഎസ്ടിആർ-9സി പട്ടിക 12എഫ്) [ഡി6]	ജിഎസ്ടിആർ-9സി പട്ടിക 12എഫിലെ പോസിറ്റീവ് കണക്കും പട്ടിക 13ൽ നൽകിയിരിക്കുന്ന പൊരുത്തക്കേടിനുള്ള കാരണങ്ങളുടെ പരിശോധനയും.	17	10.38
7	വാർഷിക റിട്ടേണുകളിൽ ലഭ്യമായ ഐടിസിയും സാമ്പത്തിക പ്രസ്താവനകളിലെ ചെലവുകളും തമ്മിലുള്ള പൊരുത്തപ്പെടൽ (ജിഎസ്ടിആർ-9സി പട്ടിക 14ടി) [ഡി7]	ജിഎസ്ടിആർ-9സി പട്ടിക 14ടിയിലെ പോസിറ്റീവ് കണക്കും പട്ടിക 15ൽ നൽകിയിരിക്കുന്ന പൊരുത്തക്കേടിനുള്ള കാരണങ്ങളുടെ പരിശോധനയും.	18	61.07
ഡൊമെയ്ൻ: നികുതി ബാധ്യത				
8	തീർപ്പാക്കാത്ത നികുതി ബാധ്യത [ഡി9]	ജിഎസ്ടിആർ-1 (പട്ടികകൾ 4 മുതൽ 11 വരെ), ജിഎസ്ടിആർ-9 (പട്ടികകൾ 4എൻ, 10, 11) എന്നിവയിൽ നികുതി ബാധ്യത കൂടുതലുള്ളത് ജിഎസ്ടിആർ-3ബി പട്ടികകൾ 3.1(എ), 3.1(ബി) എന്നിവയിലെ നികുതി അടച്ച വിശദാംശങ്ങളുമായി താരതമ്യം ചെയ്തു. ജിഎസ്ടിആർ-9 ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ ജിഎസ്ടിആർ-3ബിയിൽ നികുതി അടച്ചത് ജിഎസ്ടിആർ-1 ബാധ്യതയുമായി താരതമ്യം ചെയ്തു. ജിഎസ്ടിആർ-1, 9 എന്നിവയിൽ പ്രഖ്യാപിച്ച ഭേദഗതികളും അഡ്വാൻസുകളുടെ ക്രമപ്പെടുത്തലുകളും യഥാവിധി പരിഗണിച്ചു.	94	643.29
9	ഇ-വേ ബില്ലുകളുമായി താരതമ്യപ്പെടുത്തുമ്പോൾ നികുതി ബാധകമായ മൂല്യത്തിലെ മറച്ചുവയ്ക്കൽ [ഡി10]	2018-19 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ ജിഎസ്ടിആർ-3ബിയിൽ കാണിച്ച നികുതി ബാധ്യതയുമായി ബന്ധപ്പെട്ട പ്രസക്തമായ ഡാറ്റ ഇ-വേ ബില്ലിലെ വെളിപ്പെടുത്തലുകളുമായി താരതമ്യം ചെയ്തു.	73	0#
10	ബുക്ക്സ് ഓഫ് അക്കൗണ്ട്സും വാർഷിക റിട്ടേണുകളും തമ്മിൽ അടച്ച നികുതിയിലെ പൊരുത്തക്കേട് (ജിഎസ്ടിആർ-9സി പട്ടിക 9ആർ) [ഡി11]	ജിഎസ്ടിആർ-9സി പട്ടിക 9ആറിലെ നെഗറ്റീവ് കണക്കും പട്ടിക 10ൽ നൽകിയിരിക്കുന്ന പൊരുത്തക്കേടിനുള്ള കാരണങ്ങളുടെ പരിശോധനയും.	16	24.05
11	ടിഡിഎസ്/ ടിസിഎസ് ഡിക്ലറേഷനിലൂടെ	ജിഎസ്ടിആർ-3ബിയിലെ നികുതി ബാധകമായ സപ്ലൈകളുടെ (പൂജ്യം നിരക്കുള്ളതും നിരക്കില്ലാത്തതും ഒഴിവാക്കിയതും ഒഴികെയുള്ളവ) നികുതി	21	0#

ക്രമ നമ്പർ	പാരാമീറ്റർ	അൽഗോരിതം ഉപയോഗിച്ചത്	വ്യതിയാനങ്ങളുടെ എണ്ണം	തുക (₹ കോടിയിൽ)
	തിരിച്ചറിഞ്ഞ നികുതി ബാധകമായ മൂല്യത്തിലെ മറച്ചുവയ്ക്കൽ [ഡി12]	ചുമത്താവുന്ന മൂല്യം ജിഎസ്ടിആർ-2എയുടെ പട്ടിക 9ൽ സ്വയമേവ പോപ്പുലേറ്റ് ചെയ്തിരിക്കുന്ന ടിഡിഎസ്/ ടിസിഎസ് ക്രെഡിറ്റിനു ബാധ്യതയുള്ള അറ്റ തുകയേക്കാൾ കുറവാണ്.		
12	ജിഎസ്ടിആർ-9സിയുടെ പട്ടിക 5ൽ കാണിച്ചിരിക്കുന്ന ബിൽ ചെയ്യാത്ത വരുമാനത്തിലെ പൊരുത്തക്കേടിലൂടെ തിരിച്ചറിഞ്ഞ നികുതി ബാധകമായ മൂല്യത്തിലെ മറച്ചുവയ്ക്കൽ [ഡി13]	സാമ്പത്തിക പ്രസ്താവനകൾക്കൊപ്പം വാർഷിക റിട്ടേണിൽ പ്രഖ്യാപിച്ച വിറ്റുവരവിലെ പൊരുത്തക്കേട് തിരിച്ചറിഞ്ഞതിന്റെ വ്യാപ്തി അവലോകനം ചെയ്യുന്നതിനായി, ജിഎസ്ടിആർ-9സി പട്ടിക 5ബി കണക്കുകൾ - സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിലെ ബിൽ ചെയ്യാത്ത വരുമാനം, മുൻ ജിഎസ്ടിആർ-9സി റിട്ടേണുകളുടെ പട്ടിക 5എച്ച് - ആ വർഷാവസാനത്തെ ബിൽ ചെയ്യാത്ത വരുമാനവുമായി താരതമ്യം ചെയ്തു.	17	0#
13	വാർഷിക റിട്ടേണും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളും തമ്മിലുള്ള നികുതി ബാധകമായ വിറ്റുവരവിലെ പൊരുത്തക്കേട് (ജിഎസ്ടിആർ-9സി പട്ടിക 7ജി) [ഡി14]	ജിഎസ്ടിആർ-9സി പട്ടിക 7ജിയിലെ നെഗറ്റീവ് കണക്കും പട്ടിക 8ൽ നൽകിയിരിക്കുന്ന പൊരുത്തക്കേടിനുള്ള കാരണങ്ങളുടെ പരിശോധനയും.	18	0#
ഡൊമെയ്ൻ: രജിസ്ട്രേഷൻ				
14	കോമ്പോസിഷൻ ലെവിക്ക് കീഴിലുള്ള ഇ-കൊമേഴ്സ് ഗുണഭോക്താക്കൾ [ഡി17]	ജിഎസ്ടിആർ-8ൽ പരാമർശിച്ചിരിക്കുന്ന സ്വീകർത്താക്കൾ സിഎംപി-08 ഫയൽ ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ ഇ-കൊമേഴ്സ് ഓപ്പറേറ്റർമാർ സമർപ്പിച്ച ജിഎസ്ടിആർ-8നെയും കോമ്പോസിഷൻ നികുതിദായകർ സമർപ്പിച്ച സിഎംപി-08നെയും സംബന്ധിച്ച ഡാറ്റാസെറ്റുകൾ താരതമ്യം ചെയ്തു. നികുതിദായകനെ സംബന്ധിച്ച ജിഎസ്ടിആർ-8 റിട്ടേണുകളിൽ ഇ-കോമേഴ്സ് ദാതാവ് പ്രഖ്യാപിച്ചിട്ടുള്ള വിറ്റുവരവ്, നികുതിദായകർ അവരുടെ സിഎംപി-08ൽ പ്രഖ്യാപിച്ച വിറ്റുവരവിനേക്കാൾ കൂടുതലാണോ എന്ന് പരിശോധിച്ചു.	5	0#
ഡൊമെയ്ൻ: റിട്ടേണുകൾ ഫയൽ ചെയ്യാത്തത്				
15	ജിഎസ്ടിആർ-3ബി ഫയൽ ചെയ്യാത്തതും എന്നാൽ ജിഎസ്ടിആർ-1 ലഭ്യമായതുമായവ [ഡി20]	ജിഎസ്ടിആർ-3ബി ഫയൽ ചെയ്തിട്ടില്ലെങ്കിലും ജിഎസ്ടിആർ-1 ഫയൽ ചെയ്ത നികുതിദായകർ, നികുതി നൽകാതെ തന്നെ ബിസിനസ്സ് നടത്തുന്നതിനെ സൂചിപ്പിക്കുന്നു.	52	55.85
ഡൊമെയ്ൻ: പലിശ അടയ്ക്കാത്തത്				
16	നികുതി അടയ്ക്കാൻ വൈകുമ്പോഴുള്ള പലിശയുടെ കുറഞ്ഞ ഒടുക്കൽ [ഡി21]	ജിഎസ്ടിആർ-3ബി ഫയൽ ചെയ്യുന്നതിന് കാലതാമസം വരുത്തുമ്പോൾ ഒടുക്കേണ്ട നികുതിയുടെ ക്യാഷ് ഭാഗത്തിന് ജിഎസ്ടിആർ-3ബിയിൽ പ്രസ്താവിച്ചിട്ടുള്ള പലിശയ്ക്ക് അനുസൃതമായി 18 ശതമാനം നിരക്കിൽ പലിശ കണക്കാക്കുന്നു.	125	29.25

സ്രോതസ്സ്: ജിഎസ്ടിഎന്നിലെ ഡാറ്റയുടെ സമഗ്രമായ വിശകലനം.

വിറ്റുവരവിന്റെ പൊരുത്തക്കേടുമായി ബന്ധപ്പെട്ടതായതിനാൽ തുക പൂജ്യമായി കാണിച്ചിരിക്കുന്നു.

2.4.7.2 ഓഡിറ്റിനുള്ള പ്രതികരണം

16 പരാമീറ്ററുകളിൽ ഓരോന്നിലും ഉയർന്ന വ്യതിയാനങ്ങൾ/ പൊരുത്തക്കേടുകൾ ഉള്ള 703 സാമ്പിൾ കേസുകൾ 2018-21 വർഷത്തേക്ക് ഓഡിറ്റ് തിരഞ്ഞെടുത്തു. നികുതിദായകന്റെ രേഖകളുടെ കൂടുതൽ സൂക്ഷ്മപരിശോധന കൂടാതെ ഓഡിറ്റ് ചോദ്യങ്ങൾ ബന്ധപ്പെട്ട ടിപിഎസ്സികൾക്ക് നൽകി (2023 ജൂണിനും സെപ്റ്റംബറിനും ഇടയിൽ). ഈ കേസുകളിലെ ഓഡിറ്റ് പരിശോധന, തിരിച്ചറിഞ്ഞ വ്യതിയാനങ്ങൾ/ പൊരുത്തക്കേടുകൾ എന്നിവയിൽ വകുപ്പ് സ്വീകരിച്ച നടപടികൾ പരിശോധിക്കുന്നതിലേക്ക് പരിമിതപ്പെടുത്തിയിരിക്കുന്നു.

വകുപ്പിനെ അറിയിച്ച 329 പൊരുത്തക്കേടുകൾക്ക് (46.80 ശതമാനം) 2024 സെപ്റ്റംബർ വരെ പ്രാരംഭ മറുപടികൾ ലഭിച്ചിട്ടില്ല. ഇത് **അനുബന്ധം-III**ൽ വിശദമാക്കിയിട്ടുള്ള 260[14] കേസുകളിലെ ₹600.28 കോടിയുടെ വ്യതിയാനങ്ങൾ പ്രതിനിധീകരിക്കുന്നു.

ശുപാർശ 4:

ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുള്ള ഇതുവരെ മറുപടി നൽകിയിട്ടില്ലാത്ത 329 പൊരുത്തക്കേടുകളും വ്യതിയാനങ്ങളും വകുപ്പ് അടിയന്തിരമായി പരിശോധിക്കുകയും ഫലങ്ങൾ ഓഡിറ്റിനെ അറിയിക്കുകയും ചെയ്യാവുന്നതാണ്.

2.4.7.3 കേന്ദ്രീകൃത ഓഡിറ്റിന്റെ ഫലങ്ങൾ

ഓഡിറ്റ് ചോദ്യങ്ങൾക്ക് വകുപ്പിൽ നിന്ന് ലഭിച്ച പ്രതികരണങ്ങളെ അടിസ്ഥാനമാക്കി, 16 പാരാമീറ്ററുകളിൽ ഓരോന്നും അനുവർത്തന വ്യതിയാനങ്ങളിലേക്ക് എത്രത്തോളം പരിവർത്തനം ചെയ്തിട്ടുണ്ട് എന്നത് **അനുബന്ധം-IV**ൽ സംഗ്രഹിച്ചിരിക്കുന്നു.

വകുപ്പ് മറുപടി നൽകിയ, ഡാറ്റയിലെ വ്യതിയാനങ്ങൾ/ പൊരുത്തക്കേടുകൾ ഉള്ള, 374ന്റെ 72 ശതമാനം വരുന്ന 271 കേസുകളിൽ നിയമത്തിലെ വ്യവസ്ഥകളിൽ നിന്നുള്ള വ്യതിയാനങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അതിൽ 229 കേസുകളിൽ ₹683.50 കോടിയുടെ കുറഞ്ഞ നികുതി ഒടുക്കിയതും 42 കേസുകളിൽ വിറ്റുവരവിലെ പൊരുത്തക്കേടുകളും ഉൾപ്പെടുന്നു. പലിശയുടെ കുറഞ്ഞ ഒടുക്കൽ/ ഒടുക്കാതിരിക്കൽ, തീർപ്പാക്കാത്ത ബാധ്യത, അധിക ഐടിസി എടുത്തത് എന്നിവ പോലുള്ള റിസ്ക് പാരാമീറ്ററുകളിൽ താരതമ്യേന ഉയർന്ന നിരക്കിലുള്ള വ്യതിയാനങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

വകുപ്പിന്റെ മറുപടി ഓഡിറ്റിന് സ്വീകാര്യമായിരുന്ന 26 ശതമാനം വരുന്ന 99 കേസുകളിൽ, നികുതിദായകരുടെ ഡാറ്റാ എൻട്രി പിശകുകളുള്ള 41 കേസുകൾ ഉൾപ്പെടുന്നു, 27 കേസുകളിൽ വകുപ്പ് മുൻപേതന്നെ നടപടിയെടുക്കുകയും 31 കേസുകളിൽ സാധുവായ വിശദീകരണങ്ങളുമുണ്ട് (**അനുബന്ധം-V**).

ഒരു ശതമാനം വരുന്ന നാല് കേസുകളിൽ, ഓഡിറ്റ് ചൂണ്ടിക്കാണിച്ച വ്യതിയാനങ്ങൾ വകുപ്പ് അംഗീകരിച്ചില്ലെങ്കിലും, അവ തെളിവുകളാൽ സമർത്ഥിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഓഡിറ്റിന് പരിശോധിക്കാൻ സാധ്യമല്ല.

2.4.7.4 ഓഡിറ്റ് നിരീക്ഷണങ്ങൾ വകുപ്പ് അംഗീകരിച്ച കേസുകൾ

അനുബന്ധം-Vലെ 374 വ്യതിയാനങ്ങളിൽ, 252 കേസുകളിൽ ഓഡിറ്റ് നിരീക്ഷണങ്ങൾ വകുപ്പ് അംഗീകരിക്കുകയോ പരിശോധന ആരംഭിക്കുകയോ ചെയ്തിട്ടുണ്ട്. ₹589.17 കോടി നികുതി വരുന്ന 213 കേസുകളും ₹1,989.93 കോടി വിറ്റുവരവ് വ്യത്യാസമുള്ള 39 കേസുകളും ഇതിൽ ഉൾപ്പെടുന്നു.

[14] 329 കേസുകളിൽ 69 എണ്ണം വിറ്റുവരവ് പൊരുത്തപ്പെടാത്ത കേസുകളാണ്.

ഓരോ ഡൈമെൻഷനിലുമുള്ള ഒരു കേസ് ദൃഷ്ടാന്തമായി ചുവടെ നൽകിയിരിക്കുന്നു:

(i) ഐടിസി അധികമായി ലഭ്യമായത് (ഡൈമൻഷൻ 1)

ജിഎസ്ടി പോർട്ടൽ ഓരോ ബിസിനസ്സിനും സ്വയമേവ ജനറേറ്റുചെയ്യുന്ന ഇൻവേർഡ് സപ്ലൈയുടെ ഒരു ഡൈനാമിക് നികുതി റിട്ടേണാണ് ജിഎസ്ടിആർ-2എ. അതേസമയം ജിഎസ്ടിആർ-3ബി, ഔട്ട്‌വേർഡ് വിതരണങ്ങളുടെ സംഗ്രഹവും ഐടിസിയുടെയും നികുതി അടയ്ക്കുന്നതിന്റെയും വിവരങ്ങളുള്ള നികുതിദായകൻ സ്വയം നൽകുന്ന പ്രതിമാസ റിട്ടേണാണ്.

ഐടിസിയുടെ കൃത്യത വിശകലനം ചെയ്യുന്നതിന്, 2019-20 വർഷത്തേക്കുള്ള ജിഎസ്ടിആർ-3ബി, ജിഎസ്ടിആർ-2എ എന്നിവയിൽ നിന്ന് പ്രസക്തമായ ഡാറ്റ തിരഞ്ഞെടുത്ത് വിതരണക്കാർ നൽകിയ വിശദാംശങ്ങൾ അനുസരിച്ച് ഒടുക്കിയ നികുതിയെ നികുതിദായകന് ലഭിച്ച ഐടിസിയുമായി പൊരുത്തപ്പെടുത്തി.

ടിപിഎസ്‌സി, വൈറ്റില്ലയ്ക്ക് കീഴിലുള്ള ഒരു നികുതിദായകന്റെ കാര്യത്തിൽ, 2019-20 നികുതിനിർണ്ണയ വർഷത്തേക്ക് ജിഎസ്ടിആർ-2എ പ്രകാരം ലഭ്യമായ ഐടിസി ₹318.53 കോടിയും ജിഎസ്ടിആർ-3ബിയുടെ പട്ടിക 4എ(5)[15] പ്രകാരം ₹360.73[16] കോടിയും ആണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് ₹42.20 കോടിയുടെ ഐടിസിയുടെ പൊരുത്തക്കേടിന് കാരണമായത് വകുപ്പിനെ അറിയിച്ചു (2023 ജൂലൈ). മറുപടിയായി, നികുതിദായകന് എഎസ്എംടി-10 നൽകിയതായി വകുപ്പ് അറിയിച്ചു (2023 ഒക്ടോബർ).

ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി (2024 ഓഗസ്റ്റ്). മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

(ii) വിതരണക്കാരൻ നികുതി അടക്കാതെ കൈമാറിയ ഐടിസി (ഡൈമൻഷൻ 2)

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 16(2), വിതരണക്കാരൻ ഒരു സപ്ലൈയുടെ ഇൻവോയ്സ് വിശദാംശങ്ങൾ അപ്‌ലോഡ് ചെയ്യുകയും അത്തരം വിതരണത്തിന് ഈടാക്കുന്ന നികുതി യഥാർത്ഥത്തിൽ സർക്കാരിൽ ഒടുക്കുകയും ചെയ്താൽ ആ സപ്ലൈയിൽ ഐടിസി എടുക്കാൻ നികുതിദായകന് അർഹതയുണ്ടെന്ന് വ്യവസ്ഥ ചെയ്യുന്നു. വിതരണക്കാർ അവരുടെ ജിഎസ്ടിആർ-1ൽ നടത്തിയ വെളിപ്പെടുത്തലുകളെ അടിസ്ഥാനമാക്കിയാണ് ജിഎസ്ടിആർ-2എ സൃഷ്ടിക്കുന്നത്. ജിഎസ്ടിആർ-9ന്റെ പട്ടിക 8എ, അടുത്ത സാമ്പത്തിക വർഷം ഒക്ടോബർ 31ന് ലഭ്യമായ ജിഎസ്ടിആർ-2എയിൽ നിന്ന് സ്വയമേവ സൃഷ്ടിക്കപ്പെടുന്നതാണ് (തിരുത്താവുന്നതല്ല).

ടിപിഎസ്‌സി, വൈറ്റില്ലയ്ക്ക് കീഴിലുള്ള ഒരു നികുതിദായകന്റെ കാര്യത്തിൽ, ജിഎസ്ടിആർ-9ന്റെ പട്ടിക 8എ പ്രകാരം 2019-20ലെ നികുതിനിർണ്ണയ വർഷത്തേക്ക് ലഭ്യമായ ഐടിസി ₹311.19 കോടിയും ജിഎസ്ടിആർ-2എയിൽ ലഭ്യമായ ഐടിസി ₹331.10 കോടിയും ആണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് ₹19.91 കോടിയുടെ ഐടിസിയുടെ പൊരുത്തക്കേടിനു കാരണമായത് വകുപ്പിനെ അറിയിച്ചു (2023 ജൂലൈ). മറുപടിയായി, നികുതിദായകന് എഎസ്എംടി-10 നൽകിയതായി വകുപ്പ് അറിയിച്ചു (2023 ഒക്ടോബർ).

ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി (2024 ഓഗസ്റ്റ്). മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

[15] യോഗ്യതയുള്ള മറ്റുള്ള ഐടിസി.

[16] ജിഎസ്ടിആർ-9ന്റെ പട്ടിക 8സി പ്രകാരം തുടർന്നുള്ള വർഷമായ 2020-21ൽ ലഭിച്ച ഐടിസിയായ ₹36.54 കോടി ഉൾപ്പെടെ.

(iii) കാലാവധിക്കു ശേഷം ഫയൽ ചെയ്ത ജിഎസ്ടിആർ-3ബിയിൽ ഐടിസി ലഭ്യമായി (ഡൈമൻഷൻ 3)

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 16(4), ഏതെങ്കിലും ഇൻവോയ്സിലുള്ള ഐടിസി, ബന്ധപ്പെട്ട സാമ്പത്തിക വർഷാവസാനത്തെ തുടർന്നുള്ള സെപ്റ്റംബർ മാസത്തെ ജിഎസ്ടിആർ-3ബി സമർപ്പിക്കുന്ന തീയതി വരെയോ ബന്ധപ്പെട്ട വാർഷിക റിട്ടേൺ സമർപ്പിക്കുന്ന ചെയ്യുന്ന തീയതി വരെയോ, ഏതാണോ ആദ്യം, മാത്രമേ ലഭിക്കൂ എന്ന് വ്യവസ്ഥ ചെയ്യുന്നു. അതനുസരിച്ച്, അത്തരം സമയത്തിന് ശേഷം ഏതെങ്കിലും ജിഎസ്ടിആർ-3ബി സമർപ്പിച്ചാൽ, അതിൽ ലഭ്യമായ ഐടിസി അനുവദനീയമല്ലാതാവും. ഈ വിധത്തിൽ ലഭിച്ച അധിക/ ക്രമരഹിതമായ ഐടിസി അവലോകനം ചെയ്യുന്നതിനായി, സെപ്റ്റംബർ ജിഎസ്ടിആർ-3ബിയുടെ നിശ്ചിത തീയതികൾക്കപ്പുറം നികുതിദായകൻ ഫയൽ ചെയ്ത 2018-19, 2019-20, 2020-21 വർഷങ്ങളിലെ ജിഎസ്ടിആർ-3ബിയുടെ പട്ടിക-4ലൂടെ പ്രയോജനപ്പെടുത്തിയ ഐടിസിയെ ഡാറ്റ തലത്തിൽ തിരിച്ചറിഞ്ഞു.

ടിപിഎസ്സി, വൈറ്റിലയ്ക്ക് കീഴിലുള്ള ഒരു നികുതിദായകൻ 2021 മാർച്ചിലെ ജിഎസ്ടിആർ-3ബി 2022 മാർച്ച് 31ന് ഫയൽ ചെയ്തതായി ഓഡിറ്റ് നിരീക്ഷിച്ചു. ഇത് ₹5.14 കോടിയുടെ ക്രമരഹിതമായ ഐടിസിക്കു കാരണമായത് വകുപ്പിനെ അറിയിച്ചു (2023 ജൂലൈ). മറുപടിയായി, നികുതിദായകന് എഎസ്എംടി-10 നൽകിയതായി വകുപ്പ് അറിയിച്ചു (2023 ഒക്ടോബർ).

ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി (2024 ഓഗസ്റ്റ്). മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

(iv) ഐഎസ്ഡി മെക്കാനിസത്തിന് കീഴിൽ അധിക ഐടിസി ലഭിച്ചത് (ഡൈമൻഷൻ 4)

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 20 അനുസരിച്ച്, ഒരു ഇൻപുട്ട് സേവന വിതരണക്കാരന് (ഐഎസ്ഡി) തന്റെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, ക്രെഡിറ്റിന്റെ സ്വീകർത്താവിന്, രണ്ടുപേർക്കും ഒരേ പാൻ ആണെങ്കിൽ, വിതരണം ചെയ്യാൻ കഴിയും. നികുതിദായകന് ലഭിക്കുന്ന ഐടിസി, ഐഎസ്ഡി കൈമാറ്റം ചെയ്തതിലും അധികമാണോ എന്ന് വിശകലനം ചെയ്യാൻ, നികുതിദായകന്റെ റിട്ടേണിൽ പ്രതിപാദിച്ച ഐടിസിയെ ഐഎസ്ഡി അവരുടെ ജിഎസ്ടിആർ-6ൽ കൈമാറിയ ഐടിസിയുമായി താരതമ്യം ചെയ്യുന്നു.

ടിപിഎസ്സി, വൈറ്റിലയ്ക്ക് കീഴിലുള്ള ഒരു നികുതിദായകന്റെ കാര്യത്തിൽ, 2019-20 കാലയളവിൽ, നികുതിദായകന്റെ ജിഎസ്ടിആർ-9ന്റെ പട്ടിക 6ജി[17] പ്രകാരം ലഭിച്ച ഐടിസി ₹99.97 കോടിയും ജിഎസ്ടിആർ-9ന്റെ പട്ടിക 7എച്ച് പ്രകാരം ഐടിസിയുടെ റിവേഴ്സൽ ₹12.83 കോടിയും ആയതിലൂടെ ₹87.14 കോടി ഐടിസി ലഭിച്ചുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഐഎസ്ഡി അവരുടെ ജിഎസ്ടിആർ-6ന്റെ പട്ടിക 5എ[18], 8എ[19], 9എ[20] എന്നിവയുടെ ആകെത്തുക പ്രകാരം കൈമാറിയ ഐടിസി ₹76.10 കോടിയാണ്. ഇത് പ്രയോജനപ്പെടുത്തിയ ഐടിസിയും ഐഎസ്ഡി കൈമാറിയതും തമ്മിൽ പൊരുത്തക്കേടുണ്ടാക്കിയത് വകുപ്പിനെ അറിയിച്ചു (2023 ജൂലൈ). മറുപടിയായി, നികുതിദായകന് എഎസ്എംടി-10 നൽകിയതായി വകുപ്പ് അറിയിച്ചു (2023 ഒക്ടോബർ).

ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി (2024 ഓഗസ്റ്റ്). മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

---

[17] ഐഎസ്ഡിയിൽ നിന്നും കിട്ടിയ ഐടിസി.

[18] നികുതി കാലയളവിലേക്കുള്ള യോഗ്യമായ ഐടിസിയുടെ വിതരണം.

[19] ഐടിസി തിരിച്ചുപിടിച്ചതും വിതരണം ചെയ്തതും തമ്മിലെ പൊരുത്തക്കേട്.

[20] തെറ്റായ സ്വീകർത്താവിന് വിതരണം ചെയ്ത ഐടിസിയുടെ പുനർവിതരണം.

(v) റിവേഴ്സ് ചാർജ് മെക്കാനിസത്തിന് (ആർസിഎം) കീഴിലുള്ള നികുതിയുടെ കുറഞ്ഞ ഒടുക്കൽ (ഡൈമൻഷൻ 5)

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 9(3), റിവേഴ്സ് ചാർജ് മെക്കാനിസത്തിന് കീഴിൽ നികുതി അടയ്ക്കാനുള്ള ബാധ്യത വിതരണക്കാരന് പകരം വിതരണത്തിന്റെ സ്വീകർത്താവിൽ നിശ്ചയിച്ചിരിക്കുന്നു.

ആർസിഎമ്മിന് കീഴിലുള്ള പ്രവർത്തനങ്ങൾ/ ഇടപാടുകൾ എന്നിവയിൽ നിന്ന് നികുതി പൂർണമായി തീർപ്പാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ, ആർസിഎമ്മിന് കീഴിൽ തത്തുല്യമായ നികുതി ബാധ്യത പൂർണമായി തീർക്കാതെയോ അല്ലെങ്കിൽ ആർസിഎമ്മിന് കീഴിലുള്ള നികുതിയുടെ കുറഞ്ഞ ഒടുക്കലോ ജിഎസ്ടിആർ-3ബി, വാർഷിക റിട്ടേൺ ജിഎസ്ടിആർ-9 എന്നിവയുമായി ബന്ധപ്പെട്ട ഡാറ്റാസെറ്റുകൾ താരതമ്യം ചെയ്തുകൊണ്ട് വിശകലനം ചെയ്തു. ജിഎസ്ടിആർ-9 ഫയൽ ചെയ്ത സന്ദർഭങ്ങളിൽ, പട്ടിക 4ജി[21] യിലെ ആർസിഎം പേയ്മെന്റുകളെ പട്ടിക 6സി, 6ഡി, 6എഫ് എന്നിവയിൽ ലഭ്യമായ ഐടിസിയുമായി താരതമ്യം ചെയ്തു. ജിഎസ്ടിആർ-9 ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ, നികുതി ബാധ്യതയുടെ തീർപ്പാക്കൽ കാണിക്കുന്ന ജിഎസ്ടിആർ-3ബിയിലെ പട്ടിക 3.1(ഡി)യെ ഐടിസി ലഭ്യത കാണിക്കുന്ന 4എ(2)[22], 4എ(3)[23] എന്നിവയുമായി താരതമ്യം ചെയ്യുകയും, പരിശോധന ജിഎസ്ടിആർ-3ബിയിൽ മാത്രമാക്കുകയും ചെയ്തു.

ടിപിഎസ്സി, വൈറ്റിലയ്ക്ക് കീഴിലുള്ള ഒരു നികുതിദായകന്റെ കാര്യത്തിൽ, 2019-20 വർഷത്തെ ജിഎസ്ടിആർ-9ന്റെ പട്ടിക 4ജിയിലെ ആർസിഎം പേയ്മെന്റുകൾ ₹40.65 കോടിയാണെന്നും (ജിഎസ്ടിആർ-3ബിയും ₹40.65 കോടിയുടെ ആർസിഎം പേയ്മെന്റ് കാണിക്കുന്നുണ്ട്) കൂടാതെ ജിഎസ്ടിആർ-9ന്റെ പട്ടിക 6സി, 6ഡി, 6എഫ് എന്നിവ പ്രകാരം ലഭ്യമായ ഐടിസി ₹46.67 കോടിയാണെന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഇത് ' നികുതി അടയ്ക്കാതെയുള്ള ആർസിഎമ്മിന്റെ ഐടിസിയിൽ' ₹6.02 കോടിയുടെ പൊരുത്തക്കേടിനു കാരണമായത് വകുപ്പിനെ അറിയിച്ചു (2023 ജൂലൈ). മറുപടിയായി, നികുതിദായകന് എഎസ്എംടി-10 നൽകിയതായി വകുപ്പ് അറിയിച്ചു (2023 ഒക്ടോബർ).

ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി (2024 ഓഗസ്റ്റ്). മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

(vi) വാർഷിക റിട്ടേണും സാമ്പത്തിക പ്രസ്താവനകളും തമ്മിലുള്ള ലഭ്യമായ ഐടിസിയിലെ പൊരുത്തക്കേട് (ജിഎസ്ടിആർ-9സിയുടെ പട്ടിക 12എഫ്) (ഡൈമൻഷൻ 6)

ജിഎസ്ടിആർ-9സിയുടെ പട്ടിക 12, ഓഡിറ്റ് ചെയ്ത വാർഷിക സാമ്പത്തിക പ്രസ്താവന അല്ലെങ്കിൽ ബുക്ക്സ് ഓഫ് അക്കൗണ്ട്സ് പ്രകാരം ലഭ്യമായ ഐടിസിയുമായി വാർഷിക റിട്ടേണിൽ (ജിഎസ്ടിആർ-9) പ്രസ്താവിച്ച ഐടിസിയെ സമന്വയിപ്പിക്കുന്നു. ഈ പട്ടികയുടെ കോളം 12എഫ് റീകൺസൈൽ ചെയ്തിട്ടില്ലാത്ത ഐടിസിയെക്കുറിച്ച് പ്രതിപാദിക്കുന്നു. എസ്ജിഎസ്ടി ചട്ടങ്ങൾ, 2017ലെ ചട്ടം 80(3) പ്രകാരം നികുതിദായകൻ സമർപ്പിച്ച 2018-19 മുതൽ 2020-21 വരെയുള്ള ഫോം ജിഎസ്ടിആർ-9സിയിലുള്ള സാക്ഷ്യപ്പെടുത്തിയ അനുരഞ്ജന പ്രസ്താവന, സാമ്പത്തിക പ്രസ്താവനകളിലും വാർഷിക റിട്ടേണിലും പ്രസ്താവിച്ച ഐടിസിയിലുള്ള കണ്ടുപിടിച്ച പൊരുത്തക്കേടിന്റെ തോത് അവലോകനം ചെയ്യുന്നതിനായി ഡാറ്റ തലത്തിൽ വിശകലനം ചെയ്തു.

---

[21] റിവേഴ്സ് ചാർജ് അടിസ്ഥാനത്തിൽ നികുതി അടയ്ക്കേണ്ട ഇൻവേർഡ് സപ്ലൈകൾ.

[22] സേവനങ്ങളുടെ ഇറക്കുമതി.

[23] ചരക്കുകളുടെയും സേവനങ്ങളുടെയും ഇറക്കുമതി ഒഴികെയുള്ള റിവേഴ്സ് ചാർജിന് ബാധ്യസ്ഥമായ ഇൻവേർഡ് സപ്ലൈ.

ടിപിഎസ്സി, തൃപ്പൂണിത്തുറയ്ക്കു കീഴിലുള്ള ഒരു നികുതിദായകന്റെ കാര്യത്തിൽ, 2020-21 വർഷത്തേക്കുള്ള ജിഎസ്ടിആർ-9സിയുടെ പട്ടിക 12എഫിൽ ₹1.29 കോടിയുടെ അനുരഞ്ജനം ചെയ്യാത്ത ഐടിസി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. സാമ്പത്തിക പ്രസ്താവന പ്രകാരം യോഗ്യമായ ഐടിസിയും ജിഎസ്ടി റിട്ടേണുകളിൽ ലഭ്യമായ ഐടിസിയും തമ്മിലുള്ള വ്യത്യാസമാണിത്. ഇത് വകുപ്പിനെ അറിയിച്ചു (2023 ജൂലൈ). മറുപടിയായി, നികുതിദായകന് എഎസ്എംടി-10 നൽകിയതായി വകുപ്പ് അറിയിച്ചു (2023 ഓഗസ്റ്റ്).

ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി (2024 ഓഗസ്റ്റ്). മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

(vii) വാർഷിക റിട്ടേണിൽ ലഭ്യമായ ഐടിസിയും സാമ്പത്തിക പ്രസ്താവനകളിലെ ചെലവുകളും തമ്മിലുള്ള പൊരുത്തപ്പെടൽ (ജിഎസ്ടിആർ-9സിയുടെ പട്ടിക 14ടി) (ഡൈമൻഷൻ 7)

ജിഎസ്ടിആർ-9സിയുടെ പട്ടിക 14, ഓഡിറ്റ് ചെയ്ത വാർഷിക സാമ്പത്തിക പ്രസ്താവന അല്ലെങ്കിൽ ബുക്ക്സ് ഓഫ് അക്കൗണ്ട്സ് പ്രകാരം ചെലവുകൾക്ക് ലഭ്യമായ ഐടിസിയെ വാർഷിക റിട്ടേണിൽ (ജിഎസ്ടിആർ-9) പ്രഖ്യാപിച്ച ഐടിസിയുമായി പൊരുത്തപ്പെടുത്തുന്നു. ഈ പട്ടികയുടെ കോളം 14ടി അനുരഞ്ജനം ചെയ്തിട്ടില്ലാത്ത ഐടിസിയെ കുറിച്ച് പ്രതിപാദിക്കുന്നു. എസ്ജിഎസ്ടി ചട്ടങ്ങൾ, 2017ലെ ചട്ടം 80(3) പ്രകാരം നികുതിദായകൻ സമർപ്പിച്ച 2018-19 മുതൽ 2020-21 വരെയുള്ള ഫോം ജിഎസ്ടിആർ-9സിയിലുള്ള സാക്ഷ്യപ്പെടുത്തിയ അനുരഞ്ജന പ്രസ്താവന, സാമ്പത്തിക പ്രസ്താവനകളിൽ റിപ്പോർട്ട് ചെയ്ത ചെലവുകളും വാർഷിക റിട്ടേണിൽ പ്രസ്താവിച്ച ഐടിസിയും തമ്മിൽ കണ്ടുപിടിച്ച പൊരുത്തക്കേടിന്റെ അളവ് അവലോകനം ചെയ്യുന്നതിനായി ഡാറ്റ തലത്തിൽ വിശകലനം ചെയ്തു.

ടിപിഎസ്സി, വൈറ്റിലയ്ക്ക് കീഴിലുള്ള ഒരു നികുതിദായകന്റെ കാര്യത്തിൽ, 2020-21 കാലയളവിൽ, ജിഎസ്ടിആർ-9സിയുടെ പട്ടിക 14ടിയിൽ പ്രഖ്യാപിച്ച ₹6.71 കോടിയുടെ അനുരഞ്ജനപ്പെടാത്ത ചെയ്യാത്ത ഐടിസി, സാമ്പത്തിക പ്രസ്താവനകളിൽ റിപ്പോർട്ടു ചെയ്ത ചെലവുകളുടെ അടിസ്ഥാനത്തിൽ യോഗ്യമായ ഐടിസിയെക്കാൾ അധികമായി ജിഎസ്ടി റിട്ടേണുകളിൽ ലഭിച്ച ഐടിസിയാണെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. ഇത് വകുപ്പിനെ അറിയിച്ചു (2023 ജൂലൈ). മറുപടിയായി, നികുതിദായകന് എഎസ്എംടി-10 നൽകിയതായി വകുപ്പ് അറിയിച്ചു (2023 ഒക്ടോബർ).

ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി (2024 ഓഗസ്റ്റ്). മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

(viii) തീർപ്പാക്കാത്ത നികുതി ബാധ്യത (ഡൈമൻഷൻ 9)

ജിഎസ്ടിആർ-1 ചരക്കുകളുടെയോ സേവനങ്ങളുടെയോ ഔട്ട്‌വേർഡ് സപ്ലൈയുടെ വിശദാംശങ്ങൾ നൽകുന്നു. ഈ വിശദാംശങ്ങൾ നികുതിദായകൻ വിലയിരുത്തുകയും വാർഷിക റിട്ടേൺ ജിഎസ്ടിആർ-9ൽ പ്രസക്തമായ കോളങ്ങളിൽ സൂചിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ, നികുതി നൽകേണ്ട മൂല്യവും അതിന്റെ നികുതി ഒടുക്കിയതും ജിഎസ്ടിആർ-3ബിയിൽ കാണിച്ചിരിക്കുന്നു.

തീർപ്പാക്കാത്ത നികുതി ബാധ്യത വിശകലനം ചെയ്യുന്നതിന്, ജിഎസ്ടിആർ-1, ജിഎസ്ടിആർ-9 എന്നിവയിൽ നിന്ന് പ്രസക്തമായ ഡാറ്റ ശേഖരിച്ച് ഈ റിട്ടേണുകൾ പ്രകാരം ഒടുക്കേണ്ട നികുതിയും ജിഎസ്ടിആർ-9ൽ പ്രസ്താവിച്ച ഒടുക്കിയ നികുതിയുമായി താരതമ്യം ചെയ്തു. ജിഎസ്ടിആർ-9 ലഭ്യമല്ലാത്തിടത്ത്, ജിഎസ്ടിആർ-1ഉം ജിഎസ്ടിആർ-3ബിയും തമ്മിൽ അടയ്ക്കേണ്ട നികുതി താരതമ്യം ചെയ്തു. ജിഎസ്ടിആർ-1, 9 എന്നിവയിൽ പ്രസ്താവിച്ച ഭേദഗതികളും അഡ്വാൻസുകളുടെ

ക്രമപ്പെടുത്തലുകളും ഇതിനായി പരിഗണിച്ചു. ജിഎസ്ടിആർ-3ബിയുടെ കാര്യത്തിൽ, പട്ടികകൾ 3.1(എ)[24], 3.1(ബി)[25] എന്നിവ കണക്കിലെടുത്തു.

ടിപിഎസ്സി, കോട്ടയം ടൗണിനു കീഴിലുള്ള ഒരു നികുതിദായകന്റെ കാര്യത്തിൽ, 2018-19 വർഷത്തിൽ ജിഎസ്ടിആർ-1 പ്രകാരം അടയ്ക്കേണ്ട നികുതി ₹3.97 കോടിയും ജിഎസ്ടിആർ-3ബി പ്രകാരം അടയ്ക്കേണ്ട നികുതി ₹1.68 കോടിയുമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് ജിഎസ്ടിആർ-1, ജിഎസ്ടിആർ-3ബി എന്നിവയ്ക്കിടയിൽ ₹2.29 കോടിയുടെ നികുതി ബാധ്യതയുടെ പൊരുത്തക്കേടിനു കാരണമായത് വകുപ്പിനെ അറിയിച്ചു (2023 സെപ്റ്റംബർ). മറുപടിയായി, നികുതിദായകന് എസ്സിഎൻ നൽകിയതായി വകുപ്പ് അറിയിച്ചു (2023 സെപ്റ്റംബർ).

ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി (2024 ഓഗസ്റ്റ്). മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

(ix) ബുക്ക്സ് ഓഫ് അക്കൗണ്ട്സും വാർഷിക റിട്ടേണും തമ്മിൽ അടച്ച നികുതിയിലെ പൊരുത്തക്കേട് (ജിഎസ്ടിആർ-9സിയുടെ പട്ടിക 9ആർ) (ഡൈമൻഷൻ 11)

2017ലെ എസ്ജിഎസ്ടി ചട്ടങ്ങളുടെ ചട്ടം 80(3) പ്രകാരം നികുതിദായകൻ സമർപ്പിച്ച ഓഡിറ്റ് കാലയളവിലെ ജിഎസ്ടിആർ-9സിയിലുള്ള സാക്ഷ്യപ്പെടുത്തിയ അനുരഞ്ജന പ്രസ്താവന, വാർഷിക റിട്ടേണും ബുക്ക്സ് ഓഫ് അക്കൗണ്ട്സും തമ്മിൽ അടച്ച നികുതിയിലെ പൊരുത്തക്കേടിന്റെ തോത് അവലോകനം ചെയ്യുന്നതിനായി ഡാറ്റ തലത്തിൽ വിശകലനം ചെയ്തു. ഫോം ജിഎസ്ടിആർ-9സിയുടെ പട്ടിക 9, വിറ്റുവരവ് നിരക്ക് തിരിച്ച് വേർതിരിച്ച് വാർഷിക റിട്ടേൺ ജിഎസ്ടിആർ-9 അനുസരിച്ച് തീർപ്പാക്കിയ നികുതിയുമായി താരതമ്യം ചെയ്തു കൊണ്ട് അടച്ച നികുതിയുമായി പൊരുത്തപ്പെടുത്താൻ ശ്രമിക്കുന്നു. അനുരഞ്ജനമില്ലായ്മ തെറ്റായ നിരക്കുകളിൽ ഈടാക്കിയ നികുതി, നികുതി നൽകേണ്ട വിറ്റുവരവിനെ ഒഴിവാക്കിയതായും അല്ലെങ്കിൽ തിരിച്ചും ഉള്ള തെറ്റായ വിവരിക്കൽ, സിജിഎസ്ടി/ എസ്ജിഎസ്ടി/ ഐജിഎസ്ടിയുടെ തെറ്റായ ചുമത്തൽ എന്നിവയെ സൂചിപ്പിക്കുന്നു. ഒരു സാമ്പത്തിക വർഷത്തെ ഇടപാടുകളുമായി ബന്ധപ്പെട്ട് തുടർവർഷം ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ നടത്തിയ ഭേദഗതികൾ (ഡെബിറ്റ്/ ക്രെഡിറ്റ് നോട്ടുകളുടെ അറ്റ വിവരം) വഴി സപ്ലൈകൾ/ നികുതികൾ കുറയ്ക്കുന്ന സാഹചര്യങ്ങളും ഉണ്ടാകാം. കൂടാതെ, ഇതിനെ തുടർന്നുള്ള പലിശ ഒടുക്കൽ - കുറഞ്ഞ ഒടുക്കലും തെറ്റായ ശീർഷകങ്ങൾക്ക് കീഴിലുള്ള ഒടുക്കലും - ഇക്കാര്യത്തിൽ പരിശോധിക്കേണ്ടതുണ്ട്.

ടിപിഎസ്സി, വൈറ്റിലയ്ക്ക് കീഴിലുള്ള ഒരു നികുതിദായകന്റെ കാര്യത്തിൽ, 2020-21 വർഷത്തിൽ ജിഎസ്ടിആർ-9സിയുടെ പട്ടിക 9ആറിൽ പ്രസ്താവിച്ച ₹4.91 കോടിയുടെ നികുതി അടച്ചത് അനുരഞ്ജനം ചെയ്യാത്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇത് വകുപ്പിനെ അറിയിച്ചു (2023 ഓഗസ്റ്റ്). മറുപടിയായി, നികുതിദായകന് എഎസ്എംടി-10 നൽകിയതായി വകുപ്പ് അറിയിച്ചു (2023 ഒക്ടോബർ).

ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി (2024 ഓഗസ്റ്റ്). മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

(x) ജിഎസ്ടിആർ-3ബി ഫയൽ ചെയ്യാത്തതും എന്നാൽ ജിഎസ്ടിആർ-1 ലഭ്യമായതുമായവ (ഡൈമൻഷൻ 20)

ജിഎസ്ടിആർ-3ബി ഫയൽ ചെയ്തിട്ടില്ലെങ്കിലും ജിഎസ്ടിആർ-1 ഫയൽ ചെയ്ത നികുതിദായകരെ ഓഡിറ്റ് പരിശോധിച്ചു. നികുതി ബാധ്യത തീർക്കുന്നത് ജിഎസ്ടിആർ-3ബി റിട്ടേൺ വഴിയാണ്. ജിഎസ്ടിആർ-1 ഫയൽ ചെയ്യുന്നതും

[24] നികുതി ബാധകമായ ഔട്ട്‌വേർഡ് സപ്ലൈകൾ (പൂജ്യം നിരക്കിലുള്ളതും നിരക്കില്ലാത്തതും ഒഴിവാക്കിയതും ഒഴികെ).

[25] നികുതി ബാധകമായ ഔട്ട്‌വേർഡ് സപ്ലൈകൾ (പൂജ്യം നിരക്കിലുള്ളത്).

അനുബന്ധ ജിഎസ്ടിആർ-3ബി ഫയൽ ചെയ്യാത്തതും സൂചിപ്പിക്കുന്നത് നികുതിദായകർ ഈ കാലയളവിൽ ബിസിനസ്സ് നടത്തിയിരുന്നെങ്കിലും അവരുടെ നികുതി ബാധ്യത തീർത്തിട്ടില്ല എന്നാണ്. നികുതി അടയ്ക്കാതെ തന്നെ ഐടിസി കൈമാറുന്നുവെന്നും ഇത് അർത്ഥമാക്കുന്നു.

ടിപിഎസ്സി, കാസർഗോഡിനു കീഴിലുള്ള ഒരു നികുതിദായകൻ, 2019-20 കാലയളവിൽ ജിഎസ്ടിആർ-3ബി ഒന്നും ഫയൽ ചെയ്തിട്ടില്ല. എന്നാൽ ഈ കാലയളവിൽ സമർപ്പിച്ച ജിഎസ്ടിആർ-1 പ്രകാരം നികുതിദായകന് ₹1.64 കോടിയുടെ നികുതി ബാധ്യതയുണ്ട്. ഇത് വകുപ്പിനെ അറിയിച്ചു (2023 ഓഗസ്റ്റ്). മറുപടിയായി, നികുതിദായകന് എഎസ്എംടി-10 നൽകിയതായി വകുപ്പ് അറിയിച്ചു (2023 ഓഗസ്റ്റ്).

ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി (2024 ഓഗസ്റ്റ്). മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

(xi) നികുതി അടയ്ക്കാൻ വൈകുമ്പോഴുള്ള പലിശയുടെ കുറഞ്ഞ ഒടുക്കൽ (ഡൈമൻഷൻ 21)

എസ്ജിഎസ്ടി നിയമത്തിന്റെ വകുപ്പ് 50, ഈ നിയമത്തിന്റെ വ്യവസ്ഥകൾ അല്ലെങ്കിൽ അതിനനുസരിച്ചുള്ള ചട്ടങ്ങൾ അനുസരിച്ച് നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ഓരോ വ്യക്തിയും നികുതിയോ അതിന്റെ ഏതെങ്കിലും ഭാഗമോ നിശ്ചിത കാലയളവിനുള്ളിൽ, സർക്കാരിലേക്ക് അടയ്ക്കുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ നികുതിയോ അതിന്റെ ഏതെങ്കിലും ഭാഗമോ അടയ്ക്കപ്പെടാത്ത കാലയളവിലേക്ക്, വിജ്ഞാപനം ചെയ്ത നിരക്കിൽ പലിശ നൽകണം എന്ന് വ്യവസ്ഥ ചെയ്യുന്നു.

ജിഎസ്ടിആർ-3ബിയിലെ നികുതി അടച്ച വിശദാംശങ്ങളും ജിഎസ്ടിആർ-3ബി ഫയൽ ചെയ്ത തീയതിയും ഉപയോഗിച്ച് ഓഡിറ്റ് കാലയളവിൽ നികുതി അടയ്ക്കാൻ കാലതാമസം നേരിട്ടതിന്റെ പേരിലുള്ള പലിശയുടെ കുറഞ്ഞ ഒടുക്കൽ കണ്ടെത്തി. അടയ്ക്കേണ്ട പലിശ കണക്കാക്കാൻ അറ്റ നികുതി ബാധ്യത (ക്യാഷ് ഘടകം) മാത്രമേ പരിഗണിച്ചിട്ടുള്ളൂ.

ടിപിഎസ്സി, വടകരയ്ക്ക് കീഴിലുള്ള ഒരു നികുതിദായകന്റെ കാര്യത്തിൽ, 2018-19 കാലയളവിലെ എല്ലാ മാസങ്ങളിലെയും ജിഎസ്ടിആർ-3ബി റിട്ടേണുകൾ വൈകിയാണ് ഫയൽ ചെയ്തതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് ₹1.19 കോടി പലിശയുടെ കുറഞ്ഞ ഒടുക്കലിന് കാരണമായത് വകുപ്പിനെ അറിയിച്ചു (2023 ഓഗസ്റ്റ്). മറുപടിയായി, നികുതിദായകന് എഎസ്എംടി-10 നൽകിയതായി വകുപ്പ് അറിയിച്ചു (2023 സെപ്റ്റംബർ).

ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി (2024 ഓഗസ്റ്റ്). മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

(xii) ഇ-വേ ബില്ലുകളുമായി താരതമ്യപ്പെടുത്തുമ്പോൾ നികുതി ബാധകമായ മൂല്യത്തിലെ മറച്ചുവയ്ക്കൽ (ഡൈമൻഷൻ 10)

നികുതിയുടെ കുറഞ്ഞ ഒടുക്കലിന്റെ വ്യാപ്തി വിശകലനം ചെയ്യുന്നതിനായി 2018-19 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ ജിഎസ്ടിആർ-3ബിയിൽ പ്രതിപാദിച്ച, നികുതി ബാധ്യതയുമായി ബന്ധപ്പെട്ട പ്രസക്തമായ ഡാറ്റ ഇ-വേ ബില്ലിലെ വെളിപ്പെടുത്തലുകളുമായി താരതമ്യം ചെയ്തു. ഔട്ട്പുട്ട് ടാക്സ് ബാധ്യതയും ഇൻവേർഡ് സപ്ലൈകൾക്ക് റിവേഴ്സ് ചാർജ് അടിസ്ഥാനത്തിൽ അടയ്ക്കേണ്ട നികുതിയും ഒരു സാധാരണ നികുതിദായകൻ ഫോം ജിഎസ്ടിആർ-3ബിയിൽ സമർപ്പിക്കുന്ന പ്രതിമാസ റിട്ടേണുകൾ വഴി ഒടുക്കുന്നു. നിശ്ചിത പരിധിക്ക് മുകളിൽ മൂല്യമുള്ള ചരക്കുകളുടെ നീക്കം, അത് വിതരണത്തിനോ കൈമാറ്റത്തിനോ ആണെങ്കിൽ, ഇ-വേ ബിൽ വഴിയാണ് നടത്തേണ്ടത്.

ടിപിഎസ്സി, വൈറ്റിലയ്ക്ക് കീഴിലുള്ള ഒരു നികുതിദായകൻ **2019-20** വർഷത്തിൽ ജനറേറ്ററു ചെയ്ത ഇ-വേ ബില്ലുകളിൽ പ്രഖ്യാപിച്ച മൊത്തം നികുതി ബാധ്യത **₹441.89** കോടിയാണെന്നും അതേസമയം പ്രസ്തുത വർഷത്തെ ജിഎസ്ടിആർ-3ബിയിൽ പ്രഖ്യാപിച്ച് ഒടുക്കിയ നികുതി ബാധ്യത **₹69.57** കോടി മാത്രമായിരുന്നു എന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു, ഇത് **₹372.32** കോടിയുടെ പൊരുത്തക്കേടിന് കാരണമായത് വകുപ്പിനെ അറിയിച്ചു (**2023** ജൂലൈ). മറുപടിയായി, നികുതിദായകന് എഎസ്എംടി-**10** നൽകിയതായി വകുപ്പ് അറിയിച്ചു (**2023** ഒക്ടോബർ).

ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി (**2024** ഓഗസ്റ്റ്). മറുപടി കാത്തിരിക്കുന്നു (**2024** സെപ്റ്റംബർ).

(xiii) ടിഡിഎസ്/ ടിസിഎസ് ഡിക്ലറേഷനിലൂടെ തിരിച്ചറിഞ്ഞ നികുതി ബാധകമായ മൂല്യത്തിലെ മറച്ചുവയ്ക്കൽ (ഡൈമൻഷൻ 12)

ടിഡിഎസ്, ടിസിഎസ് വിശദാംശങ്ങൾ യഥാക്രമം ജിഎസ്ടിആർ-**7**, ജിഎസ്ടിആർ-**8** എന്നിവയിൽ പ്രഖ്യാപിക്കുകയും ജിഎസ്ടിആർ-**2**എയുടെ പട്ടിക **9**ൽ രജിസ്റ്റർ ചെയ്ത വ്യക്തിയെ അറിയിക്കുകയും ചെയ്യുന്നു. ജിഎസ്ടിആർ-**3**ബിയിലെ നികുതി ചുമത്താവുന്ന ഔട്ട്‌വേർഡ് സപ്ലൈകളുടെ (പൂജ്യം നിരക്കിലുള്ളതും നിരക്കില്ലാത്തതും ഒഴിവാക്കപ്പെട്ടതും ഒഴികെയുള്ളവ) നികുതി ചുമത്താവുന്ന മൂല്യം, ജിഎസ്ടിആർ-**2**എയുടെ പട്ടിക **9**ൽ ഓട്ടോ പോപ്പുലേറ്റ് ചെയ്ത ടിഡിഎസ്, ടിസിഎസ് ക്രെഡിറ്റ് ബാധ്യതയുള്ള അറ്റ മൂല്യത്തേക്കാൾ കുറവാണെന്ന് ഓഡിറ്റ് തിരിച്ചറിഞ്ഞു.

ടിപിഎസ്സി, ഇരിങ്ങാലക്കുടയ്ക്ക് കീഴിലുള്ള ഒരു നികുതിദായകന്റെ **2019-20** വർഷത്തേക്കുള്ള ജിഎസ്ടിആർ-**3**ബിയിൽ **₹4.40** കോടിയുടെ ഔട്ട്‌വേർഡ് സപ്ലൈ ഉള്ളതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ ജിഎസ്ടിആർ-**2**എയുടെ പട്ടിക **9**ൽ പ്രതിഫലിച്ച ടിഡിഎസ്/ ടിസിഎസ് ക്രെഡിറ്റുകൾ പ്രകാരം നികുതി നൽകേണ്ട തുക **₹32.55** കോടി ആയിരുന്നു. വിറ്റുവരവിൽ **₹28.15** കോടിയുടെ പൊരുത്തക്കേട് ഉണ്ടായത് വകുപ്പിനെ അറിയിച്ചു (**2023** ഓഗസ്റ്റ്). മറുപടിയായി, നികുതിദായകന് എഎസ്എംടി-**10** നൽകിയതായി വകുപ്പ് അറിയിച്ചു (**2023** സെപ്റ്റംബർ).

ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി (**2024** ഓഗസ്റ്റ്). മറുപടി കാത്തിരിക്കുന്നു (**2024** സെപ്റ്റംബർ).

(xiv) ജിഎസ്ടിആർ-9സിയുടെ പട്ടിക 5ൽ കാണിച്ചിരിക്കുന്ന ബിൽ ചെയ്യാത്ത വരുമാനത്തിലെ പൊരുത്തക്കേടിലൂടെ തിരിച്ചറിഞ്ഞ നികുതി ബാധകമായ മൂല്യത്തിലെ മറച്ചുവയ്ക്കൽ (ഡൈമൻഷൻ 13)

ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളും വാർഷിക റിട്ടേണുകളും തമ്മിലുള്ള നികുതി ബാധകമായ വിറ്റുവരവിലെ പൊരുത്തക്കേടിന്റെ വ്യാപ്തി അവലോകനം ചെയ്യുന്നതിനായി, **2018-19** മുതൽ **2020-21** വരെയുള്ള വർഷങ്ങളിലെ ജിഎസ്ടിആർ-**9**സി യുടെ പട്ടിക **5**ൽ നികുതിദായകർ സമർപ്പിച്ച ബിൽ ചെയ്യാത്ത വരുമാനത്തിന്റെ[26] വെളിപ്പെടുത്തലുമായി ബന്ധപ്പെട്ട പ്രസക്തമായ ഡാറ്റ പോയിന്റുകൾ ഡാറ്റ തലത്തിൽ വിശകലനം ചെയ്തു. ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളും വാർഷിക റിട്ടേണുകളും തമ്മിലുള്ള വിറ്റുവരവിലെ പൊരുത്തക്കേടിന്റെ വ്യാപ്തി അവലോകനം ചെയ്യുന്നതിനായി സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിലെ ബിൽ ചെയ്യാത്ത വരുമാനം രേഖപ്പെടുത്തിയിരിക്കുന്ന ജിഎസ്ടിആർ-**9**സിയുടെ പട്ടിക **5**ബി കണക്കുകൾ, മുൻ വർഷാവസാനത്തെ ബിൽ ചെയ്യാത്ത വരുമാനം രേഖപ്പെടുത്തിയിരിക്കുന്ന മുൻ ജിഎസ്ടിആർ-**9**സി റിട്ടേണുകളുടെ പട്ടിക **5**എച്ചുമായി താരതമ്യം ചെയ്തു.

ടിപിഎസ്സി, വൈപ്പിനു കീഴിലുള്ള ഒരു നികുതിദായകൻ **2017-18** സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ **₹31.95** കോടി ബിൽ ചെയ്യാത്ത വരുമാനം

---

[26] ബുക്ക്സ് ഓഫ് അക്കൗണ്ടുകളിൽ അക്രുവൽ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷാവസാനം വരെ ഇൻവോയ്സുകളൊന്നും നൽകിയിട്ടില്ലാത്ത ഇടപാടുകളുടെ ആ ഭാഗത്തിന്റെ ബിൽ ചെയ്യാത്ത വരുമാനം.

കാണിച്ചിരിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ 2018-19ന്റെ തുടക്കത്തിൽ ബിൽ ചെയ്യാത്ത വരുമാനം പൂജ്യമാണ്. 2017-18 വർഷാവസാനത്തെ ബിൽ ചെയ്യാത്ത വരുമാനം 2018-19ന്റെ തുടക്കത്തിലെ ബിൽ ചെയ്യാത്ത വരുമാനവുമായി പൊരുത്തപ്പെടുന്നില്ല. കേസ് വകുപ്പിനെ അറിയിച്ചു (2023 ഓഗസ്റ്റ്). മറുപടിയായി, നികുതിദായകന് എഎസ്എംടി-10 നൽകിയതായി വകുപ്പ് അറിയിച്ചു (2023 സെപ്റ്റംബർ).

ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി (2024 ഓഗസ്റ്റ്). മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

(xv) വാർഷിക റിട്ടേണും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളും തമ്മിലുള്ള നികുതി ബാധകമായ വിറ്റുവരവിലെ പൊരുത്തക്കേട് (ജിഎസ്ടിആർ-9സിയുടെ പട്ടിക 7ജി) (ഡൈമൻഷൻ 14)

ജിഎസ്ടിആർ-9സിയുടെ പട്ടിക 7 നികുതി ബാധകമായ വിറ്റുവരവിന്റെ അനുരഞ്ജനമാണ്. ഈ പട്ടികയുടെ കോളം 7ജി, വാർഷിക റിട്ടേൺ ജിഎസ്ടിആർ-9നും ആവശ്യമായ ക്രമീകരണങ്ങൾക്ക് ശേഷം, തൻ വർഷത്തെ സാമ്പത്തിക പ്രസ്താവനയിൽ പ്രഖ്യാപിച്ചിട്ടുള്ളതും തമ്മിൽ അനുരഞ്ജനപ്പെടാത്ത നികുതി ബാധകമായ വിറ്റുവരവ് കാണിക്കുന്നു. സാമ്പത്തിക പ്രസ്താവനയിലും വാർഷിക റിട്ടേണിലും കാണിച്ചിട്ടുള്ള വിറ്റുവരവുകൾ തമ്മിൽ തിരിച്ചറിഞ്ഞ പൊരുത്തക്കേടിന്റെ തോത് അവലോകനം ചെയ്യുന്നതിനായി ഓഡിറ്റ് കാലയളവിൽ, നികുതിദായകൻ ജിഎസ്ടിആർ-9സിയിൽ സമർപ്പിച്ച സർട്ടിഫൈ ചെയ്ത അനുരഞ്ജന പ്രസ്താവന, ഡാറ്റാ തലത്തിൽ വിശകലനം ചെയ്തു. ജിഎസ്ടിആർ-9ൽ പ്രഖ്യാപിച്ചിട്ടുള്ള വിറ്റുവരവ് സാമ്പത്തിക പ്രസ്താവനയേക്കാൾ കുറവാണെങ്കിൽ റീകൺസൈൽ ചെയ്യിട്ടില്ലാത്ത തുക, റിപ്പോർട്ടുചെയ്യാത്തത്, അണ്ടർ-റിപ്പോർട്ടിംഗ്, ഷോർട്ട്-റിപ്പോർട്ടിംഗ്, ഒഴിവാക്കൽ, നികുതി നൽകേണ്ട സപ്ലൈകൾ റിപ്പോർട്ട് ചെയ്യുന്നതിൽ പിശക് എന്നിവ സൂചിപ്പിക്കുന്നു. നികുതി നൽകേണ്ടതും ഒഴിവാക്കിയതുമായ സപ്ലൈകൾ റിപ്പോർട്ട് ചെയ്യാത്തതിനാലും കൂടിയാവാമിത്.

ടിപിഎസ്സി, പൂജപ്പുരയ്ക്ക് കീഴിലുള്ള ഒരു നികുതിദായകന്റെ കാര്യത്തിൽ, ജിഎസ്ടിആർ-9സിയുടെ പട്ടിക 7ജിയിൽ രേഖപ്പെടുത്തിയിരിക്കുന്നതിലെ, നികുതി നൽകേണ്ട വിറ്റുവരവിൽ ₹435.25 കോടിയുടെ വ്യത്യാസം ഓഡിറ്റ് ശ്രദ്ധിച്ചു. ഇത് വകുപ്പിനെ അറിയിച്ചു (2023 ഓഗസ്റ്റ്). മറുപടിയായി, നികുതിദായകന് എഎസ്എംടി-10 നൽകിയതായി വകുപ്പ് അറിയിച്ചു (2023 ഒക്ടോബർ).

ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി (2024 ഓഗസ്റ്റ്). മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

(xvi) കോമ്പോസിഷൻ ലെവിക്ക് കീഴിലുള്ള ഇ-കൊമേഴ്സ് ഗുണഭോക്താക്കൾ (ഡൈമൻഷൻ 17)

സപ്ലൈകൾ നടത്തുന്നതിന് ഇ-കൊമേഴ്സ് സൗകര്യം പ്രയോജനപ്പെടുത്തിയ കോമ്പോസിഷൻ നികുതിദായകരെ തിരിച്ചറിയാൻ ഓഡിറ്റ് ശ്രമിച്ചു. ജിഎസ്ടിആർ-8ൽ സൂചിപ്പിച്ചിരിക്കുന്ന സ്വീകർത്താക്കൾ സിഎംപി-08ഉം ഫയൽ ചെയ്തിട്ടുണ്ടോ യെന്ന് പരിശോധിക്കുന്നതിനായി ഇ-കൊമേഴ്സ് ഓപ്പറേറ്റർമാർ സമർപ്പിച്ച ജിഎസ്ടിആർ-8നെയും കോമ്പോസിഷൻ നികുതിദായകർ സമർപ്പിച്ച സിഎംപി-08നെയും സംബന്ധിച്ച ഡാറ്റാസെറ്റുകൾ താരതമ്യം ചെയ്തു. നികുതിദായകൻ കോമ്പോസിഷൻ ലെവിയുടെ പ്രയോജനം ക്രമരഹിതമായി നേടിയതായി കാണപ്പെട്ടതിനു പുറമേ, ജിഎസ്ടിആർ-8 റിട്ടേണുകളിൽ ഇ-കൊമേഴ്സ് ദാതാവ് പ്രഖ്യാപിച്ച നികുതിദായകനെ സംബന്ധിച്ച വിറ്റുവരവ് നികുതിദായകർ സിഎംപി-08ൽ പ്രഖ്യാപിച്ച വിറ്റുവരവിനേക്കാൾ കൂടുതലാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ടിപിഎസ്സി, പെരുമ്പാവൂരിലെ ഒരു നികുതിദായകൻ ഇ-കോമേഴ്സ് ദാതാവിന്റെ ജിഎസ്ടിആർ-8 പ്രകാരം, ഇ-കൊമേഴ്സ് ഓപ്പറേറ്റർ വഴി ₹3.60 കോടിയുടെ സപ്ലൈ

നടത്തിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 10(2)(ഡി) പ്രകാരം, ഒരു ഇലക്ട്രോണിക് കൊമേഴ്സ് ഓപ്പറേറ്റർ മുഖേന ചരക്കുകളുടെയോ സേവനങ്ങളുടെയോ വിതരണത്തിൽ ഏർപ്പെട്ടിട്ടില്ലെങ്കിൽ, രജിസ്റ്റർ ചെയ്ത വ്യക്തിക്ക് കോമ്പോസിഷൻ ലെവി തിരഞ്ഞെടുക്കാൻ അർഹതയുണ്ട്. കേസ് വകുപ്പിനെ അറിയിച്ചു (2023 ഓഗസ്റ്റ്). മറുപടിയായി, നികുതിദായകന് എഎസ്എംടി-10 നൽകിയതായി വകുപ്പ് അറിയിച്ചു (2024 ഓഗസ്റ്റ്).

ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി (2024 ഓഗസ്റ്റ്). മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

ശുപാർശ 5:

ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുള്ള എല്ലാ വ്യതിയാനങ്ങളുടെയും നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വകുപ്പിന്, ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാം.

2.4.8 വിശദമായ ഓഡിറ്റ് (ഭാഗം III)

ഒരു സ്വയം വിലയിരുത്തൽ വ്യവസ്ഥയിൽ, നിയമം പാലിക്കേണ്ട ബാധ്യത നികുതിദായകനാണ്. ഇത് നിരീക്ഷിക്കുന്നതിന് കാര്യക്ഷമമായ നികുതി ഭരണ സംവിധാനം സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് വകുപ്പിന്റെ പങ്ക്. വിഭവശേഷിയുടെ അപര്യാപ്തത കണക്കിലെടുത്ത്, നികുതി ഭരണം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും നിയമപാലനം ഉറപ്പാക്കുന്നതിനും റവന്യൂ പിരിച്ചെടുക്കൽ സുഗമമാക്കുന്നതിനും കാര്യക്ഷമമായ ഭരണസംവിധാനം ഉണ്ടായിരിക്കേണ്ടത് നിർണായകമാണ്. വിവേചനമില്ലാത്ത ഒരു ഭരണസംവിധാനം നിലനിർത്താനും ലക്ഷ്യബോധത്തോടെയുള്ള അനുവർത്തനം നടപ്പിലാക്കുന്നത് സുഗമമാക്കുന്നതിനും ഐടി അധിഷ്ഠിത അനുവർത്തന മോഡൽ പ്രാപ്തമാക്കുന്നു.

ഒരു ബാഹ്യ ഓഡിറ്റ് വീക്ഷണകോണിൽ നിന്ന്, ഡാറ്റാധിഷ്ഠിത റിസ്ക് അടിസ്ഥാനമാക്കിയുള്ള സമീപനത്തിലും ഓഡിറ്റ് ശ്രദ്ധ കേന്ദ്രീകരിച്ചു. ഇന്ത്യ മുഴുവനുമുള്ള ജിഎസ്ടി ഡാറ്റയുടെ വിശകലനത്തിലൂടെ ജിഎസ്ടി റിട്ടേണുകളിലെ പൊരുത്തക്കേടുകൾ/ വ്യതിയാനങ്ങൾ തിരിച്ചറിയുന്നതിനു പുറമേ, ഈ അവലോകനത്തിന്റെ ഭാഗമായി, റിസ്ക് അടിസ്ഥാനമാക്കി 70 നികുതിദായകരുടെ സാമ്പിൾ തിരഞ്ഞെടുത്ത് ജിഎസ്ടി റിട്ടേണുകളുടെ വിശദമായ ഓഡിറ്റും നടത്തി. ഇതിന് സ്വീകരിച്ച രീതി എന്ന് പറയുന്നത് ആദ്യം ജിഎസ്ടി റിട്ടേണുകളുടെയും ജിഎസ്ടിആർ-9സിയുടെ ഭാഗമായി നികുതിദായകർ ഫയൽ ചെയ്ത സാമ്പത്തിക പ്രസ്താവനകളുടെയും ബാക്ക്-എൻഡ് സിസ്റ്റത്തിൽ ലഭ്യമായ മറ്റ് രേഖകളുടെയും ഡെസ്ക് അവലോകനം നടത്തി, റിസ്ക് സാധ്യതയുള്ള മേഖലകൾ, പൊരുത്തക്കേടുകൾ/ വ്യതിയാനങ്ങൾ, റെഡ് ഫ്ലാഗുകൾ എന്നിവ തിരിച്ചറിയുന്നതാണ്. ഡെസ്ക് അവലോകന ഫലങ്ങളെ അടിസ്ഥാനമാക്കി, കണ്ടെത്തിയ റിസ്കുകൾക്ക് കാരണമായ ഘടകങ്ങൾ തിരിച്ചറിയുന്നതിനും നികുതിദായകരുടെ അനുവർത്തനം വിലയിരുത്തുന്നതിനും, ഫിനാൻഷ്യൽ ലെഡ്ജറുകൾ, ഇൻവോയ്സുകൾ തുടങ്ങിയ നികുതിദായകരുടെ അനുബന്ധ ഗ്രാനുലാർ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നികുതിനിർണ്ണയ സർക്കിളുകളിൽ വിശദമായ ഓഡിറ്റ് നടത്തി.

മുൻ ഖണ്ഡികകളിൽ സൂചിപ്പിച്ചതുപോലെ, റിസ്കുകളും റെഡ് ഫ്ലാഗുകളും തിരിച്ചറിയുന്നതിനായി ജിഎസ്ടി റിട്ടേണുകളുടെയും മറ്റ് അടിസ്ഥാന രേഖകളുടെയും ഡെസ്ക് അവലോകനം നടത്തുന്നതും തുടർന്ന് നികുതിദായകർ കംപ്ലയൻസ് ചെയ്യാത്തതിന്റെ വ്യാപ്തിയും ടിപിഎസ്സികൾ സ്വീകരിച്ച നടപടികളും തിരിച്ചറിയുന്നതിനായി ഫീൽഡ് ഓഡിറ്റിംഗ് നടത്തുന്നതും വിശദമായ ഓഡിറ്റിൽ ഉൾപ്പെട്ടിരുന്നു. നികുതിദായകർ വിവിധ ഘട്ടങ്ങളിൽ പാലിക്കേണ്ട അനുവർത്തനത്തിലെ പോരായ്മ, ആത്യന്തികമായി, ഫയൽ ചെയ്ത റിട്ടേണുകളുടെയും ഐടിസിയുടെയും നികുതി ഒടുക്കിയതിന്റെയും ആധികാരികതയെ ബാധിക്കുന്നു.

അതിനാൽ ഓഡിറ്റ് കണ്ടെത്തലുകൾ എ) റിട്ടേണുകൾ ബി) ഐടിസിയുടെ ഉപയോഗം സി) നികുതി ബാധ്യതയുടെ തീർപ്പാക്കൽ എന്നിവയ്ക്ക് കീഴിൽ ക്രോഡീകരിച്ചിരിക്കുന്നു.

2.4.8.1 വ്യാപ്തിയുടെ പരിമിതി

ബാക്ക്-എൻഡ് സിസ്റ്റത്തിൽ ലഭ്യമായ നികുതിദായകരുടെ രേഖകളുടെ ഡെസ്ക് അവലോകനത്തിനിടെ, വിശദമായ പരിശോധനയ്ക്കായി അധിക ഐടിസി, നികുതി ബാധ്യതയിലെ പൊരുത്തക്കേടുകൾ എന്നിവയുമായി ബന്ധപ്പെട്ട റിസ്ക് ഓഡിറ്റ് തിരിച്ചറിഞ്ഞു. ഐടിസി ഡൈമൻഷനിൽ, ജിഎസ്ടിആർ-3ബിയെ ജിഎസ്ടിആർ-2എ, ജിഎസ്ടിആർ-9 എന്നിവയുമായും ജിഎസ്ടിആർ-9സിയുടെ പട്ടിക 12, 14 എന്നിവയിൽ നടത്തിയ പ്രസ്താവനകളുമായും താരതമ്യം ചെയ്ത് പൊരുത്തക്കേടുകൾ തിരിച്ചറിഞ്ഞു. നികുതി ബാധ്യതാ ഡൈമൻഷനിൽ, ജിഎസ്ടിആർ-3ബിയെ ജിഎസ്ടിആർ-1, ജിഎസ്ടിആർ-9 എന്നിവയുമായും ജിഎസ്ടിആർ-9സിയുടെ പട്ടികകൾ 5, 7, 9 എന്നിവയിലെ പ്രസ്താവനകളുമായും താരതമ്യം ചെയ്തുകൊണ്ട് പൊരുത്തക്കേടുകൾ കണ്ടെത്തി.

38 ടിപിഎസ്സികളിൽ നിന്ന് 70 നികുതിദായകരുടെ ഗ്രാനുലാർ റെക്കോർഡുകൾ ഓഡിറ്റ് ആവശ്യപ്പെട്ടു. എന്നാൽ, 17 എണ്ണത്തിൽ മാത്രമാണ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയത്. 31 ടിപിഎസ്സികൾക്ക് കീഴിലുള്ള ബാക്കി 53 കേസുകളിൽ, ഐടിസിയുടെയും നികുതി ബാധ്യതയുടെയും പൊരുത്തക്കേടുകൾക്ക് കാരണമായ ഘടകങ്ങൾ പരിശോധിക്കുന്നതിന് ആവശ്യമായ അനുബന്ധ സാമ്പത്തിക ലെഡ്ജറുകൾ, ഇൻവോയ്സുകൾ, കരാർ പകർപ്പുകൾ തുടങ്ങിയ ഗ്രാനുലാർ രേഖകൾ വകുപ്പ് ഹാജരാക്കിയില്ല.

76 ശതമാനം കേസുകളിൽ (53 കേസുകൾ) ഗ്രാനുലാർ രേഖകൾ ഭാഗികമായി നൽകിയതിനാൽ, അധിക/ ക്രമരഹിതമായ ഐടിസി ലഭ്യതയുമായും ₹314.85 കോടിയുടെ നികുതി ബാധ്യത തീർപ്പാക്കാത്തതുമായി ബന്ധപ്പെട്ട റിസ്ക് ഓഡിറ്റിന് വിശദമായി പരിശോധിക്കാൻ കഴിഞ്ഞില്ല.

70 നികുതിദായകർ സമർപ്പിച്ച റിട്ടേണുകളുടെ വിശദമായ ഓഡിറ്റ്, ഗണ്യമായ എണ്ണം കേസുകളിൽ, നികുതിദായകർ പലിശ ഒടുക്കിയിട്ടില്ലെന്നും ഐടിസി ഉപയോഗത്തിലെ ക്രമക്കേടുകളും നികുതി ബാധ്യത തീർപ്പാക്കാത്തതും വെളിപ്പെടുത്തി. അവ ചുവടെ ചേർക്കുന്നു.

2.4.8.2 നികുതിദായകർ പലിശ അടയ്ക്കാത്തത്/ കുറഞ്ഞ ഒടുക്കൽ

നികുതിദായകർ തങ്ങളുടെ റിട്ടേണുകൾ വൈകി ഫയൽ ചെയ്യുകയോ അല്ലെങ്കിൽ തെറ്റായി എടുത്ത അധിക ഐടിസി തിരിച്ചടക്കുകയോ ചെയ്തെങ്കിലും പലിശ ബാധ്യതയായ ₹0.91 കോടി ഒടുക്കിയിട്ടില്ലെന്ന് ഓഡിറ്റ് ചെയ്ത സാമ്പിളിന്റെ 13 ശതമാനം വരുന്ന ഒമ്പത് കേസുകളിൽ ഓഡിറ്റ് നിരീക്ഷിച്ചു.

ദൃഷ്ടാന്തമായ ഒരു കേസ് ചുവടെ നൽകിയിരിക്കുന്നു:

ടിപിഎസ്സി, ഫറോക്കിനു കീഴിലുള്ള ഒരു നികുതിദായകൻ, 2018-19, 2019-20, 2020-21ലെ ജിഎസ്ടിആർ-3ബി റിട്ടേണുകൾ വൈകി ഫയൽ ചെയ്യുകയും ഈ റിട്ടേണുകളിലെ നികുതി കുടിശ്ശിക ക്യാഷ് ലെഡ്ജർ ഡെബിറ്റ് ചെയ്ത് ഒടുക്കുകയും ചെയ്തു. എന്നാൽ ₹0.40 കോടി പലിശ ഒടുക്കിയില്ല.

ഇത് വകുപ്പിന്റെയും (2024 ജനുവരി) സർക്കാരിന്റെയും (2024 ഓഗസ്റ്റ്) ശ്രദ്ധയിൽപ്പെടുത്തി. മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

2.4.8.3 ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ഉപയോഗം

ബിസിനസ്സിന്റെ ഭാഗമായുള്ള ചരക്കുകളോ സേവനങ്ങളോ ഇവ രണ്ടുമോ വാങ്ങുമ്പോൾ നികുതി വിധേയനായ ഒരാൾ നൽകുന്ന ചരക്ക് സേവന നികുതിയുടെ (ജിഎസ്ടി) ക്രെഡിറ്റ് ആണ് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ഐടിസി). നികുതികൾക്ക് മേൽ നികുതി ചുമത്തുന്നത് ഒഴിവാക്കാൻ, ഇൻവേർഡ് സപ്ലൈകൾക്ക് അടച്ച നികുതികളുടെ ക്രെഡിറ്റ് ഉപയോഗിച്ച് ഔട്ട്‌വേർഡ് സപ്ലൈകൾക്ക് നികുതി അടയ്ക്കുന്നത് കുറവ് ചെയ്യാം.

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 16ഉം 17ഉം, ഐടിസി ലഭിക്കുന്നതിനുള്ള യോഗ്യതയും വ്യവസ്ഥകളും നിർദ്ദേശിക്കുന്നു. സിജിഎസ്ടിയുടെ ക്രെഡിറ്റ് എസ്ജിഎസ്ടി/ യുടിജിഎസ്ടി പേയ്മെന്റിനും തിരിച്ചും ഉപയോഗിക്കാൻ കഴിയില്ല. 2017ലെ എസ്ജിഎസ്ടി ചട്ടങ്ങളുടെ 36 മുതൽ 45 വരെയുള്ള ചട്ടങ്ങൾ, ഐടിസി ലഭ്യമാക്കുന്നതിനും റിവേഴ്സ് ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾ നിർദ്ദേശിക്കുന്നു.

₹824.06 കോടിയുടെ 112 അനുവർത്തന പോരായ്മകൾ ഓഡിറ്റ് കണ്ടെത്തി. യോഗ്യതയില്ലാത്ത ഐടിസി, ഐടിസിയുടെ കുറഞ്ഞ റിവേഴ്സൽ, ഇൻപുട്ട് സേവന വിതരണത്തിൽ ഐടിസിയുടെ അധിക ലഭ്യത എന്നിവ മൂലമാണ് പോരായ്മകൾ ഉണ്ടായത്.

i) യോഗ്യതയില്ലാത്ത ഐടിസിയുടെ ലഭ്യത

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 17, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കാത്ത, നികുതി നൽകേണ്ട ഔട്ട്‌വേർഡ് സപ്ലൈ അതേ വിഭാഗത്തിലുള്ള സേവനങ്ങളാണെങ്കിൽ ഒഴികെ, ചരക്കുകളുടെയും സേവനങ്ങളുടെയും ഒരു പട്ടിക നൽകുന്നു.

നികുതിദായകർ, 13 കേസുകളിൽ അനുവർത്തനം ഇല്ലാത്തത് മൂലം ₹139.47 കോടിയുടെ യോഗ്യതയില്ലാത്ത ഐടിസി നേടിയത് ഓഡിറ്റ് നിരീക്ഷിച്ചു. ബിസിനസിൽ ഉപയോഗിക്കാത്ത ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണം, ബ്ലോക്ക് ചെയ്ത/ അനുവദനീയമല്ലാത്ത ഇനങ്ങളിൽ ലഭിച്ച ക്രെഡിറ്റ് മുതലായവയിൽ ഐടിസി ലഭിച്ചതാണ് പോരായ്മകൾക്ക് പ്രധാന കാരണം.

ദൃഷ്ടാന്തമായ ഒരു കേസ് ചുവടെ നൽകിയിരിക്കുന്നു:

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 17(5)(സി) പ്രകാരം, വർക്സ് കോൺട്രാക്ട് സേവനത്തിന്റെ തുടർന്നുള്ള വിതരണത്തിനുള്ള ഇൻപുട്ട് സേവനമാണെങ്കിൽ ഒഴികെയുള്ള, സ്ഥാവര വസ്തുക്കളുടെ (പ്ലാന്റ്, മെഷിനറി എന്നിവ ഒഴികെ) നിർമ്മാണത്തിനായി വർക്സ് കോൺട്രാക്ട് സേവനങ്ങൾ നൽകുന്നതിന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമല്ല.

ടിപിഎസ്സി, കവടിയാറിലെ ഒരു നികുതിദായകന് ജിഎസ്ടിആർ-9ന്റെ പട്ടിക 8എ പ്രകാരം, വർക്സ് കോൺട്രാക്ട് സേവനത്തിന്റെ വിതരണക്കാരനായ മറ്റൊരു നികുതിദായകനിൽ നിന്നുള്ള സപ്ലൈക്ക് 2019-20 വർഷത്തേക്ക് ₹9.58 കോടിയും 2020-21 വർഷത്തേക്ക് ₹24.30 കോടിയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിച്ചു. രജിസ്ട്രേഷൻ വിശദാംശങ്ങൾ അനുസരിച്ച്, നികുതിദായകന് ഓപ്പറേറ്റർ ഉള്ളതോ അല്ലാതെയോ ഉള്ള യാത്ര കപ്പലുകൾ, ചരക്ക് കപ്പലുകൾ മുതലായവ ഉൾപ്പെടെയുള്ള ജലയാനങ്ങളുടെ വാടക സേവനങ്ങൾ, വേറെ എവിടെയും തരംതിരിച്ചിട്ടില്ലാത്ത മറ്റ് സപ്പോർട്ട് സർവീസസ് (എച്ച്എസ്എൻ 996602, 998599) എന്നിവ ഉണ്ടായിരുന്നു. മറ്റ് നികുതിദായകരിൽ നിന്ന് വർക്സ് കോൺട്രാക്ട് സേവനങ്ങൾ സ്വീകരിക്കുന്നത് വർക്സ് കോൺട്രാക്ടിന്റെ തുടർന്നുള്ള വിതരണത്തിനല്ല എന്നതിനാൽ, ആ വർക്സ് കോൺട്രാക്ട് രസീതുകൾക്ക് ഐടിസി ലഭിക്കാൻ നികുതിദായകന് അർഹതയില്ല. ഇത് ₹33.88 കോടിയുടെ ക്രമരഹിതമായ ഐടിസിക്ക് കാരണമായി.

ഇത് വകുപ്പിന്റെയും (2024 ജനുവരി) സർക്കാരിന്റെയും (2024 ഓഗസ്റ്റ്) ശ്രദ്ധയിൽപ്പെടുത്തി. മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

ii) ഐടിസിയുടെ കുറഞ്ഞ റിവേഴ്സൽ/ റിവേഴ്സ് ചെയ്യാത്തത്

2017ലെ എസ്ജിഎസ്ടി നിയമത്തിന്റെ വകുപ്പ് 17(2), എസ്ജിഎസ്ടി ചട്ടങ്ങളുടെ ചട്ടങ്ങൾ 42, 43 എന്നിവ പ്രകാരം രജിസ്റ്റർ ചെയ്ത വ്യക്തി ചരക്കുകളോ സേവനങ്ങളോ അല്ലെങ്കിൽ ഇവ രണ്ടും ഭാഗികമായി നികുതി ബാധകമായ സപ്ലൈകൾക്കും, പൂജ്യം നിരക്കുള്ള സപ്ലൈകൾ ഉൾപ്പെടെ, ഭാഗികമായി ഒഴിവാക്കപ്പെട്ട സപ്ലൈകൾക്കും ഉപയോഗിക്കുമ്പോൾ നികുതി ബാധകമായ സപ്ലൈകൾക്ക്, പൂജ്യം നിരക്കുള്ള സപ്ലൈകൾ ഉൾപ്പെടെ, ചുമത്തപ്പെടാവുന്ന ഇൻപുട്ട് ടാക്സിന്റെ അത്രയും തുകയ്ക്ക് ക്രെഡിറ്റ് തുക പരിമിതപ്പെടുത്തും.

2017ലെ എസ്ജിഎസ്ടി ചട്ടങ്ങളുടെ ചട്ടങ്ങൾ 42, 43 എന്നിവയുടെ തെറ്റായ പ്രയോഗം കാരണമുള്ള അനുവർത്തന പോരായ്മ മൂലം നികുതിദായകർ ₹136.98 കോടിയുടെ, കുറഞ്ഞ ഐടിസി റിവേഴ്സ് ചെയ്യുകയോ റിവേഴ്സ് ചെയ്യാതിരിക്കുകയോ ചെയ്ത 22 കേസുകൾ ഓഡിറ്റ് നിരീക്ഷിച്ചു.

ദൃഷ്ടാന്തമായ ഒരു കേസ് ചുവടെ നൽകിയിരിക്കുന്നു:

ടിപിഎസ്സി, എറണാകുളം സെൻട്രലിനു കീഴിലുള്ള ഒരു നികുതിദായകൻ നികുതി നൽകേണ്ടതും നികുതി ഒഴിവാക്കിയതുമായ സപ്ലൈ നടത്തുന്നു. ജിഎസ്ടിആർ-9ന്റെ പട്ടിക 5ഡി അനുസരിച്ച്, നികുതിദായകന് 2018-21 കാലയളവിൽ നികുതി ഒഴിവാക്കിയ സപ്ലൈ ഉണ്ടായിരുന്നു. 2018-21 കാലയളവിൽ നികുതിദായകന് നികുതി ബാധകമായ സപ്ലൈയുമായി ബന്ധപ്പെട്ട ₹57.07 കോടിയുടെ ഐടിസിക്കെതിരെ ₹123.44 കോടി ഐടിസി ലഭിച്ചു. നികുതി ബാധകമായ സപ്ലൈക്ക് മാത്രമായി ഐടിസി പരിമിതപ്പെടുത്താത്തത് ₹66.37[27] കോടിയുടെ അധിക ഐടിസിക്ക് കാരണമായി.

ഇത് വകുപ്പിന്റെയും (2024 ജനുവരി) സർക്കാരിന്റെയും (2024 ഓഗസ്റ്റ്) ശ്രദ്ധയിൽ പ്പെടുത്തി. മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

iii) ഇൻപുട്ട് സേവന വിതരണത്തിലൂടെ ഐടിസിയുടെ അധിക ലഭ്യത

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 2(61) "ഇൻപുട്ട് സർവീസ് ഡിസ്ട്രിബ്യൂട്ടർ" (ഐഎസ്ഡി) എന്നത് ഇൻപുട്ട് സേവനങ്ങൾ കൈപ്പറ്റിയതിനു നികുതി ഇൻവോയ്സുകൾ സ്വീകരിക്കുകയും, നികുതി ബാധകമായ ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയോ വിതരണക്കാരന് ഐടിസി കൈമാറ്റം ചെയ്യുന്നതിനായി നിഷ്കർഷിച്ച രേഖ നൽകുകയും ചെയ്യാവുന്ന, പ്രസ്തുത ഓഫീസിന്റേത് പോലെ ഒരേ പെർമനന്റ് അക്കൗണ്ട് നമ്പറുള്ള (പാൻ), ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയോ വിതരണക്കാരന്റെ ഓഫീസായി നിർവചിക്കുന്നു. 2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 20, ഐഎസ്ഡി ക്രെഡിറ്റ് വിതരണ രീതി നിർദ്ദേശിക്കുന്നു, കൂടാതെ, 2017ലെ എസ്ജിഎസ്ടി ചട്ടങ്ങളുടെ ചട്ടം 39(1) പ്രകാരമുള്ള വ്യവസ്ഥകൾക്കനുസൃതമായുള്ള ഇൻവോയ്സ് ഐഎസ്ഡി നൽകേണ്ടതാണ്.

അനുവർത്തന പോരായ്മ മൂലം നികുതിദായകർ ഐഎസ്ഡി വഴി ഒന്നുകിൽ ഐടിസി ക്രമരഹിതമായി നേടിയതോ അല്ലെങ്കിൽ അധികമായി നേടിയതോ ആയ ₹188.89 കോടിയുടെ 15 കേസുകൾ ഓഡിറ്റ് നിരീക്ഷിച്ചു.

[27] 2018-19 - ₹13.18 കോടി, 2019-20 - ₹42.86 കോടി, 2020-21 - ₹10.33 കോടി.

ദൃഷ്ടാന്തമായ ഒരു കേസ് ചുവടെ നൽകിയിരിക്കുന്നു:

ടിപിഎസ്സി, എറണാകുളം സെൻട്രലിനു കീഴിലുള്ള ഒരു നികുതിദായകൻ, 2018-19 മുതൽ 2020-21 വരെയുള്ള കാലയളവിൽ, ജിഎസ്ടിആർ-9ന്റെ പട്ടിക 6ജി പ്രകാരം ₹73.11 കോടിയുടെ ഐഎസ്ഡി ക്രെഡിറ്റ് നേടി. എന്നാൽ നികുതിദായകന്റെ ജിഎസ്ടിആർ-2എ പ്രകാരം, ഐഎസ്ഡി നൽകിയ ഐടിസി ഇൻവോയ്സുകൾ ₹0.80 കോടിക്ക് മാത്രമായിരുന്നു. ഇത് നികുതിദായകന് ഐഎസ്ഡി ക്രെഡിറ്റിൽ ₹72.31[28] കോടിയുടെ അധിക ഐടിസി ലഭിച്ചുവെന്ന് കാണിക്കുന്നു.

ഇത് വകുപ്പിന്റെയും (2024 ജനുവരി) സർക്കാരിന്റെയും (2024 ഓഗസ്റ്റ്) ശ്രദ്ധയിൽപ്പെടുത്തി. മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

iv) ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കാതെ ഐടിസി എടുക്കുന്നു

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 16 പ്രകാരം, രജിസ്റ്റർ ചെയ്തിട്ടുള്ള ഓരോ വ്യക്തിക്കും, നിർദ്ദേശിച്ചിരിക്കുന്ന അത്തരം വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, വകുപ്പ് 49ൽ വ്യക്തമാക്കിയ രീതിയിൽ, അവരുടെ ബിസിനസ്സിന്റെ ഭാഗമായി ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതോ ആയ അവർക്ക് വിതരണം ചെയ്ത ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ ആയി ഈടാക്കിയ ഇൻപുട്ട് നികുതിയുടെ ക്രെഡിറ്റ് എടുക്കാൻ അർഹതയുണ്ട്. പ്രസ്തുത തുക ആ വ്യക്തിയുടെ ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജറിൽ ക്രെഡിറ്റ് ചെയ്യപ്പെടും. കൂടാതെ, രജിസ്റ്റർ ചെയ്ത ഒരു വ്യക്തിക്ക് അദ്ദേഹത്തിന് വിതരണം ചെയ്ത ഏതെങ്കിലും ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ ഏതെങ്കിലും ഇൻപുട്ട് നികുതിയുടെ ക്രെഡിറ്റിന്, താഴെ കൊടുത്തിരിക്കുന്നതിന് വിധേയമായല്ലാതെ, അർഹത ഉണ്ടായിരിക്കുന്നതല്ല.

i. ഈ നിയമത്തിന് കീഴിൽ രജിസ്റ്റർ ചെയ്ത ഒരു വിതരണക്കാരൻ നൽകിയ നികുതി ഇൻവോയ്സ് അല്ലെങ്കിൽ ഡെബിറ്റ് നോട്ട് അല്ലെങ്കിൽ നിർദിഷ്ട മറ്റ് നികുതി അടയ്ക്കൽ രേഖകൾ അവന്റെ കൈവശമുണ്ട്;

ii. അയാൾക്ക് സാധനങ്ങളോ സേവനങ്ങളോ അല്ലെങ്കിൽ ഇവ രണ്ടും ലഭിച്ചിട്ടുണ്ട്;

iii. വകുപ്പ് 41ലെ വ്യവസ്ഥകൾക്ക് വിധേയമായി, അത്തരം വിതരണവുമായി ബന്ധപ്പെട്ട് ഈടാക്കുന്ന നികുതി യഥാർത്ഥത്തിൽ സർക്കാരിന് പണമായോ പ്രസ്തുത വിതരണവുമായി ബന്ധപ്പെട്ട് അനുവദനീയമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിച്ചോ നൽകിയിട്ടുണ്ട്; ഒപ്പം

iv. വകുപ്പ് 39 പ്രകാരം അദ്ദേഹം റിട്ടേൺ നൽകിയിട്ടുണ്ട്.

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 41 അനുസരിച്ച്, രജിസ്റ്റർ ചെയ്തിട്ടുള്ള ഓരോ വ്യക്തിക്കും, നിർദ്ദേശിച്ചിരിക്കുന്ന അത്തരം വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, സ്വയം വിലയിരുത്തിയ, യോഗ്യതയുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കാൻ അർഹതയുണ്ട്. അത് അയാളുടെ ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജറിൽ ക്രെഡിറ്റ് ചെയ്യപ്പെടും. അത്തരം ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയോ വിതരണങ്ങളെ സംബന്ധിച്ച് ഒരു രജിസ്റ്റർ ചെയ്ത വ്യക്തിക്ക് ഉപവകുപ്പ് (1) പ്രകാരം ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, വിതരണക്കാരൻ നികുതി അടയ്ക്കാത്ത സാഹചര്യത്തിൽ, ബാധകമായ പലിശ സഹിതം ആ വ്യക്തി റിവേഴ്സ് ചെയ്യേണ്ടതാണ്.

[28] 2018-19 - ₹8.40 കോടി, 2019-20 - ₹41.86 കോടി, 2020-21 - ₹22.05 കോടി.

അനുവർത്തന പോരായ്മ മൂലം നികുതിദായകർ അർഹതയില്ലാത്ത ₹291.75 കോടിയുടെ ഐടിസി നേടിയ 51 കേസുകൾ ഓഡിറ്റ് നിരീക്ഷിച്ചു. ജിഎസ്ടിആർ-2എ പ്രകാരം ലഭ്യമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനേക്കാൾ കൂടുതലായി ഐടിസി ലഭിച്ചതാണ് പോരായ്മകൾക്ക് കാരണം.

ദൃഷ്ടാന്തമായ ഒരു കേസ് ചുവടെ നൽകിയിരിക്കുന്നു:

ടിപിഎസ്‌സി, വൈറ്റിലയ്ക്ക് കീഴിലുള്ള ഒരു നികുതിദായകൻ 2018-19 മുതൽ 2020-21 വരെയുള്ള കാലയളവിൽ സമർപ്പിച്ച ജിഎസ്ടിആർ-9ന്റെ പട്ടിക 8ഡിയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഇൻവേർഡ് സപ്ലൈ പ്രകാരം ₹104.89 കോടിയുടെ അധിക ഐടിസി അവകാശപ്പെട്ടു.

ഇത് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ (2023 ജൂലൈ), ഈ കേസിൽ തുടർനടപടിക്കുള്ള നിർദ്ദേശങ്ങൾ ജോയിന്റ് കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വകുപ്പ് അറിയിച്ചു (2023 ഓഗസ്റ്റ്).

v) വകുപ്പ് സ്വീകരിച്ച നടപടികളിന്മേൽ ഓഡിറ്റിന്റെ സൂക്ഷ്മപരിശോധന

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 16(2)ന് താഴെയുള്ള രണ്ടാമത്തെ വ്യവസ്ഥ പ്രകാരം, വിതരണക്കാരൻ ഇൻവോയ്സ് നൽകിയ തീയതി മുതൽ 180 ദിവസത്തിനുള്ളിൽ ഒരു സ്വീകർത്താവ് സപ്ലൈയുടെ തുകയും നികുതിയും വിതരണക്കാരന് നൽകുന്നതിൽ പരാജയപ്പെട്ടാൽ, സ്വീകർത്താവിന് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് തുല്യമായ തുകയും അതിന്റെ പലിശയും അയാളുടെ ഔട്ട്പുട്ട് ടാക്സ് ബാധ്യതയിലേക്ക് ചേർക്കും.

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 73(10) പ്രകാരം, നികുതി അടയ്ക്കാത്തതോ കുറവ് നികുതി അടച്ചതോ അല്ലെങ്കിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തെറ്റായി ലഭിക്കുകയോ, ഉപയോഗിക്കുകയോ ചെയ്ത സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക റിട്ടേൺ നൽകുന്നതിനുള്ള നിശ്ചിത തീയതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ പ്രോപ്പർ ഓഫീസർ ഉപവകുപ്പ് 9 പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. 2018-19 വർഷത്തെ അഡ്ജുഡിക്കേഷൻ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുള്ള അവസാന തീയതി 2024 ഏപ്രിൽ 30 ആയിരുന്നു.

ഓഡിറ്റ് നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ വകുപ്പ് നടപടി സ്വീകരിച്ച 45 കേസുകൾ പരിശോധിച്ചപ്പോൾ, 11 കേസുകളിൽ വകുപ്പ് ശരിയായ നടപടിയെടുക്കാത്തതിനാൽ ₹66.97 കോടി ഖജനാവിന് നഷ്ടമുണ്ടായെന്ന് ഓഡിറ്റ് കണ്ടെത്തി.

ഇത് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ (2024 ഓഗസ്റ്റ്), 11 കേസുകളിൽ നാല് കേസുകൾ വകുപ്പ് പരിശോധിച്ചുവെന്നും രണ്ട് കേസുകളിൽ ക്രമക്കേടുകളൊന്നും കണ്ടെത്തിയിട്ടില്ലെന്നും ഒരു കേസിൽ ₹10.34 ലക്ഷം അധികമായി ഡിമാൻഡ് ചെയ്തിട്ടുണ്ടെന്നും ഒരു കേസിൽ 2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 73(1) പ്രകാരം എസ്‌സിഎൻ പുറപ്പെടുവിച്ചുവെന്നും സർക്കാർ അറിയിച്ചു (2024 സെപ്റ്റംബർ). രണ്ട് കേസുകളിൽ, വകുപ്പ് മറുപടി നൽകുകയും ക്രമക്കേടുകൾ സമ്മതിക്കുകയും ചെയ്തു. ബാക്കിയുള്ള അഞ്ച് കേസുകളിൽ മറുപടി കാത്തിരിക്കുന്നു. പ്രോപ്പർ ഓഫീസർമാർ കേസുകൾ ഒഴിവാക്കുന്നതിന്റെ/ തുടർനടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം ഗൗരവമായി കാണുമെന്ന് എക്സിറ്റ് കോൺഫറൻസിൽ (2024 സെപ്റ്റംബർ) വകുപ്പ് അറിയിച്ചു.

ഈ വിഭാഗത്തിൽപെട്ട മൂന്നു കേസുകൾ ചുവടെ നൽകിയിരിക്കുന്നു.

- ടിപിഎസ്‌സി, കവടിയാറിന് കീഴിലുള്ള ഒരു നികുതിദായകനെ സംബന്ധിച്ച്, ജിഎസ്ടിആർ-2എയിൽ പറഞ്ഞിരിക്കുന്നതുമായി താരതമ്യപ്പെടുത്തുമ്പോൾ

ജിഎസ്ടിആർ-3ബിയിൽ ലഭ്യമായ ഐടിസിയിലെ വ്യത്യാസം[29] ഓഡിറ്റ് അറിയിച്ചിരുന്നു. ജിഎസ്ടിആർ-2എ, ജിഎസ്ടിആർ-3ബി എന്നിവയുടെ അനുരഞ്ജന പത്രികയോടൊപ്പം നികുതിദായകൻ മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ 2018-19 കാലയളവിലെ നികുതി നിർണ്ണയിക്കാനുള്ള നിർദ്ദേശം സ്റ്റേറ്റ് ടാക്സ് ഓഫീസർ ഉപേക്ഷിച്ചു.

അനുരഞ്ജന പ്രസ്താവന പരിശോധിച്ചതിൽ, നികുതിദായകൻ ₹28.79 കോടി ‘ 2018-19ലെ ഐടിസി 2019-20ൽ പ്രയോജനപ്പെടുത്തി’ എന്ന് കാണിച്ചിരുന്നു. എന്നാൽ, 2018-19ലെ ജിഎസ്ടിആർ-9ന്റെ പട്ടിക 13 പരിശോധിച്ചപ്പോൾ, ‘ 2018-19ലെ ഐടിസി 2019-20ൽ പ്രയോജനപ്പെടുത്തിയത്’ ₹46.31 കോടിയാണെന്ന് ശ്രദ്ധയിൽപ്പെട്ടു. അതിനാൽ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ശരിയല്ല. ഇതുമൂലം ഖജനാവിന് പലിശയും പിഴയും ഉൾപ്പെടെ ₹35.04 കോടിയുടെ നികുതി നഷ്ടമായി.

ഇത് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ (2024 മെയ്) എസ്സിഎൻ നൽകാനുള്ള അവസാന തീയതിക്ക് മുമ്പ് ഈ നികുതിദായകനെതിരെ വകുപ്പ് 73 പ്രകാരം എസ്സിഎൻ നൽകാനുള്ള സാധ്യതയെക്കുറിച്ച് സംസ്ഥാന നികുതി ഓഫീസർ സൂപ്പർവൈസറി ഓഫീസർമാരെ അറിയിച്ചിട്ടില്ല എന്ന് വകുപ്പ് മറുപടി നൽകി (2024 മേയ്). ഈ മറുപടി ഓഡിറ്റ് നിരീക്ഷണത്തിൽ പ്രസക്തമല്ല.

➢ ടിപിഎസ്സി, വൈറ്റിലയ്ക്ക് കീഴിലുള്ള ഒരു നികുതിദായകനെ സംബന്ധിച്ചുള്ള 2018-19 വർഷത്തെ ജിഎസ്ടിആർ-2എയിൽ വിവരിച്ചിരിക്കുന്നതുമായി താരതമ്യപ്പെടുത്തുമ്പോൾ ജിഎസ്ടിആർ-3ബിയിൽ ലഭ്യമായ ഐടിസിയിലെ വ്യത്യാസം ഓഡിറ്റ് അറിയിച്ചു. ഈ കേസിൽ വകുപ്പ് എസ്സിഎൻ പുറപ്പെടുവിക്കുകയും നികുതിദായകൻ ഐടിസിയുടെ അനുരഞ്ജന പ്രസ്താവന ഫയൽ ചെയ്യുകയും, ₹129.61 കോടി ചരക്കുകളുടെ ഇറക്കുമതിയിലെ ഐജിഎസ്ടിയായി വകുപ്പ് അംഗീകരിക്കുകയും ചെയ്തു. വകുപ്പിന്റെ തീരുമാനത്തെ പിന്തുണയ്ക്കുന്ന ഇറക്കുമതി രേഖകൾ പരിശോധിച്ചതിൽ, ₹8.63 കോടി ഐജിഎസ്ടി ഉള്ള 63 ഇൻവോയ്സുകൾ 2017-18 വർഷത്തേ താണെന്നും, 2018-19ലെ ജിഎസ്ടിആർ-9ന്റെ പട്ടിക 8സി പ്രകാരം നികുതി ദായകന് 2017-18 കാലയളവിൽ ലഭിച്ച ഇൻവേർഡ് സപ്ലൈകളിൽ ഐടിസി ക്ലെയിം ഇല്ല എന്നും ഓഡിറ്റ് കണ്ടെത്തി. ജിഎസ്ടിആർ-9ന്റെ പട്ടിക 6ഇ പ്രകാരം നികുതിദായകൻ 2018-19 വർഷത്തേക്കുള്ള ചരക്കുകളുടെ ഇറക്കുമതിയിൽ ഐജിഎസ്ടി ആയി ₹121.25 കോടി മാത്രമാണ് അവകാശപ്പെട്ടത്. അതിനാൽ നികുതിദായകൻ അവകാശപ്പെടാത്ത ചരക്കുകളുടെ ഇറക്കുമതിക്ക് ഐജിഎസ്ടി ആയി ₹129.61 കോടി അനുവദിച്ചത് ക്രമരഹിതമാണ്. ഇത് പലിശയും പിഴയും ഉൾപ്പെടെ ₹19.85 കോടിയുടെ നഷ്ടമുണ്ടാക്കി.

ഇത് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ (2024 മെയ്), നികുതിദായകൻ 2017-18 വർഷത്തേക്ക് ചരക്കുകളുടെ ഇറക്കുമതിക്ക് ₹79.16 കോടിയുടെ ഐജിഎസ്ടി അടച്ചിട്ടുണ്ടെന്നും 2017-18 വർഷത്തേക്ക് ചരക്കുകളുടെ ഇറക്കുമതിയിൽ അവകാശപ്പെടാത്ത ₹8.36 കോടി ഐടിസി ഉണ്ടെന്നും അത് 2018-19ലെ ജിഎസ്ടിആർ-3ബി വഴി നികുതിദായകൻ അവകാശപ്പെട്ടുവെന്നും വകുപ്പ് അറിയിച്ചു (2024 സെപ്റ്റംബർ).

ജിഎസ്ടിആർ-2എ (ബിൽ ഓഫ് എൻടി) പ്രകാരം നികുതിദായകന് 2017-18ൽ ലഭ്യമായ ഐടിസിയായ രണ്ട് കോടി രൂപ മുഴുവനും 2017-18ൽ തന്നെ ഉപയോഗിച്ചിരുന്നതിനാൽ ഈ മറുപടി സ്വീകാര്യമല്ല. വസ്തുത പരിശോധിക്കാതെ നികുതിദായകരുടെ ഐജിഎസ്ടി അവകാശം വകുപ്പ് അംഗീകരിച്ചു.

---

[29] സർക്കുലർ നമ്പർ 183/15/2022-ജിഎസ്ടി, 193/05/2023-ജിഎസ്ടി എന്നിവ ജിഎസ്ടിആർ-2എയിൽ വിശദമാക്കിയിരിക്കുന്നതുമായി താരതമ്യം ചെയ്യുമ്പോൾ ജിഎസ്ടിആർ-3ബിയിൽ ലഭ്യമായ ഐടിസിയിലെ വ്യത്യാസം എങ്ങനെ കൈകാര്യം ചെയ്യണമെന്ന് വ്യക്തമാക്കുന്നു.

➢ ടിപിഎസ്സി, നോർത്ത് പറവൂരിന്റെ കീഴിലുള്ള ഒരു നികുതിദായകനെ സംബന്ധിച്ചുള്ള 2018-19 വർഷത്തെ ജിഎസ്ടിആർ-2എയിൽ വിവരിച്ചിരിക്കുന്നതുമായി താരതമ്യം ചെയ്യുമ്പോൾ ജിഎസ്ടിആർ-3ബിയിൽ ലഭ്യമായ ഐടിസിയിലെ വ്യത്യാസം ഓഡിറ്റ് അറിയിച്ചു. ₹0.49 കോടി അധിക ഐടിസിയും നിർണ്ണയിച്ച നികുതിയും അറിയിച്ചുകൊണ്ട് പ്രോപ്പർ ഓഫീസർ വകുപ്പ് 73 പ്രകാരം എസ്‌സിഎൻ നൽകി. സൂക്ഷ്മപരിശോധനയിൽ, അധിക ക്രെഡിറ്റ് ലഭിച്ചത് ₹3.69 കോടിയാണെന്ന് കണ്ടെത്തി, അത് നികുതിയായി ₹3.20 കോടിയും പലിശയായി ₹2.87 കോടിയും കുറവായി നിശ്ചയിക്കുന്നതിനു കാരണമായി.

  ഇത് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ (2024 മേയ്) ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച പൊരുത്തക്കേടുകൾ തുടർനടപടികൾക്കായി റിവ്യൂ സെല്ലിന്റെ അവലോകനത്തിനായി നൽകുമെന്ന് വകുപ്പ് അറിയിച്ചു (2024 മേയ്).

2.4.8.4 നികുതി ബാധ്യതയുടെ ഡിസ്ചാർജ്

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 9, മനുഷ്യ ഉപഭോഗത്തിനായുള്ള മദ്യം വിതരണം ചെയ്യുന്നതൊഴികെ, സംസ്ഥാനത്തിനകത്തുള്ള എല്ലാ ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിനും മേലുള്ള നികുതിചുമത്തലും പിരിക്കലും വ്യവസ്ഥ ചെയ്യുന്നു. നിയമത്തിലെ വകുപ്പ് 15 പ്രകാരം നിർണ്ണയിച്ചിരിക്കുന്ന മൂല്യത്തിന്മേൽ, ഓരോന്നിലും പരമാവധി 20 ശതമാനം നിരക്കിൽ, നികുതി ചുമത്തേണ്ടതാണ്, അതായത് സിജിഎസ്ടി നിയമം, 2017, എസ്ജിഎസ്ടി നിയമം, 2017 എന്നിവ പ്രകാരം. ഐജിഎസ്ടി നിയമം, 2017ന്റെ വകുപ്പ് 5, ചരക്കുകളുടെയും സേവനങ്ങളുടെയും അന്തർസംസ്ഥാന വിതരണത്തിന്, പരമാവധി 40 ശതമാനം നിരക്കിൽ, ഐജിഎസ്ടി ചുമത്തലും പിരിക്കലും വ്യവസ്ഥ ചെയ്യുന്നു.

ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017ലെ വകുപ്പ് 8 പ്രകാരം, പ്രസ്തുത നിയമത്തിന്റെ പട്ടികയിൽ ചേർത്തിട്ടുള്ള, പുകയില ഉൽപന്നങ്ങൾ, ഏറേറ്റഡ് പാനീയങ്ങൾ, സിഗരറ്റുകൾ, വാഹനങ്ങൾ മുതലായ ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയും സംസ്ഥാനത്തിനകത്തുള്ളതും അന്തർ-സംസ്ഥാന വിതരണത്തിനും ഒരു സെസ് ചുമത്തുന്നു. 2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 9(4)ഉം 2017ലെ ഐജിഎസ്ടി നിയമത്തിലെ വകുപ്പ് 5ഉം, ചില സപ്ലൈകൾക്ക്, വിതരണക്കാരന് പകരം സ്വീകർത്താവ് നികുതി അടയ്ക്കാൻ ബാധ്യസ്ഥനാകുന്ന റിവേഴ്സ് ചാർജ് ചുമത്തുന്നതിനെ പ്രതിപാദിക്കുന്നു.

₹33.42 കോടിയുടെ നികുതി വരുന്നതും (37 സംഭവങ്ങൾ) ₹482.09 കോടിയുടെ വിറ്റുവരവ് ഒഴിവാക്കപ്പെട്ടതും (16 സംഭവങ്ങൾ) ഉൾപ്പെടുന്ന 55 സംഭവങ്ങളിൽ അനുവർത്തന പൊരുത്തക്കേടുകൾ ഓഡിറ്റ് നിരീക്ഷിച്ചു. വിതരണത്തിന്റെ തെറ്റായ വർഗ്ഗീകരണം, നികുതി നൽകേണ്ട വിതരണങ്ങൾ ഒഴിവാക്കൽ, വിതരണത്തിന്റെ സമയ വ്യവസ്ഥകൾ പാലിക്കാത്തത്, റിവേഴ്സ് ചാർജ് അടിസ്ഥാനത്തിലുള്ള നികുതിയുടെ കുറഞ്ഞ ഒടുക്കൽ, പലിശ അടയ്ക്കാത്തത്, നികുതി ബാധ്യതയുടെ കുറഞ്ഞ തീർപ്പാക്കൽ, കേരള പ്രളയ സെസ്സിന്റെ കുറഞ്ഞ ഒടുക്കൽ, പണമായടക്കേണ്ട വ്യവസ്ഥ പാലിക്കാത്തത് എന്നിവയാണ് പ്രധാനമായും പോരായ്മകൾക്ക് കാരണമായത്.

i) വിതരണങ്ങളുടെ തെറ്റായ വർഗ്ഗീകരണം കാരണം നികുതിയുടെ കുറഞ്ഞ ഒടുക്കൽ

വിജ്ഞാപനം നമ്പർ.11/2017 കേന്ദ്ര നികുതി (നിരക്ക്), 24/2017 കേന്ദ്ര നികുതി (നിരക്ക്), 1/2018 കേന്ദ്ര നികുതി (നിരക്ക്) എന്നിവ പ്രകാരം, കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, കേന്ദ്ര ഭരണ പ്രദേശം, ഒരു പ്രാദേശിക അതോറിറ്റി, ഒരു സർക്കാർ അതോറിറ്റി അല്ലെങ്കിൽ ഒരു സർക്കാർ സ്ഥാപനം എന്നിവക്ക് നൽകുന്ന, പ്രധാനമായും വാണിജ്യം, വ്യവസായം അല്ലെങ്കിൽ മറ്റേതെങ്കിലും ബിസിനസ്സ് അല്ലെങ്കിൽ തൊഴിൽ എന്നിവയ്ക്കൊഴികെയുള്ള ഉപയോഗത്തിനായുള്ള, സിവിൽ സ്ട്രക്ചറിനോ അല്ലെങ്കിൽ

മറ്റേതെങ്കിലും പ്രവൃത്തികൾക്കോ വേണ്ടിയുള്ള വർക്സ് കോൺട്രാക്ട് സേവനങ്ങൾക്ക് ആറ് ശതമാനം സിജിഎസ്ടി നിരക്ക് ബാധകമാണ്. അല്ലെങ്കിൽ ഒമ്പത് ശതമാനമാണ് നിരക്ക്.

നികുതിദായകൻ സേവനങ്ങളുടെ വിതരണത്തെ തെറ്റായി തരംതിരിച്ചതിനാലും കുറഞ്ഞ നിരക്കിൽ നികുതി ബാധ്യത തീർത്തതിനാലും ഒരു കേസിൽ ₹9.91 കോടിയുടെ അനുവർത്തന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു.

ടിപിഎസ്‌സി, തൃപ്പൂണിത്തുറയ്ക്ക് കീഴിലുള്ള ഒരു നികുതിദായകൻ ഒരു സംയുക്ത സംരംഭത്തിന് വർക്ക് കോൺട്രാക്ട് സേവനം നൽകിയതിലൂടെ 2019-20ൽ ₹29.53 കോടിയും 2020-21-ൽ ₹135.70 കോടിയും കോൺട്രാക്ട് രസീത് ലഭിച്ചതിന് ആറ് ശതമാനം നിരക്കിൽ സർക്കാരിലേക്ക് നികുതി അടച്ചു. സർക്കാർ വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടുള്ള ഏതെങ്കിലും സ്ഥാപനങ്ങൾക്കല്ലാത്ത സേവനമായതിനാൽ ഒമ്പത് ശതമാനമാണ് നികുതി ഈടാക്കേണ്ടിയിരുന്നത്. ഇതിന്റെ ഫലമായി 2019-20ൽ ₹1.77 കോടിയും 2020-21ൽ ₹8.14 കോടിയും നികുതി കുറവായി ഈടാക്കി.

ഇത് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ (2023 ഓഗസ്റ്റ്), തെറ്റായ നികുതി നിരക്ക് കാരണം നികുതി കുറവായി ഒടുക്കിയതിന്, നികുതിദായകന് എഎസ്എംടി-10 നൽകിയതായി വകുപ്പ് അറിയിച്ചു (2023 ഓഗസ്റ്റ്).

ii) നികുതി നൽകേണ്ട വിതരണങ്ങൾ ഒഴിവാക്കിയതിനാൽ വിറ്റുവരവിലെ പൊരുത്തക്കേട്

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 7 പ്രകാരം, ഒരു വ്യക്തി, ബിസിനസ്സിന്റെ ഭാഗമായോ അതിന്റെ പുരോഗതിക്കായോ നടത്തിയ എല്ലാത്തരം വിതരണങ്ങളും സപ്ലൈകളിൽ ഉൾപ്പെടുന്നു. കൂടാതെ ബിസിനസ്സിന്റെ ഭാഗമായോ അതിന്റെ പുരോഗതിക്കായോ ആണെങ്കിലും അല്ലെങ്കിലും നടത്തിയ പ്രതിഫലം നൽകിയുള്ള സേവനങ്ങളുടെ ഇറക്കുമതിയും ഇതിൽ ഉൾപ്പെടുന്നു. പട്ടിക I പ്രകാരം പ്രതിഫലം ഇല്ലാതെ നടത്തുന്ന ചില പ്രവർത്തനങ്ങൾ പോലും വിതരണമായി കണക്കാക്കും. പട്ടിക II ചില ഇടപാടുകളെ ചരക്കുകളുടെ വിതരണമോ സേവനങ്ങളുടെ വിതരണമോ ആയി വേർതിരിക്കുന്നു. 2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 8, കോമ്പോസിഷൻ സപ്ലൈകളെയും മിക്സഡ് സപ്ലൈകളെയും പറ്റി പറയുന്നു.

നികുതിദായകർ നികുതി അടയ്ക്കേണ്ട വിതരണങ്ങൾ ഒഴിവാക്കിയതും അത് വഴി നികുതി ബാധ്യത തീർപ്പാക്കാത്തതും കാരണം, ആറ് കേസുകളിൽ ₹173.23 കോടിയുടെ അനുവർത്തന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു.

ദൃഷ്ടാന്തമായ ഒരു കേസ് ചുവടെ നൽകിയിരിക്കുന്നു:

ടിപിഎസ്‌സി, ഇടപ്പള്ളിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു നികുതിദായകന്റെ, 2018-21 വർഷത്തേക്കുള്ള വിറ്റുവരവ് സാമ്പത്തിക പ്രസ്താവനകൾ പ്രകാരം ₹3,223.84 കോടിയാണ്. എന്നാൽ ഈ വർഷങ്ങളിലെ ജിഎസ്ടിആർ-9ൽ റിപ്പോർട്ട് ചെയ്ത വിറ്റുവരവ് ₹3,085.30 കോടി മാത്രമാണ്. ഇത് ₹138.54[30] കോടിയുടെ വിറ്റുവരവിലെ പൊരുത്തക്കേടിനു കാരണമായി.

ഇത് വകുപ്പിന്റെയും (2024 ജനുവരി) സർക്കാരിന്റെയും (2024 ഓഗസ്റ്റ്) ശ്രദ്ധയിൽപ്പെടുത്തി. മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

[30] 2018-19 - ₹50.45 കോടി, 2019-20 - ₹69.06 കോടി, 2020-21 - ₹19.03 കോടി.

iii) വിതരണത്തിന്റെ സമയവ്യവസ്ഥകൾ പാലിക്കാത്തതിനാൽ നികുതിയുടെ കുറഞ്ഞ ഒടുക്കൽ

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 12ലെയും 13ലെയും വ്യവസ്ഥകൾ, ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണ സമയം നിർണ്ണയിക്കുന്നു, കൂടാതെ, വകുപ്പ് 14, ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണത്തിലെ നികുതി നിരക്കുകളിലുണ്ടാവുന്ന മാറ്റങ്ങൾ കൈകാര്യം ചെയ്യുന്നു. 2017ലെ ഐജിഎസ്ടി നിയമത്തിലെ വകുപ്പ് 20 പ്രകാരം, ഈ വ്യവസ്ഥകൾ സംയോജിത നികുതി ഈടാക്കാവുന്ന അന്തർ സംസ്ഥാന സപ്ലൈകൾക്കും ബാധകമാണ്.

നികുതിദായകർ വിതരണ സമയ വ്യവസ്ഥകൾ പാലിക്കാത്തതും അതുവഴി നികുതി ബാധ്യത തീർപ്പാക്കാത്തതും കാരണം രണ്ട് കേസുകളിൽ ₹1.49 കോടിയുടെ അനുവർത്തന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു.

ദൃഷ്ടാന്തമായ ഒരു കേസ് ചുവടെ നൽകിയിരിക്കുന്നു:

ടിപിഎസ്സി, എറണാകുളം സെൻട്രലിന് കീഴിലുള്ള ഒരു നികുതിദായകന് 2020-21 കാലയളവിൽ ₹4.83 കോടി അഡ്വാൻസ് പേയ്മെന്റ് ലഭിച്ചു. ജിഎസ്ടിആർ-9സി പ്രകാരം, 2019-20 അവസാനവും 2020-21ന്റെ തുടക്കത്തിലും ബില്ല് ചെയ്യാത്ത വരുമാനം ഇല്ല. ലഭിച്ച അഡ്വാൻസ് വിറ്റുവരവിൽ ചേർക്കുന്നതിനുപകരം, നികുതിദായകൻ അത് വിറ്റുവരവിൽ നിന്ന് കുറച്ചത് വഴി ₹9.66 കോടി വിറ്റുവരവിൽ നിന്ന് ഒഴിവാക്കപ്പെടുകയും 18 ശതമാനം നിരക്കിൽ ₹1.39 കോടിയുടെ കുറഞ്ഞ ഒടുക്കലിന് കാരണമാവുകയും ചെയ്തു.

ഇത് വകുപ്പിന്റെയും (2024 ജനുവരി) സർക്കാരിന്റെയും (2024 ഓഗസ്റ്റ്) ശ്രദ്ധയിൽപ്പെടുത്തി. മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

iv) റിവേഴ്സ് ചാർജ് അടിസ്ഥാനത്തിലുള്ള നികുതിയുടെ കുറഞ്ഞ ഒടുക്കൽ

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 9(3), 2017ലെ ഐജിഎസ്ടി നിയമത്തിലെ വകുപ്പ് 5(3) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം, കൗൺസിലിന്റെ ശുപാർശകൾക്കനുസരിച്ച് സർക്കാരിന്, വിജ്ഞാപനത്തിലൂടെ, സാധനങ്ങളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയും വിതരണത്തിന്, സ്വീകർത്താവ് റിവേഴ്സ് ചാർജ് അടിസ്ഥാനത്തിൽ നികുതി അടയ്ക്കേണ്ട വിതരണ വിഭാഗങ്ങൾ വ്യക്തമാക്കാം. കൂടാതെ, അത്തരം ചരക്കുകളുടെയോ സേവനങ്ങളുടെയോ വിതരണവുമായി ബന്ധപ്പെട്ട് നികുതി അടയ്ക്കുന്നതിന് ബാധ്യസ്ഥനായ വ്യക്തിയെപ്പോലെ, സ്വീകർത്താവിന്, അത്തരം ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയും വിതരണത്തിന് ഈ നിയമത്തിലെ എല്ലാ വ്യവസ്ഥകളും ബാധകമായിരിക്കും.

നികുതിദായകർ റിവേഴ്സ് ചാർജ് മെക്കാനിസത്തിന് കീഴിൽ തെറ്റായി നികുതി ബാധ്യത തീർത്തത് കാരണം രണ്ട് കേസുകളിൽ ₹3.45 കോടിയുടെ അനുവർത്തന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു.

ദൃഷ്ടാന്തമായ ഒരു കേസ് ചുവടെ നൽകിയിരിക്കുന്നു:

ടിപിഎസ്സി, പാലക്കാടിനു കീഴിലുള്ള ഒരു നികുതിദായകന്റെ വാർഷിക റിട്ടേണിന്റെയും സാമ്പത്തിക സ്റ്റേറ്റ്മെന്റുകളുടെയും പരിശോധനയിൽ “ലീഗൽ ആൻഡ് പ്രൊഫഷണൽ ഫീസ്”, “ഡയറക്ടർമാരുടെ കമ്മീഷൻ”, “ഡയറക്ടർമാരുടെ സിറ്റിംഗ് ഫീസ്” എന്നീ ഇൻവേർഡ് സപ്ലൈകളിൽ ആർസിഎമ്മിൽ കുറഞ്ഞ നികുതി അടച്ചതായി കണ്ടെത്തി. 2018-21 കാലയളവിൽ ആർസിഎം ബാധകമായ ഇൻവേർഡ് സപ്ലൈ ₹18.86 കോടിയാണ്. ജിഎസ്ടിആർ-9 പട്ടിക 4ജി പ്രകാരം, ആർസിഎമ്മിന്

കീഴിലുള്ള സപ്ലൈകൾക്ക് കീഴിൽ അടച്ച നികുതി ₹0.30 ലക്ഷം മാത്രമാണ്, ഇത് ₹3.39 കോടി നികുതി അടക്കാത്തതിന് കാരണമായി.

ഇത് വകുപ്പിന്റെയും (2024 ജനുവരി) സർക്കാരിന്റെയും (2024 ഓഗസ്റ്റ്) ശ്രദ്ധയിൽപ്പെടുത്തി. മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

v) പലിശ അടക്കാത്തത്

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 50 പ്രകാരം, നിശ്ചിത കാലാവധിക്കുള്ളിൽ നികുതി അടയ്ക്കുന്നതിൽ പരാജയപ്പെടുകയോ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തെറ്റായി പ്രയോജനപ്പെടുത്തുകയോ, അല്ലെങ്കിൽ റിവേഴ്സ് ചാർജ് അടിസ്ഥാനത്തിൽ സർക്കാരിലേക്ക് നികുതി അടയ്ക്കുന്നതിൽ പരാജയപ്പെടുകയോ ചെയ്താൽ അത്തരം ഓരോ നികുതിദായകനും, നികുതി അടക്കാത്ത കാലയളവിലേക്ക് നിശ്ചയിച്ച നിരക്കിൽ പലിശ നൽകണം.

നികുതിദായകർ പലിശ അടയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കാത്തതിനാൽ ഏഴ് കേസുകളിൽ ₹7.08 കോടിയുടെ അനുവർത്തന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു.

ദൃഷ്ടാന്തമായ ഒരു കേസ് ചുവടെ നൽകിയിരിക്കുന്നു:

ടിപിഎസ്സി, വടകരയ്ക്ക് കീഴിലുള്ള ഒരു നികുതിദായകൻ, 2018-21ൽ ലഭിച്ച ₹139.14 കോടിയുടെ ആന്വിറ്റിക്കും നേരത്തെ പൂർത്തിയാക്കിയതിനുള്ള ബോണസിനുമുള്ള രസീതുകൾക്ക് ഇളവ് അവകാശപ്പെട്ടു. 2022 ജൂൺ 21ലെ കെഇആർ/138/2021 ഉത്തരവ് പ്രകാരം അഡ്വാൻസ് റൂളിംഗ് അതോറിറ്റി അപേക്ഷകന് ലഭിക്കുന്ന ആന്വിറ്റി പേയ്മെന്റുകൾക്കും ബോണസിനും 12 ശതമാനം നിരക്കിൽ നികുതി ബാധകമാണെന്ന് വ്യക്തമാക്കി. ഇതിനെത്തുടർന്ന് ഈ വിറ്റുവരവിന് നികുതിദായകൻ നികുതി അടച്ചെങ്കിലും പലിശ ബാധ്യതയായ ₹6.66[31] കോടി അടച്ചില്ല.

ഇത് സർക്കാരിന്റെ (2024 ഓഗസ്റ്റ്) ശ്രദ്ധയിൽപ്പെടുത്തി. മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

vi) നികുതി ബാധ്യതയുടെ കുറഞ്ഞ തീർപ്പാക്കൽ

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 9(1) പ്രകാരം, വകുപ്പ് 15 പ്രകാരം നിർണ്ണയിച്ചിട്ടുള്ള മൂല്യത്തിനു മേൽ, കൗൺസിലിന്റെ ശുപാർശകളിൽ സർക്കാർ പ്രഖ്യാപിക്കുന്ന, ഇരുപത് ശതമാനത്തിൽ കൂടാത്ത നിരക്കിൽ കേരള സംസ്ഥാന ചരക്ക് സേവന നികുതി ചുമത്തുകയും നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ പിരിച്ചെടുക്കുകയും നികുതി വിധേയനായ വ്യക്തി പണം നൽകുകയും ചെയ്യണം.

നികുതി ബാധ്യത തീർപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ നികുതിദായകർ പാലിക്കാത്തതിനാൽ, മൂന്ന് കേസുകളിൽ ₹8.85 കോടിയുടെ അനുവർത്തന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു.

ദൃഷ്ടാന്തമായ ഒരു കേസ് ചുവടെ നൽകിയിരിക്കുന്നു:

ടിപിഎസ്സി, എറണാകുളം സെൻട്രലിന് കീഴിലെ ഒരു നികുതിദായകൻ സമർപ്പിച്ച ജിഎസ്ടിആർ-9ന്റെ പട്ടിക 9 പ്രകാരം, 2018-19 വർഷത്തേക്ക് അടയ്ക്കേണ്ട മൊത്തം നികുതി ₹123.27 കോടിയാണ്. പരിശോധനയിൽ, ജിഎസ്ടിആർ-3ബിയുടെ പട്ടിക 6

[31] 2018-19 - ₹3.24 കോടി, 2019-20 - ₹2.21 കോടി, 2020-21 - ₹1.21 കോടി.

പ്രകാരം നികുതിദായകൻ ₹114.66 കോടി മാത്രം അടച്ചതായി ഓഡിറ്റ് കണ്ടെത്തി. ഇത് ₹8.61 കോടിയുടെ കുറഞ്ഞ ഒടുക്കലിന് കാരണമായി.

ഇത് വകുപ്പിന്റെയും (2024 ജനുവരി) സർക്കാരിന്റെയും (2024 ഓഗസ്റ്റ്) ശ്രദ്ധയിൽപ്പെടുത്തി. മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

vii) കേരള പ്രളയ സെസ്സിന്റെ കുറഞ്ഞ ഒടുക്കൽ

2019ലെ കേരള ധനകാര്യ നിയമത്തിന്റെ വകുപ്പ് 14(1)ഉം, കേരള പ്രളയ സെസ് ചട്ടങ്ങൾ 2019ഉം പ്രകാരം, 2019 ഓഗസ്റ്റ് 01 മുതൽ രണ്ടു വർഷത്തേയ്ക്ക് 2017ലെ എസ്ജിഎസ്ടി നിയമം പ്രകാരം ആറ് ശതമാനം, ഒമ്പത് ശതമാനം, 14 ശതമാനം എന്നിങ്ങനെ നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും അല്ലെങ്കിൽ രണ്ടിന്റെയും സംസ്ഥാനത്തിനകത്തുള്ള വിതരണത്തിന് നികുതി ബാധകമായ മൂല്യത്തിന്മേൽ ഒരു ശതമാനം കേരള പ്രളയ സെസ് (കെഎഫ്സി) ചുമത്തിയിട്ടുണ്ട്. കേരള പ്രളയ സെസ് അടയ്ക്കാൻ ബാധ്യസ്ഥരായ ഓരോ നികുതിദായകനും ജിഎസ്ടിആർ-3ബി ഫയൽ ചെയ്യേണ്ട അവസാന തീയതിക്കോ അതിന് മുമ്പോ കെഎഫ്സി-എ ഫോമിൽ പ്രതിമാസ റിട്ടേൺ ഫയൽ ചെയ്യണം.

കേരള പ്രളയ സെസ് ഒടുക്കുന്നതിനുള്ള വ്യവസ്ഥകൾ നികുതിദായകർ പാലിക്കാത്തതിനാൽ ഒമ്പത് കേസുകളിൽ ₹1.44 കോടിയുടെ അനുവർത്തന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു.

ദൃഷ്ടാന്തമായ ഒരു കേസ് ചുവടെ നൽകിയിരിക്കുന്നു:

ടിപിഎസ്സി, എറണാകുളം സെൻട്രലിന് കീഴിലുള്ള ഒരു നികുതിദായകൻ 2020-21 വർഷത്തേക്ക് സമർപ്പിച്ച ജിഎസ്ടിആർ-1 ബി-ടു-സി റിട്ടേൺ പ്രകാരം, എസ്ജിഎസ്ടി നിരക്കുകൾ ആറ് ശതമാനവും ഒമ്പത് ശതമാനവും 14 ശതമാനവും ഉള്ള സംസ്ഥാന ത്തിനുള്ളിലുള്ള വിതരണങ്ങളുടെ ആകെ മൂല്യം ₹432.21 കോടിയാണ്. നികുതി ദായകൻ സമർപ്പിച്ച കെഎഫ്സി-എ പ്രകാരം, ₹384.01 കോടിയുടെ വിറ്റുവരവിന് കേരള പ്രളയ സെസ് അടച്ചു, ബാക്കിയുള്ള നികുതി ബാധകമായ സംസ്ഥാനത്തിനുള്ളിലുള്ള വിതരണത്തിന്റെ ₹48.20 കോടിയുടെ കെഎഫ്സി നികുതിദായകൻ അടച്ചിട്ടില്ലെന്ന് കാണിക്കുന്നു. തീർക്കാത്ത നികുതി ബാധ്യത ₹0.48 കോടിയാണ്.

ഇത് വകുപ്പിന്റെയും (2024 ജനുവരി) സർക്കാരിന്റെയും (2024 ഓഗസ്റ്റ്) ശ്രദ്ധയിൽപ്പെടുത്തി. മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

viii) പണമായി അടയ്ക്കുന്നതിനുള്ള വ്യവസ്ഥ പാലിക്കാത്തത്

2017ലെ എസ്ജിഎസ്ടി ചട്ടങ്ങളുടെ ചട്ടം 86ബി അനുസരിച്ച്, രജിസ്റ്റർ ചെയ്ത വ്യക്തി, 2021 ജനുവരി 01 മുതൽ ഒരു മാസത്തിലെ, ഒഴിവാക്കിയ വിതരണവും പൂജ്യം നിരക്കിലുള്ള വിതരണവും ഒഴികെയുള്ള, നികുതി ബാധകമായ വിതരണം അമ്പത് ലക്ഷം രൂപ കവിയുന്ന സാഹചര്യത്തിൽ, അത്തരം നികുതി ബാധ്യതയുടെ 99 ശതമാനത്തിൽ കൂടുതൽ ഔട്ട്പുട്ട് നികുതി ബാധ്യത തീർക്കാൻ ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജറിൽ ലഭ്യമായ തുക ഉപയോഗിക്കാൻ പാടില്ല.

ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജറിലെ ക്രെഡിറ്റ് ഉപയോഗിക്കുന്നതിനുള്ള നിബന്ധനകൾ നികുതിദായകർ പാലിക്കാത്തതിനാൽ, 13 കേസുകളിൽ ₹1.20 കോടിയുടെ അനുവർത്തന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു.

ദൃഷ്ടാന്തമായ ഒരു കേസ് ചുവടെ നൽകിയിരിക്കുന്നു:

ടിപിഎസ്സി, പനമ്പിള്ളി നഗറിന് കീഴിലുള്ള ഒരു നികുതിദായകന്, 2021 ഫെബ്രുവരി കാലയളവിലെ ജിഎസ്ടിആർ-3ബി പ്രകാരമുള്ള ₹45.40 കോടിയുടെ നികുതി ബാധ്യത ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജറിൽ ലഭ്യമായ തുക പൂർണ്ണമായും വിനിയോഗിച്ച് തീർപ്പാക്കി. 2017ലെ എസ്ജിഎസ്ടി ചട്ടങ്ങളുടെ ചട്ടം 86ബി അനുസരിച്ച്, നികുതി ബാധ്യതയിൽ നിന്ന് കുറഞ്ഞത് ₹0.45 കോടി പണമായി അടയ്ക്കേണ്ടതായിരുന്നു.

ഇത് വകുപ്പിന്റെയും (2024 ജനുവരി) സർക്കാരിന്റെയും (2024 ഓഗസ്റ്റ്) ശ്രദ്ധയിൽപ്പെടുത്തി. മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

ix) നികുതി അടയ്ക്കാതെയുള്ള, പൂജ്യം നിരക്കിലുള്ള വിതരണത്തിന്റെ തെറ്റായ അവകാശവാദം

2017ലെ എസ്ജിഎസ്ടി ചട്ടങ്ങളുടെ ചട്ടം 96എ അനുസരിച്ച്, സംയോജിത നികുതി അടയ്ക്കാതെ കയറ്റുമതിക്കായി ചരക്കുകളോ സേവനങ്ങളോ നൽകാനുള്ള സ്വാതന്ത്ര്യം ലഭിക്കുന്ന ഏത് രജിസ്റ്റർ ചെയ്ത വ്യക്തിയും, ഫോം ജിഎസ്ടി ആർഎഫ്ഡി-11ൽ, കയറ്റുമതി ചെയ്യുന്നതിന് മുമ്പ്, അധികാരപരിധിയിലുള്ള കമ്മീഷണർക്ക് ഒരു ബോണ്ട് അല്ലെങ്കിൽ ലെറ്റർ ഓഫ് അണ്ടർടേക്കിംഗ് നൽകണം. കോമൺ പോർട്ടലിൽ നൽകിയിരിക്കുന്ന ജിഎസ്ടിആർ-1ൽ അടങ്ങിയിരിക്കുന്ന കയറ്റുമതി ഇൻവോയ്സുകളുടെ വിശദാംശങ്ങൾ കസ്റ്റംസിന്റെ സംവിധാനത്തിലേക്ക് ഇലക്ട്രോണിക് ആയി അയക്കുകയും പ്രസ്തുത ഇൻവോയ്സുകൾ ഉൾക്കൊള്ളുന്ന സാധനങ്ങൾ ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്തിട്ടുണ്ടെന്ന് മേൽപറഞ്ഞ സംവിധാനത്തിൽ നിന്നും കോമൺ പോർട്ടൽ സ്ഥിരീകരിക്കുകയും ചെയ്യും. കയറ്റുമതിക്കുള്ള ഇൻവോയ്സ് നൽകിയ തീയതി മുതൽ മൂന്ന് മാസ കാലാവധി കഴിഞ്ഞ് പതിനഞ്ച് ദിവസത്തിനുള്ളിൽ ചരക്കുകൾ ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്തില്ലെങ്കിൽ, ബന്ധപ്പെട്ട നികുതി പലിശ സഹിതം അടയ്ക്കാൻ നികുതിദായകൻ ബാധ്യസ്ഥനാണ്.

നിർദേശിച്ച പ്രകാരം സ്ഥിരീകരിക്കാത്ത, സപ്ലൈകൾക്ക് നികുതി അടക്കാതെയുള്ള പൂജ്യം നിരക്കിലുള്ള സപ്ലൈ ആയി അവകാശപ്പെട്ട ₹308.86 കോടി വരുന്ന 10 കേസുകളിൽ ക്രമക്കേടുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ദൃഷ്ടാന്തമായ ഒരു കേസ് ചുവടെ നൽകിയിരിക്കുന്നു:

ടിപിഎസ്സി, കട്ടപ്പനയ്ക്ക് കീഴിലുള്ള ഒരു നികുതിദായകന് ജിഎസ്ടിആർ-9ന്റെ പട്ടിക 5എ പ്രകാരം, 2018-19, 2020-21 വർഷങ്ങളിൽ യഥാക്രമം ₹52.67 കോടിയും ₹137.47 കോടിയും നികുതി അടയ്ക്കാതെയുള്ള പൂജ്യം നിരക്കിലുള്ള വിതരണമുണ്ട്. ഇൻവോയ്സുകളിൽ ഉൾപ്പെടുന്ന സാധനങ്ങൾ രാജ്യത്തിന് പുറത്തേക്ക് കയറ്റുമതി ചെയ്തതാണെന്ന കസ്റ്റംസിൽ നിന്നുള്ള സ്ഥിരീകരണം ജിഎസ്ടി പോർട്ടലിൽ ലഭ്യമല്ല. പൂജ്യം നിരക്കിലുള്ള വിതരണം തെളിയിക്കുന്നതിനുള്ള രേഖകളൊന്നും പ്രോപ്പർ ഓഫീസർ ഓഡിറ്റിന് നൽകിയില്ല. അതിനാൽ, സാധനങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞില്ല.

ഇത് വകുപ്പിന്റെയും (2024 ജനുവരി) സർക്കാരിന്റെയും (2024 ഓഗസ്റ്റ്) ശ്രദ്ധയിൽപ്പെടുത്തി. മറുപടി കാത്തിരിക്കുന്നു (2024 സെപ്റ്റംബർ).

ശുപാർശ 6:

ഈ റിപ്പോർട്ടിൽ കൊണ്ടുവന്നിട്ടുള്ള എല്ലാ അനുവർത്തന വ്യതിയാനങ്ങൾക്കും വകുപ്പിന് പരിഹാര നടപടികൾ ആരംഭിക്കാവുന്നതാണ്, കൂടാതെ, ബാക്കിയുള്ള കേസുകളിലെയും അനുവർത്തന വ്യതിയാനങ്ങൾ വകുപ്പിന് പരിശോധിക്കാമെന്നും ശുപാർശ ചെയ്യുന്നു.

2.4.9 ഉപസംഹാരം

റിട്ടേൺ ഫയലിംഗിന്റെ വ്യത്യസ്ത പ്രവണതകളുടെയും തുടർച്ചയായ ഡാറ്റാ പൊരുത്തക്കേടുകളുടെയും പശ്ചാത്തലത്തിൽ റിട്ടേൺ ഫയലിംഗും നികുതി പേയ്മെന്റുകളും, അനുവർത്തനത്തിന്റെ വ്യാപ്തിയും വകുപ്പിന്റെ മറ്റ് മേൽനോട്ട പ്രവർത്തനങ്ങളും നിരീക്ഷിക്കുന്നതിനുള്ള സിസ്റ്റത്തിന്റെ പര്യാപ്തത വിലയിരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ജിഎസ്ടി പേയ്മെന്റുകളും റിട്ടേൺ ഫയലിംഗും സംബന്ധിച്ച വകുപ്പിന്റെ മേൽനോട്ടം എന്ന നിർദിഷ്ട വിഷയത്തിന്റെ അനുവർത്തന ഓഡിറ്റ് (എസ്എസ്സിഎ) ഏറ്റെടുത്തത്.

ഈ എസ്എസ്സിഎ പ്രധാനമായും ഡാറ്റാ വിശകലനത്തെ അടിസ്ഥാനമാക്കിയുള്ളതാണ്, ഇത് റിസ്കുള്ള മേഖലകൾ, റെഡ് ഫ്ലാഗുകൾ, ചില സന്ദർഭങ്ങളിൽ ചട്ടം അടിസ്ഥാനമാക്കിയുള്ള വ്യതിയാനങ്ങൾ, ജിഎസ്ടി റിട്ടേണുകളിലെ യുക്തിപരമായ പൊരുത്തക്കേടുകൾ എന്നിവ എടുത്തുകാണിക്കുന്നു. എസ്എസ്സിഎ രണ്ട് തലങ്ങളിൽ എസ്ജിഎസ്ടി സർക്കിൾ ഓഫീസുകളുടെ മേൽനോട്ട പ്രവർത്തനങ്ങൾ വിലയിരുത്തുന്നു - ആഗോള ഡാറ്റാ അന്വേഷണങ്ങളിലൂടെ ഡാറ്റാ തലത്തിലും, നികുതിദായകരുടെ രേഖകൾ പരിശോധിക്കുന്നത് ഉൾപ്പെടുന്ന നികുതിനിർണ്ണയ സർക്കിളുകളുടെയും ജിഎസ്ടി റിട്ടേണുകളുടെയും ആഴത്തിലുള്ള വിശദമായ ഓഡിറ്റിലൂടെ പ്രവർത്തന തലത്തിലും.

നിയമത്തിലെ വ്യവസ്ഥകളിൽ നിന്നുള്ള വ്യതിചലനം മൂലം വകുപ്പിന്, **44** സംഭവങ്ങളിലായി, **₹103.67** കോടിയുടെ വരുമാന നഷ്ടം സംഭവിച്ചതായി സർക്കിളുകളുടെ പ്രവർത്തന അവലോകനം വെളിപ്പെടുത്തി. **229** കേസുകളിലായി **₹683.50** കോടിയുടെ നികുതിയുടെ കുറഞ്ഞ ഒടുക്കലും **42** കേസുകളിലെ വിറ്റുവരവ് പൊരുത്തക്കേടും ഉൾപ്പെടുന്ന, വകുപ്പ് മറുപടി നൽകിയ, ഡാറ്റയുടെ പൊരുത്തക്കേടുകളുള്ള **374** കേസുകളുടെ **72** ശതമാനം വരുന്ന **271** കേസുകളിൽ നിയമത്തിലെ വ്യവസ്ഥകളിൽ നിന്നുള്ള വ്യതിയാനങ്ങൾ കേന്ദ്രീകൃത ഓഡിറ്റ് വെളിപ്പെടുത്തി. **₹858.39** കോടി നികുതി ഉൾപ്പെടുന്ന **174** അനുവർത്തന വ്യതിയാനങ്ങൾ വിശദമായ ഓഡിറ്റ് വെളിപ്പെടുത്തി.

2.4.10 ശുപാർശകളുടെ സംഗ്രഹം

നിയമം പാലിക്കുന്നതിലെ ഗണ്യമായ പോരായ്മകൾ കണക്കിലെടുത്ത്, വകുപ്പ് പരിഹാര നടപടികൾ ആരംഭിക്കണം. വ്യവസ്ഥാപിത വീക്ഷണകോണിൽ, വകുപ്പ് ഡോക്യുമെന്റേഷന്റെ ഗുണനിലവാരം ശക്തിപ്പെടുത്തുകയും റിട്ടേൺ ഫയൽ ചെയ്യൽ, നികുതിദായകരുടെ അനുസരണം, നികുതി പേയ്മെന്റുകൾ, രജിസ്ട്രേഷൻ റദ്ദാക്കൽ, വീഴ്ച വരുത്തിയവരിൽ നിന്ന് കുടിശ്ശിക വീണ്ടെടുക്കൽ എന്നിവയിൽ കാര്യക്ഷമമായ മേൽനോട്ടം സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും ടിപിഎസ്സികളിലെ സ്ഥാപന സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്.

ഓഡിറ്റിന്റെ ശുപാർശകളുടെ സംഗ്രഹം താഴെ കൊടുത്തിരിക്കുന്നു:

1. പുറപ്പെടുവിച്ച എഎസ്എംടികളുമായി ബന്ധപ്പെട്ട ഡാറ്റയെയും തുടർനടപടികളെയും തമ്മിൽ പൊരുത്തപ്പെടുന്നതിന് ഒരു ഓട്ടോമേറ്റഡ് സംവിധാനം അവതരിപ്പിക്കുന്നതിനുള്ള സാധ്യത വകുപ്പിന് പരിശോധിക്കാവുന്നതാണ്.

2. റിട്ടേൺ സമർപ്പിക്കാത്തവർക്കും നിശ്ചിത സമയത്തിനുള്ളിൽ റിട്ടേൺ സമർപ്പിക്കാൻ വൈകിയവർക്കും നോട്ടീസ് നൽകാൻ ഉദ്യോഗസ്ഥർക്ക് കൃത്യമായ നിർദ്ദേശം വകുപ്പിന് നൽകാവുന്നതാണ്.

3. നിശ്ചിത സമയപരിധിക്കുള്ളിൽ ജിഎസ്ടിആർ-10 റിട്ടേൺ ഫയൽ ചെയ്യുന്നതിൽ പരാജയപ്പെട്ട നികുതിദായകർക്കെതിരെ നടപടിയെടുക്കാൻ വകുപ്പിന് പ്രോപ്പർ ഓഫീസർക്ക് നിർദ്ദേശം നൽകാം.

4. ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുള്ള ഇതുവരെ മറുപടി നൽകിയിട്ടില്ലാത്ത **329** പൊരുത്തക്കേടുകളും വ്യതിയാനങ്ങളും വകുപ്പ് അടിയന്തിരമായി പരിശോധിക്കുകയും ഫലങ്ങൾ ഓഡിറ്റിനെ അറിയിക്കുകയും ചെയ്യാവുന്നതാണ്.

5. ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുള്ള എല്ലാ വ്യതിയാനങ്ങളുടെയും നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വകുപ്പിന്, ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാം.

6. ഈ റിപ്പോർട്ടിൽ കൊണ്ടുവന്നിട്ടുള്ള എല്ലാ അനുവർത്തന വ്യതിയാനങ്ങൾക്കും വകുപ്പിന് പരിഹാര നടപടികൾ ആരംഭിക്കാവുന്നതാണ്, കൂടാതെ, ബാക്കിയുള്ള കേസുകളിലെയും അനുവർത്തന വ്യതിയാനങ്ങൾ വകുപ്പിന് പരിശോധിക്കാമെന്നും ശുപാർശ ചെയ്യുന്നു.

വിൽപ്പന, വ്യാപാരം മുതലായവയിന്മേലുള്ള നികുതികൾ/ വാറ്റ്

2017 ജൂൺ വരെ സംസ്ഥാനത്ത് സാധനങ്ങൾ വിൽക്കുന്നതിന് നികുതി ചുമത്തുവാൻ 2003ലെ കേരള മൂല്യവർധിത നികുതി നിയമവും പെട്രോളിയം ഉൽപന്നങ്ങൾ, വിദേശമദ്യം, കഞ്ചാവ് എന്നിവയുടെ വിൽപനയ്ക്ക് നികുതി ഈടാക്കുവാൻ 1963ലെ കേരള പൊതു വില്പന നികുതി നിയമവും അധികാരം നൽകുന്നു. നികുതിദായകർ സമർപ്പിക്കുന്ന റിട്ടേൺ, കെവിഎടി നിയമത്തിലെ വകുപ്പ് 21 പ്രകാരമുള്ള ഒരു കല്പിത നികുതി നിർണയമാണ്. കൂടാതെ, ഏതെങ്കിലും നികുതി ഒഴിവാക്കൽ അല്ലെങ്കിൽ കുറഞ്ഞ നികുതിനിർണ്ണയം ശ്രദ്ധയിൽപ്പെട്ടാൽ നികുതി നിർണയ അധികാരി വകുപ്പ് 25(1) പ്രകാരം ഏറ്റവും മികച്ച വിലയിരുത്തലിലൂടെ നികുതി നിർണയിക്കാവുന്നതാണ്. 1963ലെ കേരള പൊതു വില്പന നികുതി നിയമത്തിലെ വകുപ്പ് 17 പ്രകാരം, റിട്ടേൺ ശരിയാണെന്ന് തോന്നുകയാണെങ്കിൽ അതിനെ അടിസ്ഥാനമാക്കി, അല്ലെങ്കിൽ മികച്ച വിലയിരുത്തലിനെ അടിസ്ഥാനമാക്കി നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ നികുതി നിർണയം നടത്തും. 2022-23 കാലയളവിൽ കെവിഎടി, കെജിഎസ്ടി നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ, കുറഞ്ഞ നികുതി നിർണയവും മറ്റുമായ ₹1.75 കോടി വരുന്ന ക്രമക്കേടുകൾ കാണപ്പെട്ടത് തുടർന്നുള്ള ഖണ്ഡികകളിൽ നൽകിയിരിക്കുന്നു.

2.5 പ്രത്യേക സാമ്പത്തിക മേഖലയിലേക്കുള്ള (സെസ്സ്) വിൽപ്പനയ്ക്ക് നിശ്ചിത നിരക്കിൽ നികുതി ചുമത്തുന്നതിൽ വീഴ്ച വരുത്തിയതിനാൽ നികുതിയുടെ കുറഞ്ഞ ഒടുക്കൽ

പ്രത്യേക സാമ്പത്തിക മേഖലകളിലേക്കുള്ള വിൽപ്പനയ്ക്ക് നിശ്ചിത നിരക്കിൽ നികുതി ഈടാക്കാതിരുന്നത് നികുതിയും പലിശയുമായി ₹58.03 ലക്ഷത്തിന്റെ കുറഞ്ഞ ഒടുക്കലിന് കാരണമായി.

1963ലെ കേരള പൊതു വില്പന നികുതി നിയമത്തിന്റെ വകുപ്പ് 5(1) പ്രകാരം, വിദേശ മദ്യത്തിന്റെ കാര്യത്തിൽ, കേരള സംസ്ഥാന ബിവറേജസ് (മാനുഫാക്ചറിംഗ് ആൻഡ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡിലേക്ക് ഒഴികെയുള്ള, സംസ്ഥാനത്തിലെ ആദ്യ വിൽപന സമയത്ത്, നിശ്ചിത നിരക്കിൽ[32] നികുതി അടയ്ക്കാൻ ഒരു വ്യാപാരി ബാധ്യസ്ഥനാണ്. കൂടാതെ, നിയമത്തിന്റെ വകുപ്പ് 5(2) പ്രകാരം, വിദേശ മദ്യത്തിന്റെ ഓരോ വ്യാപാരിയും, സംസ്ഥാനത്തെ എല്ലാ തലത്തിലുള്ള വില്പനയ്ക്കും, അതായത് (എ) ബാർ അറ്റാച്ച്ഡ് ഹോട്ടൽ പത്ത് ശതമാനം നിരക്കിലും; (ബി) മറ്റുള്ളവർ അഞ്ച് ശതമാനം നിരക്കിലും, വിദേശ മദ്യത്തിന്റെ വില്പനയ്ക്ക്, വിറ്റുവരവ് നികുതി നൽകണം.

എസ്ഡിഎഫ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഡെപ്യൂട്ടി കമ്മീഷണർ, ടാക്സ്പെയർ സർവീസസ് ഡിവിഷൻ, പാലക്കാടിന്റെ കീഴിലെ ഐഎംഎഫ്എല്ലിന്റെ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു നികുതിദായകനാണ്. നികുതിദായകൻ, മൊത്തം വിറ്റുവരവ് ₹78.46 ലക്ഷവും നികുതി നൽകേണ്ട വിറ്റുവരവ് ₹57.62 ലക്ഷവുമായി ഔട്ട്പുട്ട് നികുതി ബാധ്യതയില്ലാതെ 2018-19 വർഷത്തെ വാർഷിക റിട്ടേൺ സമർപ്പിച്ചു (2020 നവംബർ).

നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ അക്കൗണ്ട് ബുക്കുകൾ പരിശോധിച്ചതിന് ശേഷം കണ്ടെത്തിയ വീഴ്ചകളും ഒളിച്ചുവയ്ക്കലുകളും ചേർത്ത് നികുതി ബാധകമായ വിറ്റുവരവ് ₹57.56 കോടിയായി നിശ്ചയിച്ചു കൊണ്ട് 2018-19 വർഷത്തേക്കുള്ള നികുതി നിർണ്ണയം പൂർത്തിയാക്കി (2022 ഒക്ടോബർ). നികുതി അടയ്ക്കേണ്ട വിറ്റുവരവായ ₹57.56 കോടിക്ക് അഞ്ച് ശതമാനം നിരക്കിൽ വിറ്റുവരവ് നികുതിയായി നിയമത്തിന്റെ വകുപ്പ് 5(2) പ്രകാരം ₹2.88 കോടി നികുതി നിർണയ അധികാരി ആവശ്യപ്പെട്ടു.

നികുതി അടയ്ക്കേണ്ട വിറ്റുവരവിൽ, നികുതി നൽകേണ്ട വിൽപ്പനയായി നികുതി നിർണ്ണയ അധികാരി നിഗമനം ചെയ്ത, പ്രത്യേക സാമ്പത്തിക മേഖലയിലേക്കുള്ള (സെസ്സ്) വിൽപ്പനയായ ₹18.67 ലക്ഷം ഉൾപ്പെട്ടതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു

[32] 2018 ഏപ്രിൽ 01 മുതൽ ഐഎംഎഫ്എല്ലിന്റെ നിശ്ചയിച്ച നിരക്ക് 210 ശതമാനമാണ്.

(2023 മേയ്). നിയമത്തിലെ വകുപ്പ് 5(1) പ്രകാരം സെസ്സിലേക്കുള്ള വിൽപ്പനയ്ക്ക് നിശ്ചയിക്കപ്പെട്ട നിരക്കിൽ (210 ശതമാനം നിരക്കിൽ) നികുതി ഈടാക്കേണ്ടതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ അതനുസരിച്ച് നികുതി ഈടാക്കിയില്ല. അങ്ങനെ, സെസ്സിലേക്കുള്ള വിൽപ്പനയുമായി ബന്ധപ്പെട്ട വിറ്റുവരവിനെ നികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയത്, താഴെ **പട്ടിക-2.3**ൽ കാണിച്ചിരിക്കുന്നതുപോലെ നികുതിയും പലിശയുമായി ₹58.03 ലക്ഷം കുറവായി ചുമത്താൻ ഇടയാക്കി.

പട്ടിക-2.3: നികുതിയുടെയും പലിശയുടെയും കുറഞ്ഞ ചുമത്തലിന്റെ വിശദാംശങ്ങൾ - എസ്ഡിഎഫ് ഇൻഡസ്ട്രീസ് ലിമിറ്റഡ്

ക്രമ നം.	വിശദാംശങ്ങൾ	തുക (₹ ലക്ഷത്തിൽ)
1	വകുപ്പ് 5(1) പ്രകാരം നികുതിനിർണയത്തിൽ നിന്ന് ഒഴിവാക്കപ്പെട്ട വിദേശമദ്യത്തിന്റെ വിറ്റുവരവ്	18.67
2	210 ശതമാനം നിരക്കിൽ നികുതി	39.21
3	പലിശ (12 ശതമാനം വാർഷിക നിരക്കിൽ 2019 മെയ് മുതൽ 2023 ഏപ്രിൽ വരെ 48 മാസങ്ങൾക്ക്)	18.82
	കുറഞ്ഞ ചുമത്തൽ	**58.03**

സ്രോതസ്സ്: വകുപ്പ് നൽകിയ ഡാറ്റയെ അടിസ്ഥാനമാക്കി.

ഇത് സർക്കാരിന് റിപ്പോർട്ട് ചെയ്യപ്പോൾ (2023 ജൂലൈ) ബന്ധപ്പെട്ട നോട്ടീസിന് സെസ്സ് യൂണിറ്റിലേക്കുള്ള വില്പന കയറ്റുമതിക്ക് വേണ്ടി മാത്രമാണെന്നും അതിനാൽ വിൽപ്പനയ്ക്ക് ഇളവിന് അർഹതയുണ്ടെന്നുമാണ് വ്യാപാരി മറുപടി നൽകിയത് എന്ന് സർക്കാർ അറിയിച്ചു (2023 നവംബർ). കൂടാതെ ₹10.49 ലക്ഷത്തിന്റെ അവകാശവാദത്തിന് നിയമപരമായ ഫോമുകൾ ഹാജരാക്കാത്തതിനാൽ വിശദമായി കേൾക്കുന്നതിനായി വ്യാപാരിക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അന്തിമ റിപ്പോർട്ട് ഉടൻ സമർപ്പിക്കുമെന്നും സർക്കാർ വ്യക്തമാക്കി. കൂടുതൽ മറുപടിക്കായി കാത്തിരിക്കുന്നു (2024 നവംബർ).

നികുതി നിർണ്ണയ അധികാരികൾ രേഖകളുടെ ശരിയായ പരിശോധന നടത്തുകയും ചരക്കുകളിൽ നിശ്ചയിച്ച നികുതി നിരക്ക് ഈടാക്കുകയും ചെയ്യണമെന്നും നികുതിദായകന് നൽകുന്ന അനർഹമായ ആനുകൂല്യങ്ങൾക്ക് ഉത്തരവാദിത്തം നിശ്ചയിക്കുകയും ചെയ്യണമെന്ന് ശുപാർശ ചെയ്യുന്നു.

2.6 വിറ്റുവരവ് മൂടിവയ്ക്കപ്പെട്ടത് മൂലം നികുതിയുടെ കുറഞ്ഞ ചുമത്തൽ

മൂടിവയ്ക്കപ്പെട്ട വിറ്റുവരവ് വിലയിരുത്തുമ്പോൾ 2003-ലെ കെവിഎടി നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ നികുതി നിർണ്ണയ അധികാരിയുടെ പരാജയം, നികുതിയും പലിശയുമായി ₹12.86 ലക്ഷത്തിന്റെ കുറഞ്ഞ ചുമത്തലിന് ഇടയാക്കി.

2003ലെ കെവിഎടി നിയമത്തിലെ വകുപ്പ് 25എഎ(4) പ്രകാരം (2019ലെ ധനകാര്യ നിയമത്തിന്റെ വകുപ്പ് 11(2) പ്രകാരം ചേർക്കപ്പെട്ടത്), വകുപ്പ് 8ലെ ഉപവകുപ്പ് (എ) പ്രകാരം കോമ്പൗണ്ടിംഗ് സ്കീം[33] തിരഞ്ഞെടുത്ത വർക്സ് കോൺട്രാക്ടർമാരുടെ മൂടിവയ്ക്കപ്പെട്ട വിറ്റുവരവ്[34] ആ വിറ്റുവരവിന്റെ 25 ശതമാനം ചേർത്ത് ബാധകമായ കോമ്പൗണ്ടഡ് നിരക്കിൽ വിലയിരുത്തണമെന്നും, അത്തരം സന്ദർഭങ്ങളിൽ, കോമ്പൗണ്ടിംഗ് തിരഞ്ഞെടുത്തത് റദ്ദാക്കില്ലായെന്നും വ്യവസ്ഥ ചെയ്യപ്പെടുന്നു.

---

[33] ഒരു രജിസ്റ്റർ ചെയ്ത നികുതിദായകനെ നികുതി ബാധകമായ വിറ്റുവരവിന്, നിശ്ചയിക്കപ്പെട്ട നിരക്കിൽ നികുതി അടയ്ക്കുന്നതിന് പകരം മുഴുവൻ കരാർ തുകയുടെ ഒരു നിശ്ചിത ശതമാനം നികുതി അടയ്ക്കാൻ കോമ്പൗണ്ടിംഗ് സ്കീം അനുവദിക്കുന്നു.

[34] വാർഷിക റിട്ടേണിൽ നികുതി ബാധകമായ വിറ്റുവരവ് വെളിപ്പെടുത്തിയിട്ടില്ലാത്തത്.

കൺസോളിഡേറ്റഡ് കൺസ്ട്രക്ഷൻ കൺസോർഷ്യം ലിമിറ്റഡ്, ടിപിഎസ്സി, പാലക്കാട് (കിഴക്ക്) അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിന്റെ അധികാര പരിധിയിലെ ഒരു വർക്സ് കോൺട്രാക്ടറാണ്. നികുതിദായകൻ, ₹5.14 കോടി വിറ്റുവരവിന് നിയമത്തിന്റെ വകുപ്പ് 8(എ) പ്രകാരം നികുതിയായി ₹1.43 ലക്ഷം അടച്ചുകൊണ്ട് 2015-16 കാലയളവിലെ വാർഷിക റിട്ടേൺ സമർപ്പിച്ചു (2016 നവംബർ).

മൊത്തം കരാർ രസീതുകൾ ₹9.65 കോടിയായി നിർണ്ണയിച്ച് നികുതിയായി ₹67.57 ലക്ഷം ആവശ്യപ്പെട്ടു കൊണ്ട് സംസ്ഥാന നികുതി ഓഫീസർ (വർക്സ് കോൺട്രാക്ട്), പാലക്കാട്, 2015-16 വർഷത്തെ നികുതി നിർണ്ണയം ആദ്യം പൂർത്തിയാക്കി (2018 മെയ്). ഇതിൽ പരാതിയുള്ള നികുതിദായകൻ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്), പാലക്കാട് മുമ്പാകെ അപ്പീൽ നൽകി. അപ്പീൽ അധികാരി ആദ്യത്തെ നികുതി നിർണ്ണയ ഉത്തരവ് റദ്ദാക്കുകയും നികുതിദായകന്റെ ലാഭനഷ്ട കണക്ക് പരിശോധിച്ചതിന് ശേഷം തീരുമാനമെടുക്കാനായി നികുതിനിർണ്ണയ അധികാരിയിലേക്ക് തിരിച്ചയക്കുകയും ചെയ്തു (2019 ഡിസംബർ).

അപ്പീൽ അധികാരിയുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി, നിയമത്തിലെ വകുപ്പ് 25(1) പ്രകാരം, വിറ്റുവരവ് ₹9.14 കോടിയായി നിർണ്ണയിച്ച് നികുതിയായി ₹63.96 ലക്ഷം ആവശ്യപ്പെട്ടു കൊണ്ട് നികുതിനിർണ്ണയ അധികാരി നികുതിനിർണ്ണയം വീണ്ടും പൂർത്തിയാക്കി (2020 ഒക്ടോബർ).

നികുതിദായകൻ റിട്ടേണിൽ കാണിച്ച തുകയും (₹5.14 കോടി) യഥാർത്ഥ കരാർ രസീതുകളും (₹9.14 കോടി) തമ്മിലുള്ള വ്യത്യാസമായ ₹4.00 കോടിയുടെ വിറ്റുവരവ് നികുതിദായകൻ മൂടിവച്ചിട്ടുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2023 മേയ്). എന്നാൽ, നികുതി നിർണ്ണയം പൂർത്തിയാക്കുമ്പോൾ, നിയമത്തിലെ വകുപ്പ് 25എഎ പ്രകാരം, മൂടിവയ്ക്കപ്പെട്ട വിറ്റുവരവിന്റെ 25 ശതമാനം ചേർത്ത് ഈ വിറ്റുവരവ് വിലയിരുത്തിയിട്ടില്ല. നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ നികുതി നിർണ്ണയ അധികാരിയുടെ പരാജയം, താഴെ **പട്ടിക-2.4**ൽ കാണിച്ചിരിക്കുന്നതുപോലെ നികുതിയും പലിശയുമായി ₹12.86 ലക്ഷത്തിന്റെ കുറഞ്ഞ ചുമത്തലിന് ഇടയാക്കി.

പട്ടിക-2.4: നികുതിയുടെയും പലിശയുടെയും കുറഞ്ഞ ചുമത്തലിന്റെ വിശദാംശങ്ങൾ - കൺസോളിഡേറ്റഡ് കൺസ്ട്രക്ഷൻ കൺസോർഷ്യം ലിമിറ്റഡ്

ക്രമ നം.	വിശദാംശങ്ങൾ	തുക (₹ ലക്ഷത്തിൽ)
1	വാർഷിക റിട്ടേൺ അനുസരിച്ച് മൊത്തം വിറ്റുവരവ്	514.42
2	നികുതിനിർണ്ണയ ഉത്തരവ് അനുസരിച്ച് മൊത്തം വിറ്റുവരവ്	913.88
3	മൂടിവയ്ക്കപ്പെട്ട വിറ്റുവരവ് (2) – (1)	399.46
4	മൂടിവയ്ക്കപ്പെട്ട വിറ്റുവരവിന്റെ 25 ശതമാനം	99.86
5	നികുതി, (4) ന്റെ ഏഴ് ശതമാനം നിരക്കിൽ	6.99
6	പലിശ (12 ശതമാനം വാർഷിക നിരക്കിൽ 2016 മെയ് മുതൽ 2023 ഏപ്രിൽ വരെ 84 മാസത്തേക്ക്)	5.87
	കുറഞ്ഞ ചുമത്തൽ	**12.86**

സ്രോതസ്സ്: വകുപ്പ് നൽകിയ ഡാറ്റയെ അടിസ്ഥാനമാക്കി.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2023 ജൂലൈ), ഓഡിറ്റ് ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കുന്നതിനായി നികുതിദായകന് നോട്ടീസ് നൽകിയതായി നികുതി നിർണ്ണയ അധികാരി മറുപടി നൽകി (2023 ജൂലൈ).

കേസ് സർക്കാരിന് റിപ്പോർട്ട് ചെയ്തപ്പോൾ (2023 ജൂലൈ) 2023 ജൂലൈ 26ന് നോട്ടീസ് പുറപ്പെടുവിച്ചതായും 'അത്തരം വിലാസക്കാരനില്ല' എന്ന് സൂചിപ്പിച്ചു കൊണ്ട് നോട്ടീസ് തിരികെ വന്നതായും സർക്കാർ അറിയിച്ചു (2023 ഓഗസ്റ്റ്). തുടർന്ന് 2023 സെപ്റ്റംബർ 29ന് പങ്കാളികൾക്ക് അവരുടെ താമസസ്ഥലത്തെ വിലാസത്തിലേക്ക് നോട്ടീസ് അയച്ചു. അന്വേഷണത്തിൽ കമ്പനി പാപ്പരത്വം ഫയൽ ചെയ്തതായി

കണ്ടെത്തിയതായും ദേശീയ കമ്പനി നിയമ ട്രിബ്യൂണൽ ഉത്തരവ് പ്രകാരം ഒരു ലിക്വിഡേറ്ററെ നിയമിച്ചതായും സർക്കാർ കൂട്ടിച്ചേർത്തു. കൂടുതൽ വിശദാംശങ്ങൾ കാത്തിരിക്കുന്നു (2024 നവംബർ).

നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് നികുതിനിർണ്ണയ അധികാരികൾ ഉറപ്പാക്കണമെന്ന് ശുപാർശ ചെയ്യുന്നു. നികുതിദായകന് അനർഹമായ ആനുകൂല്യം നൽകുന്നതിന് ഉത്തരവാദിത്തം നിശ്ചയിക്കാവുന്നതാണ്.

2.7 ഇൻപുട്ട് ടാക്സിന്റെ അധിക ക്രെഡിറ്റ് കാരണം നികുതിയുടെ കുറഞ്ഞ ചുമത്തൽ

അർഹതയില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിച്ചതിന്റെ ഫലമായി നികുതിയും പലിശയുമായി ₹0.92 കോടിയുടെ കുറഞ്ഞ ചുമത്തൽ.

കെവിഎടി ചട്ടങ്ങൾ, 2005ലെ ചട്ടം 12എ അനുസരിച്ച്, ഒരു റിട്ടേൺ കാലയളവിൽ നികുതി ബാധകമായ സാധനങ്ങൾ, ഭാഗികമായി നികുതി നൽകേണ്ട ഇടപാടുമായി ബന്ധപ്പെട്ടോ ഭാഗികമായി ഒഴിവാക്കപ്പെട്ടതോ അല്ലെങ്കിൽ നികുതി ബാധകമല്ലാത്തതോ ആയ ഇടപാടുമായി ബന്ധപ്പെട്ടോ ഉപയോഗിക്കുമ്പോൾ, അത്തരം റിട്ടേൺ കാലയളവിൽ അടച്ച ഇൻപുട്ട് ടാക്സ്, നികുതി നൽകേണ്ടതും അല്ലാത്തതുമായ ഇടപാടുകൾക്കനുസരിച്ച് വിഭജിക്കപ്പെടും. റിട്ടേൺ കാലയളവിലെ നികുതി നൽകേണ്ടതും അല്ലാത്തതുമായ വിറ്റുവരവിന്റെ അനുപാതത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് ചെയ്യേണ്ടത്. ഒഴിവാക്കപ്പെട്ട വിൽപ്പനയുമായോ ഇടപാടുമായോ ബന്ധപ്പെട്ട ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ഭാഗം നിരസിക്കുന്നതാണ്.

2.7.1 അർഹതയില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിച്ചതിലൂടെ അനാവശ്യ ആനുകൂല്യം

യുആർസി കൺസ്ട്രക്ഷൻ (പി) ലിമിറ്റഡ്, ടിപിഎസ്സി, പാലക്കാട് (കിഴക്ക്) അസിസ്റ്റന്റ് കമ്മീഷണറുടെ കീഴിലുള്ള ഒരു വർക്സ് കോൺട്രാക്ടറാണ്. ഒഴിവാക്കിയ വിറ്റുവരവ് ₹27.82 കോടി ചേർത്ത് മൊത്തം കരാർ രസീത് ₹48.28 കോടിയും നികുതിയായി ₹0.18 കോടി അടച്ചതും ചേർത്ത് നികുതിദായകൻ 2016-17 വർഷത്തെ വാർഷിക റിട്ടേൺ സമർപ്പിച്ചു (2019 ഫെബ്രുവരി).

₹26.44 കോടിയുടെ[35] (54 ശതമാനം) വിറ്റുവരവിന് ഇളവ് അനുവദിച്ച്, മൊത്തം കരാർ രസീതുകൾ ₹48.73 കോടിയായി തീർപ്പുകല്പിച്ചുകൊണ്ട് കെവിഎടി നിയമത്തിന്റെ വകുപ്പ് 25(1) പ്രകാരം നികുതിനിർണ്ണയ അധികാരി നികുതിനിർണ്ണയം പൂർത്തിയാക്കി (2019 സെപ്റ്റംബർ). ₹22.29 കോടിയുടെ (46 ശതമാനം) നികുതി ബാധകമായ വിറ്റുവരവിന് 14.50 ശതമാനം നിരക്കിൽ ₹3.23 കോടി നികുതി നിശ്ചയിച്ചു. മൊത്തം വിറ്റുവരവായ ₹48.73 കോടിക്ക് ₹0.91 കോടി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിച്ചു.

ഐടിസി അനുവദിക്കുമ്പോൾ, ചട്ടം 12എ പ്രകാരം നികുതി നൽകേണ്ടതും അല്ലാത്തതുമായ വിറ്റുവരവിന് അനുസൃതമായി ഐടിസിയെ വിഭജിക്കുന്നതിൽ നികുതി നിർണ്ണയ അധികാരി പരാജയപ്പെട്ടുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2023 മെയ്), പകരം മൊത്തം വിറ്റുവരവിനും ഐടിസി അനുവദിച്ചു. നികുതി നൽകേണ്ടതും അല്ലാത്തതുമായ വിറ്റുവരവുകൾക്കിടയിൽ 46:54 എന്ന അനുപാതത്തിൽ ഐടിസി വിഭജിക്കപ്പെടേണ്ടതായിരുന്നു. അങ്ങനെ വരുമ്പോൾ നികുതി ബാധകമായ വിറ്റുവരവിന് അനുസൃതമായ ഐടിസി ₹0.42 കോടി മാത്രമാണ് (₹0.91 കോടിയുടെ 46 ശതമാനം). എന്നാൽ, നികുതി നിർണ്ണയ അധികാരി മൊത്തം വിറ്റുവരവിനുമായി ₹0.91 കോടി ഐടിസിയായി അനുവദിച്ചു. അങ്ങനെ ₹0.49 കോടി അധിക ഐടിസി

[35] സെസ്സിലേക്കുള്ള വിൽപ്പന - ₹18.91 കോടി,
25 ശതമാനം നിരക്കിൽ വകുപ്പ് 10 പ്രകാരം ഇളവ് - ₹7.43 കോടി,
ഫോം 20എച്ച് വഴി തെളിയിക്കപ്പെട്ട ഉപകരാർ തുക - ₹0.10 കോടി.

അനുവദിച്ചതിന്റെ ഫലമായി നികുതിയും പലിശയുമായി ₹0.84 കോടി കുറവായി ചുമത്തിയത് താഴെ **പട്ടിക-2.5**ൽ കാണിച്ചിരിക്കുന്നു.

പട്ടിക-2.5: നികുതിയുടെയും പലിശയുടെയും കുറഞ്ഞ ചുമത്തലിന്റെ വിശദാംശങ്ങൾ - യുആർസി കൺസ്ട്രക്ഷൻ (പി) ലിമിറ്റഡ്

ക്രമ നം.	വിശദാംശങ്ങൾ	തുക (₹ ലക്ഷത്തിൽ)
1	നികുതിനിർണ്ണയ ഉത്തരവ് അനുസരിച്ച് മൊത്തം വിറ്റുവരവ്	48.73
2	നികുതി ബാധകമായ വിറ്റുവരവ്	22.29 (46 ശതമാനം)
3	ഒഴിവാക്കപ്പെട്ട വിറ്റുവരവ്	26.44 (54 ശതമാനം)
4	നികുതി ബാധകമായ വിറ്റുവരവിന്റെയും ഒഴിവാക്കിയ വിറ്റുവരവിന്റെയും അനുപാതം	46 : 54
5	നികുതിദായകൻ ആവശ്യപ്പെട്ടതും നികുതി നിർണ്ണയ അധികാരി അനുവദിക്കുകയും ചെയ്ത ഇൻപുട്ട് ടാക്സ്	0.91
6	യോഗ്യമായ ഐടിസി (0.91ന്റെ 46 ശതമാനം)	0.42
7	ഒഴിവാക്കപ്പെട്ട വില്പനയ്ക്ക് അനുവദനീയമായ ഐടിസി (0.91ന്റെ 54 ശതമാനം)	0.49
8	പലിശ (12 ശതമാനം വാർഷിക നിരക്കിൽ 2017 മെയ് മുതൽ 2023 ഏപ്രിൽ വരെ 72 മാസത്തേക്ക്)	0.35
	ആകെ കുറഞ്ഞ ചുമത്തൽ	**0.84**

സ്രോതസ്സ്: വകുപ്പ് നൽകിയ ഡാറ്റയെ അടിസ്ഥാനമാക്കി.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2023 ജൂലൈ), ഓഡിറ്റ് കണ്ടെത്തൽ ഉൾപ്പെടുത്തി ₹0.97 കോടി അധികമായി ആവശ്യപ്പെട്ടുകൊണ്ട് നികുതി നിർണ്ണയം പൂർത്തിയാക്കിയതായി സർക്കാർ അറിയിച്ചു (2024 നവംബർ). പിരിച്ചെടുക്കലിന്റെ വിശദാംശങ്ങൾ കാത്തിരിക്കുന്നു (2024 നവംബർ).

2.7.2 ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ക്രമരഹിതമായ അനുമതി

പാരിസൺസ് ഫുഡ്സ് (പി) ലിമിറ്റഡ്, സംസ്ഥാന നികുതി ഓഫീസർ, ടിപിഎസ്സി, കോഴിക്കോട് സിറ്റിയുടെ കീഴിലുള്ള വെളിച്ചെണ്ണ, ഭക്ഷ്യ എണ്ണ, ഭക്ഷ്യയോഗ്യമല്ലാത്ത എണ്ണ, തേയില, ഗോതമ്പ്, പാൽ ഉൽപന്നങ്ങൾ തുടങ്ങിയവയുടെ വ്യാപാരി ആണ്. നികുതിദായകൻ മൊത്തം പ്രാദേശിക വിൽപ്പന വിറ്റുവരവ് ₹95.20 കോടിയും നികുതി ബാധകമായ പ്രാദേശിക വിൽപ്പന വിറ്റുവരവ് ₹81.42 കോടിയുമായി തീരുമാനിച്ചു കൊണ്ട് 2017-18 വർഷത്തേക്കുള്ള വാർഷിക റിട്ടേൺ സമർപ്പിച്ചു (2020 നവംബർ). അടയ്ക്കേണ്ട ഔട്ട്പുട്ട് നികുതി ₹4.28 കോടിയും യോഗ്യമായ ഐടിസി ₹1.91 കോടിയുമാണ്.

മൊത്തം നികുതി ₹4.78 കോടിയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി ₹1.91 കോടിയും നിശ്ചയിച്ചു കൊണ്ട് നികുതി നിർണ്ണയ അധികാരി നികുതി നിർണ്ണയം പൂർത്തിയാക്കി (2021 മാർച്ച്).

നികുതി നിർണ്ണയ രേഖകൾ, സർക്കാർ നൽകിയ (2024 ജനുവരി) അക്കൗണ്ട് ബുക്കുകളിലെ കണക്കുകൾ മുതലായവയുടെ സൂക്ഷ്മപരിശോധനയിൽ (2023 ജൂൺ), ചട്ടം 12എയിൽ വിഭാവനം ചെയ്തതുപോലെ നികുതി നൽകേണ്ടതും അല്ലാത്തതുമായ വിറ്റുവരവിന് ആനുപാതികമായി ഐടിസി വിഭജിക്കാതെ നികുതി നിർണ്ണയ അധികാരി ഐടിസി അനുവദിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. ഇതിന്റെ ഫലമായി, താഴെ **പട്ടിക-2.6**ൽ വിവരിച്ചിരിക്കുന്നതുപോലെ നികുതിയും പലിശയുമായി ₹0.08 കോടി കുറവായി ഈടാക്കി.

പട്ടിക-2.6: നികുതിയുടെയും പലിശയുടെയും കുറഞ്ഞ ചുമത്തലിന്റെ വിശദാംശങ്ങൾ - പാരിസൺസ് ഫുഡ്സ് (പി) ലിമിറ്റഡ്

(₹ ലക്ഷത്തിൽ)

വിശദാംശങ്ങൾ	സൂര്യകാന്തി എണ്ണ	മറ്റു ഭക്ഷ്യ എണ്ണ	ആകെ
ആകെ വില്പന	1,936.87	6,160.80	8,097.67
സ്റ്റോക്ക് കൈമാറ്റം (കൊടുത്തത്)	640.24	142.55	782.79
സ്റ്റോക്ക് കൈമാറ്റത്തിന്റെ (കൊടുത്തത്) അനുപാതം	33.06	2.31	
പ്രാദേശിക വാങ്ങലുകളിന്മേലുള്ള ഐടിസി	6.94	103.12	110.06
യോഗ്യതയില്ലാത്ത ഐടിസി (ആനുപാതികമായി)	2.29 (6.94ന്റെ 33.06 ശതമാനം)	2.38 (103.12ന്റെ 2.31 ശതമാനം)	4.67
പലിശ 70 ശതമാനം നിരക്കിൽ (2018 മെയ് മുതൽ 2024 ഏപ്രിൽ വരെ)			3.27
ആകെ കുറഞ്ഞ ചുമത്തൽ			**7.94**

സ്രോതസ്സ്: വകുപ്പ് നൽകിയ ഡാറ്റയെ അടിസ്ഥാനമാക്കി.

സൂര്യകാന്തി എണ്ണയുടെ ഒഴിവാക്കിയ വിറ്റുവരവ് അനുപാതം (33.06 ശതമാനം) അതിന്റെ പ്രാദേശിക വാങ്ങൽ അനുപാതത്തിന് (14.65 ശതമാനം) ബാധകമാക്കുന്നതിലൂടെ, സൂര്യകാന്തി എണ്ണയുടെ യോഗ്യതയില്ലാത്ത ഐടിസി അതിന്റെ പ്രാദേശിക വാങ്ങലിൽ ലഭ്യമായ ഐടിസിയുടെ 4.84 ശതമാനം മാത്രമേ വരുന്നുള്ളു എന്നും നികുതി നിർണ്ണയം നടക്കുകയാണെന്നും സർക്കാർ മറുപടി നൽകി (2024 ജനുവരി).

ചട്ടം 12എ അനുസരിച്ച്, ഒരു റിട്ടേൺ കാലയളവിലെ നികുതി നൽകേണ്ടതും ഒഴിവാക്കപ്പെട്ടതുമായ ഇടപാടുകൾക്കിടയിൽ ഐടിസിയുടെ വിഭജനം നികുതി നൽകേണ്ടതും ഒഴിവാക്കപ്പെട്ടതുമായ വിറ്റുവരവിന്റെ അനുപാതത്തിലാണ് നടത്തേണ്ടത്. സൂര്യകാന്തി എണ്ണയുടെ സ്റ്റോക്ക് കൈമാറ്റവുമായി ബന്ധപ്പെട്ട യോഗ്യതയില്ലാത്ത ഐടിസി ചട്ടം 12എയുടെ വ്യവസ്ഥകൾ അനുസരിച്ച് കണക്കാക്കാത്തതിനാൽ, മറുപടി സ്വീകാര്യമല്ല.

ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിക്കുന്നതിന് മുമ്പ് എല്ലാ നിർബന്ധിത രേഖകളും പരിശോധിക്കുന്നതിന് മതിയായ സംവിധാനം ഏർപ്പെടുത്തണമെന്ന് ശുപാർശ ചെയ്യുന്നു. നികുതിദായകന് അനർഹമായ ആനുകൂല്യം നൽകിയതിന് ഉത്തരവാദിത്തം നിശ്ചയിക്കണം.

2.8 അധിക ഇളവ് അനുവദിച്ചതിന്റെ ഫലമായി കുറഞ്ഞ നികുതി ചുമത്തൽ

ഒരു വർക്സ് കോൺട്രാക്ടറുടെ നികുതി തെറ്റായി വിലയിരുത്തിയതിന്റെ ഫലമായി നികുതിയും പലിശയുമായി ₹0.12 കോടിയുടെ കുറഞ്ഞ ചുമത്തൽ.

കെവിഎടി ചട്ടങ്ങൾ, 2005ലെ ചട്ടം 10(2)(ബി) പ്രകാരം, ഒരു വർക്സ് കോൺട്രാക്ടിൽ, സാധനങ്ങളുടെ കൈമാറ്റം നടക്കുന്നത് ചരക്കുകളുടെ രൂപത്തിലല്ല, മറിച്ച് മറ്റേതെങ്കിലും രൂപത്തിലാണ് എന്നത് വ്യാപാരിയുടെ അക്കൗണ്ട് ബുക്കുകളിൽ നിന്നും നിജപ്പെടുത്താൻ കഴിയുന്നില്ലെങ്കിൽ, അഥവാ വ്യാപാരി അക്കൗണ്ടുകളൊന്നും സൂക്ഷിക്കാത്ത സാഹചര്യത്തിൽ, അത്തരം വർക്സ് കോൺട്രാക്ടുമായി ബന്ധപ്പെട്ട മൊത്തം വിറ്റുവരവ് കണക്കാക്കാൻ കരാറിന്റെ ആകെ തുകയിൽ നിന്നും കൂലിയും മറ്റ് ബാധ്യതകളും കിഴിച്ച്, വർക്സ് കോൺട്രാക്ടുമായി ബന്ധപ്പെട്ട യഥാർത്ഥ വിറ്റുവരവ് കണക്കാക്കുന്നതാണ്. ചട്ടം 10(2)(ബി)ക്ക് താഴെയുള്ള പട്ടിക പ്രകാരം, 'സ്ട്രക്ച്ചറൽ

കോൺട്രാക്ടുകൾക്ക് അനുവദനീയമായ ഇളവ് വർക്സ് കോൺട്രാക്ട് മൂല്യത്തിന്റെ 30 ശതമാനമാണ്.

എസ്‌യു സ്ക്വയർ പ്രോജക്ട്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ (പി) ലിമിറ്റഡ്, സംസ്ഥാന നികുതി ഓഫീസർ, ടിപിഎസ്‌സി, ചാലപ്പുറം, കോഴിക്കോടിന്റെ കീഴിലുള്ള വർക്സ് കോൺട്രാക്ടറാണ്. നികുതിദായകൻ മുഴുവൻ കരാറും സ്ട്രക്ച്ചറൽ കോൺട്രാക്ടുകളായി കാണിച്ചു കൊണ്ട് മൊത്തം വിറ്റുവരവ് ₹8.84 കോടിയായി 2016-17 വർഷത്തേക്കുള്ള വാർഷിക റിട്ടേൺ ഫയൽ ചെയ്തു (2018 ജൂലൈ). ചട്ടം 10(2)(ബി) പ്രകാരം നികുതിദായകൻ ₹3.11 കോടി (മൊത്തം വിറ്റുവരവിന്റെ 35 ശതമാനം) ഒഴിവാക്കിയ വിതരണമായി അവകാശപ്പെട്ട് നികുതി ബാധകമായ വിറ്റുവരവ് ₹5.73 കോടിയായി നിജപ്പെടുത്തി.

മൊത്തം കരാർ രസീത് ₹8.55 കോടിയായും നികുതി നൽകേണ്ട വിറ്റുവരവ് ₹5.44 കോടിയായും (ചട്ടം 10(2)(ബി) പ്രകാരം ₹3.11 കോടി ഇളവ് അനുവദിച്ചതിന് ശേഷം), നിജപ്പെടുത്തിക്കൊണ്ട് വകുപ്പ് 25(1) പ്രകാരം നികുതി നിർണ്ണയം പൂർത്തിയാക്കി (2019 ഒക്ടോബർ). നികുതി നിർണ്ണയ ഉത്തരവ് പ്രകാരം നികുതി ബാധ്യത ₹0.78 കോടിയാണ്. നികുതിദായകന് ₹0.82 കോടിയുടെ യോഗ്യതയുള്ള ഐടിസിയും ടിഡിഎസും ഉണ്ടായിരുന്നു, കൂടാതെ ₹0.04 കോടിയുടെ അധിക ക്രെഡിറ്റ് തിരിച്ചു നൽകി (2020 ഒക്ടോബർ).

നികുതി നിർണ്ണയ രേഖകളുടെ സൂക്ഷ്മപരിശോധനയിൽ (2023 ജൂൺ), സ്ട്രക്ച്ചറൽ കോൺട്രാക്ടുകൾക്ക് ചട്ടം 10(2)(ബി) പ്രകാരം അനുവദനീയമായ ഇളവ് 30 ശതമാനമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അങ്ങനെയിരിക്കെ, നികുതിദായകന് അനുവദിക്കാവുന്ന ഇളവ് ₹2.57 കോടി മാത്രമാണ്, പകരം ₹3.11 കോടി (35 ശതമാനം) ഇളവായി അനുവദിച്ചു. ₹0.54 കോടിയുടെ അനുവദനീയമല്ലാത്ത ഇളവ് അനുവദിച്ചത്, ചുവടെ **പട്ടിക-2.7**ൽ വിവരിച്ചിരിക്കുന്നതുപോലെ നികുതിയും പലിശയുമായി ₹0.12 കോടി കുറവായി ചുമത്താൻ കാരണമായി.

പട്ടിക-2.6: നികുതിയുടെയും പലിശയുടെയും കുറഞ്ഞ ചുമത്തലിന്റെ വിശദാംശങ്ങൾ - എസ്‌യു സ്ക്വയർ പ്രോജക്ട്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ (പി) ലിമിറ്റഡ്

ക്രമ നം.	വിശദാംശങ്ങൾ		തുക (₹ ലക്ഷത്തിൽ)
1	നികുതിനിർണ്ണയ ഉത്തരവ് അനുസരിച്ച് മൊത്തം വിറ്റുവരവ്		855.40
2	ഇളവ് അനുവദിച്ചത്		311.16 (35 ശതമാനം)
3	യോഗ്യതയുള്ള ഇളവ് (ക്രമനമ്പർ 1 ന്റെ 30 ശതമാനം)		256.62
4	അധിക ഇളവ് അനുവദിച്ചത് (2) – (3)		54.54
5	നികുതി കുടിശ്ശിക (ക്രമ നമ്പർ 4ന്റെ 14.50 ശതമാനം നിരക്കിൽ)		7.91
6	പലിശ	തിരിച്ചു നൽകിയ ₹3,61,560ന് 12 ശതമാനം വാർഷിക നിരക്കിൽ 2020 നവംബർ മുതൽ 2023 മെയ് വരെ 31 മാസത്തേക്ക്	1.12
		ബാക്കി നികുതിയായ ₹4,29,322ന് (7,90,882 - 3,61,560) 12 ശതമാനം വാർഷിക നിരക്കിൽ 2017 മെയ് മുതൽ 2023 മെയ് വരെ 73 മാസത്തേക്ക്	3.13
7	ആകെ പലിശ		4.25
8	**ആകെ കുറഞ്ഞ ചുമത്തൽ (5) + (7)**		**12.16**
			0.12 കോടി

സ്രോതസ്സ്: വകുപ്പ് നൽകിയ ഡാറ്റയെ അടിസ്ഥാനമാക്കി.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2023 സെപ്റ്റംബർ), അക്കൗണ്ട് ബുക്കുകൾ തയ്യാറാക്കുമ്പോൾ നികുതിദായകൻ മെറ്റീരിയലും ലേബറും അതിന്റെ യഥാർത്ഥ അടിസ്ഥാനത്തിൽ എടുത്തിരുന്നുവെന്ന് സർക്കാർ അറിയിച്ചു (2024 നവംബർ). സാമഗ്രികളുടെയും സേവനങ്ങളുടെയും ശതമാനം അവർ അവരുടെ ബില്ലുകളിൽ 60:40, 70:30 എന്നീ അനുപാതത്തിൽ പ്രത്യേകം കാണിച്ചിരുന്നു. കൂടാതെ, നികുതിദായകൻ സിവിൽ, ഇലക്ട്രിക്കൽ, സർവീസ് മാത്രമുള്ള കരാറുകൾ എന്നിവയാണ് ചെയ്തിരുന്നത്, അതിനാൽ ഇളവ് നിരക്ക് നിശ്ചയിച്ചിട്ടില്ല. അക്കൗണ്ട് ബുക്കുകളിൽ നിന്ന് കിഴിവുകൾ കണ്ടെത്താനാകാത്തപ്പോൾ മാത്രമേ ചട്ടം 10(2)(ബി) ബാധകമാകുകയുള്ളു, ഇവിടെ നികുതിദായകൻ മെറ്റീരിയലിനും ലേബറിനും പ്രത്യേക അക്കൗണ്ടുകൾ സൂക്ഷിക്കുന്നു. അക്കൗണ്ട് ബുക്കുകൾ പ്രകാരം ഇളവ് നൽകുമ്പോൾ നികുതി നിർണായ അധികാരി, ചട്ടം 10(2)(എ)ക്കു പകരം ചട്ടം 10(2)(ബി) തെറ്റായി ഉദ്ധരിച്ചു. അതിനാൽ, ഇളവ് അവകാശപ്പെട്ടതും അനുവദിച്ചതും നിയമപ്രകാരമാണ്.

മറുപടി സ്വീകാര്യമല്ല. മെറ്റീരിയൽ, ലേബർ എന്നിവയ്ക്കായി നികുതിദായകൻ പ്രത്യേക അക്കൗണ്ടുകൾ സൂക്ഷിക്കുന്നുവെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, നികുതിദായകൻ സാമഗ്രികളുടെയും തൊഴിലിന്റെയും ഘടകങ്ങൾക്ക് 60:40, 70:30 എന്നീ രണ്ട് വ്യത്യസ്ത അനുപാതങ്ങളിൽ ബില്ലുകൾ നൽകിയിരുന്നു. അവർ സാമഗ്രികളും സേവനവും യഥാർത്ഥ അടിസ്ഥാനത്തിൽ എടുത്തിട്ടുണ്ടെങ്കിൽ, നൽകുന്ന ബില്ലുകളിൽ യഥാർത്ഥ ചെലവുകൾ മാത്രമേ കണക്കിലെടുക്കൂ, ശതമാനം അടിസ്ഥാനത്തിലല്ല. മാത്രമല്ല, നികുതിദായകൻ തന്നെ തന്റെ എല്ലാ പ്രവൃത്തികളും സ്ട്രക്ച്ചറൽ കോൺട്രാക്ടുകളായി വെളിപ്പെടുത്തിയിട്ടുണ്ട്, അതിനാൽ നികുതി ദായകൻ സിവിൽ, ഇലക്ട്രിക്കൽ, സർവീസ് മാത്രമുള്ള കരാറുകൾ എന്നിവയാണ് ചെയ്തതെന്ന സർക്കാരിന്റെ വാദവും സ്വീകാര്യമല്ല.

നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് നികുതി നിർണ്ണയ അധികാരി ഉറപ്പാക്കാൻ ശുപാർശ ചെയ്യുന്നു. നികുതിദായകന് അനർഹമായ ആനുകൂല്യം നൽകുന്നതിന് ഉത്തരവാദിത്തം നിശ്ചയിക്കാവുന്നതാണ്.

അദ്ധ്യായം III

വാഹനങ്ങളിൻമേലുള്ള നികുതികൾ

അദ്ധ്യായം - III
വാഹനങ്ങളിൻമേലുള്ള നികുതികൾ

3.1 നികുതികാര്യ നിർവ്വഹണം

കേരള മോട്ടോർ വാഹന വകുപ്പ് പ്രാഥമികമായി സ്ഥാപിതമായത് 1988ലെ മോട്ടോർ വാഹന നിയമം, 1976ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ട്, അവയ്ക്കു കീഴിൽ രൂപപ്പെടുത്തിയിട്ടുള്ള ചട്ടങ്ങൾ എന്നിവയുടെ നിർവ്വഹണത്തിനായാണ്. കേരളത്തിൽ വാഹനങ്ങളുടെ രജിസ്ട്രേഷൻ, ഡ്രൈവിംഗ് ലൈസൻസ് നൽകൽ, വിവിധ പെർമിറ്റുകളുടെ വിതരണം, റോഡ് നികുതി പിരിവ്, വാഹന മലിനീകരണം നിയന്ത്രിക്കൽ തുടങ്ങിയവ കേരള മോട്ടോർ വാഹന വകുപ്പിന്റെ ചുമതലകളാണ്. റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കും മോട്ടോർ വാഹന നിയമം നടപ്പാക്കുന്നതിനുമായി എംവിഡിയുടെ സേഫ് കേരള വിംഗ് പ്രവർത്തിക്കുന്നു. ഈ നിയന്ത്രണ പ്രവർത്തനങ്ങളിലൂടെ മോട്ടോർ വാഹന വകുപ്പ് സംസ്ഥാന ഖജനാവിലെ പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായി മാറുന്നു.

3.2 ആന്തരിക പരിശോധന

സംസ്ഥാന ഗതാഗത അതോറിറ്റി, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ (ആർടിഒ), ഓരോ സോണിലെയും ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസുകൾ എന്നിവയുടെ ഓഡിറ്റ് നടത്തുന്നത് മോട്ടോർ വാഹന വകുപ്പിലെ സീനിയർ ഫിനാൻസ് ഓഫീസറാണ്. വകുപ്പിലെ സബ് ആർടിഒകളുടെയും മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളുടെയും ആന്തരിക പരിശോധന നടത്തുന്നത് ഓരോ സോണൽ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെയും ഓഫീസുമായി ബന്ധപ്പെട്ട സീനിയർ സൂപ്രണ്ടുമാരാണ്. ഒരു അക്കൗണ്ട്സ് ഓഫീസർ, ഒമ്പത് സീനിയർ സൂപ്രണ്ടുമാർ, 11 ക്ലാർക്കുമാർ എന്നിവരടങ്ങുന്നതാണ് ഇന്റേണൽ ഓഡിറ്റ് ടീം. 2022-23ൽ 110 യൂണിറ്റുകൾ ലക്ഷ്യമിട്ടതിൽ 50 യൂണിറ്റുകൾ ഓഡിറ്റ് ചെയ്തു. എല്ലാ ഓഫീസുകളുടെയും ഓഡിറ്റ് വാർഷികമാണെങ്കിലും ഇന്റേണൽ ഓഡിറ്റ് വിംഗിലെ ജീവനക്കാരുടെ കുറവും, ശരിയായ പരിശീലനത്തിന്റെയും ഓഡിറ്റ് സോഫ്റ്റ്വെയറിന്റെയും അഭാവവും കാരണം ലക്ഷ്യം കൈവരിക്കാനായില്ലെന്ന് വകുപ്പ് വ്യക്തമാക്കി. 2022-23 കാലയളവിൽ, വകുപ്പ് 32 ഖണ്ഡികകൾ തീർപ്പാക്കി, ഇത് കുടിശ്ശികയുള്ള 5,400 ഖണ്ഡികകളുടെ 0.59 ശതമാനമാണ്.

3.3 ഓഡിറ്റിന്റെ ഫലങ്ങൾ

മോട്ടോർ വാഹന വകുപ്പിൽ ഓഡിറ്റ് ചെയ്യേണ്ട 91 യൂണിറ്റുകളിൽ 41 യൂണിറ്റുകൾ 2022-23 കാലയളവിൽ ഓഡിറ്റിനായി തിരഞ്ഞെടുത്തു. ഫീൽഡ് ഓഫീസുകൾ സന്ദർശിച്ച് നേരിട്ടുള്ള സൂക്ഷ്മപരിശോധനയിലൂടെയും 'വാഹൻ'[36]-ൽ നിന്ന് വേർതിരിച്ചെടുത്ത ഡാറ്റ വിശകലനം ചെയ്തുമാണ് ഓഡിറ്റ് നടത്തുന്നത്. രേഖകളുടെ പരിശോധനയിലൂടെ, മോട്ടോർ വാഹനങ്ങളുടെ രജിസ്ട്രേഷൻ/ ഫിറ്റ്നസ് എന്നിവയുമായി ബന്ധപ്പെട്ട നികുതി, ഫീസ്, പിഴ എന്നിവയുടെ കുറഞ്ഞ ചുമത്തൽ/ ചുമത്താതിരിക്കൽ/ അടക്കാതിരിക്കൽ, മറ്റ് ക്രമക്കേടുകൾ എന്നിവ 2022-23 വർഷത്തിൽ കണ്ടെത്തി. മുൻ വർഷങ്ങളിലും സമാനമായ ചില വീഴ്ചകൾ ഓഡിറ്റ് ചൂണ്ടിക്കാട്ടിയിരുന്നു. ഈ ക്രമക്കേടുകൾ നിലനിൽക്കുന്നുവെന്നു മാത്രമല്ല, അടുത്ത ഓഡിറ്റ് വരെ കണ്ടെത്താനാകാതെ തുടരുകയും ചെയ്യുന്നു. ഇത്തരം കേസുകൾ ആവർത്തിക്കാതിരിക്കാൻ ഇന്റേണൽ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതുൾപ്പെടെയുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനം സർക്കാർ മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്. താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന നികുതിയുടെ കുറഞ്ഞ ചുമത്തൽ/

[36] വാഹന രജിസ്ട്രേഷൻ, ഫിറ്റ്നസ്, നികുതി, പെർമിറ്റുകൾ, എൻഫോഴ്സ്മെന്റ് എന്നിവയ്ക്കായുള്ള ഏകീകൃത സോഫ്റ്റ്വെയർ.

ചുമത്താതിരിക്കൽ, മറ്റു ക്രമക്കേടുകൾ എന്നിവയുമായി ബന്ധപ്പെട്ട ₹85.84 കോടി ഉൾപ്പെട്ട 407 കേസുകൾ **പട്ടിക - 3.1**ൽ നൽകിയിരിക്കുന്നു.

പട്ടിക - 3.1 : നികുതി കുറവായി ചുമത്തിയതിന്റെയും മറ്റ് ക്രമക്കേടുകളുടെയും വിശദാംശങ്ങൾ

ക്രമ നമ്പർ	വിഭാഗം	കേസുകളുടെ എണ്ണം	തുക (₹ കോടിയിൽ)
1	നികുതിയുടെ കുറഞ്ഞ ചുമത്തൽ	123	6.92
2	നികുതി ചുമത്താതിരിക്കൽ	239	41.44
3	മറ്റുള്ളവ	45	37.48
ആകെ		**407**	**85.84**

പ്രസ്തുതവർഷത്തിൽ, ഓഡിറ്റ് ചൂണ്ടിക്കാണിച്ച നികുതി ചുമത്താതിരുന്നതും കുറവായി ചുമത്തിയതും മറ്റ് ന്യൂനതകളുമായി ബന്ധപ്പെട്ട ₹85.84 കോടി ഉൾപ്പെട്ട 407 കേസുകൾ വകുപ്പ് അംഗീകരിച്ചു. പ്രസ്തുതവർഷത്തിൽ 74 കേസുകളിലായി ₹14.47 കോടി വസൂലാക്കി.

2007 ജനുവരി മുതൽ മോട്ടോർ വാഹന വകുപ്പ് 'സ്മാർട്ട്മൂവ്' എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ നടപ്പിലാക്കുകയും പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്യുകയും ചെയ്തു. 2019 മുതൽ ഇത് 'വാഹൻ'ലേക്ക് മാറ്റുകയും വാഹന രജിസ്ട്രേഷൻ, പെർമിറ്റ്, നികുതി, എൻഫോഴ്സ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട ആർടിഒ പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്തു പ്രാബല്യത്തിലാക്കുകയും ചെയ്തു. ആർടിഒകളുടെയും എസ്ആർടിഒകളുടെയും പ്രവർത്തനങ്ങളുടെ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ ₹13.53 കോടി ഉൾപ്പെടുന്ന ചില കേസുകൾ ഉദാഹരണങ്ങളായി തുടർന്നുള്ള ഖണ്ഡികകളിൽ നൽകിയിരിക്കുന്നു. ചുവടെയുള്ള ഖണ്ഡികകൾ 'വാഹൻ', 'സ്മാർട്ട്മൂവ്' എന്നിവയിൽ നിന്നും വേർതിരിച്ചെടുത്ത ഡാറ്റയെയും ആകെയുള്ള 91 ഓഡിറ്റ് യൂണിറ്റുകളിൽ 41 ഓഡിറ്റ് യൂണിറ്റുകളിൽ (45 ശതമാനം) നടത്തിയ നേരിട്ടുള്ള പരിശോധനയെയും അടിസ്ഥാനമാക്കിയുള്ളതാണ്.

3.4 ഗതാഗത വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കാത്തത്

ഗതാഗത വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കാലാവധി കഴിഞ്ഞതിന്റെ/ വൈകി പുതുക്കിയതിന്റെ പിഴയും അധിക ഫീസും ഈടാക്കാതിരുന്നത് ₹8.82 കോടിയുടെ കുറഞ്ഞ ചുമത്തലിന്/ ചുമത്താതിരിക്കലിന് കാരണമായി.

വാഹനം റോഡിൽ ഓടാൻ എല്ലാ അർത്ഥത്തിലും അനുയോജ്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്ന ഒരു രേഖയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്. 1988ലെ മോട്ടോർ വാഹന നിയമത്തിന്റെ വകുപ്പ് 56 പ്രകാരം ഒരു ഗതാഗത വാഹനത്തിന് അനുവദിച്ചതോ പുതുക്കികൊടുത്തതോ ആയ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ കാലാവധി 1989ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളുടെ ചട്ടം 62(1) അനുസരിച്ച്, എട്ട് വർഷം വരെ പഴക്കമുള്ള വാഹനങ്ങൾക്ക് രണ്ടു വർഷവും എട്ട് വർഷത്തിനു മുകളിൽ പഴക്കമുള്ള വാഹനങ്ങൾക്ക് ഒരു വർഷവുമാണ്. കൂടാതെ, 1988ലെ മോട്ടോർ വാഹന നിയമത്തിന്റെ വകുപ്പ് 55 പ്രകാരം, ഒരു മോട്ടോർ വാഹനം നശിപ്പിക്കപ്പെടുകയോ സ്ഥിരമായി ഉപയോഗിക്കാൻ കഴിയാത്ത രീതിയിൽ ഉപയോഗശൂന്യമാകുകയോ ചെയ്താൽ, ഉടമ, പതിന്നാലു ദിവസത്തിനുള്ളിൽ ഈ വസ്തുത രജിസ്ട്രേഷൻ അതോറിറ്റിയെ അറിയിക്കേണ്ടതും വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ആ അതോറിറ്റിക്ക് കൈമാറേണ്ടതുമാണ്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൈവശമില്ലാത്ത ഗതാഗത വാഹനത്തിന്റെ രജിസ്ട്രേഷന് സാധുതയുള്ളതായി കണക്കാക്കില്ല[37]. വാഹനങ്ങളുടെ ക്ഷമതയിൽ ഫലപ്രദമായ നിയന്ത്രണം ഉറപ്പാക്കുന്നതിന്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കാത്തതിന് പിഴ ചുമത്താൻ കേരള മോട്ടോർ വാഹന ചട്ടങ്ങളുടെ ചട്ടം 105(5) വ്യവസ്ഥ ചെയ്യുന്നു. ഇത് പ്രകാരം, കാലഹരണപ്പെടുന്ന തീയതിയിലോ അതിനുമുമ്പോ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്നതിനായി ഒരു വാഹനം ഹാജരാക്കിയില്ലെങ്കിൽ, നിശ്ചിത നിരക്ക് പ്രകാരമുള്ള പിഴ[38] ഓരോ കലണ്ടർ മാസത്തിലും അല്ലെങ്കിൽ ആനുപാതികമായി ഈടാക്കേണ്ടതാണ്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കാലഹരണപ്പെട്ടതിന് ശേഷം വൈകുന്ന ഓരോ ദിവസത്തിനും കേന്ദ്ര സർക്കാർ ₹50 അധിക ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്[39].

3.4.1 ഗതാഗത വാഹനങ്ങളിൽ നിന്നും കാലഹരണപ്പെട്ട ഫിറ്റ്നസ് സർട്ടിഫിക്കറ്റിനു മേൽ പിഴയും അധിക ഫീസും ഈടാക്കാത്തത്

2021-22 കാലയളവിൽ 12 ആർടിഒകളിലും 23 എസ്ആർടിഒകളിലുമായി അനുവദിച്ചു നൽകിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ വാഹൻ ഡാറ്റാബേസ് വഴി ഓഡിറ്റ് വിശകലനം ചെയ്തു (2022-23ൽ). 2021-22 കാലയളവിൽ ആറ് ആർടിഒകളിലും 14 എസ്ആർടിഒകളിലുമായി 8,333 സജീവമായ വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ കാലാവധി കഴിഞ്ഞതായും, ഈ വാഹനങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള പുനഃപരിശോധനയ്ക്കായി ഹാജരാക്കാത്തതായും ശ്രദ്ധയിൽപെട്ടു. വാഹനിൽ വിവരങ്ങൾ ലഭ്യമായിരുന്നിട്ടും, ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ/ പെർമിറ്റ് റദ്ദാക്കുവാനോ, വീഴ്ച വരുത്തുന്ന വാഹന ഉടമകൾക്ക് നോട്ടീസ് നല്കുവാനോ, വകുപ്പിലെ എൻഫോഴ്സ്മെൻറ് വിഭാഗം നടപടികളൊന്നും ആരംഭിച്ചില്ല. തൽഫലമായി, 8,333 വാഹനങ്ങളുമായി ബന്ധപ്പെട്ട പിഴയും അധിക ഫീസുമായി ₹7.38 കോടി ഈടാക്കാത്തത് **അനുബന്ധം-VI**ൽ വിവരിച്ചിരിക്കുന്നു.

---

[37] 1988ലെ മോട്ടോർ വാഹന നിയമത്തിന്റെ വകുപ്പ് 56 പ്രകാരം.

[38] 2019 ജൂലൈ 18ലെ ഗസറ്റ് വിജ്ഞാപനം നമ്പർ 1913 പ്രകാരം, ഇരുചക്ര/ മുച്ചക്ര വാഹനങ്ങൾക്ക് ₹100 നിരക്കിലും, മോട്ടോർ ക്യാബിന് ₹150 നിരക്കിലും, മറ്റ് ഗതാഗത വാഹനങ്ങൾക്ക് ₹200 നിരക്കിലും.

[39] 2016 ഡിസംബർ 29 ഗസറ്റ് വിജ്ഞാപനം നമ്പർ ജി.എസ്.ആർ.1183 (ഇ).

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 ജൂലൈ), ഇക്കാര്യം എല്ലാ ആർടിഒമാരെയും ജെആർടിഒമാരെയും[40] അറിയിച്ചിട്ടുണ്ടെന്നും അന്തിമ റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ).

3.4.2 ഗതാഗത വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വൈകി പുതുക്കിയതിന്മേലുള്ള പിഴ ചുമത്താതിരുന്നത്

2021-22 കാലയളവിൽ 12 ആർടിഒകളിലും 23 എസ്ആർടിഒകളിലുമായി അനുവദിച്ചു നൽകിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ വാഹൻ ഡാറ്റാബേസ് വഴി ഓഡിറ്റ് വിശകലനം ചെയ്തു (2022-23ൽ). മൂന്ന് ആർടിഒകളിലും ആറ് എസ്ആർടിഒകളിലുമായി 3,987 വാഹനങ്ങൾ നിർദ്ദിഷ്ട തീയതി കഴിഞ്ഞതിന് ശേഷം ഫിറ്റ്നസ് പരിശോധനയ്ക്കായി ഹാജരാക്കിയെന്നും ഈ 3,987 ഗതാഗത വാഹനങ്ങൾക്കുമേൽ പിഴ ചുമത്താതിരിക്കുകയോ കുറവായി ചുമത്തുകയോ ചെയ്തതായും കണ്ടെത്തി. തൽഫലമായി **അനുബന്ധം-VII**ൽ വിവരിച്ചിരിക്കുന്നത് പോലെ ₹1.44 കോടി ഈടാക്കിയില്ല.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 ജൂലൈ), ഇക്കാര്യം എല്ലാ ആർടിഒമാരെയും ജെആർടിഒമാരെയും അറിയിച്ചിട്ടുണ്ടെന്നും അന്തിമ റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ).

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വൈകി പുതുക്കുകയോ പുതുക്കാതിരിക്കുകയോ ചെയ്യുന്ന ഗതാഗത വാഹനങ്ങളിൽ നിന്നും പിഴയും അധിക ഫീസും ഈടാക്കുന്നതിന് സർക്കാർ ശരിയായ നിരീക്ഷണ സംവിധാനം നടപ്പിലാക്കണമെന്ന് ശുപാർശ ചെയ്യുന്നു. മോട്ടോർ വാഹന നിയമത്തിലെ പ്രസക്തമായ വ്യവസ്ഥകൾ പാലിക്കാത്ത കേസുകളിൽ ഉത്തരവാദിത്തം നിശ്ചയിക്കണം.

3.5 ചെക്ക് പോസ്റ്റിൽ അനുവദിച്ചു നൽകിയ പെർമിറ്റുകൾക്ക് സർവീസ് ചാർജ് ഈടാക്കാത്തത്

എല്ലാ തരത്തിലുമുള്ള വാഹനങ്ങൾക്ക് അനുവദിക്കുന്ന താൽക്കാലിക പെർമിറ്റിനും പ്രത്യേക പെർമിറ്റിനും സർവീസ് ചാർജ്ജായി ₹4.24 കോടി ഈടാക്കാതിരുന്നത്.

അന്തർ-സംസ്ഥാന ഗതാഗത വാഹനങ്ങൾക്ക് 1988ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 87 പ്രകാരമുള്ള താൽക്കാലിക പെർമിറ്റും[41], വകുപ്പ് 88(8) പ്രകാരമുള്ള പ്രത്യേക പെർമിറ്റും[42], സംസ്ഥാന ട്രാൻസ്പോർട്ട് അതോറിറ്റിക്ക്/ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിക്ക് അനുവദിച്ചു നൽകാവുന്നതാണ്. 2018 സെപ്തംബർ 24ലെ സ.ഉ.(സാധാ.) നമ്പർ 422/2018/ട്രാൻസ് പ്രകാരം താൽക്കാലിക പെർമിറ്റ് (എല്ലാ ക്ലാസുകളും) പ്രത്യേക പെർമിറ്റ് (എല്ലാ ക്ലാസുകളും) നൽകുന്നതിനുള്ള സർവീസ് ചാർജ് ₹105 ആയി ഗതാഗത വകുപ്പ് നിശ്ചയിച്ചിരുന്നു.

ഏഴ് ആർടിഒകളുടെ കീഴിലുള്ള 13 ചെക്ക് പോസ്റ്റുകളിലൂടെ, 2019-22 കാലയളവിൽ അനുവദിച്ചു നൽകിയ താത്ക്കാലിക/ പ്രത്യേക പെർമിറ്റുകളുടെ വിശദാംശങ്ങൾ സ്മാർട്ട്മൂവ് ഡാറ്റാബേസിലൂടെ ഓഡിറ്റ് വിശകലനം ചെയ്തപ്പോൾ (2022-23ൽ), 1,77,687 താൽക്കാലിക പെർമിറ്റും 2,25,993 പ്രത്യേക പെർമിറ്റും ഈ കാലയളവിൽ അനുവദിച്ചു നൽകിയതായി കണ്ടെത്തി. എന്നാൽ നിശ്ചിത സർവീസ് ചാർജ് വകുപ്പ് ഈടാക്കുന്നില്ലെന്നു ശ്രദ്ധയിൽപെട്ടു. ₹4.24 കോടിയുടെ സർവീസ് ചാർജ് ഈടാക്കാത്തത് **അനുബന്ധം-VIII**ൽ വിവരിച്ചിരിക്കുന്നു.

---

[40] ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ.

[41] അന്തർസംസ്ഥാന ഗതാഗതത്തിന് ഹ്രസ്വകാലത്തേക്ക് അനുവദിച്ച പെർമിറ്റ്.

[42] അന്തർസംസ്ഥാന ഗതാഗതത്തിനായി പ്രത്യേക ആവശ്യങ്ങൾക്കായി താൽക്കാലികമായി അനുവദിച്ച പെർമിറ്റ്.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 ജൂലൈ), ഇക്കാര്യം എല്ലാ ആർടിഒമാരെയും ജെആർടിഒമാരെയും അറിയിച്ചിട്ടുണ്ടെന്നും അന്തിമ റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ).

ബന്ധപ്പെട്ട നിയമങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കിക്കൊണ്ട് വകുപ്പ് അത്തരം തെറ്റുകൾ ഒഴിവാക്കണമെന്നും നികുതി ചുമത്താത്തതിന്റെ ഉത്തരവാദിത്തം നിശ്ചയിക്കണമെന്നും ശുപാർശ ചെയ്യുന്നു.

3.6 ഹരിത നികുതി ചുമത്താതിരുന്നത്

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്ന സമയത്ത് ₹17.25 ലക്ഷത്തിന്റെ ഹരിത നികുതി ഈടാക്കാതിരുന്നത്.

1976ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ നിയമത്തിലെ വകുപ്പ് 3എ പ്രകാരം, വായു മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള വിവിധ നടപടികൾ നടപ്പിലാക്കുന്നതിനായി താഴെ **പട്ടിക-3.2**ൽ വ്യക്തമാക്കിയിരിക്കുന്നത് പോലെ മോട്ടോർ വാഹനങ്ങളിൽ നിന്ന് ഹരിത നികുതി ഈടാക്കുകയും പിരിച്ചെടുക്കുകയും ചെയ്യണം.

പട്ടിക - 3.2 : ഹരിത നികുതി ചുമത്താവുന്നത്

ക്രമ നമ്പർ	വാഹനങ്ങളുടെ ഇനവും പഴക്കവും	ഹരിത നികുതിയുടെ നിരക്ക് (₹)	ചുമത്തുന്ന അവസരം
1	നാലോ അതിലേറെയോ ചക്രങ്ങളുള്ളതും രജിസ്ട്രേഷൻ തീയതി മുതൽ 15 വർഷം പൂർത്തിയാക്കിയതുമായ ഗതാഗതേതര വാഹനങ്ങൾ	ഓരോ അഞ്ച് വർഷത്തിനും 400	രജിസ്ട്രേഷൻ പുതുക്കുന്ന അവസരത്തിൽ
2	നാലോ അതിലധികമോ ചക്രങ്ങളുള്ളതും രജിസ്ട്രേഷൻ തീയതി മുതൽ 10 വർഷം പൂർത്തിയാക്കിയതുമായ ലഘുഗതാഗത വാഹനങ്ങൾ	ഓരോ വർഷത്തിനും 200	ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്ന അവസരത്തിൽ
3	രജിസ്ട്രേഷൻ തീയതി മുതൽ 10 വർഷം പൂർത്തിയാക്കിയ ഇടത്തരം ഗതാഗത വാഹനങ്ങൾ	ഓരോ വർഷത്തിനും 300	ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്ന അവസരത്തിൽ
4	രജിസ്ട്രേഷൻ തീയതി മുതൽ 10 വർഷം പൂർത്തിയാക്കിയ ഭാരമേറിയ ഗതാഗത വാഹനങ്ങൾ	ഓരോ വർഷത്തിനും 400	ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്ന അവസരത്തിൽ

സ്രോതസ്സ് : കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്റ്റ്, 1976.

2021-22 കാലയളവിൽ 12 ആർടിഒകളുമായും 23 എസ്ആർടിഒകളുമായി ബന്ധപ്പെട്ട നികുതി അടക്കൽ വിവരങ്ങൾ വാഹൻ ഡാറ്റാബേസ് മുഖേന ഓഡിറ്റ് പരിശോധിച്ചു (2022-23ൽ). 11 ആർടിഒകളിലും 23 എസ്ആർടിഒകളിലുമായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്ന സമയത്ത് 2,886 വാഹനങ്ങളിൽ നിന്നും ഹരിത നികുതി പിരിച്ചെടുത്തിട്ടില്ലെന്ന് കണ്ടെത്തി. ഇതിന്റെ ഫലമായി **അനുബന്ധം-IX**ൽ വിവരിച്ചിരിക്കുന്നത് പോലെ ₹17.25 കോടിയുടെ ഹരിത നികുതി ഈടാക്കിയിട്ടില്ല.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 ജൂലൈ), ഇക്കാര്യം എല്ലാ ആർടിഒമാരെയും ജെആർടിഒമാരെയും അറിയിച്ചിട്ടുണ്ടെന്നും അന്തിമ റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ).

ഹരിത നികുതിയുടെ കാലാവധി കഴിഞ്ഞ വാഹനങ്ങളുടെ ഉടമസ്ഥർക്ക് നികുതി അടയ്ക്കുന്നതിനുള്ള മുന്നറിയിപ്പ് നൽകുന്നതിനായുള്ള സംവിധാനം സർക്കാർ ഏർപ്പെടുത്തണമെന്ന് ശുപാർശ ചെയ്യുന്നു.

3.7 മോട്ടോർ ക്യാബിനെ സംബന്ധിച്ച നികുതി വസൂലാക്കാത്തത്

നിശ്ചിത നിരക്കിലുള്ള മോട്ടോർ വാഹന നികുതി ഈടാക്കാതിരുന്നത് മൂലം ₹11.20 ലക്ഷത്തിന്റെ നികുതി കുറവ്.

1976ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ നിയമത്തിലെ വകുപ്പ് 4(1)നു കീഴിലുള്ള എട്ടാം വ്യവസ്ഥ പ്രകാരം, പട്ടികയിലെ ഇനം 7(i)(ബി), 7(i)(സി) എന്നിവയിൽ വ്യക്തമാക്കിയ നിരക്കിൽ മോട്ടോർ ക്യാബുകൾ[43] നികുതി അടയ്ക്കണം. 7(i)(ബി)യിൽ വ്യക്തമാക്കിയിട്ടുള്ള മോട്ടോർ ക്യാബിന് ഓരോ ത്രൈമാസത്തിലും ₹350ഉം 7(i)(സി)യിൽ വ്യക്തമാക്കിയിട്ടുള്ള ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾക്ക് ₹425ഉം ആണ് പട്ടികയിൽ വ്യക്തമാക്കിയ നിരക്ക്.

സംസ്ഥാനത്തെ 12 ആർടിഒകളുടെയും 23 എസ്ആർടിഒകളുടെയും 2021-22 കാലഘട്ടത്തെ നികുതി ഒടുക്കൽ വിശദാംശങ്ങൾ വാഹൻ ഡാറ്റാബേസിൽ നിന്ന് ഓഡിറ്റ് വിശകലനം ചെയ്തു (2022-23ൽ). ഇതിൽ നാല് ആർടിഒകളിലും 10 എസ്ആർടിഒകളിലുമായി രജിസ്റ്റർ ചെയ്ത 16,792 മോട്ടോർ ക്യാബുകളിൽ 800 എണ്ണം 31 മാർച്ച് 2022 വരെ മോട്ടോർ വാഹന നികുതി ഒടുക്കിയിട്ടില്ലെന്ന് കണ്ടെത്തി. എന്നാൽ, **അനുബന്ധം-X**ൽ വിശദമാക്കിയിരിക്കുന്ന പ്രകാരമുള്ള ₹11.20 ലക്ഷം നികുതി പിരിച്ചെടുക്കാൻ വകുപ്പ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 ജൂലൈ), ഇക്കാര്യം എല്ലാ ആർടിഒമാരെയും ജെആർടിഒമാരെയും അറിയിച്ചിട്ടുണ്ടെന്നും അന്തിമ റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ).

ബന്ധപ്പെട്ട നിയമങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ട് നിശ്ചിത നിരക്കിലുള്ള മോട്ടോർ വാഹന നികുതി ഈടാക്കുന്നുണ്ടെന്ന് വകുപ്പ് ഉറപ്പാക്കണമെന്നും, നികുതി ഈടാക്കാത്തതിന്റെ ഉത്തരവാദിത്തം നിശ്ചയിക്കണമെന്നും ശുപാർശ ചെയ്യുന്നു.

3.8 ടിപ്പിംഗ് സംവിധാനം ഘടിപ്പിച്ച ചരക്ക് വണ്ടികളിൽ നിന്ന് കുറഞ്ഞ നികുതി ഈടാക്കിയത്

ടിപ്പിംഗ് സംവിധാനം ഘടിപ്പിച്ച ചരക്ക് വണ്ടികൾക്കുമേൽ നിശ്ചിത നിരക്കിലുള്ള നികുതി ചുമത്താത്തതിനാൽ ₹10.24 ലക്ഷത്തിന്റെ കുറഞ്ഞ വസൂലാക്കൽ.

1976ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ നിയമത്തിലെ വകുപ്പ് 3(1)ന്റെ പട്ടിക 3, ടിപ്പിംഗ് സംവിധാനം ഘടിപ്പിച്ച ചരക്ക് വണ്ടികൾക്ക് ത്രൈമാസ നിരക്കുകൾ നിർദ്ദേശിക്കുന്നു.

സംസ്ഥാനത്തെ 12 ആർടിഒകളിലെയും 23 എസ്ആർടിഒകളിലെയും ടിപ്പിംഗ് സംവിധാനം ഘടിപ്പിച്ച ചരക്ക് വണ്ടികളുടെ 2021-22 കാലയളവിലെ നികുതി അടയ്ക്കൽ വിശദാംശങ്ങൾ വാഹൻ ഡാറ്റാബേസ് മുഖേന ഓഡിറ്റ് സൂക്ഷ്മപരിശോധന നടത്തി (2022-23ൽ). നാല് ആർടിഒകളിലും എട്ട് എസ്ആർടിഒകളിലും ടിപ്പിംഗ് സംവിധാനം ഘടിപ്പിച്ച ചരക്ക് വണ്ടികൾക്കുമേൽ നിശ്ചിത നിരക്കിലുള്ള നികുതി ചുമത്തിയിട്ടില്ലെന്ന് ശ്രദ്ധയിൽപെട്ടു. ഈ ഓഫീസുകളിൽ രജിസ്റ്റർ ചെയ്ത ടിപ്പിംഗ് സംവിധാനം ഘടിപ്പിച്ച 8,877 ചരക്ക് വണ്ടികളിൽ, 559 ചരക്ക് വണ്ടികളിന്മേൽ ഉയർന്ന നിരക്കിലുള്ള നികുതി ചുമത്തിയിട്ടില്ല.

[43] 1988ലെ മോട്ടോർ വാഹന നിയമം അനുസരിച്ച് പെർമിറ്റുകൾ നൽകിയിട്ടുള്ള വാടകയ്ക്ക് ഓടുന്നതും യാത്രക്കാരെ കൊണ്ടുപോകുന്നതിന് ഉപയോഗിക്കുന്നതുമായ മോട്ടോർ വാഹനങ്ങൾ.

ടിപ്പിംഗ് സംവിധാനം ഘടിപ്പിച്ച 559 ചരക്ക് വണ്ടികളിന്മേൽ തെറ്റായ നികുതി ചുമത്തിയതിനാൽ, **അനുബന്ധം-XI**ൽ വിവരിച്ചിരിക്കുന്നതുപോലെ നികുതി പിരിച്ചെ ടുക്കുന്നതിൽ ₹10.24 ലക്ഷത്തിന്റെ കുറവുണ്ടായി.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 ജൂലൈ), ഇക്കാര്യം എല്ലാ ആർടിഒമാരെയും ജെആർടിഒമാരെയും അറിയിച്ചിട്ടുണ്ടെന്നും അന്തിമ റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ).

ടിപ്പിംഗ് സംവിധാനം ഘടിപ്പിച്ച വാഹനങ്ങൾക്കുമേൽ നിശ്ചിത നിരക്കിലുള്ള നികുതി ചുമത്താൻ, ആർടിഒ/ എസ്ആർടിഒകൾക്ക് അനിവാര്യമായ നിർദ്ദേശങ്ങൾ വകുപ്പ് നൽകണമെന്നും, ഇത്തരം വീഴ്ചകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ മേൽ ഉത്തരവാദിത്തം നിശ്ചയിക്കണമെന്നും ശുപാർശ ചെയ്യുന്നു.

3.9 ഗതാഗതേതര വാഹനങ്ങൾക്കുമേൽ ഒറ്റത്തവണ നികുതി കുറവായി ചുമത്തിയത്

ആദ്യ രജിസ്ട്രേഷന്റെ സമയത്തോ, രജിസ്ട്രേഷൻ പുതുക്കുന്ന സമയത്തോ, ഇതിനകം അടച്ച നികുതിയുടെ കാലാവധി കഴിയുമ്പോഴോ ഈടാക്കേണ്ടതായ ഒറ്റത്തവണ നികുതിയുടെ ₹7.90 ലക്ഷത്തിന്റെ കുറഞ്ഞ വസൂലാക്കൽ.

1976ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ നിയമത്തിലെ വകുപ്പ് 3(1)ലെ രണ്ടാമത്തെ വ്യവസ്ഥ പ്രകാരം, ഒരു പുതിയ വാഹനത്തെ സംബന്ധിച്ച്, വാഹനത്തിന്റെ ആദ്യ രജിസ്ട്രേഷൻ സമയത്ത്, വാങ്ങുന്നയാൾ, അനുബന്ധം-Iൽ വ്യക്തമാക്കിയ നിരക്കിൽ, വാഹനം വാങ്ങിയ തീയതി മുതൽ ഒറ്റത്തവണ നികുതി അടയ്ക്കേണ്ടതാണ്. അതിനുശേഷം രജിസ്ട്രേഷൻ പുതുക്കുന്ന സമയത്തോ അല്ലെങ്കിൽ ഇതിനകം അടച്ച നികുതിയുടെ കാലാവധി കഴിയുമ്പോഴോ നികുതി ചുമത്തപ്പെടും.

സംസ്ഥാനത്തെ 12 ആർടിഒകളിലെയും 23 എസ്ആർടിഒകളിലെയും ഗതാഗതേതര വാഹനങ്ങളുടെ 2021-22 കാലയളവിലെ നികുതി അടയ്ക്കൽ വിശദാംശങ്ങൾ വാഹൻ ഡാറ്റാബേസ് മുഖേന ഓഡിറ്റ് വിശകലനം ചെയ്തു (2022-23ൽ). ആറ് ആർടിഒകളിലും 10 എസ്ആർടിഒകളിലും, 49 വാഹനങ്ങൾ അടച്ച ഒറ്റത്തവണ നികുതി നിയമ പ്രകാരമുള്ള നിശ്ചിത നിരക്കിനേക്കാളും കുറവാണെന്നു കണ്ടെത്തി. 2021-22 കാലയള വിൽ 49 വാഹനങ്ങളുമായി ബന്ധപ്പെട്ട നികുതി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മാർ കുറവായി ചുമത്തിയതുകൊണ്ട് **അനുബന്ധം-XII**ൽ വിവരിച്ചിരിക്കുന്നതുപോലെ നികുതി പിരിച്ചെടുക്കുന്നതിൽ ₹7.90 ലക്ഷത്തിന്റെ കുറവുണ്ടായി.

ഇക്കാര്യം എല്ലാ ആർടിഒമാരെയും ജെആർടിഒമാരെയും അറിയിച്ചിട്ടുണ്ടെന്നും അന്തിമ റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കുമെന്നും ഓഡിറ്റ് നിരീക്ഷണത്തിന് മറുപടിയായി സർക്കാർ വ്യക്തമാക്കി (2024 ഒക്ടോബർ).

ഗതാഗതേതര വാഹനങ്ങളിന്മേലുള്ള ഒറ്റത്തവണ നികുതി കൃത്യമായി പിരിച്ചെടുക്കുന്ന തിനുള്ള സംവിധാനം വകുപ്പ് ശക്തിപ്പെടുത്തണമെന്ന് ശുപാർശ ചെയ്യുന്നു.

അദ്ധ്യായം IV

സംസ്ഥാന എക്സൈസ്

അദ്ധ്യായം - IV
സംസ്ഥാന എക്സൈസ്

4.1 നികുതികാര്യ നിർവ്വഹണം

കേരളത്തിലെ എക്സൈസിന്റെ നിയമ നിർവഹണ വിഭാഗമാണ് തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള എക്സൈസ്. മദ്യം, മയക്കുമരുന്ന്, ലഹരി പദാർത്ഥങ്ങൾ, കൂടാതെ മദ്യം, മയക്കുമരുന്ന് തുടങ്ങിയവ ചേർന്ന ഔഷധങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ വകുപ്പ് കൈകാര്യം ചെയ്യുന്നു. എക്സൈസ് വരുമാനത്തിന്റെ സമാഹരണം, വർധിപ്പിക്കൽ, പിരിച്ചെടുക്കൽ, നിയമങ്ങളും അതിന് കീഴിലുള്ള വിവിധ ചട്ടങ്ങളും നടപ്പാക്കൽ എന്നിവയാണ് വകുപ്പിന്റെ പ്രധാന ചുമതലകൾ. വകുപ്പിന്റെ ചുമതലകളെ വരുമാന ശേഖരണം, അനധികൃത മദ്യത്തിന്റെ നിർമ്മാണം, വില്പന, കടത്ത് എന്നിവ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ, മദ്യപാനത്തിനെതിരായ പ്രചാരണം എന്നിങ്ങനെ വിശാലമായി തരം തിരിച്ചിരിക്കുന്നു. മദ്യം എന്നതിൽ വൈനിന്റെ സ്പിരിറ്റ്, വാറ്റുചാരായം, സ്പിരിറ്റ്, കള്ള്, ബിയർ കൂടാതെ ആൽക്കഹോൾ ചേർന്നതോ അടങ്ങിയിരിക്കുന്നതോ ആയ എല്ലാ ദ്രാവകങ്ങളും ഉൾപ്പെടുന്നു. മദ്യത്തിന്റെ നിർമ്മാണത്തിലും വ്യാപാരത്തിലും ഒരു വ്യക്തിക്ക് യാതൊരു മൗലികാവകാശവുമില്ല. മദ്യത്തിൻമേലുള്ള പൂർണ അധികാരം സംസ്ഥാനത്തിനാണ്. സംസ്ഥാനത്തിന്റെ അബ്കാരി നയം സർക്കാർ എല്ലാ വർഷവും രൂപീകരിക്കുന്നു. ഇത് എക്സൈസ് വകുപ്പാണ് നടപ്പാക്കുന്നത്.

4.2 ആന്തരിക പരിശോധന

എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് സംസ്ഥാന എക്സൈസ് വകുപ്പിലെ ആന്തരിക പരിശോധന വിഭാഗം (ഐഎഡബ്ല്യു). ഒരു ജോയിന്റ് എക്സൈസ് കമ്മീഷണർ, ഒരു അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, മൂന്ന് സൂപ്രണ്ടുമാർ, മൂന്ന് എക്സൈസ് ഇൻസ്പെക്ടർമാർ, ആറ് പ്രിവന്റീവ് ഓഫീസർമാർ എന്നിവരടങ്ങുന്നതാണ് ഈ വിഭാഗം. കൂടുതൽ വാഹനങ്ങൾ പിടിച്ചെടുക്കുന്നത്, പിരിച്ചെടുക്കാവുന്ന വരുമാനം കൂടുതലുള്ളത്, പിരിച്ചെടുക്കുന്നതിലെ കാലതാമസം എന്നിവയ്ക്ക് മുൻഗണന നൽകിയാണ് ജില്ലകളിലുള്ള ഓഫീസുകളെ ആന്തരിക പരിശോധനയ്ക്കായി തിരഞ്ഞെടുക്കുന്നത്. **2022-23** കാലയളവിൽ ഓഡിറ്റിനായി ആസൂത്രണം ചെയ്ത **84** യൂണിറ്റുകളും ഐഎഡബ്ല്യു ഓഡിറ്റ് ചെയ്തു. **2022-23** കാലയളവിൽ, ബാക്കിയുണ്ടായിരുന്ന **2,215** ഓഡിറ്റ് നിരീക്ഷണങ്ങളിൽ **504** നിരീക്ഷണങ്ങൾ (**22.75** ശതമാനം) വകുപ്പ് തീർപ്പാക്കി.

4.3 ഓഡിറ്റിന്റെ ഫലങ്ങൾ

സംസ്ഥാന എക്സൈസ് വകുപ്പിൽ **2022-23** കാലയളവിൽ ഓഡിറ്റ് ചെയ്യേണ്ടതായ **22** യൂണിറ്റുകൾ ഉണ്ടായിരുന്നു. ഇതിൽ നിന്നും ഒമ്പത് യൂണിറ്റുകളാണ് ഓഡിറ്റിനായി തിരഞ്ഞെടുത്തത്. **2022-23** കാലയളവിൽ ഈ യൂണിറ്റുകളുടെ രേഖകൾ പരിശോധിച്ചതിൽ എക്സൈസ് തീരുവ, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാതിരിക്കൽ/ കുറവായി ഈടാക്കിയത്, മറ്റു ക്രമക്കേടുകൾ എന്നിങ്ങനെ **₹6.68** കോടി ഉൾപ്പെടുന്ന **31** സംഭവങ്ങൾ കണ്ടെത്തി. കൂടാതെ, 'സംസ്ഥാന എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ' സംബന്ധിച്ച ഒരു അനുവർത്തന ഓഡിറ്റ് ഈ വർഷം നടത്തി. റെക്കോർഡുകളുടെ പരീക്ഷണ പരിശോധനയെ അടിസ്ഥാനമാക്കിയുള്ളതായതിനാൽ ഈ കേസുകൾ ഉദാഹരണങ്ങൾ മാത്രമാണ്. മുൻ വർഷങ്ങളിലും സമാനമായ ചില വീഴ്ചകൾ ഓഡിറ്റ് ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ ഈ ക്രമക്കേടുകൾ നിലനിൽക്കുന്നു എന്ന് മാത്രമല്ല, അടുത്ത ഓഡിറ്റ് നടക്കുന്നതുവരെ കണ്ടെത്തപ്പെടാതിരിക്കുകയും ചെയ്യുന്നു.

ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാനും/ ആവർത്തിക്കാതിരിക്കാനും സർക്കാർ ആന്തരിക പരിശോധന ശക്തിപ്പെടുത്തുകയും ആന്തരിക നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്. കുറഞ്ഞ നികുതിനിർണയത്തിന്റേതും മറ്റു

ക്രമക്കേടുകളുമായി ബന്ധപ്പെട്ട ₹15.94 കോടി ഉൾപ്പെടുന്ന 32 കേസുകൾ **പട്ടിക-4.1**ൽ നൽകിയിരിക്കുന്ന വിഭാഗങ്ങളിൽപ്പെടുന്നു.

പട്ടിക - 4.1
കുറഞ്ഞ നികുതിനിർണയത്തിന്റേയും മറ്റ് ക്രമക്കേടുകളുടെയും വിശദാംശങ്ങൾ

ക്രമ നമ്പർ	വിഭാഗങ്ങൾ	കേസുകളുടെ എണ്ണം	തുക (₹ കോടിയിൽ)
1	'സംസ്ഥാന എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ' എന്ന നിർദ്ദിഷ്ട വിഷയത്തിന്റെ അനുവർത്തന ഓഡിറ്റ്	1	9.26
2	കമ്പനികളുടെ ഡയറക്ടർ ബോർഡിന്റെ അനധികൃത പുനഃസംഘടനയ്ക്ക് മേൽ ഫീസും പിഴയും ചുമത്താത്തത്	5	3.07
3	വിദേശമദ്യ ലൈസൻസിന്റെ അനധികൃത കൈമാറ്റം	5	1.97
4	കള്ളുഷാപ്പുകളിൽ നിന്ന് അധിക വാർഷിക വാടക പിരിച്ചെടുക്കാത്തത്	1	0.43
5	മറ്റുള്ളവ	20	1.21
ആകെ		**32**	**15.94**

സ്രോതസ്സ്: എജി (ഓഡിറ്റ്-II) സമാഹരിച്ചത്.

പ്രസ്തുത വർഷത്തിൽ, ഓഡിറ്റ് ചൂണ്ടിക്കാണിച്ച കുറഞ്ഞ നികുതി ചുമത്തലുകളുമായും മറ്റു ന്യൂനതകളുമായും ബന്ധപ്പെട്ട ₹0.26 കോടിയുൾപ്പെടുന്ന ആറ് കേസുകൾ വകുപ്പ് അംഗീകരിച്ചു. 2022-23 വർഷത്തിൽ വകുപ്പ് ആറ് കേസുകളിലായി ₹0.26 കോടി വസൂലാക്കി.

4.4 'സംസ്ഥാന എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ' എന്ന നിർദ്ദിഷ്ട വിഷയത്തിന്റെ അനുവർത്തന ഓഡിറ്റ്

4.4.1 ആമുഖം

മദ്യം, മയക്കുമരുന്ന്, ലഹരി പദാർത്ഥങ്ങൾ, കൂടാതെ മദ്യം, മയക്കുമരുന്ന് തുടങ്ങിയവ ചേർന്ന ഔഷധങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ കേരള സംസ്ഥാന എക്സൈസ് വകുപ്പ് കൈകാര്യം ചെയ്യുന്നു. മദ്യത്തിന്റെ നിർമ്മാണം, ഉൽപാദനം, വാങ്ങൽ, കൈവശം വയ്ക്കൽ, വിൽപ്പന, കടത്ത് എന്നിവ നിയന്ത്രിച്ചുകൊണ്ട് മദ്യത്തിൽ നിന്നുള്ള വരുമാനവും വകുപ്പ് ശേഖരിക്കുന്നു. റെയ്ഡുകൾ, അറസ്റ്റ്, കുറ്റകൃത്യങ്ങളുടെ നിയമപ്രകാരമുള്ള കണ്ടെത്തലും അന്വേഷണവും, മയക്കുമരുന്ന്, ലഹരി പദാർത്ഥങ്ങൾ (എൻഡിപിഎസ്), വ്യാജമദ്യം എന്നിവയുടെ കടത്ത് തടയൽ എന്നിവയിലൂടെ അബ്കാരി/ മയക്കുമരുന്ന് അനുബന്ധ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള ഉത്തരവാദിത്തം വകുപ്പിനാണ്.

4.4.2 വകുപ്പിന്റെ ഘടന

സർക്കാർ തലത്തിൽ നികുതി (എക്സൈസ്) അഡീഷണൽ ചീഫ് സെക്രട്ടറിയാണ് സംസ്ഥാന എക്സൈസ് വകുപ്പിന് നേതൃത്വം നൽകുന്നത്. വകുപ്പിന്റെ തലവനായ എക്സൈസ് കമ്മീഷണറെ അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), അഡീഷണൽ എക്സൈസ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ), നാല് ജോയിന്റ് എക്സൈസ് കമ്മീഷണർമാർ[44], കമ്മീഷണറേറ്റ് തലത്തിലുള്ള ഡെപ്യൂട്ടി കമ്മീഷണർ (അബ്കാരി) എന്നിവർ സഹായിക്കുന്നു. മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർമാരുടെ നിയന്ത്രണത്തിൽ വകുപ്പിനെ മൂന്ന് മേഖലകളായി (തെക്ക്, മധ്യം, വടക്ക്) തിരിച്ചിരിക്കുന്നു. ജില്ലാതലത്തിൽ എക്സൈസ് ഡിവിഷൻ ഓഫീസിന്റെ തലവൻ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറാണ്, അദ്ദേഹത്തെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ (എൻഫോഴ്സ്മെന്റ്) സഹായിക്കുന്നു. എക്സൈസ് ഡിവിഷൻ ഓഫീസിനെ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള, പ്രധാനമായും താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന, എക്സൈസ് സർക്കിൾ ഓഫീസുകളായി തിരിച്ചിരിക്കുന്നു. ഇവയെ എക്സൈസ് ഇൻസ്പെക്ടറുടെ നിയന്ത്രണത്തിൽ എക്സൈസ് റേഞ്ച് ഓഫീസുകളായി വീണ്ടും വിഭജിച്ചിരിക്കുന്നു.

4.4.3 ഓഡിറ്റ് ലക്ഷ്യങ്ങൾ

- ലഹരിവസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് നിയമങ്ങൾ, ചട്ടങ്ങൾ, വാർഷിക അബ്കാരി നയങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കിയിട്ടുണ്ടോ;

- എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്താൻ സംസ്ഥാന എക്സൈസ് വകുപ്പിന് മതിയായ മനുഷ്യവിഭവശേഷിയും ഭൗതിക വിഭവങ്ങളും ഉണ്ടോ;

- ബോധവൽക്കരണ/ ലഹരി വിമുക്ത പരിപാടികൾ ഫലപ്രദമായി നടത്തി വരുന്നുണ്ടോ

എന്ന് പരിശോധിച്ചറിയുന്നതിനാണ് ഈ അനുവർത്തന ഓഡിറ്റ് നടത്തിയത്.

---

[44] എക്സൈസ് ക്രൈം റെക്കോർഡ്സ് ബ്യൂറോ, എക്സൈസ് ഇന്റലിജൻസ് ആൻഡ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ, അവെയർനസ്സ് പ്രോഗ്രാം കോ-ഓർഡിനേഷൻ ആൻഡ് ഇന്റേണൽ ഓഡിറ്റ് വിങ്.

4.4.4 ഓഡിറ്റ് മാനദണ്ഡങ്ങൾ

ഓഡിറ്റിനുള്ള മാനദണ്ഡങ്ങൾ ഇനിപ്പറയുന്നവയിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്:

- 1077ലെ കേരള അബ്കാരി നിയമം 1.
- നാടൻ മദ്യത്തിന്റെയും വിദേശമദ്യത്തിന്റെയും ഉത്പാദനം, നിർമ്മാണം, സംഭരണം, കൈവശം വയ്ക്കൽ, വിൽപ്പന, ഗതാഗതം മുതലായവയുമായി ബന്ധപ്പെട്ട വിവിധ ചട്ടങ്ങൾ.
- നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് (എൻഡിപിഎസ്) നിയമം, 1985.
- എൻഡിപിഎസ് ചട്ടങ്ങൾ, 1985.
- എൻഡിപിഎസ് (കേരള) ചട്ടങ്ങൾ, 1988.
- ലഹരി പദാർത്ഥ നിർമ്മാണം (വ്യാവസായിക വ്യാപാരവും വാണിജ്യവും) നിയന്ത്രണ നിയമം, 1955.
- കേരള എക്സൈസ് മാന്വൽ.
- കേരള സർക്കാരിന്റെ വാർഷിക അബ്കാരി നയങ്ങൾ.
- സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, വിജ്ഞാപനങ്ങൾ മുതലായവ.

4.4.5 ഓഡിറ്റ് വ്യാപ്തിയും രീതിശാസ്ത്രവും

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ ക്രയവിക്രയങ്ങൾ ആണ് 2023 ജൂൺ മുതൽ നവംബർ വരെ നടത്തിയ അനുവർത്തന ഓഡിറ്റിൽ ഉൾപ്പെടുത്തിയത്. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും, ഐഡിയ[45] സോഫ്റ്റ്‌വെയർ വഴി സിംപിൾ റാൻഡം സാംപ്ലിങ് വിത്തൗട്ട് റീപ്ലേസ്മെന്റ് (എസ്ആർഎസ്ഡബ്ല്യുഒആർ) എന്ന സ്റ്റാറ്റിസ്റ്റിക്കൽ സാംപ്ലിങ് രീതി ഉപയോഗിച്ച് മൂന്ന് മേഖലകളിൽനിന്നുമായി നാല് ജില്ലകളെ[46] ഓഡിറ്റ് തിരഞ്ഞെടുത്തു. സർക്കാർ സെക്രട്ടേറിയറ്റ്, എക്സൈസ് കമ്മീഷണറുടെ ഓഫീസ്, തിരഞ്ഞെടുത്ത ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ ഓഫീസുകൾ, അതിന്റെ ഉപയൂണിറ്റുകൾ എന്നിവിടങ്ങളിലെ രേഖകളുടെ സൂക്ഷ്മപരിശോധനയാണ് ഓഡിറ്റ് അവലംബിച്ചത്. വിശദമായ പരിശോധനയ്ക്കായി തിരഞ്ഞെടുത്ത യൂണിറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം-XIII**ൽ നൽകിയിരിക്കുന്നു. ഇതുകൂടാതെ, ചീഫ് കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു.

2023 ജൂൺ 2ന്, നികുതി (എക്സൈസ്) വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുമായും എക്സൈസ് കമ്മീഷണറുമായും ഓൺലൈനായി സംഘടിപ്പിച്ച ഒരു എൻട്രി കോൺഫറൻസ് നടത്തുകയും ഈ എസ്എസ്സിഎയുടെ ലക്ഷ്യങ്ങളും വ്യാപ്തിയും ചർച്ച ചെയ്യുകയും ചെയ്തു. നികുതി (എക്സൈസ്) അഡീഷണൽ ചീഫ് സെക്രട്ടറി, എക്സൈസ് കമ്മീഷണർ എന്നിവരുമായി 2024 സെപ്റ്റംബർ 3ന് എക്സിറ്റ് കോൺഫറൻസ് നടത്തുകയും ഇതിൽ ഓഡിറ്റ് കണ്ടെത്തലുകൾ ചർച്ച ചെയ്യുകയും ചെയ്തു. എക്സിറ്റ് കോൺഫറൻസിൽ സംസ്ഥാന സർക്കാർ പ്രകടിപ്പിച്ച

[45] ഇന്ററാക്ടീവ് ഡാറ്റ എക്സ്ട്രാക്ഷൻ ആൻഡ് അനാലിസിസ്.

[46] കാസർഗോഡ്, പാലക്കാട്, എറണാകുളം, ആലപ്പുഴ.

കാഴ്ചപ്പാടുകളും കരട് റിപ്പോർട്ടിന് നൽകിയ രേഖാമൂലമുള്ള മറുപടികളും പ്രസക്തമായ ഖണ്ഡികകളിൽ ഉചിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

4.4.6 ഓഡിറ്റ് കണ്ടെത്തലുകൾ

സംസ്ഥാനത്തെ അബ്കാരി/ എൻഡിപിഎസ് കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിൽ സംസ്ഥാന എക്സൈസ് വകുപ്പ് ഒരു പ്രധാന പങ്ക് വഹിക്കുന്നു. സജീവവും സഹാനുഭൂതി നിറഞ്ഞതുമായ സമീപനത്തിലൂടെയും, ഉത്തരവാദിത്തമുള്ള മദ്യ ഉപയോഗം പ്രോത്സാഹിപ്പിക്കുക വഴിയും, മയക്കുമരുന്ന് മുക്ത, മദ്യാസക്തി രഹിത കേരളം നടപ്പിൽ വരുത്തുന്നതിനും, കൂടാതെ വകുപ്പിന്റെ പ്രവർത്തനങ്ങളുടെ എല്ലാ മേഖലകളിലും മികവ് കൈവരിക്കുവാനും പൗരന്മാരുടെ പ്രതീക്ഷകളുമായി പൊരുത്തപ്പെടുവാനും എല്ലാ തലങ്ങളിലും സുതാര്യത ഉറപ്പുവരുത്തുക വഴി, പൊതുജന സൗഹൃദ സമീപനം പരമാവധി വർദ്ധിപ്പിക്കുക, ബിസിനസ്സ് സുഗമമാക്കുക, ആധുനികവൽക്കരണം നടപ്പാക്കുക എന്നിവ വകുപ്പ് വിഭാവനം ചെയ്യുന്നു.

വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഓഡിറ്റ് പരിശോധിച്ചതിൽ നിന്നുള്ള പ്രധാനപ്പെട്ട ഓഡിറ്റ് കണ്ടെത്തലുകൾ ചുവടെയുള്ള ഖണ്ഡികകളിൽ ചർച്ച ചെയ്യുന്നു.

4.4.6.1 അബ്കാരി/ എൻഡിപിഎസ് കുറ്റകൃത്യങ്ങളുടെ കണ്ടെത്തൽ

അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) സംസ്ഥാന തലത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. ജില്ലാതലത്തിൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ (എൻഫോഴ്സ്മെന്റ്) സഹായത്തോടെ എക്സൈസ് ഡിവിഷൻ ഓഫീസിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറാണ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നത്. ലഹരിവസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിന് സംസ്ഥാന, ജില്ലാ തലങ്ങളിൽ ടോൾ ഫ്രീ നമ്പറുകളുള്ള കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് യൂണിറ്റുകൾക്ക് രഹസ്യാന്വേഷണ വിവരങ്ങൾ ശേഖരിക്കുന്നതിനും കൈമാറുന്നതിനുമായി ഒരു എക്സൈസ് ഇന്റലിജൻസ് ആൻഡ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ (ഇഐ&ഐബി) വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്. ലഭിച്ച പരാതികളുടെയും രഹസ്യാന്വേഷണ വിവരങ്ങളുടെയും അടിസ്ഥാനത്തിലാണ് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ തിരച്ചിൽ/ റെയ്ഡുകൾ നടത്തുന്നത്.

കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ കണ്ടെത്തിയ അബ്കാരി/ എൻഡിപിഎസ് കുറ്റകൃത്യങ്ങളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ **പട്ടിക-4.2**ൽ നൽകിയിരിക്കുന്നു.

പട്ടിക - 4.2 : അബ്കാരി / എൻഡിപിഎസ് കുറ്റകൃത്യങ്ങളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ

വർഷം	അബ്കാരി	എൻഡിപിഎസ്	ആകെ
2020-21	17,695	3,487	21,182
2021-22	19,516	3,857	23,373
2022-23	32,667	11,464	44,131

സ്രോതസ്സ്: വകുപ്പ് നൽകിയ ഡാറ്റയെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

ലഹരിവസ്തുക്കളുടെ അനധികൃത ഉപയോഗം കണ്ടെത്താൻ സ്വീകരിച്ച നടപടികളുടെ ഫലപ്രാപ്തി ഓഡിറ്റ് പരിശോധിച്ചപ്പോൾ ഇഐ&ഐബി നൽകുന്ന വിവരങ്ങൾ ഉപയോഗിക്കാത്തത്, ലഹരിവസ്തുക്കളുടെ അനധികൃത ഉപയോഗത്തെക്കുറിച്ച് പൊതുജനങ്ങളിൽ നിന്ന് ലഭിച്ച പരാതികളിൽ നടപടി എടുക്കാത്തത് തുടങ്ങിയ പോരായ്മകൾ കണ്ടെത്തിയത് ഇനിപ്പറയുന്ന ഖണ്ഡികകളിൽ ചർച്ച ചെയ്യുന്നു.

- **ഇന്റലിജൻസ്/ ഇൻവെസ്റ്റിഗേഷൻ വിഭാഗം നൽകുന്ന വിവരങ്ങളുടെ ഉപയോഗം**

ലഹരിവസ്തുക്കളുമായി ബന്ധപ്പെട്ട നിയമവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും സമയബന്ധിതമായി നടപടിയെടുക്കുന്നതിനായി എൻഫോഴ്സ്മെന്റ് യൂണിറ്റുകളെ അറിയിക്കുന്നതിനും സർക്കാർ ഓരോ ജില്ലയിലും ഇഐ&ഐബി രൂപീകരിച്ചിട്ടുണ്ട്[47]. കേരള എക്സൈസ് മാന്വൽ വാല്യം 2ലെ അധ്യായം XXVലെ 20-ാം ഖണ്ഡിക പ്രകാരം റേഞ്ച്, സർക്കിൾ, സ്ക്വാഡ്, ഇഐ&ഐബി യൂണിറ്റുകൾ എന്നിവയുടെ ചുമതലയുള്ള എക്സൈസ് ഓഫീസർമാർ ലഭിക്കുന്ന വിവരങ്ങളുടെ വിശദാംശങ്ങൾ തീയതിയും സമയവും, കൂടാതെ വിവരദാതാവ് പേര് വെളിപ്പെടുത്താൻ താല്പര്യപ്പെടുകയാണെങ്കിൽ അവയും, രേഖപ്പെടുത്താൻ ഒരു ഐബി ഇൻഫർമേഷൻ രജിസ്റ്റർ (ഐബി ഇൻപുട്ട് രജിസ്റ്റർ) സൂക്ഷിക്കണം.

തിരഞ്ഞെടുത്ത ജില്ലകളിലെ ഇഐ&ഐബിയിൽ പരിപാലിക്കുന്ന ഐബി ഇൻപുട്ട് രജിസ്റ്ററുകളുടെ വിശദാംശങ്ങൾ, തിരഞ്ഞെടുത്ത എക്സൈസ് സർക്കിൾ ഓഫീസുകൾ, എക്സൈസ് റേഞ്ച് ഓഫീസുകൾ എന്നിവയുമായി ഓഡിറ്റ് ഒത്തുനോക്കിയതിൽ ഇഐ&ഐബി യൂണിറ്റുകളിൽ നിന്ന് കൈമാറിയ മൊത്തം 2,507 ഐബി ഇൻപുട്ടുകളിൽ 1,823 ഇൻപുട്ടുകൾ മാത്രമാണ് കീഴിലുള്ള ഓഫീസുകളിൽ ലഭിച്ചത്/ രജിസ്റ്റർ ചെയ്തതെന്ന് കണ്ടെത്തി. 684 ഐബി ഇൻപുട്ടുകൾ ലഭിച്ചതിന്റെയും രജിസ്റ്റർ ചെയ്ത 483 ഐബി ഇൻപുട്ടുകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും സർക്കിൾ/ റേഞ്ച് ഓഫീസുകളിൽ ഇതിന് വേണ്ടി സൂക്ഷിക്കുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ, 1,167 ഐബി ഇൻപുട്ടുകളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് കണ്ടെത്താൻ ഓഡിറ്റിന് കഴിഞ്ഞില്ല.

ഇന്റലിജൻസ് വിവരങ്ങളുടെ വിശദാംശങ്ങളും അതിനുശേഷം സ്വീകരിച്ച നടപടികളും **അനുബന്ധം-XIV**ൽ നൽകിയിരിക്കുന്നു. 1,340 ഇൻപുട്ടുകളിൽ 1,091 എണ്ണത്തിലും കുറ്റകൃത്യങ്ങൾ കണ്ടെത്തിയതിനാൽ, ഐബി ഇൻപുട്ടുകൾ ഉപയോഗിക്കാതിരിക്കുകയോ ലഭിക്കാതിരിക്കുകയോ ചെയ്യുന്നത് ലഹരിവസ്തുക്കളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ കണ്ടെത്താത്തതിന് കാരണമായിരിക്കാം.

നാല് ഇഐ&ഐബികൾ നൽകിയ 2,507 ഐബി ഇൻപുട്ടുകളിൽ 1,232 ഇൻപുട്ടുകൾ (49.14 ശതമാനം) കാസർകോട് ജില്ലയുമായി മാത്രം ബന്ധപ്പെട്ടതാണെന്ന് ശ്രദ്ധയിൽപ്പെട്ടു. കാസർകോട് ജില്ലയിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയ 949 ഐബി ഇൻപുട്ടുകളിൽ 906 (95.47 ശതമാനം) കേസുകളിലും കുറ്റകൃത്യങ്ങൾ കണ്ടെത്തിയപ്പോൾ പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയ 224 ഇൻപുട്ടുകളിൽ 74 (33.04 ശതമാനം) കേസുകളിൽ മാത്രമാണ് കുറ്റകൃത്യങ്ങൾ കണ്ടെത്തിയതെന്നും ഓഡിറ്റ് കണ്ടെത്തി. വിവിധ ഇഐ&ഐബികളിൽ നിന്നുള്ള ഇൻപുട്ടുകളുടെ ഗുണനിലവാരത്തിൽ ഗണ്യമായ വ്യത്യാസമുണ്ടെന്ന് ഇത് സൂചിപ്പിക്കുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, എല്ലാ ഐബി ഇൻപുട്ടുകളും കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് കാരണമാകണം എന്നില്ലെന്ന് സർക്കാർ അറിയിച്ചു (2024 ഒക്ടോബർ). ചില ഇൻപുട്ടുകൾ വളരെ പൊതുവായ സ്വഭാവമുള്ളവയാണ്, അവയിൽ ഭൂരിഭാഗവും ഒരു പ്രത്യേക മേഖലയിലെ ചില പ്രവർത്തനങ്ങളിലേക്ക് വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ഇത്തരത്തിലുള്ള ഇൻപുട്ടുകൾ ഉടനടി ശ്രദ്ധിക്കുകയും തുടർ നടപടികൾക്കായി സൂക്ഷിക്കുകയും ചെയ്യുന്നു. ഇൻപുട്ടുകൾ റെക്കോർഡു ചെയ്യാത്തതും രേഖപ്പെടുത്താത്തതും സംബന്ധിച്ച്, അതിന്റെ കാരണം വിലയിരുത്തുന്നതിന് ഒരു പരിശോധന നടത്തി വരുന്നതായും സർക്കാർ വ്യക്തമാക്കി.

നിയമവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾക്ക് കൈമാറുന്നതിന് ചുമതലപ്പെടുത്തിയ വകുപ്പ് ഉദ്യോഗസ്ഥർ നൽകുന്ന വിവരങ്ങളാണ് ഐബി ഇൻപുട്ടുകൾ എന്നതിനാൽ അവരുടെ ഇൻപുട്ട് പൊതുവായതും വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കാൻ ഉദ്ദേശിച്ചുള്ളതുമായിരിക്കില്ല.

[47] 2004 ജൂൺ 8ലെ സ.ഉ.(എംഎസ്) നമ്പർ 95/04/ടിഡി.

പൊതുജനങ്ങളിൽ നിന്നുള്ള ഇൻപുട്ടുകളിൽ നിന്ന് വ്യത്യസ്തമായി അവരുടെ ഇൻപുട്ടുകൾ കൂടുതൽ വ്യക്തമായിരിക്കണം. അതുകൊണ്ട് മറുപടി സ്വീകാര്യമല്ല. കൂടാതെ കരട് ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് ഓഫീസുകളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളുടെ ഡോക്യുമെന്റേഷനും തുടർനടപടികളും വിശദീകരിക്കുന്ന ഒരു സർക്കുലർ[48] വകുപ്പ് പുറത്തിറക്കിയിട്ടുമുണ്ട്.

- **പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾ പരിഗണിക്കുന്നത്**

പൊതുജനങ്ങളിൽ നിന്നും എക്സൈസ് വകുപ്പിന് പരാതികൾ ലഭിക്കുന്നത് പ്രധാനമായും നിലവിലുള്ള ടോൾ ഫ്രീ നമ്പറിലൂടെയാണ്. 2022 ജനുവരി 1ലെ സർക്കുലർ നമ്പർ ഇഎക്സ്സി2/2022/എക്സൈസ് പ്രകാരം ലഹരിവസ്തുക്കളുടെ നിയമവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് ടെലിഫോണിലൂടെ ലഭിക്കുന്ന എല്ലാ പരാതികളുടെയും വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യുകയും നടപടിക്കായി ബന്ധപ്പെട്ട യൂണിറ്റിനെയോ ഓഫീസിനെയോ അറിയിക്കുകയും വേണം. തിരഞ്ഞെടുത്ത നാല് ഡിവിഷണൽ ഓഫീസുകളിൽ രജിസ്റ്റർ ചെയ്ത 537 പരാതികളിൽ 39.66 ശതമാനം (213 എണ്ണം) സബ് യൂണിറ്റുകളിൽ രജിസ്റ്റർ ചെയ്തിട്ടില്ലെന്നും 20.67 ശതമാനം പരാതികൾ (111 എണ്ണം) സബ് യൂണിറ്റുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പരിഗണിച്ചിട്ടില്ലെന്നും വിശദമായ അന്വേഷണത്തിനായി നീക്കിവച്ച പരാതികളിൽ 18.06 ശതമാനം (97 എണ്ണം) ഇതുവരെ പരിഗണിച്ചിട്ടില്ലെന്നും പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ **അനുബന്ധം-XV**ൽ നൽകിയിരിക്കുന്നു.

സമയബന്ധിതമായി നടപടി പ്രതീക്ഷിച്ചാണ് പൊതുജനങ്ങൾ ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നതെങ്കിലും ലഭിക്കുന്ന പരാതികൾക്ക് വകുപ്പ് അർഹമായ പ്രാധാന്യം നൽകുന്നില്ല. സ്വീകരിക്കുകയും സബ് യൂണിറ്റുകളിലേക്ക് കൈമാറുകയും ചെയ്യുന്ന പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഡിവിഷൻ ഓഫീസ് ഉറപ്പാക്കുന്നുമില്ല.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, ഭൂരിഭാഗം പരാതികളും ശരിയാവാറില്ലെന്നും കുറെ എണ്ണം ദുരുദ്ദേശത്തോടെയുള്ളതായി കാണപ്പെടാറുണ്ടെന്നും സർക്കാർ അറിയിച്ചു (2024 ഒക്ടോബർ). ഹെഡ് ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ വിവിധ ഓഫീസുകളിലേക്ക് അയയ്ക്കുന്നതിനാൽ, ഒരു സബ് ഓഫീസിന്റെ കണക്കുകൾ ഒരിക്കലും ഹെഡ് ഓഫീസുകളുടെ കണക്കുകളുമായി പൊരുത്തപ്പെടില്ല എന്നും പരാതികൾ രജിസ്റ്റർ ചെയ്യാത്തതുമായി ബന്ധപ്പെട്ട് സർക്കാർ അറിയിച്ചു.

ഡിവിഷണൽ ഓഫീസുകളിൽ രേഖപ്പെടുത്തുന്ന പരാതികൾ തുടർനടപടിക്കായി സബ് ഓഫീസുകളിലേക്ക് കൈമാറ്റം ചെയ്യുന്നതിനാൽ സബ് ഓഫീസുകൾ രജിസ്റ്റർ ചെയ്യുകയും പരിഗണിക്കുകയും ചെയ്യുന്ന പരാതികളുടെ വിശദാംശങ്ങൾ ഡിവിഷൻ ഓഫീസിൽ ലഭ്യമായ വിവരങ്ങളുമായി പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ തിരഞ്ഞെടുത്ത ഡിവിഷണൽ ഓഫീസുകളിൽ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല എന്നതിനാൽ മറുപടി സ്വീകാര്യമല്ല.

- **കൺട്രോൾ റൂമുകളുടെ പ്രവർത്തനം**

അടിയന്തര എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കും ലഭിച്ച വിവരങ്ങൾ അന്വേഷിക്കുന്നതിനുമായി എക്സൈസ് വകുപ്പ് സ്ട്രൈക്കിങ് ഫോഴ്സ്, ഹൈവേ പട്രോൾ, കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (കെഇഎംയു) എന്നിവ നടപ്പിലാക്കി (2022 ജനുവരി). ഈ പട്രോളിംഗ് യൂണിറ്റുകളെ ഏകോപിപ്പിക്കുന്നതിന് ഡിവിഷൻ ഓഫീസിൽ 24 മണിക്കൂറും ഒരു കൺട്രോൾ റൂം പ്രവർത്തിക്കുന്നു. കൺട്രോൾ റൂമും ഓരോ പട്രോൾ യൂണിറ്റും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ നിയന്ത്രണത്തിലാണ്.

[48] 2024 സെപ്റ്റംബർ 25ലെ സർക്കുലർ നം.I/394924/2024.

പട്രോൾ യൂണിറ്റുകളുടെ പ്രവർത്തന മേഖലകൾ ഇവയാണ്:

i) കെഇഎംയു- അതിർത്തി ജില്ലകളിൽ പ്രവർത്തിക്കുന്നു,

ii) സ്ട്രൈക്കിങ് ഫോഴ്സ് - രാത്രിയിൽ മാത്രം പ്രവർത്തിക്കുന്നു,

iiii) ഹൈവേ പട്രോൾ - ഓരോ ജില്ലയിലും പ്രവർത്തിക്കുന്നു.

സ്ട്രൈക്കിങ് ഫോഴ്സിന്റെയും കൺട്രോൾ റൂമിന്റെയും ശരിയായ പ്രവർത്തനത്തിനായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ എക്സൈസ് കമ്മീഷണർ പുറപ്പെടുവിച്ചിട്ടുണ്ട് (2022 ജനുവരി). കൺട്രോൾ റൂമിൽ ലഭിക്കുന്ന പരാതികൾ രേഖപ്പെടുത്തി പട്രോൾ യൂണിറ്റുകൾക്ക് കൈമാറണമെന്നാണ് നിർദേശം. അതുപോലെ പട്രോൾ യൂണിറ്റുകൾക്ക് നേരിട്ട് ലഭിക്കുന്ന പരാതികളും കൺട്രോൾ റൂമിൽ രേഖപ്പെടുത്തണം. ഓരോ യൂണിറ്റും ജോലിയുടെ തുടക്കവും ഒടുക്കവും കൺട്രോൾ റൂമിനെ അറിയിക്കുകയും ജോലിസ്ഥലവും ജോലിയുടെ വിശദാംശങ്ങളും അറിയിക്കുന്നതിനായി രണ്ട് മണിക്കൂർ ഇടവിട്ട് കൺട്രോൾ റൂമുമായി ബന്ധപ്പെടുകയും വേണം.

ഓഡിറ്റ് കാലയളവിൽ, തിരഞ്ഞെടുത്ത ജില്ലകളിലെ കൺട്രോൾ റൂമുകളിൽ സൂക്ഷിച്ച രേഖകളിൽ നിന്ന്, ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട ചില വസ്തുതകൾ താഴെ കൊടുത്തിരിക്കുന്നു:

i) പട്രോൾ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്താൻ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമായി പറയുന്നുണ്ടെങ്കിലും നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കൺട്രോൾ റൂമുകൾ പട്രോൾ യൂണിറ്റുകളുടെ ജോലിസ്ഥലങ്ങൾ രേഖപ്പെടുത്തുന്നതിനോ പട്രോൾ യൂണിറ്റുകളുമായി പതിവായി സമ്പർക്കം പുലർത്തുന്നതിനോ രജിസ്റ്ററുകളൊന്നും സൂക്ഷിക്കുന്നില്ല.

ii) കൺട്രോൾ റൂമിന്റെ ചുമതല പ്രിവന്റീവ് ഓഫീസർക്ക് പകരം സിവിൽ എക്സൈസ് ഓഫീസറെ (സിഇഒ) ഏൽപ്പിച്ചു.

iii) കൺട്രോൾ റൂമിൽ ലഭിക്കുന്ന പരാതികൾ കൺട്രോൾ റൂം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പരാതികളിൽ എടുത്ത നടപടി/ തീർപ്പാക്കിയതിന്റെ വിശദാംശങ്ങൾ ചേർക്കുന്നതായി കണ്ടില്ല. കൂടാതെ, എല്ലാ മാസവും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ രജിസ്റ്റർ പരിശോധിച്ചതായും കാണുന്നില്ല.

iv) രാത്രി പട്രോൾ യൂണിറ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും രേഖപ്പെടുത്തുന്നതിനും ബീറ്റ് ബുക്കുകൾ[49] അല്ലെങ്കിൽ സർപ്രൈസ് ചെക്കിംഗ് പോലുള്ള സംവിധാനമില്ല.

എല്ലാ കൺട്രോൾ റൂമുകളിലും (സംസ്ഥാന/ ഡിവിഷൻ/ താലൂക്ക്) ഒരു പൊതു ഡയറി പരിപാലിക്കുന്നുണ്ടെന്നും എല്ലാ തലങ്ങളിലും കൺട്രോൾ റൂമുകളെ പതിവായി നിരീക്ഷിക്കുന്നുണ്ടെന്നും സർക്കാർ അറിയിച്ചു (2024 ഒക്ടോബർ). ഇതുമായി ബന്ധപ്പെട്ട പ്രതിമാസ റിപ്പോർട്ടുകൾ ശേഖരിക്കുകയും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും കോൺഫറൻസുകളിൽ അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. സംസ്ഥാനതല കൺട്രോൾ റൂം എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ ചുമതലയിലാണെന്നും ജില്ലാതല കൺട്രോൾ റൂമുകൾ സാധാരണയായി പ്രിവന്റീവ് ഓഫീസറുടെ ചുമതലയിലാണെന്നും മറുപടിയിൽ പറയുന്നു. എന്നാൽ വിവിധ കാരണങ്ങളാൽ പ്രിവന്റീവ് ഓഫീസർമാർ ലഭ്യമല്ലാത്തതിനാൽ ജില്ലാതല കൺട്രോൾ റൂമുകളുടെ ചുമതല ചിലപ്പോൾ സിവിൽ എക്സൈസ് ഓഫീസർമാരെ ഏൽപ്പിക്കുന്നു.

---

[49] ഉദ്യോഗസ്ഥർക്ക് പട്രോളിംഗിന്റെ സ്ഥലം, സമയം, ജോലിയുടെ വിശദാംശങ്ങൾ മുതലായവ രേഖപ്പെടുത്തുന്നതിനായി വിവിധ സെൻസിറ്റീവ് സ്ഥലങ്ങളിൽ സൂക്ഷിക്കുന്ന പുസ്തകമാണ് ബീറ്റ് ബുക്ക്.

കൺട്രോൾ റൂമിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററുകളുടെ സൂക്ഷ്മപരിശോധനയിൽ പരിശോധനയുടെ തെളിവുകൾ കൺട്രോൾ റൂം രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ലെന്ന് ഓഡിറ്റിൽ കണ്ടെത്തിയതിനാൽ മറുപടി സ്വീകാര്യമല്ല.

4.4.6.2 അബ്കാരി/ എൻഡിപിഎസ് കുറ്റകൃത്യങ്ങളുടെ അന്വേഷണം

അബ്കാരി/ എൻഡിപിഎസ് കേസുകളിൽ അന്വേഷണത്തിനും ബന്ധപ്പെട്ട കോടതികളിൽ സമയബന്ധിതമായി കുറ്റപത്രം സമർപ്പിക്കുന്നതിനുമുള്ള ചുമതല എക്സൈസ് റേഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ, ആന്റി നാർക്കോട്ടിക് സ്ക്വാഡുകൾ എന്നിവയ്ക്കാണ്. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറും എഇസിയും (എൻഫോഴ്സ്മെന്റ്) പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു. ജില്ലയിലെ പ്രധാന കേസുകളുടെ അന്വേഷണ ഉദ്യോഗസ്ഥനും കൂടിയാണ് എഇസി (എൻഫോഴ്സ്മെന്റ്). 2023 മാർച്ച് 31 വരെ സംസ്ഥാനത്ത് അബ്കാരി/ എൻഡിപിഎസ് കേസുകളുടെ കുറ്റപത്രം സമർപ്പിക്കാൻ ബാക്കിയുള്ളത് ചുവടെയുള്ള **പട്ടിക - 4.3**ൽ വിശദീകരിച്ചിരിക്കുന്നു.

പട്ടിക - 4.3 : കുറ്റപത്രം സമർപ്പിക്കാത്തത്

കാലയളവ്	അബ്കാരി കേസുകൾ	എൻഡിപിഎസ് കേസുകൾ	ആകെ
ഒരു വർഷത്തിൽ താഴെ	2,786	1,194	3,980
1-2 വർഷം	590	147	737
2-5 വർഷം	67	26	93
5 വർഷത്തിൽ കൂടുതൽ	51	2	53
ആകെ	**3,494**	**1,369**	**4,863**

സ്രോതസ്സ്: വകുപ്പ് നൽകിയ ഡാറ്റയെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

അന്വേഷണങ്ങൾ പൂർത്തിയാക്കുന്നതിൽ നടപടിക്രമങ്ങളിലെ വീഴ്ചകളും തീർപ്പാക്കുന്നതിലെ കാലതാമസവും ഇനിപ്പറയുന്ന ഖണ്ഡികകളിൽ ചർച്ച ചെയ്യുന്നു.

- **അന്വേഷണം പൂർത്തിയാക്കുന്നതിലെ കാലതാമസം**

അബ്കാരി നിയമത്തിലെ വകുപ്പ് 50 പ്രകാരം ഓരോ അന്വേഷണവും അനാവശ്യമായ കാലതാമസമില്ലാതെ പൂർത്തിയാക്കണം. 1985ലെ എൻഡിപിഎസ് നിയമത്തിലെ വകുപ്പ് 36എ(4) അനുസരിച്ച്, എൻഡിപിഎസ് കുറ്റകൃത്യങ്ങളിൽ കുറ്റാരോപിതരായ വ്യക്തികൾക്ക് പത്ത് വർഷത്തിൽ കുറയാത്ത തടവ് ശിക്ഷ ലഭിക്കുകയാണെങ്കിൽ, പരമാവധി റിമാൻഡ് കാലയളവ് 180 ദിവസമായിരിക്കും. എല്ലാ പ്രധാന കേസുകളിലും റിമാൻഡ് കാലയളവിനുള്ളിൽ തന്നെ കുറ്റപത്രം സമർപ്പിക്കണമെന്ന് എക്സൈസ് കമ്മീഷണർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുമുണ്ട് (2021 ജനുവരി). 'വാണിജ്യ അളവ്' ഉൾപ്പെടുന്ന എൻഡിപിഎസ് കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട്, കുറ്റപത്രം സമർപ്പിക്കാൻ 180 ദിവസത്തെ റിമാൻഡ് കാലയളവ് ലഭിക്കുന്നതിനുവേണ്ടി എൻഡിപിഎസ് നിയമത്തിലെ വകുപ്പ് 36എ(4) പ്രയോഗിക്കാൻ എക്സൈസ് കമ്മീഷണർ എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി.

അബ്കാരി/ എൻഡിപിഎസ് നിയമത്തിനു കീഴിലുള്ള പ്രധാന കുറ്റകൃത്യങ്ങളുമായി (സെഷൻസ് കോടതി കേസുകൾ) ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ, 36 കേസുകളിൽ അന്വേഷണം പൂർത്തിയായ ശേഷം കുറ്റപത്രത്തിനുള്ള നിശ്ചിത സമയ പരിധി പാലിച്ചിട്ടില്ലെന്ന് കണ്ടെത്തി (**അനുബന്ധം-XVI**). മാത്രമല്ല, എൻഡിപിഎസ് നിയമത്തിലെ വകുപ്പ് 36എ(4) ഒരു കേസിലും ചുമത്തിയിട്ടില്ല. അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടില്ലെന്നും സംസ്ഥാന എക്സൈസ് അക്കാദമി & റിസർച്ച് സെന്ററിന്റെ പരിശീലന പരിപാടിയുടെ പാഠ്യപദ്ധതിയിൽ നിന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ചീഫ് കെമിക്കൽ എക്സാമിനറുടെ ലബോറട്ടറിയിൽ നിന്ന് രാസ പരിശോധന ഫലം ലഭിക്കുന്നതിലെ കാലതാമസമാണ് അന്വേഷണം പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന്റെ പ്രധാന കാരണമെന്ന് സർക്കാർ അറിയിച്ചു (2024 ഒക്ടോബർ). അനാവശ്യ കാലതാമസമില്ലാതെ അന്വേഷണം പൂർത്തിയാക്കാൻ അന്വേഷണ, മേൽനോട്ട ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി നിർദ്ദേശം നൽകുന്നുണ്ട്.

മറുപടി വ്യവസ്ഥാപരമായ പോരായ്മയിലേക്ക് വിരൽ ചൂണ്ടുകയും ലാബ് റിപ്പോർട്ടുകൾ നൽകുന്നതിൽ അനാവശ്യമായ കാലതാമസവും അതിനാലുള്ള അന്വേഷണത്തിലെ കാലതാമസവും തടയാൻ സർക്കാരിന്റെ ശ്രദ്ധ ആവശ്യമാണെന്ന കാര്യം സൂചിപ്പിക്കുകയും ചെയ്യുന്നു.

- **എൻഡിപിഎസ് കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് പ്രസക്തമായ എല്ലാ വകുപ്പുകളും പ്രയോഗിക്കാത്തത്**

മയക്കുമരുന്ന് ഉപഭോഗം (വകുപ്പ് 27), കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള ശ്രമങ്ങൾ (വകുപ്പ് 28), പ്രേരണ, ക്രിമിനൽ ഗൂഢാലോചന (വകുപ്പ് 29), വാണിജ്യ അളവിലുള്ള നിർമാണം (വകുപ്പ് 30), മുൻപ് ശിക്ഷിക്കപ്പെട്ടതിന് ശേഷമുള്ള കുറ്റകൃത്യങ്ങൾ (വകുപ്പ് 31) മുതലായവയ്ക്ക് എൻഡിപിഎസ് നിയമം ശിക്ഷ അനുശാസിക്കുന്നുണ്ട്. എൻഡിപിഎസ് നിയമത്തിലെ വിവിധ വ്യവസ്ഥകളുടെ ശരിയായ വ്യാഖ്യാനവും പ്രയോഗവും നടത്താൻ ഫീൽഡ് ഓഫീസർമാരെ പ്രാപ്തരാക്കുന്നതിനായി നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ (എൻസിബി) ഒരു ലഘുപുസ്തകം പുറത്തിറക്കി. താഴെ പറയുന്നവയുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണത്തിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ ഇതിൽ വിവരിക്കുന്നു:

i) വിവിധ കുറ്റകൃത്യങ്ങൾ ഉൾപ്പെട്ട അന്വേഷണം;

ii) കുറ്റകൃത്യത്തിന് ഒത്താശ ചെയ്ത ഗൂഢാലോചനക്കാരെ/ പ്രേരണക്കാരെ തിരിച്ചറിയുക;

iii) മയക്കുമരുന്നിന്റെ ഉറവിടം, വിതരണം, ലക്ഷ്യസ്ഥാനം;

iv) മയക്കുമരുന്ന് കടത്തുന്ന രീതി, പണമിടപാടുകൾ;

v) ഒരു സംഘമോ അല്ലെങ്കിൽ സംഘടനകളോ ഉൾപ്പെട്ടിട്ടുണ്ടോ, മുതലായവ.

തിരഞ്ഞെടുത്ത ജില്ലകളിൽ ' കുറഞ്ഞ അളവിലുള്ള'[50] നിരോധിത വസ്തുക്കൾ ഉൾപ്പെട്ട 1,596 കുറ്റകൃത്യ കേസുകൾ രജിസ്റ്റർ ചെയ്തതായി ഓഡിറ്റിൽ കണ്ടെത്തി. എന്നാൽ, ലഹരിവസ്തുക്കൾ കൈവശം വച്ചതിനുള്ളത് (വകുപ്പ് 20, 21, 22 എന്നിവ) ഒഴികെ എൻഡിപിഎസ് നിയമത്തിലെ വകുപ്പ് 27 മുതൽ 31 വരെയുള്ള ശിക്ഷാ വകുപ്പുകളൊന്നും ചുമത്തിയിട്ടില്ല. വിശദമായ അന്വേഷണം നടത്തിയില്ലെങ്കിൽ ഈ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട കുറ്റവാളികളെ തിരിച്ചറിയാൻ കഴിയില്ല.

വിശദമായ അന്വേഷണം നടത്തുന്നതിൽ പരാജയപ്പെട്ടതിനാൽ ' കുറഞ്ഞ അളവിൽ' നിരോധിത വസ്തുക്കൾ കൈവശം വച്ച പ്രതികൾക്ക് മാത്രമാണ് പിഴ ചുമത്തിയത്. ഈ വിഷയം കൂടുതൽ അന്വേഷിക്കാതിരിക്കാൻ വകുപ്പ് തീരുമാനിച്ചതിനാൽ പ്രേരണ, ഗൂഢാലോചന, മയക്കുമരുന്ന് തയ്യാറാക്കൽ, വിതരണം എന്നിവയിൽ ഉൾപ്പെട്ട കുറ്റവാളികളെ പിടികൂടാനുള്ള അവസരം നഷ്ടമായി. അബ്കാരി/ എൻഡിപിഎസ്/ പിഐടിഎൻഡിപിഎസ് നിയമപ്രകാരമുള്ള പ്രസക്തമായ എല്ലാ വ്യവസ്ഥകളും

[50] കേന്ദ്ര സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള അളവിനേക്കാൾ കുറഞ്ഞ അളവ്. 2001 ഒക്ടോബർ 19ലെ എസ്.ഒ.1055 (ഇ) പ്രകാരം, ഭാരത സർക്കാർ 239 മയക്കുമരുന്നുകളുടെ അളവ് വ്യക്തമാക്കുന്നു.

ഉപയോഗിച്ച് കുറ്റകൃത്യങ്ങൾ ബുക്ക് ചെയ്യുന്നതിനുള്ള പരിശീലനം വകുപ്പിന്റെ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

മയക്കുമരുന്ന് കൈവശം വയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ ഒഴികെയുള്ള എൻഡിപിഎസ് നിയമത്തിലെ ശിക്ഷാ വ്യവസ്ഥകൾ കേസിന്റെ വസ്തുതകൾക്കും കേസിന്റെ കണ്ടെത്തലിനും അന്വേഷണത്തിനും ഇടയിൽ ശേഖരിച്ച തെളിവുകൾക്കും അനുസൃതമായി കർശനമായി പ്രയോഗിക്കേണ്ടതാണെന്ന് സർക്കാർ അറിയിച്ചു (2024 ഒക്ടോബർ). വസ്തുതകൾക്കും തെളിവുകൾക്കും അതീതമായി എൻഡിപിഎസ് നിയമത്തിലെ വകുപ്പുകൾ അനാവശ്യമായി ഉപയോഗിക്കുന്നത് തെറ്റായ നടപടിയായിരിക്കും, ഇത് കോടതികളിൽ നിന്ന് കർശന നടപടികൾ ക്ഷണിച്ചു വരുത്തും.

എൻഡിപിഎസ് നിയമത്തിലെ ശിക്ഷാ വ്യവസ്ഥകൾ പാലിക്കാതെ 'കുറഞ്ഞ അളവ്' കൈവശം വച്ച വളരെ കൂടുതൽ എണ്ണം കേസുകളിൽ വിശദമായ അന്വേഷണം നടത്താത്തതിനാൽ മറുപടി സ്വീകാര്യമല്ല. തൽഫലമായി, ശൃംഖലയിലെ വിതരണക്കാർ ശിക്ഷയിൽ നിന്നും ഒഴിവാക്കപ്പെടുമ്പോൾ അത്തരം കേസുകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

- **പിഐടിഎൻഡിപിഎസ് നിയമത്തിനു കീഴിൽ കുറ്റവാളികളെ കരുതൽ തടങ്കലിൽ വയ്ക്കുന്നത്**

1988ലെ മയക്കുമരുന്നുകളുടെയും ലഹരി വസ്തുക്കളുടെയും അനധികൃത കടത്തൽ തടയുന്ന നിയമത്തിലെ (പിഐടിഎൻഡിപിഎസ് നിയമം) വകുപ്പ് 3, മയക്കുമരുന്നുകളുടെയും ലഹരി വസ്തുക്കളുടെയും അനധികൃത വിൽപന തടയുന്നതിനായി ഏതെങ്കിലും വ്യക്തിയെ തടങ്കലിൽ വയ്ക്കാൻ സംസ്ഥാന സർക്കാരിന് അധികാരം നൽകുന്നു.

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് നിരീക്ഷിച്ച വസ്തുതകൾ താഴെ പറയുന്നു:

i) കരുതൽ തടങ്കലിനുള്ള വ്യവസ്ഥകളുള്ള പിഐടിഎൻഡിപിഎസ് നിയമം 1988ൽ നിലവിൽ വന്നു. സംസ്ഥാനത്ത് എൻഡിപിഎസ് കേസുകളുടെ എണ്ണം വർദ്ധിക്കുന്ന പ്രവണത കാണിക്കുന്നുണ്ടെങ്കിലും (പട്ടിക 4.2), ഈ നിയമത്തിലെ വ്യവസ്ഥകൾ ഉപയോഗിച്ച് ഇതുവരെ ഒരു കുറ്റവാളിയെയും അറസ്റ്റ് ചെയ്യാൻ എക്സൈസ് വകുപ്പിന് കഴിഞ്ഞിട്ടില്ല.

ii) എക്സൈസ് വകുപ്പിന് കുറ്റവാളികളെ കരുതൽ തടങ്കലിൽ വയ്ക്കുന്നതിന് സർക്കാരിൽ നിന്ന് അനുമതി ആവശ്യമാണ്, അതിനായി വകുപ്പ് നിർദ്ദേശം നൽകണം. 2022 വരെ അത്തരമൊരു നിർദ്ദേശം നൽകിയിട്ടില്ലെന്ന് ഓഡിറ്റിൽ കണ്ടെത്തി. 2022ൽ സമർപ്പിച്ച നിർദ്ദേശങ്ങൾ നടപടിക്രമങ്ങളിലെ വീഴ്ചകളുടെ അടിസ്ഥാനത്തിൽ സർക്കാർ തിരിച്ചയച്ചു. കരുതൽ തടങ്കലിനുള്ള മൊത്തം 62 നിർദ്ദേശങ്ങളിൽ 12 എണ്ണം നിയമാനുസൃതമുള്ള 45 ദിവസത്തെ കാലയളവ് കഴിഞ്ഞതിന് ശേഷമാണ് സർക്കാരിന് സമർപ്പിച്ചതെന്നും ശ്രദ്ധയിൽപ്പെട്ടു **(അനുബന്ധം- XVII)**.

അർഹമായ കേസുകളിൽ പിഐടിഎൻഡിപിഎസ് നിയമ പ്രകാരം നടപടി ആരംഭിച്ചതായി സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ). കൂടാതെ, പിഐടിഎൻഡിപിഎസ് നിയമം നടപ്പാക്കുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് ഓൺലൈൻ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുന്നുമുണ്ട്.

ശുപാർശ 1:

അബ്കാരി/ എൻഡിപിഎസ്/ പിഐടിഎൻഡിപിഎസ് നിയമത്തിനു കീഴിലുള്ള പ്രസക്തമായ എല്ലാ വ്യവസ്ഥകളും ഉപയോഗിച്ച് കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് വകുപ്പ് ശരിയായ പരിശീലനം നൽകുകയും അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കുകയും വേണം.

- **രാസ പരിശോധനാ ഫലം ലഭിക്കാൻ വൈകിയതിനാൽ പ്രതികളുടെ അനാവശ്യ റിമാൻഡ്**

നിരോധിത വസ്തുക്കൾ, മദ്യം, കള്ള് മുതലായവയുടെ സാമ്പിളുകൾ വിശകലനം ചെയ്യുന്നത് കെമിക്കൽ എക്സാമിനറുടെ ലബോറട്ടറിയാണ്. എക്സൈസ് വകുപ്പ് കണ്ടെത്തിയ കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിൽ അവരുടെ റിപ്പോർട്ടുകൾ പ്രധാന വുമാണ്. 2022ലെ മയക്കുമരുന്നുകളുടെയും ലഹരി വസ്തുക്കളുടെയും (പിടിച്ചെടുക്കൽ, സംഭരണം, സാമ്പിൾ എടുക്കൽ, നശിപ്പിക്കൽ) ചട്ടങ്ങളുടെ ചട്ടം 14 പ്രകാരം സാമ്പിൾ ലഭിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനുള്ളിൽ മജിസ്ട്രേറ്റ് കോടതിയിൽ കെമിക്കൽ ലബോറട്ടറി അതിന്റെ റിപ്പോർട്ട് സമർപ്പിക്കണം, ഒരു പകർപ്പ് അന്വേഷണ ഉദ്യോഗസ്ഥനും നൽകണം.

എൻഡിപിഎസ് നിയമത്തിലെ വകുപ്പ് 21, 22, 27 എന്നിവ ലഹരി വസ്തുക്കളുടെ അനധികൃത നിർമ്മാണം, കൈവശം വയ്ക്കൽ, വിൽപ്പന, ഉപഭോഗം മുതലായവയ്ക്ക് കഠിന തടവ് (ആർഐ) നിർദ്ദേശിക്കുന്നു. തടവിന്റെ കാലയളവ് നിയമ ലംഘനത്തിൽ ഉൾപ്പെട്ടിരിക്കുന്ന അളവിനെ ആശ്രയിച്ചിരിക്കുന്നു, അതായത്, ‘കുറഞ്ഞ അളവിന്’ ഒരു വർഷവും ‘കുറഞ്ഞ അളവിന്’ മുകളിലുള്ളതിന് 10 മുതൽ 20 വർഷം വരെയും. മയക്കുമരുന്നുകളുടെയും ലഹരി വസ്തുക്കളുടെയും കാര്യത്തിൽ, ‘കുറഞ്ഞ അളവ്’ അല്ലെങ്കിൽ ‘വാണിജ്യ അളവ്’ ആയി കണക്കാക്കേണ്ട അളവ് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്[51]. സിആർപിസിയുടെ ആദ്യ പട്ടിക അനുസരിച്ച്, മൂന്ന് വർഷത്തിൽ താഴെ തടവുശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യങ്ങൾ ‘ജാമ്യം ലഭിക്കാവുന്ന കുറ്റകൃത്യങ്ങൾ’ ആണ്. ഇതനുസരിച്ച്, ‘കുറഞ്ഞ അളവ്’ ഉൾപ്പെടുന്ന എൻഡിപിഎസ് കുറ്റകൃത്യങ്ങൾ ജാമ്യം ലഭിക്കാവുന്ന കുറ്റങ്ങളാണ്, അതേസമയം ‘കുറഞ്ഞ അളവിൽ കൂടുതൽ’ ഉൾപ്പെടുന്ന നിയമ ലംഘനങ്ങൾ ജാമ്യമില്ലാ കുറ്റങ്ങളാണ്. ഉദാഹരണ ത്തിന്, രണ്ട് ഗ്രാം വരെ മെത്താംഫെറ്റാമൈൻ ഉൾപ്പെടുന്ന ഒരു നിയമ ലംഘനം ‘കുറഞ്ഞ അളവ്’ ആയി കണക്കാക്കുകയും[52] ജാമ്യം ലഭിക്കുകയും ചെയ്യുന്നു, അതേസമയം അതേ അളവിലുള്ള എംഡിഎംഎ[53] ഉൾപ്പെടുന്ന നിയമ ലംഘനം കുറഞ്ഞ അളവിനേക്കാൾ കൂടുതലായി[54] കണക്കാക്കപ്പെടുന്നു, ഇത് ജാമ്യമില്ലാ കുറ്റമാണ്. അതിനാൽ, ആവശ്യമായ ശിക്ഷ ലഭിക്കുന്നതിന്, നിരോധിത വസ്തുക്കളുടെ തരം കണ്ടെത്തുകയും തെളിയിക്കുകയും ചെയ്യേണ്ടത് വളരെ പ്രധാനമാണ്, ഇത് ഒരു രാസ പരിശോധനയിലൂടെ മാത്രമേ ചെയ്യാൻ കഴിയൂ. കെമിക്കൽ ലബോറട്ടറികളിൽ നിന്ന് കെമിക്കൽ അനാലിസിസ് റിപ്പോർട്ട് ലഭിക്കുന്നതിലെ കാലതാമസം അന്വേഷണം വൈകിപ്പിക്കുക മാത്രമല്ല, പ്രതികളെ അനാവശ്യമായി റിമാൻഡ് ചെയ്യുന്നതിന് കാരണമാവുകയും ചെയ്യുന്നു.

എൻഡിപിഎസ് (പിടിച്ചെടുക്കൽ, സംഭരണം, സാമ്പിൾ എടുക്കൽ, നശിപ്പിക്കൽ) ചട്ടങ്ങൾ 2022ന്റെ ചട്ടം 14 പ്രകാരം രാസ പരിശോധന റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള പതിനഞ്ച് ദിവസത്തെ സമയപരിധി, പരിശോധിച്ച കേസുകളിൽ ഒന്നിലും പാലിച്ചിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. പരീക്ഷണ പരിശോധന നടത്തിയ സ്ഥാപന ങ്ങളിൽ ഏഴ് മാസം വരെ കാലതാമസം കണ്ടെത്തി. 23 കേസുകളിൽ, ‘കുറഞ്ഞ അളവിൽ’ (0.5 ഗ്രാം മുതൽ 2 ഗ്രാം വരെ) എംഡിഎംഎ കൈവശം വച്ചതിന് പ്രതികളെ റിമാൻഡ് ചെയ്തതായും, അതേസമയം വളരെ വൈകി ലഭിച്ച രാസ പരിശോധന റിപ്പോർട്ടിൽ നിരോധിത ഉൽപന്നം മെത്താംഫെറ്റാമൈൻ ആണെന്ന് തിരിച്ചറിഞ്ഞ തായും ശ്രദ്ധയിൽപ്പെട്ടു. അങ്ങനെ, രാസ പരിശോധന റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസം പ്രതികളെ അനാവശ്യമായി റിമാൻഡ് ചെയ്യാൻ കാരണമായി. ചില ഉദാഹരണങ്ങൾ **അനുബന്ധം-XVIII**ൽ വിശദീകരിച്ചിരിക്കുന്നു.

രാസ പരിശോധനയ്ക്ക് ശേഷം, സാമ്പിളുകളുടെ അവശിഷ്ടങ്ങൾ ലബോറട്ടറി വിശകലനം ചെയ്ത് മൂന്ന് മാസത്തിനുള്ളിൽ അവ ലഭിച്ച ഓഫീസിലേക്ക് തിരികെ

[51] 2001 ഒക്ടോബർ 19ലെ വിജ്ഞാപനം നമ്പർ എസ്.ഒ.1055(ഇ).
[52] വിജ്ഞാപനത്തിലെ 159-ാം നമ്പർ.
[53] 3,4 മെഥിലീൻഡൈഓക്സിമെത്താംഫെറ്റാമൈൻ.
[54] വിജ്ഞാപനത്തിലെ 134-ാം നമ്പർ.

നൽകണമെന്ന് ചട്ടം 15 പറയുന്നു. അന്വേഷണ ഉദ്യോഗസ്ഥന്റെ പക്കൽ സൂക്ഷിക്കുന്ന ഡ്യൂപ്ലിക്കേറ്റ് സാമ്പിളുകളും അവശിഷ്ടങ്ങളും നിയുക്ത വെയർഹൗസുകളിൽ നിക്ഷേപിക്കണം. എന്നിരുന്നാലും, പരിശോധന നടത്തിയ ഒരു കേസിലും അവശിഷ്ടങ്ങൾ എക്സൈസ് വകുപ്പ് തിരിച്ചെടുക്കാതെ കെമിക്കൽ എക്സാമിനറുടെ ലബോറട്ടറിയിൽ സൂക്ഷിച്ചതായി ശ്രദ്ധയിൽപ്പെട്ടു.

വിവിധ ഏജൻസികളുടെ ആവശ്യം നിറവേറ്റുന്നതിനായി മൂന്ന് കെമിക്കൽ അനാലിസിസ് ലബോറട്ടറികൾ മാത്രമാണ് കേരളത്തിലുള്ളതെന്നും എക്സൈസ് വകുപ്പ് അതിലൊന്ന് മാത്രമാണെന്നും സർക്കാർ അറിയിച്ചു (2024 ഒക്ടോബർ). അതിനാൽ, റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് വളരെ സാധാരണമാണ്. ലബോറട്ടറികളുടെ ശേഷിയും മികവും വർദ്ധിപ്പിക്കുന്നതിന് വ്യവസ്ഥാപരമായ മെച്ചപ്പെടുത്തൽ ആവശ്യമാണ്.

എൻഡിപിഎസ് കുറ്റകൃത്യങ്ങളിലെ പ്രതികളുടെ വിധി രാസ പരിശോധന റിപ്പോർട്ടിനെ ശക്തമായി ആശ്രയിച്ചിരിക്കുന്നതിനാലും കൃത്യസമയത്ത് ഫലം ലഭിക്കുന്നതിൽ കാലതാമസം വരുത്തുന്നത് അനാവശ്യ തടവിനും മനുഷ്യാവകാശ ലംഘനത്തിനും ഇടയാക്കുമെന്നതിനാലും മറുപടി തൃപ്തികരമല്ല.

4.4.6.3 കുറ്റകൃത്യങ്ങളുടെ വിചാരണ

അബ്കാരി, എൻഡിപിഎസ് നിയമങ്ങളിലെ വിവിധ വകുപ്പുകൾ പ്രകാരമാണ് സംസ്ഥാന എക്സൈസ് വകുപ്പ് ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നത്. അബ്കാരി കുറ്റങ്ങൾ ജാമ്യം ലഭിക്കാവുന്നതും അല്ലാത്തതുമുണ്ട്. ജാമ്യം ലഭിക്കാവുന്ന അബ്കാരി കുറ്റങ്ങൾ എക്സൈസ് വകുപ്പിലെ അതിന് തക്ക യോഗ്യതയുള്ള അധികാരികളോ ജുഡീഷ്യൽ ഓഫീസർമാരോ തീർപ്പാക്കുമ്പോൾ, ജാമ്യം ലഭിക്കാത്ത അബ്കാരി കുറ്റകൃത്യങ്ങൾ സെഷൻസ് കോടതി വിചാരണ നടത്തി തീർപ്പാക്കുന്നു. എൻഡിപിഎസ് കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ, ജാമ്യം ലഭിക്കാവുന്നതും ജാമ്യം ലഭിക്കാത്തതുമായ കുറ്റകൃത്യങ്ങൾ ജുഡീഷ്യറി തീർപ്പാക്കുന്നു. 2023 ഓഗസ്റ്റ് 31 വരെ സംസ്ഥാനത്തെ വിവിധ കോടതികളിലായി 18,937 അബ്കാരി/ എൻഡിപിഎസ് കേസുകളാണ് തീർപ്പാകാതെ കിടക്കുന്നത്.

- **നടപടിക്രമങ്ങളിലെ വീഴ്ച കാരണം അബ്കാരി കേസുകളിലെ പ്രതികളെ വെറുതെ വിടുന്നു**

അബ്കാരി നിയമത്തിലെ വകുപ്പ് 50(2) പ്രകാരം, ഈ നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള അന്വേഷണം പൂർത്തിയായാലുടൻ, 1973ലെ ക്രിമിനൽ നടപടിച്ചട്ടത്തിലെ വകുപ്പ് 173(2) അനുസരിച്ച് അബ്കാരി ഓഫീസർ മജിസ്ട്രേറ്റിന് റിപ്പോർട്ട് അയയ്ക്കേണ്ടതാണ്. കുറ്റകൃത്യം സെഷൻസ് കോടതിക്ക് മാത്രം പരിഗണിക്കാവുന്നതാണെങ്കിൽ, മജിസ്ട്രേറ്റ് അത്തരം കുറ്റകൃത്യത്തെക്കുറിച്ച് അന്വേഷിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും വേണം, അല്ലെങ്കിൽ സിആർപിസിയിൽ രേഖപ്പെടുത്തിയിരിക്കുന്ന രീതിയിൽ കുറ്റാരോപിതനായ വ്യക്തിയെ വിചാരണ ചെയ്യണം.

തിരഞ്ഞെടുത്ത ജില്ലകളിൽ 2020 ഏപ്രിൽ മുതൽ 2023 മാർച്ച് വരെയുള്ള കാലയളവിൽ തീർപ്പാക്കിയ 194 കേസുകളിൽ 38 എണ്ണം ഓഡിറ്റ് പരിശോധിച്ചു. അതിൽ 33 കേസുകളിൽ വസ്തുവിവരപ്പട്ടിക എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് തെറ്റായി സാക്ഷ്യപ്പെടുത്തൽ, സാമ്പിൾ എടുക്കുന്നതിൽ ഏകീകൃത നടപടിക്രമങ്ങളുടെ അഭാവം, മദ്യവിൽപ്പന തെളിയിക്കുന്നതിൽ പ്രോസിക്യൂഷന്റെ പരാജയം തുടങ്ങിയ വകുപ്പുതല വീഴ്ചകൾ കാരണം സെഷൻസ് കോടതി പ്രതികളെ കുറ്റവിമുക്തരാക്കി. കോടതികൾ തീർപ്പാക്കിയ അബ്കാരി കേസുകളുടെ വിശദാംശങ്ങളും കുറ്റവിമുക്തരാക്കാനുള്ള കാരണങ്ങളും **അനുബന്ധം-XIX**ൽ നൽകിയിരിക്കുന്നു.

അബ്കാരി നിയമപ്രകാരമുള്ള ശിക്ഷാ നിരക്ക് ആകെ രജിസ്റ്റർ ചെയ്ത കേസുകളുടെ വെറും 10 ശതമാനം വരെ മാത്രമാണെന്ന് അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ നിരീക്ഷിക്കുന്നുണ്ട്.

സാമ്പിൾ എടുക്കൽ, മഹസർ[55] തയ്യാറാക്കൽ എന്നിവയിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകേണ്ടതിന്റെ ആവശ്യകതയും റിപ്പോർട്ട് എടുത്ത് പറയുന്നുണ്ട്.

അതിനാൽ, ശിക്ഷാവിധികൾ നേടിക്കൊടുക്കുന്നതിൽ പരാജയപ്പെട്ടത് എക്സൈസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള നടപടിക്രമങ്ങളിലെ വീഴ്ചയുടെ ഫലമാണ്. ഈ അലംഭാവം ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും, കാരണം കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നത് കൂടുതൽ കുറ്റകൃത്യങ്ങൾ ചെയ്യുന്നതിൽ നിന്നും ആളുകളെ പിന്തിരിപ്പിക്കുന്ന ഘടകമായി പ്രവർത്തിക്കുന്നു.

കുറ്റവിമുക്തരാക്കിയ കേസുകൾ എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ് തലത്തിൽ നിരീക്ഷിക്കുന്നുണ്ടെന്നും തെറ്റുകൾ തിരുത്തുന്നതിനായി വിവിധ കോടതി വിധികളിൽ നിന്ന് ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കി കുറ്റവിമുക്തരാക്കുന്നതിലേക്ക് നയിച്ച തെറ്റുകൾ തടയുന്നതിനായി ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു (2024 ഒക്ടോബർ).

മഹസർ തയ്യാറാക്കുന്നതും സാമ്പിൾ എടുക്കുന്നതും സംബന്ധിച്ച് പരിശീലനം നൽകുന്നതിന് വകുപ്പ് ഒരു പാഠ്യപദ്ധതി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ മറുപടി തൃപ്തികരമല്ല.

ശുപാർശ 2:

വകുപ്പിന് ഇവ നടപ്പാക്കാവുന്നതാണ്:

(i) കേസുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിനും കുറ്റവിമുക്തരാക്കുന്നത് കുറയ്ക്കുന്നതിനും വേണ്ടി എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും കോടതി നടപടിക്രമങ്ങളെക്കുറിച്ചും അതിനായി കുറ്റപത്രങ്ങൾ/ പേപ്പറുകൾ തയ്യാറാക്കുന്നതിനെക്കുറിച്ചും ആനുകാലിക പരിശീലനം നൽകുക;

(ii) വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളുടെ ഉപയോഗം നിരീക്ഷിക്കുന്നതിനും നിയുക്ത കെമിക്കൽ ലബോറട്ടറികളിൽ നിന്ന് രാസ പരിശോധനാ ഫലം നേടിയെടുക്കുന്നത് വേഗത്തിലാക്കുന്നതിനും ശക്തമായ സംവിധാനം സ്ഥാപിക്കുക.

4.4.6.4 കള്ള്, വിദേശമദ്യം എന്നീ മേഖലകളിൽ എൻഫോഴ്സ്മെന്റ്

കള്ള് ഉൽപ്പാദിപ്പിക്കുന്നതിനും വിൽക്കുന്നതിനുമുള്ള ലൈസൻസ്, സ്പിരിറ്റ് ഇറക്കുമതി ചെയ്യുന്നതിനും കൈവശം വയ്ക്കുന്നതിനും, കൂടാതെ, ഐഎംഎഫ്എൽ/ ബിയർ ഉൽപ്പാദനം, സംഭരണം, വിൽപന എന്നിവയ്ക്കുള്ള ലൈസൻസുകൾ/ പെർമിറ്റുകൾ എന്നിവ കേരള അബ്കാരി നിയമം, 1077, അതിനു കീഴിൽ നിർമിച്ച ചട്ടങ്ങൾ എന്നിവ പ്രകാരമാണ് നൽകുന്നത്.

- **അധിക പെർമിറ്റ് ഫീസ് ആവശ്യപ്പെടാത്തതും പിരിച്ചെടുക്കാത്തതും**

ട്രീ ടാക്സ് ചട്ടങ്ങളുടെ ചട്ടം 11എ പ്രകാരം, ലിറ്ററിന് ഒരു രൂപ നിരക്കിൽ പെർമിറ്റ് ഫീസും ലിറ്ററിന് ഒരു രൂപ നിരക്കിൽ അധിക പെർമിറ്റ് ഫീസും (2021 ഒക്ടോബർ 23 മുതൽ സർക്കാർ നടപ്പിലാക്കിയത്) അടച്ച് ട്രാൻസ്പോർട്ട് പെർമിറ്റ് ഉപയോഗിച്ച് ഒരു കള്ള് ഷാപ്പ് ലൈസൻസിക്ക് ഒരു ജില്ലയിൽ നിന്ന് മറ്റൊന്നിലേക്ക് കള്ള് കൊണ്ടു പോകാവുന്നതാണ്. അതിനാൽ, മറ്റ് ഡിവിഷനുകളിലേക്ക് കള്ള് കൊണ്ടുപോകുന്ന

[55] നിരോധിത വസ്തുക്കൾ പിടിച്ചെടുക്കുന്നതിന് മുമ്പും ശേഷവും ഉദ്യോഗസ്ഥൻ നടത്തുന്ന എല്ലാ പ്രവൃത്തികളും നടപടിക്രമങ്ങളും, സ്ഥലം, തീയതി, സമയം, നടപടികളുടെ കാരണം, പിടിച്ചെടുത്ത വസ്തുക്കളുടെ/ തെളിവുകളുടെ വിശദാംശങ്ങൾ, ഉൾപ്പെട്ട വ്യക്തികളുടെയോ ഉദ്യോഗസ്ഥരുടെയോ പേരുകൾ, സാക്ഷികളുടെ പട്ടിക മുതലായവ രേഖപ്പെടുത്തുകയും രണ്ടോ അതിലധികമോ സാക്ഷികൾ ഒപ്പിടുകയും ചെയ്യുന്ന ഒരു അബ്കാരി/ എൻഡിപിഎസ് കേസ് കണ്ടെത്തുന്ന ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന റിപ്പോർട്ടാണ് മഹസർ.

ലൈസൻസി ട്രീ ടാക്സിന്[56] പുറമേ പെർമിറ്റ് ഫീസും അധിക പെർമിറ്റ് ഫീസും അടയ്ക്കേണ്ടതുണ്ട്.

പാലക്കാട് എക്സൈസ് ഡിവിഷൻ ഓഫീസിലെയും ചിറ്റൂർ എക്സൈസ് സർക്കിൾ ഓഫീസിലെയും രേഖകൾ പരിശോധിച്ചപ്പോൾ ₹846.53 ലക്ഷം അധിക ഫീസായി ഈടാക്കേണ്ടതിൽ ₹36.65 ലക്ഷത്തിന് മാത്രമാണ് ഡിമാൻഡ് നോട്ടീസ് നൽകിയ തെന്നും ഇതിൽ ₹15.41 ലക്ഷം പിരിച്ചെടുത്തുവെന്നും കണ്ടെത്തി. ഇന്റർ ഡിവിഷൻ പെർമിറ്റ് നൽകിയ പാലക്കാട് എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ലിറ്ററിന് ഒരു രൂപ നിരക്കിൽ അധിക പെർമിറ്റ് ഫീസ് ആവശ്യപ്പെട്ടില്ല (73 കേസുകൾ ഒഴികെ). അധിക ഫീസ് പിരിച്ചെടുക്കാത്തത് വഴി ₹831.12 ലക്ഷത്തിന്റെ നഷ്ടം വരുത്തിയത് **അനുബന്ധം-XX**ൽ വിവരിച്ചിരിക്കുന്നു.

ഇത് ചൂണ്ടിക്കാട്ടിയപ്പോൾ, ലൈസൻസികൾക്ക് മുൻകാല പ്രാബല്യത്തോടെ ഡിമാൻഡ് നോട്ടീസ് നൽകിയതായും ഇതിനെതിരെ ലൈസൻസികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് ഹർജികൾ സമർപ്പിച്ചതായും സർക്കാർ അറിയിച്ചു (2024 ഒക്ടോബർ). തുടർന്ന് അധിക പെർമിറ്റ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്തു.

മറുപടി സ്വീകാര്യമല്ല. പെർമിറ്റ് നൽകുന്ന സമയത്ത് അധിക പെർമിറ്റ് ഫീസ് ഈടാക്കാത്തതാണ് ഓഡിറ്റ് നിരീക്ഷണം. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുന്നിലുള്ള വിഷയം മുൻകാലാടിസ്ഥാനത്തിൽ ആവശ്യപ്പെട്ട ഫീസ് പിരിച്ചെടുക്കു ന്നതുമായി ബന്ധപ്പെട്ടതാണ്.

- **മദ്യ പരിശോധനാ ലബോറട്ടറികളുടെ പ്രവർത്തനം**

1953ലെ വിദേശമദ്യ ചട്ടങ്ങളുടെ ചട്ടം 33, വിദേശമദ്യ വിൽപനശാലകളിൽ നിന്ന് സാമ്പിളുകൾ എടുക്കൽ, രാസപരിശോധന തുടങ്ങിയവയ്ക്കുള്ള നടപടിക്രമങ്ങൾ നിർദ്ദേശിക്കുന്നു. നിലവിലുള്ള നിർദ്ദേശങ്ങൾ (1995 ഫെബ്രുവരി) അനുസരിച്ച്, എക്സൈസിന്റെ സർക്കിൾ ഇൻസ്പെക്ടർമാരും റേഞ്ച് ഇൻസ്പെക്ടർമാരും ലൈസൻസുള്ള എല്ലാ വിൽപനശാലകളിലും മാസത്തിലൊരിക്കൽ മിന്നൽ പരിശോധന നടത്തുകയും മദ്യത്തിന്റെ സാമ്പിളുകൾ എടുക്കുകയും വേണം, ഇത് ഉടനടി ചീഫ് കെമിക്കൽ എക്സാമിനർ/ റീജിയണൽ കെമിക്കൽ എക്സാമിനർ വിശകലനം ചെയ്യേണ്ടതുമാണ്. വകുപ്പിന് കീഴിൽ മൂന്ന് സഞ്ചരിക്കുന്ന മദ്യ പരിശോധന ലബോറട്ടറികൾ (ഓരോ എക്സൈസ് മേഖലയ്ക്കും ഒന്ന്) പ്രവർത്തിക്കു ന്നുണ്ട്, ഇത് ലൈസൻസികൾ വിൽക്കുന്ന മദ്യത്തിൽ അടങ്ങിയിരിക്കുന്ന ഈഥൈൽ ആൽക്കഹോളിന്റെ ശതമാനവും അന്യ ചേരുവകളും സംഭവസ്ഥലത്ത് വച്ച് തന്നെ കണ്ടെത്താൻ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരെ പ്രാപ്തമാക്കുന്നു.

ജോയിന്റ് എക്സൈസ് കമ്മീഷണറുടെ (മധ്യ മേഖല) കീഴിൽ പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന മദ്യ പരിശോധന ലബോറട്ടറിയും തിരഞ്ഞെടുത്ത നാല് ജില്ലകളിൽ പ്രവർത്തിക്കുന്ന വിദേശമദ്യ ഷോപ്പുകളിൽ നിന്നും കള്ളുഷാപ്പുകളിൽ നിന്നും ശേഖരിച്ച സാമ്പിളുകളുടെ വിശദാംശങ്ങളും രാസപരിശോധന ലബോറട്ടറികളിൽ നിന്ന് ലഭിച്ച രാസപരിശോധന റിപ്പോർട്ടുകളും ഓഡിറ്റ് പരീക്ഷണ പരിശോധന നടത്തി. കണ്ടെത്തിയ വിവരങ്ങൾ ഇനി പറയുന്നവയാണ്:

i) സഞ്ചരിക്കുന്ന മദ്യ പരിശോധനയ്ക്കായി കള്ളുഷാപ്പുകൾ, വിദേശമദ്യ ഷോപ്പുകൾ, ബിയർ/ വൈൻ പാർലറുകൾ, ബാർ ഹോട്ടലുകൾ, മദ്യം വിളമ്പുന്ന ക്ലബ്ബുകൾ തുടങ്ങി എല്ലാ ലൈസൻസികളിൽ നിന്നും സാമ്പിളുകൾ ശേഖരിക്കാൻ എക്സൈസ് കമ്മീഷണർ നിർദേശം

[56] കള്ള് ഉത്പാദിപ്പിക്കുന്ന വൃക്ഷങ്ങളിൽ (തെങ്ങ്, പന, സാഗോ മുതലായ മരങ്ങൾ) നിന്ന് കള്ള് ചെത്തുന്നതിനുള്ള ലൈസൻസ് നൽകുന്നതിന് ട്രീ ടാക്സ് ചട്ട പ്രകാരം ചുമത്തുന്ന നികുതി.

നൽകിയിരുന്നു (2013 സെപ്റ്റംബർ 9, 2018 ജൂലൈ 3). എന്നാൽ കള്ളുഷാപ്പുകളിൽ നിന്ന് മാത്രമാണ് സാമ്പിളുകൾ ശേഖരിച്ചിരുന്നത്;

ii) 2022-23 കാലയളവിൽ, **അനുബന്ധം-XXI**ൽ വിവരിച്ചിരിക്കുന്നതുപോലെ 208 എഫ്എൽ-3 ലൈസൻസികളിൽ 69 പേരിൽ നിന്ന് മാത്രമാണ് രാസ പരിശോധനക്കായി സാമ്പിളുകൾ എടുത്തത്. 102 കേസുകളിൽ രാസ പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടില്ല;

iii) കള്ളിന്റെയും വിദേശമദ്യത്തിന്റെയും സാമ്പിളുകൾ ശേഖരിക്കുന്നതിനുള്ള ടാർഗറ്റ് നിശ്ചയിച്ചിട്ടില്ല.

വിദേശ മദ്യത്തിന്റെ വിതരണ ശൃംഖലയിലെ വിവിധ ഘട്ടങ്ങളിൽ റാൻഡം സാമ്പിളും പരിശോധനയും നടത്തുന്നുണ്ടെന്നും എന്നാൽ കള്ളിന് ഇത് ചെയ്യുന്നില്ലെന്നും സർക്കാർ അറിയിച്ചു (2024 ഒക്ടോബർ). അതിനാൽ, മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ കള്ള് മേഖലയ്ക്കുള്ളതാണ്, ഓരോ സോണിനും ഒരു ലാബ് മാത്രമേയുള്ളൂ, ഈ ലാബുകൾ എല്ലാ ഷാപ്പുകളിൽ നിന്നും സാമ്പിളുകൾ എടുക്കുമെന്ന് പ്രതീക്ഷിക്കാനാവില്ല. സാമ്പിളുകൾ റാൻഡം ആയി എടുക്കുന്നതിനാൽ സാമ്പിൾ ശേഖരണത്തിനുള്ള ടാർഗറ്റ് നിശ്ചയിക്കുന്നത് പ്രായോഗികമല്ല. കൂടാതെ ഇത് ഒരു മിന്നൽ പരിശോധനയായും പ്രവർത്തിക്കുന്നു.

എല്ലാ ലൈസൻസികളിൽ നിന്നും സാമ്പിളുകൾ ശേഖരിക്കാൻ എക്സൈസ് കമ്മീഷണർ നിർദേശം നൽകിയതിനാലും (2013 സെപ്റ്റംബർ, 2018 ജൂലൈ) 2022-23 കാലയളവിൽ എഫ്എൽ ഷോപ്പുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ചതിനാലും മറുപടി സ്വീകാര്യമല്ല. അതിനാൽ മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ കള്ള് മേഖലയ്ക്ക് മാത്രമുള്ളതാണെന്ന വാദം വാസ്തവ വിരുദ്ധമാണ്.

- **പരിശോധന കൂടാതെ എഫ്എൽ-4എ ക്ലബ് ലൈസൻസ് അനുവദിച്ചു**

1953ലെ വിദേശമദ്യ ചട്ടങ്ങളുടെ ചട്ടം 13 (4എ) പ്രകാരം, നിലവിലുള്ള ക്ലബ്ബുകൾക്ക്, ക്ലബ് ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിരിക്കണം എന്നും ഭൂമിയും കെട്ടിടങ്ങളും അത്തരം സൊസൈറ്റിയുടെ പേരിലായിരിക്കണം എന്നുമുള്ള വ്യവസ്ഥയ്ക്ക് വിധേയമായി, അതിന്റെ അംഗങ്ങൾക്ക് മദ്യം വിളമ്പുന്നതിന് എഫ്എൽ-4എ ക്ലബ് ലൈസൻസുകൾ നൽകാം.

തിരഞ്ഞെടുത്ത നാല് ജില്ലകളിലായി അനുവദിച്ച 23 എഫ്എൽ-4എ ക്ലബ് ലൈസൻസുകളിൽ 17 എണ്ണം ഓഡിറ്റ് പരിശോധിച്ചു. സ്വന്തമായി സ്ഥലമില്ലാത്തതും എന്നാൽ ക്ലബ് നിർമ്മാണത്തിനായി പാട്ടത്തിനെടുത്തതും കളിസ്ഥലമായി ഉപയോഗിക്കുന്നതുമായ സർക്കാർ ഭൂമി കൈവശമുള്ള യുണൈറ്റഡ് ക്ലബ് ആലപ്പുഴയ്ക്ക് എഫ്എൽ-4എ ക്ലബ് ലൈസൻസ് നൽകിയതായി കണ്ടെത്തി. പാട്ടഭൂമി മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് ഉപയോഗിക്കരുതെന്ന് പാട്ടക്കരാറിൽ വ്യക്തമായി വ്യവസ്ഥയുണ്ട്. സ്ഥലം ക്ലബ്ബിന്റെ പേരിലല്ലാത്തതിനാൽ അംഗങ്ങൾക്ക് നിയമപരമായി മദ്യം വിളമ്പാൻ അവർക്ക് കഴിയില്ല. അതിനാൽ യുണൈറ്റഡ് ക്ലബ് ആലപ്പുഴയ്ക്ക് എഫ്എൽ-4എ ലൈസൻസ് നൽകിയത് ചട്ടവിരുദ്ധമാണ്.

ഈ സ്ഥലം ക്ലബിന് പാട്ടത്തിന് നൽകിയ സർക്കാർ ഭൂമിയാണെന്നും ക്ലബ്ബിന്റെ കൈവശത്തിൽ ഉള്ളതാണെന്നും വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും, പ്രസ്തുത ഭൂമിയിലെ കെട്ടിടങ്ങൾ ക്ലബ് സെക്രട്ടറിയുടെ ഉടമസ്ഥതയിലാണെന്ന് കാണിച്ച് ആലപ്പുഴ നഗരസഭ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു (2024 ഒക്ടോബർ). ക്ലബ് നൽകിയ രേഖകൾ പരിശോധിച്ച വകുപ്പ് ഭൂമിയും കെട്ടിടവും ക്ലബ്ബിന്റെ ഉടമസ്ഥതയിലാണെന്ന് കണ്ടെത്തിയെന്നും അതിനാലാണ് എഫ്എൽ-4എ ലൈസൻസ് നൽകിയതെന്നും പ്രസ്താവനയിൽ പറയുന്നു.

മറുപടി സ്വീകാര്യമല്ല. ഭൂമിയും കെട്ടിടങ്ങളും സൊസൈറ്റിയുടെ പേരിലായിരിക്കണം എന്നതാണ് എഫ്എൽ-4എ ലൈസൻസ് നൽകുന്നതിനുള്ള നിബന്ധനകളിലൊന്ന്.

വില്ലേജ് ഓഫീസർ ഉദ്ധരിച്ചതിൽ നിന്നും രേഖകളിൽ നിന്നും, ക്ലബ്ബിന്റെ കൈവശമുള്ള ഭൂമി സർക്കാർ ഭൂമിയാണെന്നും പ്രത്യേക ആവശ്യത്തിനായി ക്ലബിന് പാട്ടത്തിന് നൽകിയതാണെന്നും അതിനാൽ ക്ലബ്ബിന്റെ ഉടമസ്ഥതയിലല്ലെന്നും വ്യക്തമാണ്.

- **പുനഃസംഘടന/ പേരുമാറ്റത്തിന്റെ മറവിൽ വിദേശമദ്യ ലൈസൻസുകളുടെ കൈമാറ്റം**

1953ലെ വിദേശമദ്യ ചട്ടങ്ങളുടെ ചട്ടം **19(ii), (iii)** എന്നിവ പ്രകാരം ഒരു ലക്ഷം രൂപ നൽകി പുതിയ അംഗങ്ങളെ ചേർക്കുകയോ നിലവിലെ അംഗങ്ങളെ ഒഴിവാക്കുകയോ ചെയ്യുന്നതിലൂടെ പങ്കാളിത്തം പുനഃസംഘടിപ്പിക്കാവുന്നതാണ് അല്ലെങ്കിൽ കമ്പനി ഡയറക്ടർമാരെ പുനഃസംഘടിപ്പിക്കാവുന്നതാണ്. കേരള എക്സൈസ് മാന്വൽ വാല്യം **2**, അധ്യായം **XIX**, ഖണ്ഡിക **18** പ്രകാരം ഫിക്സഡ് ഫീസ് ലൈസൻസുകൾ ഒരു വ്യക്തിയുടെ പേരിൽ നിന്ന് മറ്റൊരാളിലേക്ക് മാറ്റാൻ പാടില്ലെന്നും ഫിക്സഡ് ഫീസ് ലൈസൻസുകളിൽ മാറ്റം ആവശ്യമുണ്ടെങ്കിൽ ഉടമ ലൈസൻസ് സറണ്ടർ ചെയ്യുകയും നിർദ്ദിഷ്ട ട്രാൻസ്ഫർ ചെയ്യപ്പെടേണ്ടയാളുടെ പേര് പുതിയ അപേക്ഷകനായി പരിഗണിക്കുകയും ചെയ്യുക എന്നതാണ് ശരിയായ നടപടിക്രമം. **2023-24** കാലയളവിൽ എഫ്എൽ-**3** ലൈസൻസിനുള്ള ലൈസൻസ് ഫീസ് ₹**35** ലക്ഷം ആയിരുന്നു.

2022-23 കാലയളവിൽ തിരഞ്ഞെടുത്ത നാല് ജില്ലകളിലെ കമ്പനികളുടെയും പങ്കാളിത്ത സ്ഥാപനങ്ങളുടെയും ഡയറക്ടർമാർ/ പങ്കാളികളെ പുനഃസംഘടിപ്പിക്കുന്നതിന് എക്സൈസ് കമ്മീഷണർ നൽകിയ അനുമതികൾ ഉൾപ്പെട്ട **45** കേസുകൾ ഓഡിറ്റ് പരിശോധിച്ചതിൽ രണ്ട് കേസുകളിൽ വിദേശമദ്യ ചട്ടങ്ങൾ തെറ്റായി വ്യാഖ്യാനിച്ചാണ് അനുമതി നൽകിയത് എന്ന് കണ്ടെത്തി. ഈ രണ്ട് കേസുകളിലും ഹോട്ടലിന്റെ ഉടമസ്ഥാവകാശം ഒരു കമ്പനിയിൽ നിന്ന് മറ്റൊരു കമ്പനിയിലേക്ക് കൈമാറ്റം ചെയ്തതായി കണ്ടെത്തി. അതിനാൽ, ഇത് ഒരു കമ്പനിയുടെ ഡയറക്ടർമാരുടെ പുനഃസംഘടനയല്ല, മറിച്ച് ഉടമസ്ഥാവകാശം ഒരു കമ്പനിയിൽ നിന്ന് മറ്റൊരു കമ്പനിയിലേക്ക് മാറ്റുകയായിരുന്നു. അത്തരം സാഹചര്യങ്ങളിൽ ലൈസൻസ് കൈമാറുന്നതിനുള്ള ശരിയായ മാർഗം നിലവിലുള്ള ലൈസൻസ് മടക്കിനൽകുകയും പുതിയ ഉടമകളുടെ പേരിൽ, അർഹതയുണ്ടെങ്കിൽ, പുതിയ ലൈസൻസ് നേടുകയും ചെയ്യുക എന്നതാണ്. അങ്ങനെ ചെയ്യുന്നതിൽ വീഴ്ച വരുത്തിയതിന്റെ ഫലമായി **പട്ടിക-4.4**ൽ വിവരിച്ചിരിക്കുന്നതുപോലെ ലൈസൻസ് ഫീസ് ഈടാക്കിയതിൽ ₹**64.00** ലക്ഷത്തിന്റെ കുറവുണ്ടായി.

പട്ടിക - 4.4 : ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത്

ലൈസൻസ് നമ്പർ	യഥാർത്ഥ ലൈസൻസിയുടെ പേര്	ഉടമസ്ഥാവകാശം മാറ്റിക്കൊടുത്തത്	ഉത്തരവ് നമ്പറും ലഭിച്ച തുകയും	ബാധകമായ ലൈസൻസ് ഫീസ് (₹ ലക്ഷത്തിൽ)	കുറവ് (₹ ലക്ഷത്തിൽ)
പി-15/ 2022-23	കൃഷ്ണനുണ്ണി സി.എസ്., സഹദേവൻ സൺസ് പ്രൈവറ്റ് ലിമിറ്റഡിന്റെ യൂണിറ്റായ ഗോവർദ്ധന റസ്റ്റോറന്റ്	റെജിൻ കെ എ, മലമ്പുഴ ഹോട്ടൽസ്	2023 ജൂൺ 5ലെ PPRRAMBD/ 2023/ 00006; ₹3,00,000	35.00	32.00
പി-34/ 2023-24	അരുൺരാജ്, ശ്രീവൽസം ഹോട്ടൽസ് & റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ യൂണിറ്റായ ഹോട്ടൽ ശ്രീവൽസം റെസിഡൻസി	ഡൊമിനിക് സാവിയോ വർഗീസ്, ടിഎംജെ ഹോട്ടൽസ് ആൻഡ് റിസോർട്സ് എൽഎൽപിയുടെ പാർട്ണർ	2023 ആഗസ്റ്റ് 28ലെ PPPRAMBD/ 2023/ 00001; ₹3,00,000	35.00	32.00
ആകെ കുറവായി ഈടാക്കിയത്					**64.00**

സ്രോതസ്സ്: വകുപ്പ് നൽകിയ ഡാറ്റയെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, എക്സൈസ് മാന്വൽ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഒരു മാർഗ്ഗനിർദ്ദേശമാണെന്നും അതിന് ഒരു നിയമനിർമ്മാണത്തെ മറികടക്കാൻ കഴിയില്ലെന്നും സർക്കാർ അറിയിച്ചു (2024 ഒക്ടോബർ). ചട്ടം 19(i)ലെ വ്യവസ്ഥകൾ കമ്മീഷണറുടെ മുൻകൂർ അനുമതിയോടെ ലൈസൻസ് കൈമാറ്റം ചെയ്യാൻ അനുവദിക്കുന്നു, ചട്ടം (iv) ലൈസൻസിയുടെ പേര് മാറ്റുന്നതിനുള്ള ഫീസ് വ്യവസ്ഥ ചെയ്യുന്നു, അതിനാൽ എഫ്എൽ ചട്ടങ്ങൾ പ്രകാരം അനുവദിച്ച ലൈസൻസ് ഒരു വ്യക്തിയുടെ പേരിൽ നിന്ന് മറ്റേതെങ്കിലും വ്യക്തിക്ക്/ സ്ഥാപനത്തിലേക്ക് മാറ്റാൻ കഴിയും. ലൈസൻസ് കൈമാറ്റത്തിനുള്ള ഫീസ് ചട്ടം 19(iii)ൽ പരാമർശിച്ചിട്ടുണ്ട്, അതിനാൽ, ഒരു ലക്ഷം രൂപ ഫീസ് ഈടാക്കി ഉടമസ്ഥാവകാശ കൈമാറ്റം അനുവദിക്കുകയും രണ്ടു ലക്ഷം രൂപ ഈടാക്കി പേര് മാറ്റാൻ അനുവദിക്കുകയും ചെയ്തു. അതിനാൽ കമ്മീഷണർ നൽകിയ അനുമതികൾ ക്രമപ്രകാരമാണ്.

മറുപടി സ്വീകാര്യമല്ല. ഒരു കമ്പനിയുടെ ഡയറക്ടർമാരെ ചേർക്കുകയോ നീക്കം ചെയ്യുകയോ ചെയ്യുന്നതിലൂടെ ആ കമ്പനിയുടെ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിക്കുന്ന കേസുകൾ വിദേശമദ്യ ചട്ടങ്ങളുടെ ചട്ടം 19(ii)ൽ പ്രതിപാദിച്ചിരിക്കുന്ന 'ലൈസൻസ് കൈമാറ്റം' കൈകാര്യം ചെയ്യുന്നു. ചട്ടം 19(iii)ൽ പ്രതിപാദിച്ചിരിക്കുന്ന ഫീസ് കമ്പനിയുടെ ഡയറക്ടർമാരെ പുനഃസംഘടിപ്പിക്കുന്നതിനുള്ളതാണ്. ഒരു ഹോൾഡിംഗ് കമ്പനിയിൽ നിന്ന് മറ്റൊന്നിലേക്ക് ലൈസൻസ് വിൽക്കുന്ന കാര്യത്തിൽ കേരള എക്സൈസ് മാന്വലിലെ മാർഗ്ഗനിർദ്ദേശങ്ങൾ മറികടക്കാൻ 1953ലെ വിദേശമദ്യ ചട്ടങ്ങളിൽ വ്യക്തമായ വ്യവസ്ഥയില്ലാത്തതിനാൽ അത്തരം സന്ദർഭങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമാണ്.

- **എഫ്എൽ ലൈസൻസുകൾ കൈവശമുള്ള കമ്പനികളുടെയും പങ്കാളിത്ത സ്ഥാപനങ്ങളുടെയും ഡയറക്ടർ ബോർഡിന്റെ അനധികൃത പുനഃസംഘടന**

1953ലെ വിദേശമദ്യ ചട്ടങ്ങളുടെ ചട്ടം 19(i) എക്സൈസ് കമ്മീഷണറുടെ മുൻകൂർ അനുമതിയില്ലാതെ, ചട്ടങ്ങൾ പ്രകാരം ലഭിച്ച ലൈസൻസ് കൈമാറ്റം ചെയ്യുന്നത് നിയന്ത്രിച്ചിരിക്കുന്നു. ചട്ടം 19 (ii), (iii) എന്നിവ പ്രകാരം അംഗങ്ങളെ കൂട്ടിച്ചേർക്കുകയോ നീക്കം ചെയ്യുകയോ അല്ലെങ്കിൽ ഒരു കമ്പനിയിലെ ഡയറക്ടർമാരെ പുനഃസംഘടിപ്പിക്കുകയോ ചെയ്യുന്നതിലൂടെ പങ്കാളിത്തം പുനഃസംഘടിപ്പിക്കുന്നത് 'ലൈസൻസ് കൈമാറ്റം' ആയി കണക്കാക്കുകയും ഒരു ലക്ഷം രൂപ നൽകിയാൽ അനുവദിക്കുകയും ചെയ്യാം. അനധികൃത പുനഃസംഘടന കണ്ടെത്തിയാൽ കമ്മീഷണർക്ക് അബ്കാരി നിയമത്തിലെ വകുപ്പ് 67 പ്രകാരം മൂന്ന് ലക്ഷം രൂപ പിഴ ചുമത്താവുന്നതും അങ്ങനെ ചുമത്തിയ പിഴ സ്വീകരിച്ച ശേഷം അത്തരം ക്രമരഹിതമായ പുനഃസംഘടന ക്രമപ്പെടുത്തുകയും ചെയ്യാം.

i) കമ്പനികളുടെ ഡയറക്ടർ ബോർഡിന്റെ പുനഃസംഘടന

തിരഞ്ഞെടുത്ത ജില്ലകളിലെ എഫ്എൽ-11, എഫ്എൽ-3 ലൈസൻസുകൾ കൈവശമുള്ള 61 കമ്പനികളുടെ ഡാറ്റ ഓഡിറ്റ്, കേന്ദ്ര സർക്കാരിന്റെ കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിലെ ഡാറ്റാബേസിലെ കമ്പനികളുടെ പ്രതിനിധി/ ഡയറക്ടർമാരുടെ വിശദാംശങ്ങളടങ്ങിയ മാസ്റ്റർ ഡാറ്റയും ആയി ഒത്തു നോക്കിയതിൽ, എക്സൈസ് കമ്മീഷണറുടെ മുൻകൂർ അനുമതിയില്ലാതെ രണ്ട് കമ്പനികൾ[57] ഡയറക്ടർ ബോർഡ് ആറു തവണ പുനഃസംഘടിപ്പിച്ചതായി കണ്ടെത്തി. ഫീസും പിഴയും ഈടാക്കി ഈ പുനഃസംഘടനകൾ ഇതുവരെ ക്രമീകരിച്ചിട്ടില്ല. ഫീസും പിഴയും ഈടാക്കാത്തത് ₹24 ലക്ഷമാണ്[58].

[57] എറണാകുളം ജില്ലയിലെ കാസിനോ ഹോട്ടൽസ് (2021 ജനുവരി 25, 2021 ഫെബ്രുവരി 1, 2021 സെപ്റ്റംബർ 3, 2021 നവംബർ 15, 2021 ഡിസംബർ 3), ഹാർബർ വ്യൂ റസിഡൻസി (2022 മെയ് 10).

[58] ₹1 ലക്ഷം വീതം ഫീസും ₹3 ലക്ഷം വീതം പിഴയും = 6 x ₹1 ലക്ഷം + 6 x ₹3 ലക്ഷം = ₹24 ലക്ഷം.

ii) പങ്കാളിത്ത സ്ഥാപനങ്ങളുടെ പുനഃസംഘടന

തിരഞ്ഞെടുത്ത ജില്ലകളിലെ എഫ്എൽ-11/ എഫ്എൽ-3 ലൈസൻസുകൾ കൈവശമുള്ള 281 പങ്കാളിത്ത സ്ഥാപനങ്ങളുടെ ഡാറ്റ കേരള സർക്കാരിന്റെ കമ്പനി രജിസ്ട്രാറിന്റെ രേഖകളുമായി ചേർത്ത് പരിശോധിപ്പോൾ രണ്ട് പങ്കാളിത്ത സ്ഥാപനങ്ങൾ[59] എക്സൈസ് കമ്മീഷണറുടെ മുൻകൂർ അനുമതിയില്ലാതെ പങ്കാളിത്തം രണ്ട് തവണ പുനഃസംഘടിപ്പിച്ചതായി കണ്ടെത്തി. ഇതിൽ ഒരു കേസ് ഇതുവരെ ക്രമപ്പെടുത്തിയിട്ടില്ല, മറ്റൊന്ന് പിഴ ഈടാക്കാതെ തന്നെ ക്രമപ്പെടുത്തിയിട്ടുമുണ്ട്. ഈ പുനഃസംഘടനകളിൽ ഉൾപ്പെട്ട ഫീസും പിഴയും ഈടാക്കാത്തത് ₹7.00 ലക്ഷമാണ്[60].

ഇത് ചുണ്ടിക്കാണിപ്പോൾ, ഓഡിറ്റ് ചൂണ്ടിക്കാണിച്ച നാല് ലൈസൻസുകളിൽ രണ്ടെണ്ണം അനധികൃത പുനഃസംഘടന ക്രമപ്പെടുത്തിയിട്ടുണ്ടെന്നും ബാക്കിയുള്ള ലൈസൻസികൾക്ക് ക്രമപ്പെടുത്തുന്നതിനുള്ള അപേക്ഷ സമർപ്പിക്കാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു (2024 ഒക്ടോബർ). കൂടുതൽ മറുപടിക്കായി കാത്തിരിക്കുന്നു (2024 ഒക്ടോബർ).

- **സ്റ്റാർ ക്ലാസിഫിക്കേഷൻ ഇല്ലാതെ എഫ്എൽ-3/ എഫ്എൽ-11 ലൈസൻസുകൾ പുതുക്കൽ**

1953ലെ വിദേശമദ്യ ചട്ടങ്ങളുടെ ചട്ടം 13(3) പ്രകാരം ഭാരത സർക്കാരിന്റെ ടൂറിസം മന്ത്രാലയത്തിൽ നിന്നും ത്രീ സ്റ്റാർ, ഫോർ സ്റ്റാർ, ഫൈവ് സ്റ്റാർ, ഫൈവ് സ്റ്റാർ ഡീലക്സ്, ഹെറിറ്റേജ്, ഹെറിറ്റേജ് ഗ്രാൻഡ് അല്ലെങ്കിൽ ഹെറിറ്റേജ് ക്ലാസിക് ക്ലാസിഫിക്കേഷൻ നേടിയിട്ടുള്ള ഹോട്ടലുകൾക്ക് എഫ്എൽ-3 ലൈസൻസ് നൽകാം. സ്റ്റാർ ക്ലാസ്സിഫിക്കേഷൻ നൽകുന്നതിനുള്ള വളരെയധികം അപേക്ഷകൾ ടൂറിസം മന്ത്രാലയത്തിൽ കെട്ടിക്കിടക്കുന്നത് കണക്കിലെടുത്ത് സ്റ്റാർ ക്ലാസിഫിക്കേഷൻ പുതുക്കുന്നതിനുള്ള അപേക്ഷകൾ ടൂറിസം മന്ത്രാലയത്തിന് യഥാസമയം സമർപ്പിച്ചിട്ടുണ്ടെങ്കിൽ, ക്ലാസിഫിക്കേഷൻ കാലാവധി കഴിഞ്ഞ ഹോട്ടലുകൾക്ക് എഫ്എൽ-3/ എഫ്എൽ-11 ലൈസൻസുകൾ പുതുക്കി നല്കാൻ ചട്ട വ്യവസ്ഥ ഭേദഗതി ചെയ്യാതെ കേരള സർക്കാർ (അവസാനത്തേത് 2023 മാർച്ചിൽ) സംസ്ഥാന എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകി.

തിരഞ്ഞെടുത്ത ജില്ലകളിലെ ലൈസൻസ് പുതുക്കിയത് ഓഡിറ്റ് പരിശോധിച്ചതിൽ ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 144 ലൈസൻസുകൾ പുതുക്കിയതായി കണ്ടെത്തിയത് **അനുബന്ധം-XXII**ൽ വിശദീകരിച്ചിരിക്കുന്നു. അതിൽ എട്ട് ലൈസൻസുകൾ നാല് വർഷത്തേക്കും 10 ലൈസൻസുകൾ മൂന്ന് വർഷത്തേക്കും തുടർച്ചയായി പുതുക്കി നൽകി. എഫ്എൽ ലൈസൻസ് അനുവദിക്കുന്നതിനും പുതുക്കുന്നതിനും സാധുവായ സ്റ്റാർ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടത് നിർബന്ധിത വ്യവസ്ഥയായതിനാൽ, ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ച അപേക്ഷയുടെ പകർപ്പിന്റെ അടിസ്ഥാനത്തിൽ വകുപ്പ് എഫ്എൽ ലൈസൻസുകൾ പുതുക്കുന്നത് ക്രമരഹിതമാണ്.

ഇത് ചുണ്ടിക്കാണിപ്പോൾ, സാധുവായ സ്റ്റാർ ക്ലാസിഫിക്കേഷൻ ഇല്ലാതെ നാല് വർഷത്തേക്ക് എട്ട് ഹോട്ടലുകളുടെയും മൂന്ന് വർഷത്തേക്ക് 10 ഹോട്ടലുകളുടെയും ലൈസൻസ് തുടർച്ചയായി പുതുക്കുന്നതിലേക്ക് നയിച്ച സാഹചര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ എല്ലാ ഡിവിഷണൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2024 ഒക്ടോബർ). മറ്റുള്ളവയുടെ കാര്യത്തിൽ, സ്റ്റാർ ക്ലാസിഫിക്കേഷൻ പുതുക്കുന്നതിന് ടൂറിസം മന്ത്രാലയത്തിന് സമയബന്ധിതമായി അപേക്ഷിച്ചിട്ടും അപേക്ഷകളിൽ മന്ത്രാലയം യഥാസമയം

---

[59] എറണാകുളം ജില്ലയിലെ റാണിമാത ആർക്കേഡ് (2022 ഏപ്രിൽ 1), മലയാറ്റൂർ റസിഡൻസി (2021 ഫെബ്രുവരി 1).

[60] ഒരു സന്ദർഭത്തിന് ₹1 ലക്ഷം ഫീസും ₹3 ലക്ഷം വീതം പിഴയും = ₹1 + ₹6 ലക്ഷം = ₹7 ലക്ഷം.

നടപടികൾ എടുക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസുകൾ സർക്കാർ അനുമതിക്ക് അനുസൃതമായി പുതുക്കി.

മറുപടി സ്വീകാര്യമല്ല. അബ്കാരി നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ലൈസൻസുകൾ പുതുക്കി നൽകേണ്ടത്, അതിൽ എന്തെങ്കിലും ഇളവ് വരുത്തുകയാണെങ്കിൽ നിയമസഭയുടെ അംഗീകാരം ഉണ്ടായിരിക്കണം.

ശുപാർശ 3:

വിവിധ അബ്കാരി ലൈസൻസുകൾ നൽകുന്നതിനും പുതുക്കുന്നതിനും വകുപ്പ് ഒരു നിരീക്ഷണ സംവിധാനം നടപ്പിലാക്കേണ്ടതാണ്.

4.4.6.5 പിടിച്ചെടുത്ത വാഹനങ്ങളും മറ്റ് നിരോധിത വസ്തുക്കളും നീക്കം ചെയ്യുന്നത്

തിരഞ്ഞെടുത്ത നാല് എക്സൈസ് ഡിവിഷനുകളിൽ[61] പിടിച്ചെടുത്ത വാഹനങ്ങൾ, സ്പിരിറ്റ്, മറ്റ് നിരോധിത വസ്തുക്കൾ എന്നിവ നീക്കം ചെയ്തതിന്റെ വിവരങ്ങൾ ഓഡിറ്റ് അവലോകനം ചെയ്യുകയും ഇനിപ്പറയുന്നവ കണ്ടെത്തുകയും ചെയ്തു:

- **പിടിച്ചെടുത്ത വാഹനങ്ങൾ നീക്കം ചെയ്തതിലെ കാലതാമസം**

അബ്കാരി നിയമത്തിന്റെ 34-ാം വകുപ്പ് പ്രകാരം പിടിച്ചെടുത്ത മദ്യം/ മയക്കുമരുന്ന്/ സാമഗ്രികൾ/ വാഹനങ്ങൾ എന്നിവ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ റാങ്കിൽ കുറയാത്ത അംഗീകൃത ഉദ്യോഗസ്ഥൻ ഉത്തരവ് പുറപ്പെടുവിച്ച് ഒരു മാസത്തിനുള്ളിൽ പൊതു ലേലത്തിലോ ഇ-ലേലത്തിലോ വിൽക്കണമെന്ന് നിയമത്തിന്റെ വകുപ്പ് 53എ അനുശാസിക്കുന്നു[62]. 1985ലെ എൻഡിപിഎസ് നിയമത്തിലെ വകുപ്പ് 52എ പ്രകാരം എൻഡിപിഎസ് കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ നിയമത്തിൽ നിഷ്കർഷിച്ച പ്രകാരമുള്ള പട്ടിക തയ്യാറാക്കി ബന്ധപ്പെട്ട കോടതിയിലെ മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തിയ ശേഷം നീക്കം ചെയ്യാം.

തിരഞ്ഞെടുക്കപ്പെട്ട നാല് എക്സൈസ് ഡിവിഷനുകളിൽ പിടിച്ചെടുത്ത വാഹനങ്ങളുടെ നീക്കം ചെയ്യൽ ഓഡിറ്റ് വിശകലനം ചെയ്തതിൽ ഓഡിറ്റ് കാലയളവിൽ നീക്കം ചെയ്യാൻ ഉണ്ടായിരുന്ന അബ്കാരി/ എൻഡിപിഎസ് കേസുകളിൽ ഉൾപ്പെട്ട 3,127 വാഹനങ്ങൾ പിടിച്ചെടുത്തതിൽ 496 വാഹനങ്ങൾ മാത്രമാണ് നീക്കം ചെയ്തതെന്നും 2023 മാർച്ച് 31ന് 2,631 വാഹനങ്ങൾ നീക്കം ചെയ്യാൻ ബാക്കിയുണ്ടെന്നും കണ്ടെത്തി. പിടിച്ചെടുത്ത വാഹനങ്ങളുടെയും അവയുടെ നീക്കം ചെയ്യലിന്റെയും വിശദാംശങ്ങൾ **അനുബന്ധം-XXIII**ൽ നൽകിയിരിക്കുന്നു. കൂടാതെ, ഈ വാഹനങ്ങൾ തുറസ്സായ സ്ഥലങ്ങളിൽ നിലനിർത്തുന്നതിനാൽ, തുരുമ്പെടുക്കാനും, മെക്കാനിക്കൽ തകരാർ, മോഷണം മുതലായവയ്ക്കും വിധേയമാവാൻ സാധ്യതയുണ്ട്. കൂടാതെ ലേലത്തിലെ കാലതാമസം വാഹനത്തിന്റെ വില നിലവിലെ മൂല്യത്തേക്കാൾ കുറയാൻ ഇടയാക്കും.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, അബ്കാരി/ എൻഡിപിഎസ് നിയമപ്രകാരം കണ്ടുകെട്ടാൻ ആവശ്യമായ തൊണ്ടി[63] വസ്തുക്കളുടെ രാസ പരിശോധന റിപ്പോർട്ട് വൈകുന്നുവെന്ന് സർക്കാർ അറിയിച്ചു (2024 ഒക്ടോബർ). വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, കൂടാതെ മെക്കാനിക്കൽ എഞ്ചിനീയറിൽ നിന്നുള്ള മൂല്യനിർണ്ണയ സർട്ടിഫിക്കറ്റുകൾ, അന്വേഷണ റിപ്പോർട്ടുകൾ തുടങ്ങിയ രേഖകൾ വാഹനങ്ങൾ നീക്കം ചെയ്യുന്നതിന് ആവശ്യമാണ്. മാത്രമല്ല, എംഎസ്ടിസി[64] പ്ലാറ്റ്ഫോമിൽ ആവർത്തിച്ചുള്ള ശ്രമങ്ങൾക്ക് ശേഷവും കാലഹരണപ്പെട്ട/ കേടായ വാഹനങ്ങൾ

---

[61] പാലക്കാട്, എറണാകുളം, കാസർഗോഡ്, ആലപ്പുഴ.

[62] 1996ലെ കേരള അബ്കാരി (കണ്ടുകെട്ടിയ വസ്തുക്കളുടെ നീക്കം ചെയ്യൽ) ചട്ടങ്ങളുടെ ചട്ടം 16.

[63] 'പിടിച്ചെടുത്ത വസ്തുക്കൾ' എന്നതിന്റെ പ്രാദേശിക പദം.

[64] വിവിധ തരം ഇ-കൊമേഴ്സ് സേവനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഭാരത സർക്കാരിന്റെ സ്റ്റീൽ മന്ത്രാലയത്തിന് കീഴിലുള്ള ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ് എംഎസ്ടിസി ലിമിറ്റഡ്.

പൊതു ലേലത്തിൽ വിൽക്കാൻ കഴിഞ്ഞേക്കില്ല. ഈ ഘടകങ്ങളെല്ലാം പിടിച്ചെടുത്ത/ കണ്ടുകെട്ടിയ വാഹനങ്ങൾ നീക്കം ചെയ്യുന്നതിൽ കാലതാമസമുണ്ടാക്കുന്നു.

സർക്കാരിന്റെ ശ്രദ്ധ ആവശ്യമുള്ള വ്യവസ്ഥാപരമായ പോരായ്മകൾ മറുപടി എടുത്തുകാണിക്കുന്നു. ലേലം നടത്തുന്നതിലെ കാലതാമസം വാഹനങ്ങൾ കാലഹരണപ്പെടുന്നതിനും കേടുപാടുകൾ സംഭവിക്കുന്നതിനും അങ്ങനെ ലേലത്തിൽ വിൽക്കപ്പെടാതെ തുടരുന്നതിനും കാരണമാകുന്നു. 2020-21 വർഷത്തിന്റെ തുടക്കത്തിൽ 1,595 പിടിച്ചെടുത്ത വാഹനങ്ങൾ നീക്കം ചെയ്യാൻ ബാക്കിയുണ്ടായിരുന്നെന്നും ഓഡിറ്റ് കാലയളവിൽ മൊത്തത്തിൽ 496 വാഹനങ്ങൾ മാത്രമാണ് നീക്കം ചെയ്തതെന്നും ഓഡിറ്റ് കണ്ടെത്തി. അതായത് വിൽക്കാതെ കിടക്കുന്ന ആയിരത്തിലധികം വാഹനങ്ങൾ നാല് വർഷത്തിലേറെയായി തുറസ്സായ സ്ഥലങ്ങളിൽ സൂക്ഷിച്ചിരുന്നു, ഇത് വാഹനങ്ങളുടെ കാലപ്പഴക്കത്തിനും കേടുപാടുകൾക്കും കാരണമാകാം.

- **തൊണ്ടി വസ്തുക്കളുടെ പട്ടിക തയ്യാറാക്കലും നീക്കം ചെയ്യലും**

അബ്കാരി നിയമത്തിലെ 67ബി, 53എ എന്നീ വകുപ്പുകൾ തൊണ്ടി വസ്തുക്കളുടെ പട്ടിക തയ്യാറാക്കുന്നതിനെയും അവ ഒരു അംഗീകൃത ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാക്കുന്നതിനെയും പ്രതിപാദിക്കുന്നു. 1996ലെ കേരള അബ്കാരി (കണ്ടുകെട്ടിയ വസ്തുക്കളുടെ നീക്കം ചെയ്യൽ) ചട്ടങ്ങളുടെ ചട്ടം 4എ, 5 എന്നിവ പ്രകാരം അബ്കാരി കുറ്റകൃത്യങ്ങളിൽ പിടിച്ചെടുത്ത സ്പിരിറ്റ് ഉൾപ്പെടെയുള്ള നിരോധിത വസ്തുക്കൾ പിടിച്ചെടുത്ത ശേഷം നിർദ്ദേശിച്ച രീതിയിൽ നീക്കം ചെയ്യേണ്ടതാണ്.

തിരഞ്ഞെടുത്ത നാല് എക്സൈസ് ഡിവിഷൻ ഓഫീസുകളിൽ നടത്തിയ പരിശോധനയിൽ ഇൻവെന്ററി രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ലെന്നും ഇൻവെന്ററി സർട്ടിഫിക്കേഷന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലെന്നും കണ്ടെത്തി. തിരഞ്ഞെടുത്ത എക്സൈസ് റേഞ്ച് ഓഫീസുകളിലെ തൊണ്ടി മുറികളിൽ നടത്തിയ പരിശോധനയിൽ പിടിച്ചെടുത്ത മദ്യവും മറ്റ് നിരോധിത വസ്തുക്കളും നീക്കം ചെയ്യാതെ സൂക്ഷിച്ചതായും കണ്ടെത്തി. ഉദാഹരണത്തിന്, 2003ൽ പിടിച്ചെടുത്ത ഒരു ട്രക്ക് ലോഡ് ഉള്ള 5,490 ലിറ്റർ വിദേശമദ്യം[65] ഹോസ്ദുർഗ് എക്സൈസ് കോംപ്ലക്സിലെ വലിയ മുറിയിൽ ഉപേക്ഷിച്ചിരിക്കുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, നിയമാനുസൃതം കാര്യങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനും തെറ്റുകൾ ആവർത്തിക്കുന്നത് തടയുന്നതിനും ഇക്കാര്യം പരിശോധിച്ചുവരികയാണെന്ന് സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ). കൂടുതൽ മറുപടി കാത്തിരിക്കുന്നു (2024 നവംബർ).

ശുപാർശ 4:

അബ്കാരി, എൻഡിപിഎസ് കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട പിടിച്ചെടുത്ത വാഹനങ്ങളും മറ്റ് വസ്തുക്കളും നിശ്ചിത സമയപരിധിക്കുള്ളിൽ നീക്കം ചെയ്യുന്നതിന് വകുപ്പ് ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണം.

4.4.6.6 അടിസ്ഥാന സൗകര്യങ്ങളുടെ ഉപയോഗക്കുറവ്

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1ന്റെ അനുച്ഛേദം 40(ബി) പ്രകാരം പൊതുഫണ്ടിൽ നിന്ന് എന്തെങ്കിലും ചെലവ് വഹിക്കുകയോ ചെലവ് ചെയ്യാൻ അധികാരപ്പെടുത്തുകയോ ചെയ്യുന്ന ഓരോ സർക്കാർ ഉദ്യോഗസ്ഥനും സന്ദർഭം ആവശ്യപ്പെടുന്നതിനേക്കാൾ കൂടുതൽ ചെലവ് ഉണ്ടാകുന്നില്ലെന്ന് പ്രഥമദൃഷ്ട്യാ ഉറപ്പാക്കണം.

[65] ഇആർഒ നീലേശ്വരത്തെ അബ്കാരി ക്രൈം നമ്പർ 06/2003ൽ ഉൾപ്പെട്ടിട്ടുള്ളത്.

ഇനിപ്പറയുന്ന സന്ദർഭങ്ങളിൽ, തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും, ഉദ്ദേശിച്ച സേവനങ്ങൾ വകുപ്പിന് ലഭിച്ചിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി.

- **മേഖലാ ഓഫീസുകളിൽ ലഭ്യമായ ആധുനിക ചോദ്യം ചെയ്യൽ മുറികൾ ഉപയോഗിക്കാത്തത്**

കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ മൂന്ന് മേഖലകളിലായി വകുപ്പ്, ₹22.49 ലക്ഷം ചെലവാക്കി എക്സൈസ് കേസുകളിലെ പ്രതികളെ ശാസ്ത്രീയമായി ചോദ്യം ചെയ്യാൻ ആധുനിക ചോദ്യം ചെയ്യൽ മുറികൾ[66] സ്ഥാപിച്ചു. ഒരു ചോദ്യം ചെയ്യൽ മുറി, ചോദ്യം ചെയ്യൽ മുറിയിൽ നടക്കുന്ന പ്രവർത്തനങ്ങൾ പ്രതി അറിയാതെ നിരീക്ഷിക്കാനുള്ള ഉദ്യോഗസ്ഥന്റെ ഒരു ക്യാബിൻ, ചോദ്യം ചെയ്യലിന്റെ ഓഡിയോ, വീഡിയോ റെക്കോർഡിംഗ്, ചോദ്യം ചെയ്യലിന്റെ വിദൂര കാഴ്ച, ചോദ്യം ചെയ്യുന്നയാൾക്കുള്ള ലാപ്ടോപ്പ് തുടങ്ങിയ സൗകര്യങ്ങൾ അവിടെ ലഭ്യമാണ്. എറണാകുളം സെൻട്രൽ സോണിൽ നിർമ്മിച്ച (2022 ഓഗസ്റ്റ്) ചോദ്യം ചെയ്യൽ മുറി രണ്ട് തവണ[67] മാത്രമാണ് ഉപയോഗിച്ചതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഏറ്റവും പുതിയ ശാസ്ത്രീയ ഉപകരണങ്ങളുള്ള ഒരു ചോദ്യം ചെയ്യൽ മുറി ലഭ്യമായിട്ടും വകുപ്പ് അത് ഉപയോഗിച്ചില്ല. പ്രതികളെ ഈ മുറികളിൽ കൊണ്ടുപോയി ചോദ്യം ചെയ്തിരുന്നെങ്കിൽ കേസ് വിശകലനം ചെയ്യുന്നതിനും ശക്തിപ്പെടുത്തുന്നതിനും അത് കൂടുതൽ പ്രയോജനം നൽകുമായിരുന്നു.

തെളിവുകൾ ശേഖരിക്കുന്നതിനായി പ്രതികളെ ഫീൽഡ് ഓഫീസുകളിൽ തന്നെ ചോദ്യം ചെയ്തതിനാൽ മേഖലയിലെ ചോദ്യം ചെയ്യൽ മുറി ഉപയോഗിച്ചിട്ടില്ലെന്ന് വകുപ്പ് മറുപടി നൽകി (2023 ഡിസംബർ). തെളിവുകൾ ശേഖരിക്കുന്നതിനായി കുറ്റകൃത്യം കണ്ടെത്തിയ സ്ഥലത്ത് തന്നെ പ്രാഥമിക ചോദ്യം ചെയ്യൽ നടത്തുന്നുവെന്നും സർക്കാർ അറിയിച്ചു (2024 ഒക്ടോബർ). കേസുകൾ കണ്ടെത്തിയ ശേഷമുള്ള പരിമിതമായ കസ്റ്റഡി സമയത്ത്, പ്രതികളെ മേഖലയിലെ ചോദ്യം ചെയ്യൽ മുറിയിലേക്ക് കൊണ്ടുവരുന്നത് പ്രായോഗികമല്ല. എന്നിരുന്നാലും, സമഗ്രമായ ചോദ്യം ചെയ്യൽ ആവശ്യപ്പെടുന്ന കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിൽ ആധുനിക ചോദ്യം ചെയ്യൽ മുറിയുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശാസ്ത്രീയമായ രീതികൾ ലഭ്യമാണെങ്കിലും പ്രതികളെ ചോദ്യം ചെയ്യാൻ അത് ഉപയോഗപ്പെടുത്തിയിട്ടില്ലെന്ന ഓഡിറ്റ് കണ്ടെത്തലിനെ ശരിവയ്ക്കുന്നതാണ് ഈ മറുപടികൾ. ശാസ്ത്രീയ സൗകര്യങ്ങളൊന്നും ലഭ്യമല്ലാത്ത ഫീൽഡ് ഓഫീസുകളിൽ പരമ്പരാഗത രീതിയിലുള്ള ചോദ്യം ചെയ്യൽ രീതിയാണ് ഉദ്യോഗസ്ഥർ ഇപ്പോഴും ഉപയോഗിക്കുന്നത്.

- **ബോട്ട് വാങ്ങിയതിലൂടെയുള്ള അന്യായമായ ചെലവ്**

കുട്ടനാട്ടിലെ എക്സൈസ് റേഞ്ച് ഓഫീസിന് കീഴിൽ പ്രവർത്തിക്കുന്ന എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഉപയോഗത്തിനായി കേരള സർക്കാർ സ്ഥാപനമായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (സിൽക്ക്) ₹35.02 ലക്ഷം ചെലവിൽ 20 പേർക്ക് ഇരിക്കാവുന്ന ഒരു ബോട്ട് നിർമ്മിച്ചു നൽകി (2014 ഏപ്രിൽ). ഈ ബോട്ട് ഇപ്പോൾ കുട്ടനാട് റേഞ്ച് ഓഫീസിൽ നിർത്തിയിട്ടിരിക്കുകയാണെന്ന് ഓഡിറ്റ് കണ്ടെത്തി. വലുപ്പമുള്ള ബോട്ടായതിനാൽ വേനൽക്കാലത്ത് ജലനിരപ്പ് കുറയുമ്പോൾ ബോട്ടിന്റെ അടിഭാഗം കനാലിന്റെ അടിത്തട്ടിൽ തട്ടുകയും മഴക്കാലത്ത് ബോട്ടിന്റെ മുകൾഭാഗം കനാലുകൾക്ക് കുറുകെയുള്ള പാലങ്ങളിൽ തട്ടുകയും ചെയ്യുന്നതാണ് ഇതിന് കാരണം എന്ന് കുട്ടനാട് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തു (2019 ഓഗസ്റ്റ്). അതിനാൽ പാലങ്ങളുള്ള ചെറിയ കനാലുകളിലൂടെ റെയ്ഡ് നടത്താനും പട്രോളിംഗ് നടത്താനും ഈ ബോട്ട് അനുയോജ്യമല്ല.

---

66 ഭരണാനുമതി (2021 ജൂലൈ 1).

67 2023 മെയ് 10, 2023 ജൂലൈ 19.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, കുട്ടനാട് സമുദ്രനിരപ്പിന് താഴെയുള്ള വെള്ളക്കെട്ടുള്ള ഭൂമിയാണെന്നും പട്രോളിംഗിനും കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും ഒരു ബോട്ട് വളരെ അത്യാവശ്യമാണെന്നും സർക്കാർ അറിയിച്ചു (2024 ഒക്ടോബർ). കുട്ടനാട് റേഞ്ച് മേഖലയിൽ വൻതോതിൽ അനധികൃതമായി ചാരായം വാറ്റിയതിനാൽ ആവശ്യമായ എക്സൈസ് ഉദ്യോഗസ്ഥരെയും വൻ തോതിലുള്ള വാഷ്, ചാരായം, ബാരൽ തുടങ്ങിയ പിടിച്ചെടുത്ത വസ്തുക്കളും കൊണ്ടുപോകാൻ 2014ൽ ബോട്ട് വാങ്ങിയിരുന്നു. എന്നാൽ, കടുത്ത കാലാവസ്ഥയിലും മഴക്കാലത്തും ബോട്ട് പ്രവർത്തിപ്പിക്കാൻ ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്നും ഈ ബോട്ട് രണ്ട് ചെറു ബോട്ടുകളുമായി കൈമാറ്റം നടത്താൻ ഉൾനാടൻ ജലഗതാഗത വകുപ്പുമായും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുമായും വകുപ്പ് ചർച്ച നടത്തിയെന്നും അറിയിച്ചു.

വകുപ്പുതല ആവശ്യങ്ങളുടെ കൂടെ പ്രാദേശിക സാഹചര്യങ്ങൾ കൂടി തിട്ടപ്പെടുത്താതെയാണ് ബോട്ട് വാങ്ങാൻ ചെലവഴിച്ചതെന്ന ഓഡിറ്റ് നിരീക്ഷണം മറുപടി ശരിവയ്ക്കുന്നു.

ശുപാർശ 5:

വകുപ്പിന്:

(i) കേസുകൾ വിശകലനം ചെയ്യുന്നതിനും ശക്തിപ്പെടുത്തുന്നതിനും കൂടുതൽ പ്രയോജനം ലഭിക്കുന്നതിനും പ്രതികളെ ചോദ്യം ചെയ്യുന്നതിന് ആധുനിക ചോദ്യം ചെയ്യൽ മുറി ഉപയോഗിക്കാൻ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകാം;

(ii) ബോട്ട് അർത്ഥവത്തായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം.

4.4.6.7 മനുഷ്യവിഭവശേഷി ഉപയോഗിക്കാത്തത്

(i) താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന എക്സൈസ് സർക്കിൾ ഓഫീസുകൾ അവയുടെ കീഴിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകൾ വഴി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. കാസർകോട് ഇഡിഐയുടെ കീഴിലുള്ള വെള്ളരിക്കുണ്ട് ഉൾപ്പെടെ ആറ് പുതിയ എക്സൈസ് സർക്കിൾ ഓഫീസുകൾ സർക്കാർ സൃഷ്ടിച്ചു (2017 ഡിസംബർ). എന്നാൽ, വെള്ളരിക്കുണ്ട് സർക്കിൾ ഓഫീസിന് കീഴിൽ റേഞ്ച് ഓഫീസുകളൊന്നും അനുവദിച്ചിട്ടില്ല. കഴിഞ്ഞ ആറ് വർഷമായി ഒരു സർക്കിൾ ഇൻസ്പെക്ടർ, രണ്ട് പ്രിവന്റീവ് ഓഫീസർമാർ, ഒരു സിവിൽ എക്സൈസ് ഓഫീസർ എന്നിവരുമായി എൻഫോഴ്സ്മെന്റുമായി ബന്ധപ്പെട്ട ജോലികളൊന്നുമില്ലാതെയാണ് ഈ ഓഫീസ് പ്രവർത്തിക്കുന്നത്.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, നിലവിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ കഴിയില്ലെന്ന കാരണത്താലാണ് വെള്ളരിക്കുണ്ടിൽ പുതിയ എക്സൈസ് റേഞ്ച് ഓഫീസ് രൂപീകരിക്കാനുള്ള നിർദ്ദേശം നിരസിച്ചത് എന്ന് സർക്കാർ അറിയിച്ചു (2024 ഒക്ടോബർ).

മനുഷ്യവിഭവശേഷി പാഴാക്കുന്നതിനെക്കുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണത്തെ സർക്കാർ മറുപടി സ്ഥിരീകരിക്കുന്നു.

(ii) എല്ലാ ഡിസ്റ്റിലറികളിലും/ കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ്, ബോട്ടിലിംഗ് യൂണിറ്റുകളിലും/ വെയർഹൗസുകളിലും അവരുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി എക്സൈസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പ്രവർത്തനരഹിതമായ മൂന്ന് ഡിസ്റ്റിലറികളിൽ[68] ഉണ്ടായിരുന്ന എക്സൈസ് ഉദ്യോഗസ്ഥരെ പിൻവലിക്കാൻ 47 മുതൽ 76 മാസം വരെ എടുത്തതായി ഓഡിറ്റ് കണ്ടെത്തി. അതിനാൽ,

[68] യുണൈറ്റഡ് സ്പിരിറ്റ്സ് ലിമിറ്റഡ്, കഞ്ചിക്കോട്; യുണൈറ്റഡ് സ്പിരിറ്റ്സ്, ചേർത്തല; യുണൈറ്റഡ് ബ്രൂവറീസ്, ചേർത്തല.

വിൽക്കാത്ത ഐഎംഎഫ്എൽ, സ്പിരിറ്റ്, മറ്റ് നിർമ്മാണ സാമഗ്രികൾ എന്നിവയുടെ സ്റ്റോക്ക് സംരക്ഷിക്കുന്നതിനുള്ള ചുമതല മാത്രം നൽകി, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ അപര്യാപ്തമായി ഉപയോഗിച്ചു. വിശദാംശങ്ങൾ **അനുബന്ധം-XXIV(എ)**യിൽ നൽകിയിരിക്കുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, ഏതെങ്കിലും ക്രമക്കേടുകൾ തടയുന്നതിനായി യന്ത്രസാമഗ്രികൾ നീക്കം ചെയ്യലും അസംസ്കൃത വസ്തുക്കളുടെ നശീകരണവും പൂർത്തിയാകുന്നതുവരെ അല്ലെങ്കിൽ ലൈസൻസ് കാലയളവ് അവസാനിക്കുന്നത് വരെ എക്സൈസ് ജീവനക്കാരെ ഈ ലൈസൻസികളിൽ നിലനിർത്തി എന്ന് സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ). ഡിസ്റ്റിലറി/ ബ്രൂവറി എന്നിവയ്ക്കായി തസ്തികകൾ പ്രത്യേകമായി സൃഷ്ടിച്ചതാണെന്നും തസ്തികകൾ ഇല്ലാതാകുന്ന മുറയ്ക്ക് സേവനം അവസാനിക്കുമെന്നും സർക്കാർ അറിയിച്ചു. അതിനാൽ, ഉപയോഗിക്കാതെ യിരുന്നെന്ന പ്രശ്നം വരുന്നില്ല.

മറ്റ് സ്റ്റേഷനുകളിൽ/ യൂണിറ്റുകളിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുമായിരുന്നപ്പോൾ, ഒരു ജോലിയുമില്ലാതെയാണ് ജീവനക്കാരെ, പ്രത്യേകിച്ച് യുണൈറ്റഡ് സ്പിരിറ്റ്, ചേർത്തല; യുണൈറ്റഡ് ബ്രൂവറി, ചേർത്തല എന്നിവിടങ്ങളിൽ നിലനിർത്തിയതെന്ന് വ്യക്തമായതിനാൽ സർക്കാർ വാദം സ്വീകാര്യമല്ല. മാത്രമല്ല, പിൻവലിക്കലോടെ അവരുടെ സേവനം അവസാനിക്കുന്നു വെന്ന് തെളിയിക്കാൻ ഡിസ്റ്റിലറികളിൽ നിന്ന് പിൻവലിച്ച ജീവനക്കാരുടെ വിനിയോഗത്തിന്റെ നിലവിലെ അവസ്ഥ സർക്കാർ നൽകിയിട്ടില്ല.

(iii) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആദിവാസികൾ ക്കിടയിലെ മദ്യ ഉപഭോഗവും മയക്കുമരുന്ന് ദുരുപയോഗവും കുറയ്ക്കുന്നതിനുമായി അട്ടപ്പാടി (2013 ഓഗസ്റ്റ്), മാനന്തവാടി (2016 മാർച്ച്), ദേവികുളം (2017 ജൂലൈ), നിലമ്പൂർ (2017 ജൂലൈ) മുതലായ ആദിവാസി മേഖലകളിൽ പ്രത്യേക എക്സൈസ് സ്ക്വാഡുകൾ (ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ) സർക്കാർ രൂപീകരിച്ചു. ഈ സ്പെഷ്യൽ എക്സൈസ് സ്ക്വാഡുകൾക്ക് കുറ്റകൃത്യങ്ങൾ കണ്ടെത്താനും അന്വേഷിക്കാനും അധികാരമുണ്ടായിരുന്നു. 2018 ജനുവരിയിലെ സർക്കുലർ പ്രകാരം സ്ക്വാഡുകൾ കണ്ടെത്തുന്ന ക്രൈം കേസുകൾ അന്വേഷണത്തിനായി മറ്റ് ഓഫീസുക ളിലേക്ക് കൈമാറാൻ എക്സൈസ് കമ്മീഷണർ നിർദ്ദേശിച്ചതായി ഓഡിറ്റ് കണ്ടെത്തി. ഓഡിറ്റ് സന്ദർശിച്ച അട്ടപ്പാടിയിലെ ജനമൈത്രി എക്സൈസ് സ്ക്വാഡ് ക്രൈം കേസുകൾ രജിസ്റ്റർ ചെയ്യുന്നില്ലെന്ന് കണ്ടെത്തി. ചുമതലകളും ഉത്തരവാദിത്തങ്ങളും നൽകാതെ, **അനുബന്ധം-XXIV(ബി)**യിൽ നൽകിയിരിക്കുന്നതു പ്രകാരമുള്ള ഉദ്യോഗസ്ഥരെ ഉപയോഗിച്ച് ജനമൈത്രി സ്പെഷ്യൽ സ്ക്വാഡുകൾ തുടരുന്നതിന് ന്യായീകരണമില്ല.

ആദിവാസികളെ മദ്യത്തിൽ നിന്നും മറ്റ് ലഹരിവസ്തുക്കളിൽ നിന്നും അകറ്റിനിർത്താനും അവബോധം പ്രചരിപ്പിക്കാനും ലക്ഷ്യമിട്ടാണ് ആദിവാസി മേഖലകളിൽ ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ രൂപീകരിച്ചതെന്ന് സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ). തുടക്കത്തിൽ സ്ക്വാഡുകൾ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ മാത്രമാണ് നടത്തിയിരുന്നതെങ്കിലും കേവലം എൻഫോഴ്സ്മെന്റ് മാത്രം പര്യാപ്തമല്ലെന്ന് കണ്ടെത്തിയതോടെ ബോധവൽക്കരണ പരിപാടികളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരി ക്കാനും എൻഫോഴ്സ്മെന്റ് കേസുകൾ അവരുടെ പ്രദേശത്തെ റേഞ്ച് ഓഫീസുക ളിലേക്ക് മാറ്റാനും ജനമൈത്രി സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകി. ബോധവൽക്കരണ പരിപാടികൾ നടത്തുക, സൗകര്യങ്ങൾ ഒരുക്കുക, സർക്കാർ ജോലികൾ നേടുന്നതി നായി സ്ക്വാഡുകൾ സംഘടിപ്പിക്കുന്ന പരിശീലന ക്ലാസുകളിൽ പങ്കെടുക്കുന്നത് പോലുള്ള പ്രയോജനകരമായ പ്രവർത്തനങ്ങളിൽ ആദിവാസികളെ ഉൾപ്പെടുത്തുക എന്നിവയിലൂടെ തങ്ങളുടെ ലക്ഷ്യം കൈവരിക്കുന്നതിൽ സ്ക്വാഡുകൾ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നു.

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് പരിശീലനം ലഭിച്ച എക്സൈസ് ഉദ്യോഗസ്ഥർ അടങ്ങുന്ന ജനമൈത്രി സ്ക്വാഡുകൾ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടി ല്ലെന്ന് സർക്കാർ മറുപടി സ്ഥിരീകരിക്കുന്നു.

ശുപാർശ 6:

വെള്ളരിക്കുണ്ട് എക്സൈസ് സർക്കിൾ ഓഫീസിന് കീഴിൽ കുറഞ്ഞത് ഒരു എക്സൈസ് റേഞ്ച് ഓഫീസെങ്കിലും സ്ഥാപിക്കാനും വകുപ്പിലെവിടെയും ലഭ്യമായ ഉപയോഗിക്കാതെയിരിക്കുന്ന മനുഷ്യവിഭവശേഷിയെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താനും വകുപ്പിന് ആവശ്യമായ നടപടികൾ സ്വീകരിക്കാം.

4.4.6.8 ആന്തരിക നിയന്ത്രണത്തിന്റെ അപര്യാപ്തത

ആന്തരിക നിയന്ത്രണ സംവിധാനം നിയമങ്ങളും ചട്ടങ്ങളും വകുപ്പുതല നിർദ്ദേശങ്ങളും നടപ്പാക്കുന്നുവെന്നുള്ളതിന് ന്യായമായ ഉറപ്പ് നൽകുന്നു. തട്ടിപ്പുകളും മറ്റ് ക്രമക്കേടുകളും തടയാൻ ഇത് സഹായിക്കുന്നു, അതുവഴി റവന്യു വെട്ടിപ്പിനെതിരെ മതിയായ സുരക്ഷാ സംവിധാനങ്ങളുള്ള വിശ്വസനീയമായ സാമ്പത്തിക, ഭരണപരമായ വിവര സംവിധാനം ഉറപ്പാക്കുന്നു.

ഒരു ആന്തരിക നിയന്ത്രണ സംവിധാനം സ്ഥാപിക്കേണ്ടത് വകുപ്പിന്റെ ഉത്തരവാദിത്തമാണ്.

i) എക്സൈസ് സർക്കിൾ ഓഫീസ്, എക്സൈസ് റേഞ്ച് ഓഫീസ് എന്നിവിടങ്ങളിൽ മൂന്ന് മാസത്തിലൊരിക്കലെങ്കിലും പരിശോധന നടത്താൻ എക്സൈസ് കമ്മീഷണർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകി[69]. 2022-23 വർഷത്തിൽ തിരഞ്ഞെടുത്ത നാല് ജില്ലകളിലെ 22 സബ് ഓഫീസുകളിൽ 11 എണ്ണത്തിൽ മാത്രമാണ് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ പരിശോധന നടത്തിയതെന്ന് ഓഡിറ്റ് കണ്ടെത്തി.

ii) 2022ലെ എൻഡിപിഎസ് (പിടിച്ചെടുക്കൽ, സംഭരണം, സാമ്പിൾ, നീക്കം ചെയ്യൽ) ചട്ടങ്ങളുടെ ചട്ടം 7 പ്രകാരം പ്രസ്തുത ചട്ടങ്ങളുടെ ചട്ടം 4 പ്രകാരം സ്ഥാപിതമായ ഓരോ ഗോഡൗണിനും ഒരു ഇൻസ്പെക്റ്റിംഗ് ഓഫീസറെ വകുപ്പ് നിയോഗിക്കണമെന്നും ഇൻസ്പെക്റ്റിംഗ് ഓഫീസർ ഓരോ പാദത്തിലും ഒരു തവണയെങ്കിലും ഗോഡൗണിൽ ആനുകാലിക പരിശോധന നടത്തണമെന്നും വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് പത്ത് ഗോഡൗണുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും (2022 മെയ്), ഓരോ ഗോഡൗണിനും നിയുക്ത ഇൻസ്പെക്റ്റിംഗ് ഓഫീസറെ ഇതുവരെ (2024 മാർച്ച്) നിയോഗിച്ചിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി.

അപര്യാപ്തമായ പരിശോധന കാരണം അടിസ്ഥാന രേഖകൾ ക്രമരഹിതമായി സൂക്ഷിക്കുക, കുറ്റകൃത്യ കേസുകളിൽ കുറ്റപത്രം സമർപ്പിക്കുന്നതിലെ കാലതാമസം, മദ്യശാലകളുടെ പരിശോധനയിലെ കുറവ്, ലൈസൻസികളിൽ നിന്നുള്ള സാമ്പിൾ ശേഖരണം തുടങ്ങിയ വിഷയങ്ങൾ പരിഗണിക്കപ്പെട്ടില്ല.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, സബ് ഓഫീസുകളിൽ ആനുകാലിക പരിശോധന നടത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2024 ഒക്ടോബർ). എൻഡിപിഎസ് (പിടിച്ചെടുക്കൽ, സംഭരണം, സാമ്പിൾ, നീക്കം ചെയ്യൽ) ചട്ടങ്ങൾ 2022ന്റെ ചട്ടം 4 പ്രകാരം സ്ഥാപിതമായ ഓരോ ഗോഡൗണിനും നിയുക്ത ഇൻസ്പെക്റ്റിംഗ് ഓഫീസറെ നിയോഗിക്കാൻ നടപടി സ്വീകരിച്ചു വരികയാണ്.

[69] 2022 മാർച്ച് 26ലെ സർക്കുലർ നമ്പർ ഇഎക്സ്സി 10/2022/എക്സൈസ്.

ശുപാർശ 7:

വകുപ്പിന്റെ എല്ലാ ആന്തരിക നിയന്ത്രണ സംവിധാനങ്ങളും വിഭാവനം ചെയ്തതുപോലെ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കാൻ വകുപ്പിന് ശക്തമായ സംവിധാനം സ്ഥാപിക്കാം.

4.4.7 ഉപസംഹാരം

സജീവവും സഹാനുഭൂതിയുള്ളതുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ കേരളത്തെ ലഹരിമുക്ത സംസ്ഥാനമാക്കി മാറ്റുക, ഉത്തരവാദിത്തമുള്ള മദ്യ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ എക്സൈസ് വകുപ്പ് കൈവരിച്ചിട്ടുണ്ടോ എന്നറിയാനാണ് സംസ്ഥാന എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള അനുവർത്തന ഓഡിറ്റ് നടത്തിയത്.

വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനം അവലോകനം ചെയ്തപ്പോൾ അബ്കാരി, എൻഡിപിഎസ് കുറ്റകൃത്യങ്ങൾ സ്ഥാപിക്കുന്നതിൽ കുറവുണ്ടായതായി കണ്ടെത്തി. വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിച്ച കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഉപയോഗിക്കാത്തത്, അന്വേഷണം പൂർത്തിയാക്കുന്നതിലെ കാലതാമസം, കുറ്റകൃത്യം നടന്ന സ്ഥലത്ത്/ ലൈസൻസി പരിസരങ്ങളിൽ നിന്ന് സാമ്പിളുകൾ ശേഖരിക്കൽ, രാസ പരിശോധന റിപ്പോർട്ടുകൾ ലഭിക്കുന്നതിനുള്ള കാലതാമസം എന്നിവയാണ് ഇതിന് പ്രധാന കാരണം. ഈ നടപടിക്രമങ്ങളിലെ വീഴ്ചകളാണ് പ്രതികളെ കുറ്റവിമുക്തരാക്കുന്നതിൽ കലാശിച്ചത്.

എഫ്എൽ-3 (ബാർ) ലൈസൻസ്, എഫ്എൽ-11 (ബിയർ പാർലർ) ലൈസൻസ്, എഫ്എൽ-4എ (ക്ലബ്ബുകളിൽ മദ്യം വിളമ്പൽ) ലൈസൻസ്, കള്ള് ചെത്തുന്നതിനുള്ള ലൈസൻസ് തുടങ്ങി വിവിധ അബ്കാരി ലൈസൻസുകൾ നൽകുന്നതിലും അനുവർത്തന വ്യതിയാനങ്ങൾ ഉണ്ടായതായി അവലോകനത്തിൽ കണ്ടെത്തി. ഈ വ്യതിയാനങ്ങൾ ഖജനാവിന് ₹9.26 കോടിയുടെ വരുമാന നഷ്ടമുണ്ടാക്കി. അബ്കാരി/ എൻഡിപിഎസ് കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട പിടിച്ചെടുത്ത വസ്തുക്കൾ നീക്കം ചെയ്യുന്നതിലും കാലതാമസം കണ്ടെത്തി. വകുപ്പ് അവരുടെ മാനവ വിഭവശേഷി പാഴാക്കുകയും ഫലപ്രദമല്ലാത്ത ചെലവുകൾ നടത്തുകയും ചെയ്യുന്നതായി കണ്ടെത്തി.

തിരഞ്ഞെടുത്ത യൂണിറ്റുകളുടെ ഓഡിറ്റ് സമയത്ത് കണ്ടെത്തിയ ചില ഉദാഹരണങ്ങൾ

തിരഞ്ഞെടുത്ത യൂണിറ്റുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ചില കേസുകൾ തുടർന്നുള്ള ഖണ്ഡികകളിൽ ഉദാഹരണങ്ങളായി പരാമർശിച്ചിരിക്കുന്നു.

4.5 കള്ളുഷാപ്പുകളിൽ നിന്ന് അധിക വാർഷിക വാടക ഈടാക്കാത്തതിനാൽ വരുമാന നഷ്ടം

കള്ളുഷാപ്പുകളിൽ നിന്നുള്ള അധിക വാർഷിക വാടക ഈടാക്കാത്തതിനാൽ ₹0.43 കോടിയുടെ വരുമാന നഷ്ടമുണ്ടായി.

2020 മാർച്ച് 12ലെ സ.ഉ.(അച്ചടി)/38/2020/നി.വ. പ്രകാരം, 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ കള്ള് ഷാപ്പുകളുടെ വാർഷിക വാടക ഉത്തരവിന് അനുബന്ധമായി നൽകിയ നിരക്കുകൾ പ്രകാരം നിശ്ചയിച്ചുകൊണ്ട് കേരള സർക്കാർ കള്ള് വിൽക്കുന്നതിനുള്ള പ്രത്യേകാവകാശം വിജ്ഞാപനം ചെയ്തു. നിശ്ചിത വാർഷിക വാടകയ്ക്ക് പുറമേ 'അധിക വാർഷിക വാടക' കൂടി ഉൾപ്പെടുത്തി 2002ലെ കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ ചട്ടങ്ങളുടെ ചട്ടം 4(1) സർക്കാർ ഭേദഗതി ചെയ്തു (2021 ഒക്ടോബർ). അനുമതി നേടിയ ആളോ അല്ലെങ്കിൽ ലൈസൻസിയോ ഓരോ ഷാപ്പിനും ₹1,000 എന്ന നിരക്കിൽ ഇത് നൽകണം. കള്ളുഷാപ്പ് തൊഴിലാളികളും ചെത്തുതൊഴിലാളികളും ചേർന്നുള്ള തൊഴിലാളി സംഘത്തിന് അനുവദിച്ച കള്ള് ഷാപ്പുകൾക്ക് ഒരു ഷാപ്പിന് ₹250 പ്രകാരമാണ് നിരക്ക്. അധിക വാർഷിക വാടക ബന്ധപ്പെട്ട ഡിവിഷനിലെ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണറുടെ പേരിലുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് ആയാണ് നൽകേണ്ടത്.

എക്സൈസ് കമ്മീഷണറുടെ ഓഫീസിലെ രേഖകളുടെ സൂക്ഷ്മപരിശോധനയിൽ (2022 സെപ്റ്റംബർ) സംസ്ഥാനത്തെ 5,170 കള്ളുഷാപ്പുകളിൽ തൊഴിലാളി സംഘത്തിന് അനുവദിച്ച 690 ഷാപ്പുകൾ ഉൾപ്പെടെ 4,865 കള്ളുഷാപ്പുകൾ കൈമാറിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 2021-22 വർഷത്തിൽ ഈ 4,865 കള്ളുഷാപ്പുകൾ അധിക വാർഷിക വാടക നൽകിയിട്ടില്ലെന്നും ബന്ധപ്പെട്ട ഡിവിഷൻ ഓഫീസർമാർ അത് ആവശ്യപ്പെട്ടിട്ടില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഇത് താഴെ **പട്ടിക-4.5**ൽ കാണിച്ചിരിക്കുന്നതുപോലെ ₹43.48 ലക്ഷത്തിന്റെ കുറഞ്ഞ പിരിവിന് കാരണമായി.

പട്ടിക - 4.5 : അധിക വാർഷിക വാടക

ക്രമ നമ്പർ	വിശദാംശങ്ങൾ	എണ്ണം	വാർഷിക വാടകയുടെ നിരക്ക് (₹)	കുടിശ്ശിക (₹ ലക്ഷത്തിൽ)
1	വിൽപ്പന നടത്തിയ കള്ളു ഷാപ്പുകൾ (വകുപ്പ് നേരിട്ട് നടത്തുന്നതും തൊഴിലാളി സംഘത്തിന്റേതും ഒഴികെ)	4,175	1,000	41.75
2	തൊഴിലാളി സംഘത്തെ ഏൽപ്പിച്ച കള്ളുഷാപ്പുകൾ	690	250	1.73
	ആകെ	**4,865**		**43.48**

സ്രോതസ്സ്: വകുപ്പ് നൽകിയ ഡാറ്റയെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2023 മെയ്), തുക ഈടാക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും നിയമാനുസൃതമായി തുക ഈടാക്കുന്നതിന് ബന്ധപ്പെട്ട ലൈസൻസികൾക്ക് നോട്ടീസ് നൽകാൻ എക്സൈസ് കമ്മീഷണർ നടപടി സ്വീകരിച്ചു വരികയാണെന്നും സർക്കാർ വ്യക്തമാക്കി (2023 ഡിസംബർ). കൂടാതെ, വ്യക്തിഗത കള്ളുഷാപ്പ് ലൈസൻസികളിൽ നിന്ന് ₹32.31 ലക്ഷവും

തൊഴിലാളി സംഘത്തിന്റെ പ്രതിനിധികൾ നടത്തുന്ന ഷാപ്പുകളിൽ നിന്ന് ₹2.38 ലക്ഷവും അധിക വാടക ഈടാക്കിയതായി വകുപ്പ് അറിയിച്ചു. കൂടുതൽ മറുപടിക്കായി കാത്തിരിക്കുന്നു (2024 നവംബർ).

ഡിമാൻഡ് നോട്ടീസ് കൊടുക്കുന്നതും കുടിശ്ശികയുള്ള വാടക പിരിച്ചെടുക്കുന്നതും കൃത്യസമയത്ത് നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ മതിയായ നിരീക്ഷണ സംവിധാനം വകുപ്പ് ഉറപ്പാക്കണമെന്ന് ശുപാർശ ചെയ്യുന്നു.

4.6 വിദേശ മദ്യ ലൈസൻസ് കൈവശമുള്ള കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ അനധികൃത പുനഃസംഘടന

അനധികൃത പുനഃസംഘടനയ്ക്ക് പിഴ ചുമത്താത്തതും ക്രമപ്പെടുത്തുന്നതിനായി ഫീസ് ഈടാക്കാത്തതും ₹4.00 ലക്ഷം വസൂലാക്കാത്തതിന് കാരണമായി.

വിദേശമദ്യ ചട്ടങ്ങളുടെ ചട്ടം 19(iii) പ്രകാരം ഒരു ലക്ഷം രൂപ അടച്ചാൽ ഒരു കമ്പനിയുടെ പാർട്ണർഷിപ്പ്/ ഡയറക്ടർമാരുടെ പുനഃസംഘടന അനുവദിക്കാവുന്നതാണ്. അബ്കാരി നിയമത്തിലെ 67(3), 67(2) വകുപ്പുകൾ പ്രകാരം, ലൈസൻസോ പെർമിറ്റോ കൈവശമുള്ള ഏതെങ്കിലും വ്യക്തിക്കോ വ്യക്തികൾക്കോ കമ്മീഷണറുടെ അനുമതി ഇല്ലാതെ പുനഃസംഘടനയോ പരിഷ്കാരങ്ങളോ മാറ്റങ്ങളോ വരുത്തിയതിന്, എക്സൈസ് കമ്മീഷണർ മൂന്നുലക്ഷം രൂപ പിഴ ചുമത്താം. ലൈസൻസി പിഴയും ആവശ്യമായ ഫീസും അടച്ചാൽ കമ്മീഷണർക്ക് അത്തരം ക്രമരഹിതമായ പുനഃ സംഘടന ക്രമപ്പെടുത്താവുന്നതാണ്.

ഇടുക്കി എക്സൈസ് ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസിൽ നടത്തിയ ഓഡിറ്റ് സൂക്ഷ്മ പരിശോധനയിൽ (2022 ഡിസംബർ), എഫ്എൽ-3/ എഫ്എൽ-11 ലൈസൻസുകൾ ഉള്ള ഹോട്ടലുകൾ ഉള്ള 'ഗ്രീൻ ഒയാസിസ് റീജൻസി ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ്' എന്ന കമ്പനി 2019-22 കാലയളവിൽ ഡയറക്ടർ ബോർഡ് പുനസംഘടിപ്പിച്ചതായി കോർപ്പറേറ്റ് കാര്യമന്ത്രാലയം പരിപാലിക്കുന്ന ഡാറ്റാബേസിൽ നിന്നും ഓഡിറ്റ് നിരീക്ഷിച്ചു. പക്ഷെ, കമ്മീഷണറുടെ അനുമതി ഇല്ലാതെയാണ് ഈ പുനഃസംഘടന നടത്തിയത്. അനധികൃത പുനഃസംഘടനയ്ക്ക് പിഴ ചുമത്താത്തതും ക്രമപ്പെടുത്തലിനുള്ള ഫീസ് ഈടാക്കാത്തതും **അനുബന്ധം-XXV**ൽ കാണിച്ചിരിക്കുന്നതുപോലെ ₹4.00 ലക്ഷത്തിന്റെ വരുമാനം നഷ്ടപ്പെടാൻ കാരണമായി.

ഇക്കാര്യം സർക്കാറിന് റിപ്പോർട്ട് ചെയ്യുകയും (2023 നവംബർ) ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഗ്രീൻ ഒയാസിസ് റീജൻസി പ്രൈവറ്റ് ലിമിറ്റഡിന് അനധികൃത പുനഃസംഘടന ക്രമപ്പെടുത്തുന്നതിന് നോട്ടീസ് നൽകിയതായി സർക്കാർ അറിയിക്കുകയും ചെയ്തു (2024 ഏപ്രിൽ). കമ്പനി ഡയറക്ടർ ബോർഡ് ആറുതവണ പുനസംഘടിപ്പിച്ചതായി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടതായും സർക്കാർ വ്യക്തമാക്കി. കൂടാതെ, ഡയറക്ടർ ബോർഡ് അംഗങ്ങളുടെ പദവി മാറ്റി ഡയറക്ടർ ബോർഡ് രണ്ടുതവണ പരിഷ്കരിച്ചു. നിയമലംഘനങ്ങൾക്ക് വകുപ്പ് ₹0.06 കോടി ഫീസും ₹0.24 കോടി പിഴയും ചുമത്തി. കമ്പനി ₹0.06 കോടി ഫീസ് അടച്ചെങ്കിലും ₹0.24 കോടി പിഴ ചുമത്തിയതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി[70] സമർപ്പിച്ചു. കേസ് അന്തിമവിധിക്കായി കാത്തിരിക്കുകയാണ്.

അനധികൃത പുനഃസംഘടന തിരിച്ചറിയാൻ കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിന്റെയോ മറ്റ് സ്ഥാപനങ്ങളുടെയോ വെബ്സൈറ്റിൽ ലഭ്യമായ ഡാറ്റ ഇടയ്ക്കിടെ വകുപ്പ് പരിശോധിക്കണമെന്നും ഹോട്ടലുകൾക്ക് അനർഹമായ ആനുകൂല്യങ്ങൾ നൽകുന്ന സന്ദർഭങ്ങളിൽ ഉത്തരവാദിത്തം നിർണ്ണയിക്കാൻ നടപടിയെടുക്കണമെന്നും ശുപാർശ ചെയ്യുന്നു.

[70] ഡബ്ല്യൂപി(സി) 42797/2023.

4.7 വിദേശമദ്യ ലൈസൻസ് ക്രമരഹിതമായി കൈമാറ്റം ചെയ്യുന്നതിലൂടെ വരുമാന നഷ്ടം

പുതിയ ലൈസൻസുകൾ നൽകുന്നതിനുപകരം വിദേശമദ്യ ലൈസൻസുകൾ ക്രമരഹിതമായി കൈമാറ്റം ചെയ്തതിലൂടെ ₹0.27 കോടി കുറവായി ഈടാക്കി.

1953ലെ വിദേശ മദ്യ ചട്ടങ്ങളുടെ ചട്ടം 19(i), കേരള എക്സൈസ് മാന്വൽ വാല്യം-II ന്റെ XIX-ാം അധ്യായത്തിലെ പതിനെട്ടാം ഖണ്ഡിക എന്നിവ പ്രകാരം നിശ്ചിത ഫീസ് ലൈസൻസുകളുടെ കാര്യത്തിൽ ഒരു മാറ്റം ആവശ്യമുണ്ടെങ്കിൽ ഉടമ ചെയ്യേണ്ട ശരിയായ നടപടിക്രമം ലൈസൻസ് സറണ്ടർ ചെയ്യുന്നതും നിർദിഷ്ട ട്രാൻസ്ഫറിന്റെ കേസ് പുതിയ അപേക്ഷകനായി പരിഗണിക്കേണ്ടതുമാണ്. ചട്ടം 13(3) പ്രകാരം, 2021-22 കാലയളവിൽ ഹോട്ടലുകൾക്ക് (ത്രീ സ്റ്റാറും അതിനു മുകളിലും) എഫ്എൽ-3 (ബാർ) ലൈസൻസിനുള്ള ലൈസൻസ് ഫീസ് ₹30 ലക്ഷം ആയിരുന്നു.

ത്രീ സ്റ്റാർ ക്ലാസിഫിക്കേഷൻ ലഭിച്ചതിന് ശേഷം, ജെമിനി ടൂറിസ്റ്റ് ഹോമിന്റെ പ്രൊപ്രൈറ്ററായ ശ്രീ. ഇ എം ജോസിന് അനുവദിച്ച എഫ്എൽ-3 ലൈസൻസ്, 2009 ഏപ്രിലിൽ പുനഃസ്ഥാപിക്കപ്പെടുകയും 2021-22 വരെ പുതുക്കുകയും ചെയ്തു.

ഇടുക്കി എക്സൈസ് ഡിവിഷൻ ഓഫീസുമായി ബന്ധപ്പെട്ട 2019-22 കാലയളവിലെ രേഖകളുടെ ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ (2022 നവംബർ മുതൽ ഡിസംബർ വരെ) 2021 ഡിസംബറിൽ ശ്രീ. ഇ എം ജോസിന്റെ കൈവശമുള്ള എഫ്എൽ-3 ലൈസൻസ് ശ്രീ. ഇ എം ജോസ് മാനേജിംഗ് പാർട്ണറും ശ്രീമതി. ഷിജി ജോസ് പാർട്ണറുമായ ‘ ജെമിനി ടൂറിസ്റ്റ് ഹോം’ എന്ന അതേ പേരിലുള്ള ഒരു പാർട്ണർഷിപ്പ് സ്ഥാപനത്തിലേക്ക് കൈമാറ്റം ചെയ്യുന്നതിന് എക്സൈസ് കമ്മീഷണർ അനുമതി നൽകിയതായി ശ്രദ്ധയിൽപ്പെട്ടു. 1953ലെ കേരള വിദേശ മദ്യ ചട്ടങ്ങളുടെ ചട്ടം 19(iii), 19(iv) എന്നിവ പ്രകാരം പുനഃസംഘടനയ്ക്ക് ഒരു ലക്ഷം രൂപയും ലൈസൻസിയുടെ പേര് മാറ്റുന്നതിന് രണ്ട് ലക്ഷം രൂപയും ഈടാക്കിയാണ് അനുമതി നൽകിയത്.

ലൈസൻസ് സറണ്ടർ ചെയ്യാനും ലൈസൻസ് കൈമാറ്റം പുതിയ അപേക്ഷയായി കണക്കാക്കാനും ലൈസൻസിയോട് നിർദ്ദേശിക്കുന്നതിനു പകരം, ഒരു പ്രൊപ്രൈറ്റർക്ക് അനുവദിച്ച എഫ്എൽ-3 ലൈസൻസ്, ഒരു പുനഃസംഘടനയായി കണക്കാക്കി ഒരു പങ്കാളിത്ത സ്ഥാപനത്തിലേക്ക് മാറ്റുകയാണ് ചെയ്തതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് **പട്ടിക - 4.6**ൽ കാണിച്ചിരിക്കുന്നതുപോലെ ₹0.27 കോടി കുറവായി ചുമത്തുന്നതിന് കാരണമായി.

പട്ടിക - 4.6 : വിദേശമദ്യ ലൈസൻസ് ക്രമരഹിതമായി കൈമാറ്റം ചെയ്യുന്നതിലൂടെ വരുമാന നഷ്ടം

(₹ ലക്ഷത്തിൽ)

ലൈസൻസിയുടെ പേര്	ആരുടെ പേർക്കാണ് ലൈസൻസ് കൈമാറ്റം ചെയ്യപ്പെട്ടത്	കൈമാറ്റം നടപ്പിലാക്കിയ ഉത്തരവിന്റെ തീയതി	കൈമാറ്റത്തിനായി വകുപ്പ് ഈടാക്കിയ ഫീസ്	പുതിയ അപേക്ഷകൻ എന്ന നിലയിൽ സ്ഥാപനത്തെ കണക്കാക്കി ഈടാക്കേണ്ട ഫീസ്	ഫീസ് കുറവായി ചുമത്തിയത്
ഇ എം ജോസ് (പ്രൊപ്രൈറ്റർ, ജെമിനി ടൂറിസ്റ്റ് ഹോം)	ഇ എം ജോസ്, ഷിജി ജോസ് (ജെമിനി ടൂറിസ്റ്റ് ഹോം എന്ന സ്ഥാപനത്തിന്റെ പാർട്ണർമാർ)	2021 ഡിസംബർ 06	3.00	30.00	27.00

സ്രോതസ്സ്: വകുപ്പ് നൽകിയ ഡാറ്റയെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 ജൂലൈ), വിദേശമദ്യ നിയമങ്ങൾക്ക് കീഴിൽ, എഫ്എൽ ലൈസൻസുള്ള കമ്പനികളുടെ പങ്കാളിത്തവും ഡയറക്ടർഷിപ്പുകളും പുനഃസംഘടിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ടെന്ന്

സർക്കാർ അറിയിച്ചു (2024 സെപ്റ്റംബർ). എഫ്എൽ ചട്ടങ്ങളുടെ ചട്ടം 19(i), 19(iv) വ്യവസ്ഥകൾ ഉദ്ധരിച്ച്, എഫ്എൽ ചട്ടങ്ങൾക്ക് കീഴിൽ അനുവദിച്ചിരിക്കുന്ന ലൈസൻസ് നിലവിലെ ലൈസൻസിയുടെ പേരിൽ നിന്ന് മറ്റേതെങ്കിലും വ്യക്തിക്ക്/ സ്ഥാപനത്തിന് കൈമാറാമെന്ന് സർക്കാർ വാദിച്ചു. എഫ്എൽ ചട്ടങ്ങളുടെ ചട്ടം 19(i) പ്രകാരം, എഫ്എൽ ചട്ടങ്ങൾക്ക് കീഴിൽ അനുവദിച്ചിട്ടുള്ള ലൈസൻസിന്റെ വിൽപന, കൈമാറ്റം അല്ലെങ്കിൽ ഉപവാടകയ്ക്ക് അനുവദിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് അധികാരമുണ്ട്. ലൈസൻസ് കൈമാറ്റത്തിന്റെ പരിധിയിൽ പുനഃസംഘടിപ്പിക്കലും വരുമെന്ന് ചട്ടം 19(ii) വ്യക്തമാക്കുന്നു. വിദേശ മദ്യ ചട്ടങ്ങളുടെ ചട്ടം 19(iii), 19(iv) എന്നിവ യഥാക്രമം പുനസംഘടനയ്ക്കും ലൈസൻസിയുടെ പേര് മാറ്റുന്നതിനുമുള്ള ഫീസ് നിർദ്ദേശിക്കുന്നു. അതിനാൽ എക്സൈസ് കമ്മീഷണറുടെ ഉത്തരവ് ശരിയാണ്. എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള മാർഗ്ഗരേഖ മാത്രമാണ് എക്സൈസ് മാന്വൽ, അതിന് നിയമപരമായ വ്യവസ്ഥയുടെ ബലം ഇല്ല, അബ്കാരി നിയമത്തിലെ വ്യവസ്ഥകൾ മറികടക്കാൻ അതിന് കഴിയില്ല.

മറുപടി സ്വീകാര്യമല്ല. നിലവിലുള്ള ഒരു സ്ഥാപനത്തിൽ അംഗങ്ങളെ കൂട്ടിച്ചേർക്കുകയോ നീക്കുകയോ ചെയ്യുമ്പോൾ മാത്രമേ പുനസംഘടന സാധ്യമാകൂ. ഈ സാഹചര്യത്തിൽ, ലൈസൻസ് ലഭിച്ച ജെമിനി ടൂറിസ്റ്റ് ഹോം ഒരു പ്രൊപ്രൈറ്റർഷിപ്പ് സ്ഥാപനമായി നിലവിലുണ്ടായിരുന്നു. ഇത് പിന്നീട് ഒരു പങ്കാളിത്ത സ്ഥാപനമായി പരിവർത്തനം ചെയ്യപ്പെട്ടു, അത് ചട്ടം 19(iii)ന്റെ വ്യവസ്ഥകൾക്ക് കീഴിൽ വരുന്ന ഒരു 'പുനഃസംഘടന' അല്ല. ജെമിനി ടൂറിസ്റ്റ് ഹോമിന്റെ പ്രൊപ്രൈറ്റർ എന്ന നിലയിലാണ് ശ്രീ. ഇ എം ജോസിന്റെ പേരിലുള്ള ലൈസൻസ് നൽകിയിരിക്കുന്നത്, അത് ലൈസൻസിലെ പേര്(കൾ) മാറ്റി അതേ പേരിലുള്ള പങ്കാളിത്ത സ്ഥാപനത്തിലേക്ക്, അതായത് ജെമിനി ടൂറിസ്റ്റ് ഹോമിലേക്ക് മാറ്റാൻ കഴിയില്ല. ഈ രീതിയിലുള്ള ലൈസൻസ് കൈമാറ്റത്തിനുള്ള വ്യവസ്ഥകൾ വിദേശമദ്യ ചട്ടങ്ങളുടെ ചട്ടം 19ൽ നൽകിയിട്ടില്ല, അത് പുനസംഘടന/ പേരുമാറ്റങ്ങൾ/ സ്ഥാപനത്തിനുള്ളിൽ തന്നെയുള്ള ഉടമസ്ഥാവകാശം കൈമാറ്റം എന്നിവയുമായി ബന്ധപ്പെട്ടതാണ്. എന്നാൽ, എക്സൈസ് മാന്വൽ അത്തരം കേസുകൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു, കൂടാതെ നിയമങ്ങളിൽ/ ചട്ടങ്ങളിൽ വ്യക്തമായ വ്യവസ്ഥകളൊന്നും ഇല്ലാത്തതിനാൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ വകുപ്പ് ബാധ്യസ്ഥമാണ്.

ലൈസൻസ് കൈമാറ്റം ചെയ്യുന്ന അത്തരം സന്ദർഭങ്ങളിൽ, ആവശ്യമായ തുക ഈടാക്കി കേസുകൾ ക്രമപ്പെടുത്തുന്നതിന് പകരം, കേസുകൾ പുതിയ അപേക്ഷകളായി പരിഗണിക്കണമെന്ന് ശുപാർശ ചെയ്യുന്നു. പുതിയ ലൈസൻസുകൾ അനുവദിക്കുന്നതിന് ആവശ്യമായ എല്ലാ നിർബന്ധിത വ്യവസ്ഥകളും അപേക്ഷകർ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

അദ്ധ്യായം V

സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും

അദ്ധ്യായം - V
സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും

5.1 നികുതികാര്യ നിർവ്വഹണം

സ്റ്റാമ്പ് തീരുവ, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ നിന്നുള്ള വരവുകൾ 1899ലെ ഇന്ത്യൻ സ്റ്റാമ്പ് നിയമം, 1959ലെ കേരള സ്റ്റാമ്പ് നിയമം, 1908ലെ ഇന്ത്യൻ രജിസ്ട്രേഷൻ നിയമം, അവയ്ക്കു കീഴിലുള്ള ചട്ടങ്ങൾ എന്നിവയാൽ നിയന്ത്രിക്കപ്പെടുന്നു. രജിസ്ട്രേഷൻ നിയമം ഇടപാടുകളെക്കാൾ പ്രമാണങ്ങളെ നിയന്ത്രിക്കുന്നു. സംസ്ഥാനത്തെ ഏറ്റവും പുരാതനമായ വകുപ്പുകളിലൊന്നാണ് രജിസ്ട്രേഷൻ വകുപ്പ്. വകുപ്പ് നൽകുന്ന സേവനങ്ങളിൽ പ്രമാണങ്ങളുടെ രജിസ്ട്രേഷൻ, ബാധ്യതാ സർട്ടിഫിക്കറ്റ് വിതരണം, വിവാഹ രജിസ്ട്രേഷൻ മുതലായവയും സ്റ്റാമ്പ് തീരുവ, രജിസ്ട്രേഷൻ ഫീസ് എന്നിവയുടെ ചുമത്തലും പിരിച്ചെടുക്കലും ഉൾപ്പെടുന്നു. സർക്കാർ തലത്തിൽ നികുതി വകുപ്പ് സെക്രട്ടറിയാണ് വകുപ്പിന്റെ ഭരണം നടത്തുന്നത്. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ആണ് രജിസ്ട്രേഷൻ വകുപ്പിന്റെ തലവൻ.

5.2 ആന്തരിക പരിശോധന

സംസ്ഥാന തലത്തിൽ വകുപ്പിന്റെ ആന്തരിക പരിശോധനാ വിഭാഗത്തിന്റെ (എഐഡബ്ല്യു) പ്രവർത്തനം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ നിരീക്ഷിക്കുന്നു. ജില്ലാ തലത്തിൽ സോണൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർക്കാണ് ഇതിന്റെ ഉത്തരവാദിത്തം. സബ് രജിസ്ട്രാർ ഓഫീസുകളുടെ (എസ്ആർഒ) ആന്തരിക പരിശോധന അതത് ജില്ലകളിലെ ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) നടത്തുന്നു. ആന്തരിക പരിശോധനാ ടീമിൽ ഓരോ ജില്ലയിലും ഒരു ജില്ലാ രജിസ്ട്രാറും മൂന്ന് സീനിയർ ക്ലാർക്കുമാരും ഉൾപ്പെടുന്നു. ആന്തരിക പരിശോധന നടത്താൻ ബാക്കിയുള്ളത്, അതാത് ഓഫീസിലെ ജീവനക്കാരുടെ വിരമിക്കൽ എന്നിവയ്ക്ക് മുൻഗണന നൽകിയാണ് ഓഡിറ്റ് ചെയ്യാനുള്ള ഓഫീസുകൾ തിരഞ്ഞെടുക്കുന്നത്. 2022-23 കാലയളവിൽ, ഓഡിറ്റിനായി ആസൂത്രണം ചെയ്ത 323 യൂണിറ്റുകളിൽ, 304 യൂണിറ്റുകൾ ഐഎഡബ്ല്യു ഓഡിറ്റ് ചെയ്തു. 2022-23 കാലയളവിൽ, കുടിശ്ശികയുണ്ടായിരുന്ന 3,925 ഓഡിറ്റ് നിരീക്ഷണങ്ങളിൽ 2,233 എണ്ണം (56.89 ശതമാനം) വകുപ്പ് തീർപ്പാക്കി.

5.3 ഓഡിറ്റിന്റെ ഫലങ്ങൾ

2022-23 വർഷത്തിൽ രജിസ്ട്രേഷൻ വകുപ്പിലെ ആകെയുള്ള 335 ഓഫീസുകളിൽ 86 ഓഫീസുകൾ പരിശോധനയ്ക്ക് വിധേയമാക്കി. 220 കേസുകളിലായി വസ്തുവകകളുടെ തെറ്റായ തരംതിരിവ്, വസ്തുവിന്റെ വിഭജിച്ചുള്ള വില്പന, കെട്ടിടങ്ങളുടെ വില കുറച്ചു കാണിക്കൽ, മാതൃ സർവേ നമ്പറിന്റെ ന്യായവില പരിഗണിക്കാതിരിക്കൽ എന്നിവയും മറ്റ് ക്രമക്കേടുകളുമായി ബന്ധപ്പെട്ട ₹52.91 കോടിയുടെ സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കുറവായി ചുമത്തിയത് **പട്ടിക - 5.1**ൽ നൽകിയിരിക്കുന്നു.

പട്ടിക - 5.1 : സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും ഈടാക്കാതിരിക്കുകയോ കുറവായി ഈടാക്കുകയോ ചെയ്യതിന്റെയും മറ്റ് ക്രമക്കേടുകളുടെയും വിശദാംശങ്ങൾ

ക്രമ നമ്പർ	വിഭാഗങ്ങൾ	കേസുകളുടെ എണ്ണം	തുക (₹ കോടിയിൽ)
1	വസ്തുവകകളുടെ തെറ്റായ തരംതിരിവ് കാരണം സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കുറവായി ചുമത്തിയത്	20	1.21
2	കെട്ടിടങ്ങളുടെ വിലകുറച്ചു കാണിച്ചതു കാരണം സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കുറവായി ചുമത്തിയത്	81	43.45
3	വസ്തു വിഭജിച്ചതിലൂടെ സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കുറവായി ചുമത്തിയത്	7	0.35
4	മാതൃ സർവേ നമ്പറിന്റെ ന്യായവില പരിഗണിക്കാത്തതിലൂടെ സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കുറവായി ചുമത്തിയത്	15	0.69
5	മറ്റുള്ളവ	97	7.21
ആകെ		**220**	**52.91**

സ്രോതസ്സ്: എജി (ഓഡിറ്റ് II) സമാഹരിച്ചത്.

പ്രസ്തുത വർഷത്തിൽ, 33 കേസുകളിലായി ₹0.86 കോടി ഉൾപ്പെട്ട മൂല്യം കുറച്ചു കാണിച്ചതും മറ്റ് പോരായ്മകളും വകുപ്പ് അംഗീകരിച്ചു. 27 കേസുകളിലായി ചൂണ്ടിക്കാണിച്ച ₹0.10 കോടി 2022-23 വർഷത്തിൽ വസൂലാക്കി.

₹0.39 കോടി ഉൾപ്പെട്ട ഏതാനും ദൃഷ്ടാന്തങ്ങൾ ഇനിപ്പറയുന്ന ഖണ്ഡികകളിൽ നൽകിയിരിക്കുന്നു.

5.4 ഭൂമിയുടെ തെറ്റായ തരംതിരിവ് മൂലം കുറഞ്ഞ പിരിവ്/ വരുമാന നഷ്ടം

വാണിജ്യ പ്രാധാന്യമുള്ള ഭൂമിയെ വാസയോഗ്യമായ ഭൂമിയായും പൊതുമരാമത്ത് റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമിയെ പഞ്ചായത്ത് റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമിയായും തെറ്റായി തരംതിരിച്ചതിന്റെ ഫലമായി സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസുമായി ₹0.33 കോടിയുടെ കുറഞ്ഞ പിരിവിനു കാരണമായി.

1959ലെ കേരള സ്റ്റാമ്പ് നിയമത്തിന്റെ (കെഎസ്എ) വകുപ്പ് 45എ(1) പ്രകാരം, ഏതെങ്കിലും ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള ഒരു പ്രമാണം രജിസ്റ്റർ ചെയ്യുമ്പോൾ, രജിസ്ട്രേഷൻ ഓഫീസർ, ഭൂമിയുടെ മൂല്യം ആ ഭൂമിയുടെ ന്യായവിലയാണോ എന്ന് പരിശോധിക്കേണ്ടതാണ്. കേരള സർക്കാർ ഭൂമിയുടെ ന്യായവില നിശ്ചയിക്കുകയും ഭൂമിയുടെ ഉപയോഗത്തെ അടിസ്ഥാനമാക്കി മുഴുവൻ ഭൂമിയും 15 വിഭാഗങ്ങളായി[71] തരംതിരിച്ച് വിജ്ഞാപനം ചെയ്യുകയും ചെയ്തു (2010 മാർച്ച്). ന്യായവില പിന്നീട് ആറ് തവണ[72] പരിഷ്കരിച്ചു, അവസാനമായി 2022ലും 2023ലുമാണ് പരിഷ്ക്കരിച്ചത്.

ഏതെങ്കിലും വസ്തുവകകൾ കൈമാറുന്ന ഏതെങ്കിലും പ്രമാണം രജിസ്റ്റർ ചെയ്യുമ്പോൾ, വസ്തുവിന്റെ യഥാർത്ഥമൂല്യം പ്രമാണത്തിൽ വ്യക്തമാക്കിയിട്ടില്ലെന്ന് വിശ്വസിക്കാൻ രജിസ്ട്രേഷൻ ഓഫീസർക്ക് കാരണമുണ്ടെങ്കിൽ, അത്തരം പ്രമാണം രജിസ്റ്റർ ചെയ്തതിന് ശേഷം, മൂല്യനിർണ്ണയത്തിനായി അത് കളക്ടർക്ക് റഫർ ചെയ്യണമെന്ന് കെഎസ്എ, 1959ലെ വകുപ്പ് 45ബി പറയുന്നു.

നിലവിലുള്ള സബ്ഡിവിഷനുകളിലോ സർവേ നമ്പരുകളിലോ അവയുടെ ഉപയോഗ ത്താലുള്ള തരംതിരിവും ന്യായവിലയും നിശ്ചയിക്കാതെ പുതിയ സബ്ഡിവിഷനുകൾ ഉണ്ടാക്കിയാൽ, സബ് രജിസ്ട്രാർമാർ മാതൃ സബ്ഡിവിഷന്റെയോ, പുതിയതായി സൃഷ്ടിച്ച സബ്ഡിവിഷനുമായി അതിന്റെ ഉപയോഗത്താലുള്ള തരംതിരിവുമായി പൊരുത്തപ്പെടുന്ന മാതൃ സർവേ നമ്പറിലെ മറ്റേതെങ്കിലും സബ്ഡിവിഷന്റെയോ ന്യായവില സ്വീകരിക്കണമെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ നിർദ്ദേശമുണ്ട്[73].

5.4.1 വാണിജ്യ പ്രാധാന്യമുള്ള ഭൂമിയുടെ തെറ്റായ തരംതിരിവ്

ആറ് സബ് രജിസ്ട്രാർ ഓഫീസുകളിലെ[74] തീറാധാരങ്ങളുടെ ഓഡിറ്റ് പരിശോധനയിൽ (2021 നവംബർ, ഡിസംബർ) രേഖകളിൽ ഭൂമിയുടെ തരം 'വാണിജ്യ പ്രാധാന്യമുള്ള ഭൂമി' ആണെങ്കിലും, ആ വിഭാഗത്തിന് ബാധകമായ ന്യായവില ആധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ സബ് രജിസ്ട്രാർമാർ എടുത്തിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, കെഎസ്എ, 1959ലെ വകുപ്പ് 45ബി അനുസരിച്ച്, വില കുറച്ചുകാണിച്ചത് റിപ്പോർട്ട് ചെയ്യുന്നതിൽ സബ് രജിസ്ട്രാർ പരാജയപ്പെട്ടു. വാണിജ്യ പ്രാധാന്യമുള്ള ഭൂമിയുടെ തെറ്റായ തരംതിരിവ്, 16 കേസുകളിൽ, വസ്തുവിന്റെ വില കുറവായി കാണിക്കുന്ന തിനും സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസുമായി ₹0.27 കോടി കുറവായി ഈടാ ക്കുന്നതിനും കാരണമായത് **അനുബന്ധം-XXVI**ൽ വിശദമാക്കിയിരിക്കുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2022 നവംബർ), അക്കൗണ്ടന്റ് ജനറലിന്റെ അഭിപ്രായ ത്തോട് യോജിക്കുന്നുവെന്നും വിലകുറച്ചു കാണിച്ചതിന് അനുബന്ധം XXVIന്റെ 1, 2, 6, 7, 8, 9, 10, 11, 12, 13, 15, 16 നമ്പറുകളെ സംബന്ധിച്ച് കേരള സ്റ്റാമ്പ് നിയമത്തിലെ

---

[71] വാണിജ്യ പ്രാധാന്യമുള്ള ഭൂമി, ദേശീയപാത/ പൊതുമരാമത്ത് വകുപ്പ് റോഡ് സൗകര്യമുള്ള വാസ യോഗ്യമായ ഭൂമി, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ പഞ്ചായത്ത് റോഡ് സൗകര്യമുള്ള വാസയോഗ്യ മായ ഭൂമി, സ്വകാര്യ റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമി, വാഹന സൗകര്യമില്ലാത്ത വാസ യോഗ്യമായ ഭൂമി, റോഡ് സൗകര്യമുള്ള തോട്ടം, റോഡ് സൗകര്യമില്ലാത്ത തോട്ടം, തീരദേശ മേഖല, ചതുപ്പു നിലം, പാറക്കെട്ടുകൾ നിറഞ്ഞ ഭൂമി, തരിശുഭൂമി, നിലം, റോഡ് സൗകര്യമുള്ള കുന്നിൻ പ്രദേശം, റോഡ് സൗകര്യമില്ലാത്ത കുന്നിൻ പ്രദേശം, സർക്കാർ ഭൂമി.

[72] 2014, 2018, 2019, 2020ലുമാണ് മുൻപ് പരിഷ്കരിച്ചത്.

[73] 2015 ജനുവരി 01ലെ സർക്കുലർ നമ്പർ ആർആർ-9/20442/2014.

[74] എസ്ആർഒ - എടക്കര, ഉദുമ, ഒല്ലൂക്കര, കാട്ടൂർ, വടക്കാഞ്ചേരി, പെരിന്തൽമണ്ണ.

വകുപ്പ് 45ബി(3) പ്രകാരം സ്വമേധയാ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു (2023 ഓഗസ്റ്റ്). 3, 4, 5 നമ്പറുകളെ സംബന്ധിച്ച് ഓഡിറ്റ് നിരീക്ഷണം സർക്കാർ അംഗീകരിക്കുന്നുവെങ്കിലും, അഞ്ച് വർഷത്തെ കാലാവധി കഴിഞ്ഞതിനാൽ വിലകുറച്ചു കാണിച്ചതിനുള്ള നടപടികൾ സ്വമേധയാ ആരംഭിക്കാൻ കഴിയില്ലെന്ന് അറിയിച്ചു. ഒരു പ്രമാണത്തിന്റെ രജിസ്ട്രേഷനിൽ രജിസ്ട്രേഷൻ ഓഫീസറുടെ അശ്രദ്ധ മൂലം സർക്കാരിന് ഉണ്ടാകുന്ന ഏതൊരു നഷ്ടത്തിനും അവർ ഉത്തരവാദിയായിരിക്കുമെന്ന് 1958ലെ കേരള രജിസ്ട്രേഷൻ ചട്ടങ്ങളുടെ ചട്ടം 189 നിഷ്കർഷിക്കുന്നു. എന്നാൽ ഇത് പ്രകാരം രജിസ്ട്രേഷൻ ഓഫീസറുടെ ഉത്തരവാദിത്തം നിശ്ചയിക്കുന്നതിനുള്ള ഒരു നടപടിയും ആരംഭിച്ചിട്ടില്ലാത്തതിനാൽ മറുപടി അടിസ്ഥാനമില്ലാത്തതാണ്.

ക്രമ നമ്പർ 14 (നമ്പർ 639/2016) സംബന്ധിച്ച്, നിജസ്ഥിതി പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും സ്ഥലം സന്ദർശിക്കാൻ രജിസ്ട്രേഷൻ ഓഫീസർക്ക് ബാധ്യതയില്ലാത്തതിനാലും പ്രമാണത്തിൽ കെട്ടിടം ഒരു കടയാണെന്ന് പരാമർശമില്ലാത്തതു കാരണവും രജിസ്ട്രേഷൻ സമയത്ത് പറഞ്ഞ മൂല്യം ശരിയാണെന്ന് അറിയിച്ചു. കെഎസ്ഇബിക്ക് വാണിജ്യ ആവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകിയ ടെറസ് കെട്ടിടം നിലവിലുണ്ടെന്ന് രേഖയിൽ പരാമർശമുള്ളതിനാൽ മറുപടി സ്വീകാര്യമല്ല. കൂടാതെ, ഭൂമിയുടെ ഉപയോഗത്താലുള്ള തരം വിവരിച്ച ഭാഗത്ത്, വാണിജ്യപരവും പാർപ്പിടവുമായ ഉപയോഗത്തിനുള്ള ഒരു കെട്ടിടം സ്ഥിതി ചെയ്യുന്നതായി പരാമർശിക്കുന്നുണ്ട്. രേഖയിൽ തദ്ദേശ സ്ഥാപനം നൽകിയ കെട്ടിട നമ്പരും രേഖപ്പെടുത്തിയിട്ടുണ്ട്. ഓൺലൈനിൽ ലഭ്യമാകുന്ന തദ്ദേശ സ്ഥാപനത്തിന്റെ കെട്ടിട മൂല്യനിർണയ വിശദാംശങ്ങളിൽ 15 വർഷത്തിലേറെ പഴക്കമുള്ള കെട്ടിടമാണെന്നും വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതാണെന്നും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, രജിസ്ട്രേഷൻ അതോറിറ്റിക്ക്, ഒരു സ്ഥല സന്ദർശനവുമില്ലാതെ, ഇത് വാണിജ്യ പ്രാധാന്യമുള്ള ഭൂമിയാണെന്നതിന് മതിയായ വിവരങ്ങൾ ലഭ്യമായിരുന്നു. കൂടാതെ, ഓഡിറ്റ് പാർട്ടിയും സബ് രജിസ്ട്രാറും ചേർന്ന് നേരിട്ടു നടത്തിയ സംയുക്ത പരിശോധനയിൽ (2021 ഡിസംബർ), ഈ വസ്തു കാട്ടൂർ ബസാറിലെ പ്രധാന വാണിജ്യ മേഖലയിലാണ് സ്ഥിതിചെയ്യുന്നതെന്നും പിഡബ്ല്യുഡി റോഡിൽ നിന്ന് വസ്തുവിലേക്ക് പ്രവേശനമുണ്ടെന്നും കണ്ടെത്തി. കൂടുതൽ മറുപടികൾക്കായി കാത്തിരിക്കുന്നു (2024 നവംബർ).

ഇപ്രകാരം, വില കുറച്ചു കാണിച്ചത്, നിശ്ചിത അഞ്ച് വർഷത്തിനുള്ളിൽ, റിപ്പോർട്ട് ചെയ്യുന്നതിൽ രജിസ്ട്രേഷൻ അതോറിറ്റികളുടെ ഭാഗത്തെ പരാജയം കാരണം മൂന്ന് കേസുകളിലായി സർക്കാരിന് ₹0.03 കോടിയുടെ നഷ്ടമുണ്ടായി. കൂടാതെ, 13 കേസുകളിൽ ഭൂമിയുടെ മൂല്യം കുറവാണെന്ന് റിപ്പോർട്ട് ചെയ്യുന്നതിനോ ഭൂമിയുടെ കൃത്യമായ ന്യായവില തിട്ടപ്പെടുത്തുന്നതിനോ രജിസ്ട്രേഷൻ അതോറിറ്റി പരാജയപ്പെട്ടത് ₹0.24 കോടിയുടെ റവന്യുവിന്റെ കുറഞ്ഞ പിരിവിനു കാരണമായി.

5.4.2 പിഡബ്ല്യുഡി റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമിയുടെ തെറ്റായ തരംതിരിവ്

തൃശ്ശൂരിലെ ഒല്ലൂക്കര സബ് രജിസ്ട്രാർ ഓഫീസിലെ തീറാധാരങ്ങളുടെ സൂക്ഷ്മ പരിശോധനയിൽ (2022 ജനുവരി) തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി വില്ലേജിലെ 16.19 ആർ ഭൂമി അടങ്ങുന്ന ഒരു തീറാധാരം (നമ്പർ 626/1/2017) ശ്രീ. ശിവപ്രസാദ് എന്നയാൾ ശ്രീ. എ.എൽ. മാത്തുണ്ണിയുടെ പേരിൽ എഴുതി നൽകിയതായി (2017 മാർച്ച് 31) ഓഡിറ്റ് കണ്ടെത്തി. വസ്തുവിനെ 'പഞ്ചായത്ത് റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമി' ആയി തരംതിരിച്ചു കൊണ്ട് മൊത്തം ₹15.00 ലക്ഷം ആയിരുന്നു പ്രതിഫലം.

വസ്തുവിന് വടക്ക് ഭാഗത്ത് പിഡബ്ല്യുഡി റോഡ് സൗകര്യം ഉണ്ടെന്ന് ആധാരത്തിൽ പ്രതിപാദിച്ചിരിക്കുന്നതായി ഓഡിറ്റ് കണ്ടെത്തി. അങ്ങനെയിരിക്കെ, വസ്തുവിന്റെ ശരിയായ വർഗ്ഗീകരണം 'പിഡബ്ല്യുഡി റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമി' എന്നായിരിക്കണം. പകരം അത് 'പഞ്ചായത്ത് റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമി' എന്ന് തെറ്റായി കാണിച്ചിരിക്കുന്നു. കൂടാതെ, കെഎസ്എ, 1959ലെ വകുപ്പ് 45ബി അനുസരിച്ച് വില കുറച്ചു കാണിച്ചത് റിപ്പോർട്ട് ചെയ്യുന്നതിൽ സബ് രജിസ്ട്രാർ

പരാജയപ്പെട്ടു. തെറ്റായ തരംതിരിവിന്റെ ഫലമായി വില കുറച്ചു കാണിക്കുന്നതിനും, **അനുബന്ധം-XXVII**ൽ വിശദമാക്കിയിരിക്കുന്ന പ്രകാരം സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസുമായി ₹2.14 ലക്ഷം കുറവായി ഈടാക്കുന്നതിനും കാരണമായി.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2022 നവംബർ) ഓഡിറ്റ് നിരീക്ഷണം അംഗീകരിക്കുന്നുവെങ്കിലും, അഞ്ച് വർഷത്തെ കാലാവധി കഴിഞ്ഞതിനാൽ വില കുറച്ചു കാണിച്ചതിനുള്ള നടപടികൾ സ്വമേധയാ ആരംഭിക്കാൻ കഴിയില്ലെന്ന് സർക്കാർ അറിയിച്ചു (2023 ഓഗസ്റ്റ്).

ഒരു പ്രമാണത്തിന്റെ രജിസ്ട്രേഷനിൽ രജിസ്ട്രേഷൻ ഓഫീസറുടെ അശ്രദ്ധ മൂലം സർക്കാരിന് ഉണ്ടാകുന്ന ഏതൊരു നഷ്ടത്തിനും അവർ ഉത്തരവാദിയായിരിക്കുമെന്ന് പ്രസ്താവിക്കുന്ന 1958ലെ കേരള രജിസ്ട്രേഷൻ ചട്ടങ്ങളുടെ ചട്ടം 189 പ്രകാരം രജിസ്ട്രേഷൻ ഓഫീസറുടെ ഉത്തരവാദിത്തം നിശ്ചയിക്കുന്നതിനുള്ള നടപടിയെടുക്കേണ്ടതായതിനാൽ, മറുപടി സ്വീകാര്യമല്ല.

ഭൂമിയുടെ ന്യായവില കൃത്യമായി തിട്ടപ്പെടുത്തുന്നതിൽ രജിസ്ട്രേഷൻ ഓഫീസർ പരാജയപ്പെട്ടത് ₹2.14 ലക്ഷത്തിന്റെ വരുമാന നഷ്ടമുണ്ടാക്കി.

5.4.3 എൻഎച്ച് റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമിയുടെയും വാണിജ്യ പ്രാധാന്യമുള്ള ഒരു ഭൂമിയുടെയും തെറ്റായ തരംതിരിവ്

എറണാകുളത്തെ ഇടപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിലെ തീറാധാരങ്ങളുടെ സൂക്ഷ്മ പരിശോധനയിൽ (2022 ജൂലൈ) ശ്രീ. അബ്ദുൾ സലിം എന്നയാൾ ഡബിൾ ടീ പ്രോപ്പർട്ടീസ് എൽഎൽപിക്ക് ഇടപ്പള്ളി സൗത്ത് വില്ലേജിൽ പാർപ്പിട കെട്ടിടത്തോടു കൂടിയ 21.18 ആർ[75] ഭൂമി മൊത്തം ₹7.59 കോടിക്ക്[76] കൈമാറുന്ന ഒരു തീറാധാരം[77] രജിസ്റ്റർ ചെയ്തതായി (2019 ഫെബ്രുവരി) കണ്ടെത്തി. കൈമാറിയ വസ്തുവിൽ പട്ടിക 'എ', പട്ടിക 'ബി' എന്നിങ്ങനെ രണ്ടു വസ്തുക്കൾ ഉൾപ്പെട്ടിരിക്കുന്നു.

രണ്ട് വസ്തുക്കൾക്കും കിഴക്ക് വശത്ത് എൻഎച്ച് ബൈപാസ് റോഡിലേക്ക് പ്രവേശനമുണ്ടെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പട്ടിക 'എ' വസ്തുവിലെ മാതൃ സബ്ഡിവിഷനുകളെ 'വാസയോഗ്യമായ ഭൂമി' എന്നും പട്ടിക 'ബി' വസ്തുവിലേതിനെ 'വാണിജ്യ പ്രാധാന്യമുള്ള ഭൂമി' എന്നും തരംതിരിച്ചിരുന്നു. ആയതിനാൽ, പട്ടിക 'എ' വസ്തുവിന്റെ ശരിയായ തരം 'എൻഎച്ച് റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമി'യും പട്ടിക 'ബി' വസ്തു 'വാണിജ്യ പ്രാധാന്യമുള്ള ഭൂമി'യും ആയിരിക്കണം. വസ്തുവകകൾ അതിനനുസൃതമായി തരംതിരിക്കുന്നതിൽ പരാജയപ്പെട്ടത്, വില കുറച്ചു കാണിക്കുന്നതിനും, **അനുബന്ധം-XXVIII**ൽ കാണിച്ചിരിക്കുന്നതുപോലെ, സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസുമായി ₹3.71 ലക്ഷം കുറവായി ഈടാക്കുന്നതിനും കാരണമായി.

ഇത് സർക്കാരിന് റിപ്പോർട്ട് ചെയ്തു (2023 ജൂലൈ). നിരീക്ഷണം സർക്കാർ അംഗീകരിക്കുകയും വസ്തുവിന് കിഴക്ക് വശത്ത് എൻഎച്ച് ബൈപാസ് റോഡ് സൗകര്യം ഉള്ളതിനാൽ, 'എൻഎച്ച് റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമി' എന്നതായിരിക്കണം വർഗ്ഗീകരണം എന്ന് മറുപടി നൽകുകയും (2023 ഓഗസ്റ്റ്) ചെയ്തു. അതിനാൽ, രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷം, രജിസ്ട്രേഷൻ ഓഫീസർ, 1959ലെ കേരള സ്റ്റാമ്പ് നിയമത്തിന്റെ വകുപ്പ് 45ബി പ്രകാരം ആധാരം വില കുറച്ചു കാണിച്ചതായി രേഖപ്പെടുത്തേണ്ടതായിരുന്നു. സർക്കാരിനുണ്ടായ നഷ്ടം നികത്താൻ 1959ലെ കേരള സ്റ്റാമ്പ് നിയമത്തിന്റെ വകുപ്പ് 45ബി(3) പ്രകാരം ജില്ലാ രജിസ്ട്രാർ (ജനറൽ) സ്വമേധയാ നടപടി ആരംഭിച്ചതായും അറിയിച്ചു.

---

[75] എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ ഇടപ്പള്ളി സൗത്ത് വില്ലേജിലെ സർവേ നമ്പർ 86 (സബ്ഡിവിഷൻ നമ്പർ 13/6, 13/7, 12എ/2, 12എ/3, 12ബി/2), 85 (സബ്ഡിവിഷൻ നമ്പർ 16ബി/3) എന്നിവയിൽ.

[76] ഭൂമി ₹7,50,00,000; കെട്ടിടം ₹9,00,000.

[77] 2019 ഫെബ്രുവരി 22ലെ 528/1/2019 നമ്പർ ആധാരം.

ഭൂമിയുടെ രജിസ്ട്രേഷൻ സമയത്ത്, ഭൂമിയുടെ ക്ലാസ്സിഫിക്കേഷൻ ശ്രദ്ധിച്ച് തെറ്റായ ക്ലാസ്സിഫിക്കേഷൻ ഒഴിവാക്കണമെന്ന് ശുപാർശ ചെയ്യുന്നു. ഖജനാവിന് നഷ്ടമുണ്ടാക്കിയതിന്റെ ഉത്തരവാദിത്തം രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥനിൽ നിജപ്പെടുത്തേണ്ടതാണ്.

5.5 ന്യായവില നിശ്ചയിക്കുന്നതിലെ പിഴവ് മൂലം സ്റ്റാമ്പ് തീരുവയുടെയും രജിസ്ട്രേഷൻ ഫീസിന്റെയും കുറഞ്ഞ ചുമത്തൽ

ഒരു റീസർവേ നമ്പറിൽ സ്ഥിതി ചെയ്യുന്ന വാണിജ്യ പ്രാധാന്യമുള്ള ഭൂമിക്ക് സബ് ഡിവിഷൻ വ്യക്തമാക്കാതെ റവന്യൂ ഡിവിഷണൽ ഓഫീസർ രണ്ട് ന്യായവില നിശ്ചയിച്ചു. ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിലെ പിഴവ്, സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസുമായി ₹7.44 ലക്ഷത്തിന്റെ കുറവ് വരുത്തി.

1959ലെ കേരള സ്റ്റാമ്പ് നിയമത്തിന്റെ വകുപ്പ് 28എ പ്രകാരം, ഭൂമി ഉൾപ്പെടുന്ന വസ്തുവിന്റെ രജിസ്ട്രേഷൻ സമയത്ത് ഈടാക്കാവുന്ന തീരുവ നിർണ്ണയിക്കുന്നതിന്, ഓരോ റവന്യൂ ഡിവിഷണൽ ഓഫീസറും (ആർഡിഒ) തന്റെ അധികാരപരിധിയിൽ സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ന്യായവില നിശ്ചയിക്കണം. ഇപ്രകാരം, റവന്യൂ ഡിവിഷണൽ ഓഫീസർമാർ നിശ്ചയിച്ചിട്ടുള്ള ഭൂമിയുടെ ന്യായവില, ഭൂമിയുടെ ഉപയോഗത്തെ അടിസ്ഥാനമാക്കി 15 വിഭാഗങ്ങളാക്കി തിരിച്ചുകൊണ്ട്, കേരള സർക്കാർ വിജ്ഞാപനം ചെയ്തു (2010 മാർച്ച്).

1995ലെ കേരള സ്റ്റാമ്പ് (ഭൂമിയുടെ ന്യായവില നിശ്ചയിക്കൽ) ചട്ടങ്ങളുടെ ചട്ടം 4 പ്രകാരം, ന്യായവില നിശ്ചയിച്ചതിന് ശേഷം, ഒരു വിജ്ഞാപനത്തിലൂടെ അത് പ്രസിദ്ധീകരിക്കേണ്ടതാണ്. വിജ്ഞാപനത്തിന്റെ ഫോം 'എ'യിൽ, സർവേ/ റീ-സർവേ നമ്പർ എന്നിവയുമായി ബന്ധപ്പെടുത്തി ഓരോ തുണ്ട് ഭൂമിയും, 15 നിർദ്ദിഷ്ട ക്ലാസ്സിഫിക്കേഷനിൽ ഒന്ന് തിരഞ്ഞെടുത്ത് അവയുടെ ഉപയോഗത്തിനനുസരിച്ച് തരംതിരിക്കേണ്ടതാണ്.

കട്ടപ്പന സബ് രജിസ്ട്രാർ ഓഫീസിലെ തീറാധാരങ്ങളുടെ സൂക്ഷ്മപരിശോധനയിൽ (2022 ഏപ്രിൽ), ₹47.00 ലക്ഷത്തിന് 10.12 ആർ ഭൂമി കൈമാറുന്ന വിലയാധാരം (നമ്പർ 1339/1/2016) 2016 മെയ് മാസത്തിൽ രജിസ്റ്റർ ചെയ്തതായി കണ്ടെത്തി. ഈ ഭൂമി ആദ്യം കട്ടപ്പന വില്ലേജിലെ ബ്ലോക്ക് 58ലെ റീസർവേ നമ്പർ 52ന്റെ ഭാഗമായിരുന്നു, അത് പിന്നീട് വിഭജിച്ച് സബ് ഡിവിഷൻ നമ്പർ 2 നൽകി. വസ്തു 'വാണിജ്യ പ്രാധാന്യമുള്ള ഭൂമി'യുടെ ഭാഗമാണെന്ന് രേഖയിൽ പ്രതിപാദിച്ചിരിക്കുന്നു. അതിനാൽ, ഐജിആർ നിർദ്ദേശങ്ങൾ അനുസരിച്ച്, റീസർവേ നമ്പർ 52ലെ 'വാണിജ്യ പ്രാധാന്യമുള്ള ഭൂമി'യുടെ ന്യായവിലയെ അടിസ്ഥാനമാക്കി സബ് രജിസ്ട്രാർ സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും ഈടാക്കണം.

'വാണിജ്യ പ്രാധാന്യമുള്ള ഭൂമി' എന്ന തരത്തിന് ഒരു ആറിന് ₹8.00 ലക്ഷവും ₹3.00 ലക്ഷവുമായി റീസർവേ നമ്പർ 52ൽ രണ്ട് വ്യത്യസ്ത ന്യായവില റവന്യൂ അധികാരികൾ നിശ്ചയിച്ചു. പരിഷ്കരിച്ച ന്യായവില പ്രകാരം രജിസ്ട്രേഷൻ തീയതിയിൽ (2016 മെയ് 12) ന്യായവില ഒരു ആറിന് ₹12.00 ലക്ഷവും ₹4.50 ലക്ഷവും ആയിരുന്നു.

സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും ഈടാക്കുന്നതിന്, സബ് രജിസ്ട്രാർ ഭൂമിയുടെ വിലയായ ₹121.44 ലക്ഷം (ആറിന് ₹12.00 ലക്ഷം നിരക്കിൽ) പരിഗണിക്കുന്നതിനുപകരം, രേഖയിൽ പറഞ്ഞിരിക്കുന്ന വിൽപ്പനവിലയായ ₹47.00 ലക്ഷം അടിസ്ഥാനപ്പെടുത്തിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇതിന്റെ ഫലമായി ഭൂമിയുടെ വില ₹74.44 ലക്ഷം കുറച്ചു കാണിക്കപ്പെടുകയും, **അനുബന്ധം-XXIX**ൽ കാണിച്ചിരിക്കുന്നതുപോലെ സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും ആയി ₹7.44 ലക്ഷം രൂപയുടെ കുറഞ്ഞ ഒടുക്കലിന് കാരണമാവുകയും ചെയ്തു.

ഇത് സർക്കാരിന് റിപ്പോർട്ട് ചെയ്തപ്പോൾ (2023 ജൂലൈ) മാതൃ സർവേ നമ്പറിൽ രണ്ട് ന്യായവിലകൾ നിലവിലുണ്ടെന്നും ആധാരത്തിൽ നൽകിയിരിക്കുന്ന മൊത്തം

പ്രതിഫലം ഗസറ്റിൽ പ്രതിപാദിച്ചിരിക്കുന്ന വിലയിലൊന്ന് അനുസരിച്ചാണ് എന്നും സർക്കാർ മറുപടി നൽകി (2023 ഓഗസ്റ്റ്). വസ്തുവിന്റെ വില ആധാരത്തിൽ ശരിയായി പ്രതിപാദിച്ചിട്ടില്ലെന്ന് വിശ്വസിക്കാൻ രജിസ്റ്റർ ചെയ്യുന്ന ഓഫീസർക്ക് കാരണമൊന്നുമില്ലെന്നതിനാൽ 1959ലെ കേരള സ്റ്റാമ്പ് നിയമത്തിലെ വകുപ്പ് 45ബി പ്രകാരം വിലകുറച്ചു കാണിച്ചതായി റിപ്പോർട്ട് ചെയ്തില്ല.

സർക്കാർ ഖജനാവിന്റെ താൽപര്യം സംരക്ഷിക്കുക എന്നത് റവന്യൂ പിരിവ് ഏൽപ്പിച്ചിരിക്കുന്ന ഓരോ സർക്കാർ ഉദ്യോഗസ്ഥന്റെയും കടമയും ഉത്തരവാദിത്തവുമാണ്. സബ്ഡിവിഷൻ നമ്പറുകൾ വ്യക്തമാക്കാതെ, റീസർവേ നമ്പർ 52ൽ 'വാണിജ്യ പ്രാധാന്യമുള്ള ഭൂമി' എന്ന് തരംതിരിച്ച ഭൂമിക്ക് റവന്യൂ ഡിവിഷണൽ ഓഫീസർ രണ്ട് ന്യായവില നിശ്ചയിച്ചതിനാൽ, ആധാരത്തിൽ വസ്തുവിന്റെ മൂല്യം യഥാർത്ഥത്തിൽ പ്രതിപാദിച്ചിട്ടില്ലെന്ന് വിശ്വസിക്കാൻ സബ് രജിസ്ട്രാർക്ക് കാരണങ്ങളുണ്ടായിരുന്നു. 1959ലെ കേരള സ്റ്റാമ്പ് നിയമത്തിന്റെ വകുപ്പ് 45ബി പ്രകാരം അദ്ദേഹം വില നിർണയത്തിനും അതിന്മേൽ ചുമത്താവുന്ന തീരുവയ്ക്കുമായി ആധാരം കളക്ടർ/ ജില്ലാ രജിസ്ട്രാർക്ക് റഫർ ചെയ്തിരിക്കണമെന്നതിനാൽ മറുപടി സ്വീകാര്യമല്ല.

ശരിയായ ന്യായവില നിർണയിക്കുന്നതിനായി ആധാരം കളക്ടർക്ക് റഫർ ചെയ്യുന്നതിൽ രജിസ്ട്രേഷൻ അതോറിറ്റി പരാജയപ്പെട്ടത് വരുമാനത്തിൽ ₹7.44 ലക്ഷം കുറവായി ഈടാക്കാൻ ഇടയാക്കി.

വസ്തുവിന്റെ രജിസ്ട്രേഷൻ സമയത്ത്, ഭൂമിക്ക് നിശ്ചയിച്ച ന്യായവിലയിൽ ശ്രദ്ധ ചെലുത്തണമെന്നും എന്തെങ്കിലും അവ്യക്തത ഉണ്ടായാൽ, ഭൂമിയുടെ വില നിർണ്ണയിക്കാൻ കളക്ടർക്ക് കേസ് റിപ്പോർട്ട് ചെയ്യാമെന്നും ശുപാർശ ചെയ്യുന്നു.

ഭാഗം II

സാമ്പത്തിക സേവനങ്ങൾ

അദ്ധ്യായം I

പൊതുവായവ

അദ്ധ്യായം - I
പൊതുവായവ

1.1 ഓഡിറ്റ് ചെയ്യപ്പെട്ട വകുപ്പുകളുടെ രൂപരേഖയും ചെലവിന്റെ പ്രവണതയും

കമ്മീഷണർമാർ/ ഡയറക്ടർമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ കീഴുദ്യോഗസ്ഥർ എന്നിവരുടെ സഹായത്തോടെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ എന്നിവരാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വകുപ്പുകൾക്ക് നേതൃത്വം നൽകുന്നത്. ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നാല് വകുപ്പുകളുടെയും യഥാർത്ഥ റവന്യൂ, മൂലധനചെലവുകളുടെയും ബഡ്ജറ്റ് വകയിരുത്തലുകളുടെയും വിശദാംശങ്ങൾ **പട്ടിക 1.1**ൽ നൽകിയിരിക്കുന്നു.

പട്ടിക 1.1 : 2022-23 വർഷത്തിലെ ബഡ്ജറ്റ് വകയിരുത്തലുകളും യഥാർഥ റവന്യൂ മൂലധന ചെലവുകളും

(₹ കോടിയിൽ)

ക്രമ നമ്പർ	വകുപ്പിന്റെ പേര്	റവന്യൂ		മൂലധനം	
		ബഡ്ജറ്റ് വകയിരുത്തൽ	ചെലവ്	ബഡ്ജറ്റ് വകയിരുത്തൽ	ചെലവ്
1	പൊതുമരാമത്ത്	3,908.72	3,016.00	3,462.85	2,852.56
2	വനം-വന്യജീവി	731.43	648.71	88.80	66.52
3	പരിസ്ഥിതി - കാലാവസ്ഥാ വ്യതിയാനം*	ബാധകമല്ല	ബാധകമല്ല	ബാധകമല്ല	ബാധകമല്ല
4	ശാസ്ത്ര സാങ്കേതികം*	ബാധകമല്ല	ബാധകമല്ല	ബാധകമല്ല	ബാധകമല്ല
	ആകെ	**4,640.15**	**3,664.71**	**3,551.65**	**2,919.08**

സ്രോതസ്സ്: കേരള സർക്കാരിന്റെ 2022-23 വർഷത്തെ അപ്രോപ്രിയേഷൻ അക്കൗണ്ട്സ്.

* ബഡ്ജറ്റിൽ പ്രത്യേക ഗ്രാന്റ് ഹെഡ്ഡുകളില്ലാത്ത സെക്രട്ടേറിയറ്റ് തല വകുപ്പുകളാണിവ. അവയ്ക്ക് കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ടുകൾ മറ്റ് വിവിധ ഗ്രാന്റ് ഹെഡ്ഡുകൾക്ക് കീഴിലാണ് വകയിരുത്തുന്നത്, അതിനാൽ അവയുടെ ചെലവുകളും ആ ഹെഡ്ഡ്സ് ഓഫ് അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2022-23 വർഷത്തിൽ, ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ കുറഞ്ഞ തുകയാണ് മൂലധനത്തിനും റവന്യൂവിനുമായി വകുപ്പുകൾ ചെലവഴിച്ചത്. മൊത്തം മൂലധന ബഡ്ജറ്റ് വിഹിതമായ 3,551.65 കോടി രൂപയിൽ 2,919.08 കോടി രൂപ (82.18 ശതമാനം) വകുപ്പുകൾ ചെലവഴിച്ചു. അതുപോലെ, മൊത്തം റവന്യൂ ബഡ്ജറ്റ് വിഹിതമായ 4,640.15 കോടി രൂപയിൽ 3,664.71 കോടി രൂപ (78.98 ശതമാനം) വകുപ്പുകൾ ചെലവഴിച്ചു.

1.2 ഓഡിറ്റ് നടത്തുന്നതിനുള്ള അധികാരം

വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും (പി.എസ്.യു-കൾ) ഓഡിറ്റ് ചെയ്യുന്നതിനായി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിനുള്ള (സി.എ.ജി) അധികാരം ഇന്ത്യൻ ഭരണഘടനയുടെ 149, 151 അനുഛേദങ്ങൾ പ്രകാരവും 1971ലെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (ചുമതലകൾ, അധികാരങ്ങൾ, സേവന വ്യവസ്ഥകൾ) നിയമവും [സി.എ.ജി-യുടെ (ഡി.പി.സി) നിയമം] അനുസരിച്ചാണ്. വിവിധ ഓഡിറ്റുകൾക്കായുള്ള തത്ത്വങ്ങളും രീതിശാസ്ത്രങ്ങളും സി.എ.ജി പുറപ്പെടുവിച്ച 2020-ലെ ഓഡിറ്റ് ആൻഡ് അക്കൗണ്ട്സ് റെഗുലേഷൻസ്, 2017-ലെ ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1.3 ഓഡിറ്റ് യൂണിവേഴ്സും യൂണിറ്റുകളുടെ കവറേജും

2022-23 വർഷത്തിൽ, നാലു വകുപ്പുകളുടെ കീഴിൽ 111 ഓഡിറ്റ് യൂണിറ്റുകൾ ഉണ്ടായിരുന്നു, അതിൽ 100 യൂണിറ്റുകൾ 920 പാർട്ടി ദിനങ്ങൾ ഉപയോഗിച്ച് ഓഡിറ്റ് ചെയ്തു.

ഈ ഭാഗത്ത് ഉൾപ്പെടുത്തിയിട്ടുള്ള നാല് ഖണ്ഡികകൾ നാലാഴ്ചയ്ക്കുള്ളിൽ പ്രതികരണം (മറുപടി) ലഭ്യമാക്കുന്നതിനായി 2023 ഡിസംബറിനും 2024 ജൂലൈയ്ക്കും മദ്ധ്യേ ബന്ധപ്പെട്ട വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ എന്നിവർക്ക് അർദ്ധഔദ്യോഗികമായി നൽകിയിരുന്നു. ഖണ്ഡികകളുമായി ബന്ധപ്പെട്ട് ലഭിച്ച സർക്കാർ മറുപടികൾ ഖണ്ഡികകളിൽ ഉചിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

1.4 ഓഡിറ്റിന്റെ ആസൂത്രണവും നടത്തിപ്പും

ചെലവായ തുകകൾ, പ്രവർത്തനങ്ങളുടെ നിർണ്ണായകത/ സങ്കീർണ്ണത, ചുമതല പ്പെടുത്തിയിട്ടുള്ള സാമ്പത്തിക അധികാരങ്ങളുടെ പരിധി, മൊത്തത്തിലുള്ള ആഭ്യന്തര നിയന്ത്രണങ്ങളുടെ വിലയിരുത്തൽ, ഗുണഭോക്താക്കളുടെ ആശങ്കകൾ എന്നിവയെ അടിസ്ഥാനമാക്കി വിവിധ സർക്കാർ വകുപ്പുകളും സ്വയംഭരണ സ്ഥാപനങ്ങളും നേരിടുന്ന അപകട സാധ്യതകളെ വിലയിരുത്തിക്കൊണ്ടാണ് ഓഡിറ്റ് പ്രക്രിയ ആരംഭിക്കുന്നത്. മുൻ ഓഡിറ്റ് കണ്ടെത്തലുകളും ഈ പ്രവൃത്തിയിൽ പരിഗണിക്കുന്നു. അപകട സാധ്യതകളുടെ വിലയിരുത്തലിനെ അടിസ്ഥാനമാക്കിയാണ് ഓഡിറ്റിന്റെ ആവൃത്തിയും വ്യാപ്തിയും തീരുമാനിക്കുന്നത്.

ഓരോ യൂണിറ്റിന്റെയും ഓഡിറ്റ് പൂർത്തിയാക്കിയ ശേഷം, ഓഡിറ്റ് കണ്ടെത്തലുകൾ ഉൾകൊള്ളുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ട് (ഐ.ആർ) വകുപ്പ് മേധാവിക്കും ഭരണവകുപ്പിനും നൽകും. ഇൻസ്പെക്ഷൻ റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിനകം ഓഡിറ്റ് കണ്ടെത്തലുകൾക്കുള്ള മറുപടികൾ നൽകാൻ വകുപ്പുകളോട് അഭ്യർത്ഥിക്കുന്നു. മറുപടികൾ ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റ് കണ്ടെത്തലുകൾ തീർപ്പാക്കുകയോ അല്ലെങ്കിൽ അനുസരണത്തിനായി തുടർനടപടികൾ നിർദ്ദേശിക്കുകയോ ചെയ്യുന്നു. ഈ ഇൻസ്പെക്ഷൻ റിപ്പോർട്ടുകളിൽ നിന്ന് ഉയർന്ന് വരുന്ന പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തുന്നതിനായി നടപടി കൈക്കൊള്ളുന്നു. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 151 പ്രകാരം സംസ്ഥാന നിയമസഭയിൽ അവതരിപ്പിക്കുന്നതിനായി ഓഡിറ്റ് റിപ്പോർട്ടുകൾ ബഹുമാനപ്പെട്ട സംസ്ഥാന ഗവർണർക്ക് സമർപ്പിക്കുന്നു.

1.5 ഓഡിറ്റിനോടുള്ള സർക്കാരിന്റെ പ്രതികരണം

സർക്കാർ വകുപ്പുകളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും ഇടപാടുകളുടെ മാതൃകാ പരിശോധന നടത്തുവാനും, നിയമങ്ങളും നടപടിക്രമങ്ങളും അനുശാസിക്കുന്ന വിധത്തിൽ പ്രധാനപ്പെട്ട അക്കൗണ്ടുകളും മറ്റ് രേഖകളും പരിപാലിക്കുന്നുണ്ടോ എന്ന് സ്ഥിരീകരിക്കുവാനും വേണ്ടിയാണ് അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) അവയുടെ ഓഡിറ്റ് നടത്തുന്നത്. ഓഡിറ്റിനിടെ കണ്ടെത്തിയതും തത്സമയം തീർപ്പാക്കാത്തതുമായ ക്രമക്കേടുകൾ ഈ പരിശോധനകൾക്ക് ശേഷം തയ്യാറാക്കപ്പെടുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തുന്നു. വകുപ്പു മേധാവികൾ ഒരു മാസത്തിനുള്ളിൽ ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾക്ക് മറുപടി നൽകേണ്ടതുണ്ട്. ഇൻസ്പെക്ഷൻ റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കുന്ന തിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി സർക്കാർ ഓഡിറ്റ് സമിതികൾ/ ഓഡിറ്റ് ഉപസമിതികൾ എന്നിവയും രൂപീകരിക്കുന്നു.

1.5.1 തീർപ്പാക്കാത്ത ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ

2023 ജൂൺ 30 വരെ, ഈ റിപ്പോർട്ടിന് കീഴിൽ വരുന്ന നാല് വകുപ്പുകളുമായി ബന്ധപ്പെട്ട 558 ഇൻസ്പെക്ഷൻ റിപ്പോർട്ടുകളിലെ 3,011 ഖണ്ഡികകൾ തീർപ്പാക്കാതെ

ശേഷിക്കുകയാണ്. തീർപ്പാക്കാതെ ശേഷിക്കുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം - XXX**ൽ വിശദീകരിച്ചിരിക്കുന്നു.

1.5.2 ഓഡിറ്റ് സമിതി യോഗങ്ങൾ

2022-23 വർഷത്തിൽ നടന്ന ഓഡിറ്റ് സമിതി യോഗങ്ങളുടെയും അതിൽ തീർപ്പാക്കിയ ഖണ്ഡികകളുടെയും വിശദാംശങ്ങൾ **പട്ടിക 1.2**ൽ നൽകിയിരിക്കുന്നു.

പട്ടിക 1.2 : 2022-23 കാലയളവിൽ നടന്ന ഓഡിറ്റ് സമിതി യോഗങ്ങളുടെ വിശദാംശങ്ങൾ

ക്രമ നമ്പർ	വകുപ്പിന്റെ പേര്	ഓഡിറ്റ് സമിതി യോഗങ്ങളുടെ എണ്ണം	തീർപ്പാക്കിയ ഖണ്ഡികകളുടെ എണ്ണം
1	പൊതുമരാമത്ത്	1	26
2	വനം - വന്യജീവി	2	20
3	പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം	ഇല്ല	ബാധകമല്ല
4	ശാസ്ത്ര സാങ്കേതികവിദ്യ	ഇല്ല	ബാധകമല്ല
ആകെ		**3**	**46**

സ്രോതസ്സ്: ഓഡിറ്റ് സമാഹരിച്ച വിശദാംശങ്ങൾ.

1.5.3 ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടികൾ

ഓഡിറ്റ് സൂക്ഷ്മപരിശോധനാ പ്രക്രിയയുടെ പരിസമാപ്തിയെയാണ് സി.എ.ജി-യുടെ റിപ്പോർട്ടുകൾ പ്രതിനിധീകരിക്കുന്നത്. അതുകൊണ്ട് തന്നെ, അതിന്മേലുള്ള എക്സിക്യൂട്ടീവിന്റെ ഉചിതവും സമയബന്ധിതവുമായ പ്രതികരണം ലഭിക്കുക എന്നത് അത്യന്താപേക്ഷിതമാണ്. ഓഡിറ്റ് നിരീക്ഷണങ്ങൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി നിയമസഭയിൽ അവതരിപ്പിച്ച് രണ്ട് മാസത്തിനുള്ളിൽ സി.എ.ജി-യുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പെർഫോമൻസ് ഓഡിറ്റുകൾ (പി.എ-കൾ)/ ഖണ്ഡികകൾക്കുള്ള വിശദീകരണ കുറിപ്പുകൾ നൽകാൻ ധനകാര്യവകുപ്പ് 2017-ൽ എല്ലാ ഭരണ വകുപ്പുകൾക്കും നിർദ്ദേശങ്ങൾ നൽകി.

2017-18 മുതൽ 2019-21 വരെയുള്ള കാലയളവിലെ 16 ഖണ്ഡികകളുമായി ബന്ധപ്പെട്ട പരിഹാര നടപടികൾ സ്വീകരിച്ചതിന്റെ സ്റ്റേറ്റ്മെന്റ് 2024 ഏപ്രിൽ വരെ വകുപ്പുകൾ സമർപ്പിച്ചിട്ടില്ല.

1.5.4 ഓഡിറ്റ് ഖണ്ഡികകളിന്മേൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചർച്ച

2024 മാർച്ചിലെ കണക്കുപ്രകാരം, 2017-18 മുതൽ 2019-21 വരെയുള്ള കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ അഞ്ച് വകുപ്പുകളെ സംബന്ധിച്ച 21 ഖണ്ഡികകൾ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാനുണ്ട്. കൃഷി, വനം-വന്യജീവി, ടൂറിസം വകുപ്പുകളിൽ നിന്ന് ഓരോ ഖണ്ഡികകൾ വീതവും, ശാസ്ത്ര സാങ്കേതിക വകുപ്പിൽ രണ്ടും പൊതുമരാമത്ത് വകുപ്പിൽ നിന്ന് 16 ഖണ്ഡികകളും ആണ് ചർച്ച ചെയ്യുവാനായി ഇനിയും ശേഷിക്കുന്നത്.

ശുപാർശകൾ :

സർക്കാർ

- ***പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശകളിന്മേലുള്ള നടപടി സ്വീകരിച്ച റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള മറുപടികൾ/ വിശദീകരണ കുറിപ്പുകളും നിശ്ചിത സമയക്രമം അനുസരിച്ച് നൽകുന്നു എന്നത് ഉറപ്പാക്കുക.***

- ***ഓഡിറ്റ് സമിതി യോഗങ്ങൾ പതിവായി നടത്തുന്നുണ്ടെന്ന് ഉറപ്പാക്കുക.***

- ***കരട് ഖണ്ഡികകളുടെയും അനുവർത്തന ഓഡിറ്റ് ഖണ്ഡികകളുടെയും മറുപടികൾ കൃത്യസമയത്ത് നൽകുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നൽകുക.***

അദ്ധ്യായം II

അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

അദ്ധ്യായം - II
അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

ഗതാഗത വകുപ്പ്

2.1 റോഡ് സുരക്ഷാ ഫണ്ടിലേക്ക് തുക കൈമാറ്റം ചെയ്യാത്തതും/ ഭാഗികമായി കൈമാറ്റം ചെയ്തതും

1988ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 215 പ്രകാരം സംസ്ഥാനത്തെ എല്ലാ റോഡ് ഉപയോക്താക്കൾക്കും സുരക്ഷിതമായ ഗതാഗതത്തിന് മുൻഗണന നൽകുന്നതിനും ഉറപ്പാക്കുന്നതിനുമായി കേരള സർക്കാർ 2007 ഏപ്രിലിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് (കെ. ആർ.എസ്.എ നിയമം) നടപ്പിലാക്കി. 2007ലെ കെ. ആർ.എസ്.എ നിയമത്തിലെ വകുപ്പ് 11(1) പ്രകാരമാണ് കേരള സർക്കാർ റോഡ് സുരക്ഷാ ഫണ്ട് രൂപീകരിച്ചത്. കെ.ആർ.എസ്.എ നിയമത്തിലെ വകുപ്പ് 4 പ്രകാരം, റോഡ് സുരക്ഷാ ഫണ്ട് കൈകാര്യം ചെയ്യുക എന്നതാണ് കെ.ആർ.എസ്.എ-യുടെ പ്രവർത്തനങ്ങളിലൊന്ന്. റോഡ് സുരക്ഷാ പരിപാടികൾ, ബോധവൽക്കരണ പരിപാടികൾ, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങൽ, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളെക്കുറിച്ചുള്ള അംഗീകൃത പഠനങ്ങൾക്കും ഗവേഷണത്തിനും ധനസഹായം, ട്രോമ കെയർ പ്രോഗ്രാമുകൾ, കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾ എന്നിവയ്ക്കും നിർദ്ദേശിച്ചിട്ടുള്ള മറ്റ് ആവശ്യങ്ങൾക്കുമായി ഈ ഫണ്ട് വിനിയോഗിക്കേണ്ടതാണ്.

കെ.ആർ.എസ്.എ നിയമത്തിലെ വകുപ്പ് 10 വാഹന ഉടമകളിൽ നിന്ന് ഒറ്റത്തവണ സെസ്സ് പിരിക്കാൻ അനുവദിക്കുന്നു. ഇത് കെ.ആർ.എസ്.എ നിയമത്തിലെ വകുപ്പ് 11(2) പ്രകാരം റോഡ് സുരക്ഷാ ഫണ്ടിലേക്ക് നിക്ഷേപിക്കണം. ഈ നിയമത്തിലെ വകുപ്പ് 10(6) പ്രകാരം ശേഖരിച്ച സെസ്സിൽ നിന്നുള്ള തുക തുടക്കത്തിൽ സഞ്ചിതനിധിയിലേക്ക് നിക്ഷേപിക്കപ്പെടും. 2007ലെ കെ.ആർ.എസ്.എ ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം ഒറ്റത്തവണ സെസ്സിന്റെ ഒരു ശതമാനമായി നിർവ്വചിച്ചിട്ടുള്ള കളക്ഷൻ ചാർജ്ജുകൾ കുറച്ചതിനുശേഷം, ബാക്കി തുക റോഡ് സുരക്ഷാ ഫണ്ടിലേക്ക് മാറ്റുന്നു. കൂടാതെ, ഈ നിയമത്തിലെ വകുപ്പ് 11(3) പ്രകാരം, 1988ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 200-ന് കീഴിൽ മുൻ വർഷം ശേഖരിച്ച കോമ്പൗണ്ടിംഗ് ഫീസിന്റെ 50 ശതമാനത്തിന് തുല്യമായ തുക, പ്രതിവർഷം ഫണ്ടിലേക്ക് സംഭാവന ചെയ്യാൻ സർക്കാരിന് ബാധ്യതയുണ്ട്. 1988ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 200 പ്രകാരം ചില കുറ്റകൃത്യങ്ങളുടെ കോമ്പൗണ്ടിംഗ് പ്രോസിക്യൂഷനു പകരമായി നിർവ്വചിക്കുന്നു; കൂടാതെ നിർദ്ദിഷ്ട കോമ്പൗണ്ടിംഗ് ഫീസ് സർക്കാർ ഈടാക്കുന്നു. മോട്ടോർ വാഹന നിയമലംഘനങ്ങളുടെ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കാൻ മോട്ടോർ വാഹന വകുപ്പിന്റെയും പൊലീസിന്റെയും എൻഫോഴ്സ്മെന്റ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2023 മാർച്ച് 31ലെ കണക്കനുസരിച്ച്, റോഡ് സുരക്ഷാ ഫണ്ടിന്റെ വിനിയോഗം ഇപ്രകാരമാണ്:

പട്ടിക 2.1 : റോഡ് സുരക്ഷാ ഫണ്ടിന് കീഴിലുള്ള വരവിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ

(₹ ലക്ഷത്തിൽ)

വർഷം	മുന്നിരിപ്പ്	റോഡ് സുരക്ഷാ ഫണ്ടിലേക്ക് സർക്കാരിൽ നിന്ന് ലഭിച്ച തുക	പലിശ	തിരിച്ചടവ് [78]	ആകെ	ഓഹരി ഉടമകൾക്ക് അനുവദിച്ച തുക	ഭരണപരമായ ചെലവ്	ആകെ ചെലവ്	നീക്കിയിരുപ്പ്
	1	2	3	4	5 (1+2+3+4)	6	7	8 (6 + 7)	9 (5 - 8)
2018-19	205.16	2,239.13	11.27	293.55	2,749.11	729.32	163.43	892.75	1,856.36
2019-20	1,856.36	2,200.00	6.52	186.54	4,249.42	1,349.21	140.59	1,489.80	2,759.62
2020-21	2,759.62	0.00	665.79	14.91	3,440.32	945.82	185.48	1,131.30	2,309.02
2021-22	2,309.02	11,305.00	99.93	78.21	13,792.16	1,164.34	155.51	1,319.85	12,472.31
2022-23	12,472.31	0.00	333.73	32.51	12,838.55	1,786.33	235.87	2,022.20	10,816.35

സ്രോതസ്സ്: കെ.ആർ.എസ്.എ-യിൽ നിന്നുള്ള ഡാറ്റ.

കെ.ആർ.എസ്.എ അംഗീകരിച്ച പദ്ധതികൾക്കായി ഫണ്ട് അനുവദിക്കുന്നതിനുപകരം 100 കോടിയിലധികം രൂപ കെ.ആർ.എസ് ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. പദ്ധതി പൂർത്തിയായതിന് ശേഷമാണ് ഫണ്ട് അനുവദിക്കുന്നതെന്നും (മുൻകൂർ അല്ല) റോഡ് സുരക്ഷാ ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിൽ 108.16 കോടി രൂപ ബാക്കിയുണ്ടാകാൻ കാരണമിതാണെന്നും 2024 ഒക്ടോബർ മാസത്തിൽ നടത്തിയ എക്സിറ്റ് മീറ്റിംഗിൽ കെ.ആർ.എസ്.എ ഉദ്യോഗസ്ഥർ വ്യക്തമാക്കി. 2020-21, 2022-23 വർഷങ്ങളിൽ തുക കൈമാറ്റം ചെയ്തിട്ടില്ലെന്നും ശ്രദ്ധയിൽപ്പെട്ടു. ഈ വിഷയം ഓഡിറ്റ് ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും, ധനകാര്യ വകുപ്പിൽ നിന്ന് ഒരു മറുപടിയും ലഭിച്ചിട്ടില്ല (2025 ഫെബ്രുവരി).

റോഡ് സുരക്ഷാ ഫണ്ട് കൈകാര്യം ചെയ്യുന്നതിൽ ഇനിപ്പറയുന്ന പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടു:

2.1.1 റോഡ് സുരക്ഷാ ഫണ്ടിലേക്ക് സ്വരൂപിച്ച സെസ്സിന്റെയും കോമ്പൗണ്ടിംഗ് ഫീസിന്റെയും ഭാഗികമായ കൈമാറ്റം

2018-19 മുതൽ 2022-23 വരെയുള്ള അഞ്ച് വർഷത്തേക്ക് റോഡ് സുരക്ഷാ ഫണ്ടിലേക്ക് മാറ്റേണ്ടതും എന്നാൽ സഞ്ചിതനിധിയിൽ നിലനിർത്തിയതുമായ തുക **പട്ടിക - 2.2**ൽ വിവരിക്കുന്നു. 2018-19 മുതൽ 2022-23 വരെയുള്ള അഞ്ച് വർഷത്തേക്ക് ശേഖരിച്ച സെസ്സ് (ഹെഡ് ഓഫ് അക്കൗണ്ട്:0041-00-800-99), 2017-18 മുതൽ 2021-22 വരെയുള്ള അഞ്ച് വർഷത്തേക്ക് ശേഖരിച്ച കോമ്പൗണ്ടിംഗ് ഫീസ് (ഹെഡ് ഓഫ് അക്കൗണ്ട്:0041-00-102-97) എന്നിവയെക്കുറിച്ചുള്ള ഡാറ്റ ഉപയോഗിച്ച് ഈ തുക ഓഡിറ്റ് നിർണ്ണയിച്ചു. റോഡ് സുരക്ഷാ ഫണ്ടിലേക്കുള്ള ഭാഗിക കൈമാറ്റത്തിന്റെ വിശദാംശങ്ങൾ **പട്ടിക - 2.3**ൽ നൽകിയിരിക്കുന്നു.

[78] വിവിധ നിർവ്വഹണ ഏജൻസികൾ കെ.ആർ.എസ്.എ-യ്ക്ക് തിരികെ നൽകിയ തുക.

പട്ടിക 2.2 : പിരിച്ചെടുത്ത സെസ്സിന്റെയും കോമ്പൗണ്ടിംഗ് ഫീസിന്റെയും വിശദാംശങ്ങൾ

(₹ ലക്ഷത്തിൽ)

വർഷം	പിരിച്ചെടുത്ത സെസ്	ഒരു ശതമാനം കുറച്ച ശേഷമുള്ള സെസ്	പിരിച്ചെടുത്ത കോമ്പൗണ്ടിംഗ് ഫീസ്	മുൻ വർഷത്തെ (4) അപേക്ഷിച്ച് കോമ്പൗണ്ടിംഗ് ഫീസിന്റെ 50 ശതമാനം	ആകെ (3+5)
1	2	3	4	5	6
2017-18	-	-	18,658.89		
2018-19	765.23	757.58	17,144.87	9,329.45	10,087.03
2019-20	653.24	646.71	21,318.12	8,572.44	9,219.15
2020-21	509.07	503.98	12,559.64	10,659.06	11,163.04
2021-22	644.34	637.90	11,111.23	6,279.82	6,917.72
2022-23	739.85	732.45	-	5,555.62	6,288.07
ആകെ					**43,675.01**

സ്രോതസ്സ്: കോളം 2, 4 എന്നിവയിലെ ഡാറ്റ വി.എൽ.സി-യിൽ നിന്നുള്ളതാണ്.

പട്ടിക 2.3 : റോഡ് സുരക്ഷാ ഫണ്ടിലേക്കുള്ള ഭാഗിക കൈമാറ്റം

(₹ ലക്ഷത്തിൽ)

വർഷം	2018-19	2019-20	2020-21	2021-22	2022-23	ആകെ
കൈമാറ്റം ചെയ്യേണ്ട തുക	10,087.03	9,219.15	11,163.04	6,917.72	6,288.07	43,675.01
കൈമാറ്റം ചെയ്ത തുക	2,239.13	2,200.00	0.00	11,305.00	0.00	15,744.13
കൈമാറ്റം ചെയ്ത തുകയിലെ കുറവ്	7,847.90	7,019.15	11,163.04	-4,387.28	6,288.07	27,930.88

സെസ്സായും കോമ്പൗണ്ടിംഗ് ഫീസായും പിരിച്ചെടുത്ത 43,675.01 ലക്ഷം രൂപ റോഡ് സുരക്ഷാ ഫണ്ടിലേക്ക് മാറ്റേണ്ടതായിരുന്നു. എന്നാൽ 15,744.13 ലക്ഷം രൂപ മാത്രമാണ് കൈമാറിയത്. അങ്ങനെ, 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ കൈമാറ്റം ചെയ്ത തുകയിലുണ്ടായ കുറവ് 27,930.88 ലക്ഷം രൂപയാണ്. ഈ ഭാഗിക കൈമാറ്റം നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമല്ല, കൂടാതെ റോഡ് സുരക്ഷാ ഫണ്ടിന്റെ മൊത്തത്തിലുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ദോഷകരവുമാണ്.

2024 ജൂണിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചെങ്കിലും സർക്കാരിൽ നിന്ന് മറുപടിയൊന്നും ലഭിച്ചിട്ടില്ല (2025 ഫെബ്രുവരി).

2.1.2 പോലീസ് വകുപ്പ് പിരിച്ചെടുത്ത കോമ്പൗണ്ടിംഗ് ഫീസിൽ നിന്നും കെ.ആർ.എസ്.എ-യ്ക്ക് കൈമാറാത്ത തുക

കെ.ആർ.എസ്.എ നിയമത്തിലെ വകുപ്പ് 11(3) പ്രകാരം, 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 200 അനുസരിച്ചും (എം.വി.ഡി), 2019 ഒക്ടോബർ 26-ലെ സ.ഉ.(പി) നമ്പർ.37/2019/ട്രാൻസ് അനുസരിച്ചും (പോലീസ്) പിരിച്ചെടുത്ത കോമ്പൗണ്ടിംഗ് ഫീസിന്റെ 50 ശതമാനം കൈമാറാൻ സർക്കാർ ബാധ്യസ്ഥരാണ്. മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കുമ്പോഴോ വാഹൻ വഴി ചലാൻ പുറപ്പെടുവിക്കുമ്പോഴോ, തുക അക്കൗണ്ട് ഹെഡ് 0041-00-102-97-ൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നു. പോലീസ് വകുപ്പിനെ സംബന്ധിച്ചിടത്തോളം, പോലീസ് ഉദ്യോഗസ്ഥർ സംഭവസ്ഥലത്ത് നിന്ന് പിരിച്ചെടുത്ത തുക 2020 സെപ്റ്റംബർ വരെ 0041-00-102-97 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും 2020 ഒക്ടോബർ മുതൽ ഈ തുക 0055-00-103-95 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തുവരുന്നു.

2020 ഒക്ടോബർ 01 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ 248.16 കോടി രൂപ കോമ്പൗണ്ടിംഗ് ഫീസ് പിരിച്ചെടുത്ത് 0055-00-103-95 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിക്ഷേപിച്ചുവെങ്കിലും, ഈ തുകയുടെ 50 ശതമാനം റോഡ് സുരക്ഷാ ഫണ്ടിലേക്ക് സർക്കാർ കൈമാറിയിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. പോലീസ് വകുപ്പ് പിരിച്ചെടുത്ത കോമ്പൗണ്ടിംഗ് ഫീസിന്റെ 50 ശതമാനമായ 124.08 കോടി രൂപ കൈമാറ്റം ചെയ്യാതിരിക്കാൻ ഇത് കാരണമായി. പണം കൈമാറ്റം ചെയ്യാത്തത് റോഡ് സുരക്ഷാ ഫണ്ടിന്റെ മൊത്തത്തിലുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനെ ബാധിക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

ഇക്കാര്യം 2024 ജൂണിൽ ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ഇതുവരെ മറുപടി ലഭിച്ചിട്ടില്ല (2025 ഫെബ്രുവരി).

2.1.3 മോട്ടോർ വാഹന വകുപ്പ് കോമ്പൗണ്ടിംഗ് ഫീസ് പിരിച്ചെടുക്കാത്തതും/ പിരിച്ചെടുത്തതിലെ കുറവും

1988ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 200-ലെ നിർവ്വചന പ്രകാരം ചില കുറ്റകൃത്യങ്ങൾ കോടതി വിചാരണയ്ക്ക് പകരമായി ഒരു നിശ്ചിത തുകയ്ക്ക് തീർപ്പാക്കാം. 1988ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 194 പ്രകാരം അനുവദനീയമായ ലോഡ് പരിധിക്കപ്പുറം ഭാരം കയറ്റിയ മോട്ടോർ വാഹനം ഓടിക്കുന്ന വ്യക്തികൾക്ക് കുറഞ്ഞത് രണ്ടായിരം രൂപ പിഴയും, അധിക ലോഡിന് ഓരോ ടണ്ണിനും ആയിരം രൂപ അധിക പിഴയും ചുമത്തുന്നു. 2019 ഓഗസ്റ്റ് 09 മുതൽ പ്രാബല്യത്തിൽ വന്ന മേൽപ്പറഞ്ഞ നിയമത്തിലെ ഭേദഗതി പ്രകാരം പിഴ ഇരുപതിനായിരം രൂപയായി ഉയർത്തുകയും, അധിക ലോഡ് ടണ്ണിന് രണ്ടായിരം രൂപ അധിക പിഴയായി നിശ്ചയിക്കുകയും ചെയ്തു. 2019 ഒക്ടോബർ 26ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സർക്കാർ പിഴ പതിനായിരം രൂപയായി കുറയ്ക്കുകയും, അധിക ലോഡിന് ടണ്ണിന് ആയിരത്തി അഞ്ഞൂറ് രൂപ പിഴ കൂടി അടയ്ക്കണം എന്നും നിശ്ചയിച്ചു.

ഓഡിറ്റ് കാലയളവിൽ ശ്രദ്ധയിൽപ്പെട്ട, അനുവദനീയമായ പരിധിയിലധികം ഭാരവുമായി ഓടുന്ന വാഹനങ്ങളുടെ നിയമലംഘനം സംബന്ധിച്ച ചെക്ക് റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധിച്ചു. 'വാഹൻ' സിസ്റ്റത്തിലേക്കുള്ള ഡാറ്റാ കൈമാറ്റ സമയത്ത് 'സ്മാർട്ട് മൂവ്'[79] സിസ്റ്റത്തിൽ 'ആക്ടീവ്'[80] എന്ന നിലയിലുള്ള ചെക്ക് റിപ്പോർട്ട് സ്റ്റാറ്റസിലാണ് സൂക്ഷ്മപരിശോധന കേന്ദ്രീകരിച്ചത്. പരിശോധിച്ച 420 കേസുകളിൽ 99 കേസുകളിലും (2018-2021 കാലയളവുമായി ബന്ധപ്പെട്ട്), അനുബന്ധ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കാതെ തന്നെ ചലാനുകൾ തീർപ്പാക്കുകയും വാഹനങ്ങൾ ബ്ലാക്ക് ലിസ്റ്റിൽ നിന്ന് നീക്കം ചെയ്യുകയും ചെയ്തതായി വെളിപ്പെട്ടു. ഈ നടപടിയുടെ ഫലമായി **പട്ടിക - 2.4**ൽ നൽകിയിരിക്കുന്നതുപോലെ

[79] വാഹൻ അവതരിപ്പിക്കുന്നതിന് മുമ്പ് കേരള മോട്ടോർ വാഹന വകുപ്പ് ഉപയോഗിച്ചിരുന്ന സോഫ്റ്റ്‌വെയറായിരുന്നു 'സ്മാർട്ട് മൂവ്'.

[80] 'ആക്റ്റിവ്' എന്നത് വാഹൻ സോഫ്റ്റ്‌വെയറിൽ അടച്ചിട്ടില്ലാത്ത ചലാൻ റിപ്പോർട്ടിന്റെ സ്റ്റാറ്റസാണ്.

തിരഞ്ഞെടുത്ത ജില്ലകളിൽ[81], 13.57 ലക്ഷം രൂപയുടെ കോമ്പൗണ്ടിംഗ് ഫീസ് പിരിച്ചെടുക്കാതിരിക്കുകയും (70 കേസുകളിൽ) 3.20 ലക്ഷം രൂപയുടെ കോമ്പൗണ്ടിംഗ് ഫീസ് പിരിച്ചെടുക്കുന്നതിൽ കുറവ് വരികയും ചെയ്തു (29 കേസുകളിൽ).

കൂടാതെ, **അനുബന്ധം - XXXI**ൽ (2018-2020 കാലയളവുമായി ബന്ധപ്പെട്ട്) വിശദമാക്കിയിരിക്കുന്നതുപോലെ 50 കേസുകൾ വാഹൻ സോഫ്റ്റ്‌വെയറിൽ സജീവമായി തുടരുന്നു, അതിനാൽ **പട്ടിക - 2.5**ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ 8.08 ലക്ഷം രൂപ കോമ്പൗണ്ടിംഗ് ഫീസ് ഈ സജീവ കേസുകളിൽ ഈടാക്കിയിട്ടില്ല.

പട്ടിക 2.4 : ചലാൻ ക്ലോസ് ചെയ്യുതും എന്നാൽ കോമ്പൗണ്ടിംഗ് ഫീസ് പിരിച്ചെടുക്കാത്തതോ പിരിച്ചെടുക്കുന്നതിൽ കുറവ് വന്നതോ ആയതിന്റെ ജില്ലകൾ തിരിച്ചുള്ള വിശദാംശങ്ങൾ

ജില്ല	പിരിച്ചെടുക്കാത്ത കേസുകളുടെ എണ്ണം	കോമ്പൗണ്ടിംഗ് ഫീസ് പിരിച്ചെടുക്കാത്തത് (₹ ലക്ഷത്തിൽ)	പിരിച്ചെടുക്കുന്നതിൽ കുറവ് വന്ന കേസുകളുടെ എണ്ണം	കോമ്പൗണ്ടിംഗ് ഫീസ് പിരിച്ചെടുക്കുന്നതിലെ കുറവ് (₹ ലക്ഷത്തിൽ)	കേസുകളുടെ എണ്ണം	കോമ്പൗണ്ടിംഗ് ഫീസ് പിരിച്ചെടുക്കേണ്ടത് (₹ ലക്ഷത്തിൽ)
എറണാകുളം	36	7.50	14	1.46	50	8.96
കോഴിക്കോട്	12	1.41	5	0.62	17	2.03
പാലക്കാട്	9	1.92	5	0.61	14	2.53
പത്തനംതിട്ട	10	2.29	3	0.29	13	2.58
തിരുവനന്തപുരം	3	0.45	2	0.22	5	0.67
ആകെ	**70**	**13.57**	**29**	**3.20**	**99**	**16.77**

സ്രോതസ്സ്: വാഹനിൽ നിന്നുള്ള ഡാറ്റ.

പട്ടിക 2.5 : കോമ്പൗണ്ടിംഗ് ഫീസ് പിരിക്കാത്തതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ

ജില്ല	കേസുകളുടെ എണ്ണം	കോമ്പൗണ്ടിംഗ് ഫീസ് പിരിക്കേണ്ടത് (₹ ലക്ഷത്തിൽ)
എറണാകുളം	32	5.11
കോഴിക്കോട്	8	1.33
പാലക്കാട്	4	1.01
പത്തനംതിട്ട	4	0.58
തിരുവനന്തപുരം	2	0.05
ആകെ	**50**	**8.08**

സ്രോതസ്സ്: വാഹനിൽ നിന്നുള്ള ഡാറ്റ.

[81] സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്ന് തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ അഞ്ച് ജില്ലകളെ ഡാറ്റാ അനലിറ്റിക്കൽ ടൂൾ ആയ ഐഡിയ ഉപയോഗിച്ച് സ്ട്രാറ്റിഫൈഡ് റാൻഡം സാമ്പിൾ രീതിയിലൂടെ തിരഞ്ഞെടുത്തു.

കൂടാതെ, നിയമപ്രകാരം, കോമ്പൗണ്ടിംഗ് ഫീസിന്റെ അമ്പത് ശതമാനം റോഡ് സുരക്ഷാ ഫണ്ടിലേക്ക് സർക്കാർ സംഭാവന ചെയ്യണം. 24.85 ലക്ഷം രൂപ (8.08 + 16.77) പിരിച്ചെടുക്കാത്തതിനാൽ കോമ്പൗണ്ടിംഗ് ഫീസിന്റെ 50 ശതമാനം, അതായത് 12.425 ലക്ഷം രൂപ റോഡ് സുരക്ഷാ ഫണ്ടിലേക്ക് മാറ്റിയിട്ടില്ല.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, കോമ്പൗണ്ടിംഗ് ഫീസ് തിരിച്ചുപിടിക്കാൻ നടപടി യെടുക്കുമെന്ന് വകുപ്പ് അറിയിച്ചു (2024 ഫെബ്രുവരി). എന്നിരുന്നാലും, 1988ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 200 അനുസരിച്ച്, ഒരിക്കൽ കോമ്പൗണ്ട് ചെയ്ത കുറ്റങ്ങളിൽ ഒരു നടപടിയും സ്വീകരിക്കാൻ കഴിയില്ല എന്നത് കോമ്പൗണ്ടിംഗ് ഫീസ് വസൂലാക്കാതിരിക്കുന്നതിലേക്ക് നയിക്കുന്നു.

2.1.4 ട്രാഫിക് കുറ്റകൃത്യങ്ങൾ കോമ്പൗണ്ട് ചെയ്യുന്നതിലെ പരാജയം റോഡ് സുരക്ഷാ ഫണ്ടിലേക്ക് ഓഹരി തുക കൈമാറാത്തതിലേക്ക് നയിക്കുന്നു

1988ലെ മോട്ടോർ വാഹന നിയമം, 1989ലെ കേന്ദ്ര മോട്ടോർ വാഹന നിയമം എന്നിവ പ്രകാരം ഒരു ട്രാൻസ്പോർട്ട് വാഹനത്തിന് രജിസ്ട്രേഷനായി സാധുവായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യമാണ്. വകുപ്പ് 56 പ്രകാരം നൽകുന്ന സർട്ടിഫിക്കറ്റിന് പുതിയ വാഹനങ്ങൾക്ക് രണ്ട് വർഷവും, എട്ട് വർഷത്തിന് മുകളിൽ പഴക്കമുള്ളവയ്ക്ക് ഒരു വർഷവും സാധുതയുണ്ട്, അതിനുശേഷം കേരള മോട്ടോർ വാഹന നിയമത്തിലെ ചട്ടം 105 പ്രകാരം പുതുക്കേണ്ടതാണ്. മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 41(7) പ്രകാരം ഗതാഗതേതര വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് 15 വർഷത്തെ സാധുതയുണ്ട്, അപേക്ഷിക്കുന്നതിനനുസരിച്ച് അഞ്ച് വർഷത്തേക്ക് കൂടി ഇത് നീട്ടാവുന്നതാണ്. മോട്ടോർ വാഹന നിയമത്തിലെ (2019 ഭേദഗതി) വകുപ്പ് 192 പ്രകാരം സാധുവായ ഫിറ്റ്നസോ രജിസ്ട്രേഷനോ ഇല്ലാതെ വാഹനമോടിച്ചാൽ പിഴയും ജയിൽ ശിക്ഷയും ലഭിക്കാവുന്നതാണ്. 2020 ഫെബ്രുവരി 01-നും 2021 ഡിസംബർ 31-നും ഇടയിൽ കാലഹരണപ്പെടുന്ന രേഖകളുടെ സാധുത 2021 ഡിസംബർ 31 വരെ നീട്ടി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചു. 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 192(1) പ്രകാരം നിയമലംഘനത്തിനുള്ള പുതുക്കിയ നിരക്ക് ഇപ്രകാരമാണ്:

വാഹനത്തിന്റെ തരം	സാധുവായ രജിസ്ട്രേഷൻ/ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനങ്ങൾക്കുള്ള കോമ്പൗണ്ടിംഗ് ഫീസ്
(എ) ഗതാഗതേതര വാഹനം	3,000
(ബി) ഗതാഗത വാഹനം	
(i) ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ	2,000
(ii) ലൈറ്റ് മോട്ടോർ വാഹനങ്ങൾ	3,000
(iii) ഇടത്തരം മോട്ടോർ വാഹനങ്ങൾ	4,000
(iv) ഹെവി മോട്ടോർ വാഹനങ്ങൾ	5,000

സ്രോതസ്സ്: വാഹനിൽ നിന്നുള്ള ഡാറ്റ.

ഓഡിറ്റ് കാലയളവിൽ, തിരഞ്ഞെടുത്ത അഞ്ച് ജില്ലകളിലായി 'ഇ-ചലാൻ' സോഫ്റ്റ്‌വെയർ പുറപ്പെടുവിച്ച 6,39,846 ചലാൻ റിപ്പോർട്ടുകൾ ഓഡിറ്റ് സൂക്ഷ്മമായി പരിശോധിക്കുകയും താഴെപ്പറയുന്ന നിരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്നു.

- **സാധുവായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിച്ച കുറ്റകൃത്യം കോമ്പൗണ്ട് ചെയ്തില്ല**

പരിശോധനാ തീയതിയിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളുടെ സാധുത കാലഹരണപ്പെട്ട ട്രാൻസ്പോർട്ട് വാഹനങ്ങൾക്കെതിരെ 10,049 ചലാനുകൾ ഉയർത്തിയതായി ഓഡിറ്റ് കണ്ടെത്തി. എന്നിരുന്നാലും, സാധുവായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ വാഹനമോടിച്ച കുറ്റത്തിന് 9,230 ചലാനുകളിൽ മാത്രമേ കോമ്പൗണ്ടിംഗ് ചുമത്തിയിട്ടുള്ളൂ. 819 ചലാനുകളുടെ കാര്യത്തിൽ, സാധുവായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ വാഹനമോടിച്ച കുറ്റം പരിഗണിക്കാതെ മറ്റ് കുറ്റങ്ങൾ[82] മാത്രം പരിഗണിച്ച് കോമ്പൗണ്ട് ചെയ്തതായി കണ്ടെത്തി. ഇത് 26.99 ലക്ഷം രൂപയുടെ കോമ്പൗണ്ടിംഗ് ഫീസ് ചുമത്താതിരിക്കാൻ കാരണമായി. ടെസ്റ്റ് ചെക്ക് ചെയ്ത ജില്ലകളിലെ 819 ഇ-ചലാനുകളുടെ[83] വിശദാംശങ്ങൾ **പട്ടിക 2.6**ൽ കാണിച്ചിരിക്കുന്നു.

പട്ടിക 2.6 : സാധുവായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ വാഹനമോടിച്ച കുറ്റത്തിന് കോമ്പൗണ്ടിംഗ് ഫീസ് ചുമത്താത്തതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ

ജില്ല	കോമ്പൗണ്ടിംഗ് ഫീസ് ചുമത്താത്തതുമായി ബന്ധപ്പെട്ട ചലാനുകളുടെ എണ്ണം	കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കാനുള്ളവ (₹ ലക്ഷത്തിൽ)
എറണാകുളം	186	6.23
കോഴിക്കോട്	64	2.01
പാലക്കാട്	133	3.98
പത്തനംതിട്ട	138	5.07
തിരുവനന്തപുരം	298	9.70
ആകെ	**819**	**26.99**

സ്രോതസ്സ്: വാഹനിൽ നിന്നുള്ള ഡാറ്റ.

- **സാധുവായ രജിസ്ട്രേഷൻ ഇല്ലാതെ വാഹനങ്ങൾ ഓടിച്ച കുറ്റകൃത്യത്തിന് കോമ്പൗണ്ടിംഗ് ചെയ്തിട്ടില്ല**

പരിശോധനാ സമയത്ത് രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ വാഹനങ്ങൾക്കായി 2,607 ചലാനുകൾ പുറപ്പെടുവിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നിരുന്നാലും, സാധുവായ രജിസ്ട്രേഷൻ ഇല്ലാതെ വാഹനം ഓടിച്ച കുറ്റത്തിന് 1,964 വാഹനങ്ങളുടെ കാര്യത്തിൽ മാത്രമാണ് കോമ്പൗണ്ടിംഗ് ചെയ്തത്, സാധുവായ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ റോഡിൽ സഞ്ചരിച്ച 643 വാഹനങ്ങളുടെ കാര്യത്തിൽ (2020 മുതൽ 2023 വരെ), സാധുവായ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ വാഹനമോടിച്ച കുറ്റകൃത്യം പരിഗണിക്കാതിരിക്കുകയും, മറ്റ് കുറ്റങ്ങൾക്ക് കോമ്പൗണ്ടിംഗ് നടത്തുകയും ചെയ്തു. ഇതുമൂലം ഈ 643 കേസുകൾക്കും 19.29 ലക്ഷം രൂപയുടെ കോമ്പൗണ്ടിംഗ് ഫീസ് ചുമത്താനായില്ല. ടെസ്റ്റ് ചെക്ക് ചെയ്ത ജില്ലകളിലെ 643 ഇ-ചലാനുകളുടെ വിശദാംശങ്ങൾ **പട്ടിക - 2.7**ൽ കാണിച്ചിരിക്കുന്നു.

---

82 സുരക്ഷാ ബെൽറ്റ് ധരിക്കാതെ വാഹനമോടിക്കുക, തകരാറുള്ള നിരക്ക് മീറ്റർ ഉപയോഗിക്കുക, തുടങ്ങിയവ.

83 2020-2022 കാലയളവുമായി ബന്ധപ്പെട്ടത്.

പട്ടിക 2.7 : സാധുവായ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ വാഹനമോടിച്ച കുറ്റത്തിന് കോമ്പൗണ്ടിംഗ് ഫീസ് ചുമത്താത്തതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ

ജില്ല	കോമ്പൗണ്ടിംഗ് ഫീസ് ചുമത്താത്തതുമായി ബന്ധപ്പെട്ട ചലാനുകളുടെ എണ്ണം	കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കേണ്ടവ (₹ ലക്ഷത്തിൽ)
എറണാകുളം	115	3.45
കോഴിക്കോട്	100	3.00
പാലക്കാട്	120	3.60
പത്തനംതിട്ട	72	2.16
തിരുവനന്തപുരം	236	7.08
ആകെ	**643**	**19.29**

സ്രോതസ്സ്: വാഹനിൽ നിന്നുള്ള ഡാറ്റ.

കുറ്റകൃത്യങ്ങൾ കോമ്പൗണ്ടിംഗ് ചെയ്യാത്തത്, മൊത്തം 46.28 ലക്ഷം രൂപ (26.99 + 19.29) പിരിച്ചെടുക്കപ്പെടാതെ അവശേഷിക്കുന്നതിലേക്ക് നയിച്ചുവെന്ന് മേൽപ്പറഞ്ഞവയിൽ നിന്ന് വ്യക്തമാണ്. തത്ഫലമായി, കെ.ആർ.എസ്.എ നിയമത്തിലെ വകുപ്പ് 10(7) പ്രകാരം റോഡ് സുരക്ഷാ ഫണ്ടിലേക്ക് കൈമാറേണ്ടിയിരുന്ന 23.14 ലക്ഷം രൂപ കൈമാറിയിട്ടില്ല. ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, കോമ്പൗണ്ടിംഗ് ഫീസ് തിരിച്ചുപിടിക്കാൻ നടപടിയെടുക്കുമെന്ന് വകുപ്പ് അറിയിച്ചു (2024 ഫെബ്രുവരി). എന്നിരുന്നാലും, 1988ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 200 പ്രകാരം, ഒരിക്കൽ കോമ്പൗണ്ടിംഗ് നടത്തിയ കുറ്റകൃത്യങ്ങളിൽ ഇനി യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയില്ല എന്നതിനാൽ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കാതിരിക്കുന്നതിലേക്ക് നയിക്കും.

റോഡ് സുരക്ഷാ ഫണ്ടിലേക്ക് ഫണ്ട് പിരിച്ചെടുക്കുന്നതിലും കൈമാറ്റം ചെയ്യുന്നതിലും സർക്കാർ പരാജയപ്പെട്ടതിനാൽ, വിവിധ റോഡ് സുരക്ഷാ പരിപാടികൾക്കായി വിനിയോഗിക്കാമായിരുന്ന 403.74 കോടി രൂപ ഇപ്പോഴും ഫണ്ടിന്റെ അധികാര പരിധിക്ക് പുറത്താണ്.

മേൽപ്പറഞ്ഞ ഖണ്ഡികകൾ 2024 ജൂണിൽ സർക്കാരിന് കൈമാറിയെങ്കിലും തുടർച്ചയായി ഓർമ്മപ്പെടുത്തലുകൾ[84] നടത്തിയിട്ടും ഇതുവരെ (2025 ഫെബ്രുവരി) ഒരു മറുപടിയും ലഭിച്ചിട്ടില്ല.

ശുപാർശ: കോമ്പൗണ്ടിംഗ് ഫീസ് കൃത്യമായി പിരിച്ചെടുക്കുന്നു എന്നതും റോഡ് സുരക്ഷാ ഫണ്ടിനായി നീക്കിവച്ച തുക സമയബന്ധിതമായി കൈമാറുന്നു എന്നതും സർക്കാർ ഉറപ്പാക്കണം.

[84] 2024 ആഗസ്റ്റ്, 2024 ഡിസംബർ.

വനം-വന്യജീവി വകുപ്പ്

2.2 തേക്ക് തോട്ടങ്ങളുടെ നടത്തിപ്പിൽ കേരള വനം - വന്യജീവി വകുപ്പിനുണ്ടായ വീഴ്ചകൾ

ഉചിതമായ മാനേജ്മെന്റ് ഇടപെടലുകളിലൂടെ വനത്തോട്ടങ്ങളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക, വനത്തിലും വനേതര മേഖലകളിലും വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുക എന്നിവ കേരള വനം വന്യജീവി വകുപ്പിന്റെ (വകുപ്പ്) പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടതാണ്. 2023 മാർച്ച് 31ലെ കണക്കനുസരിച്ച് വകുപ്പിന് കീഴിലുള്ള തോട്ടങ്ങളുടെ വിസ്തീർണ്ണം 1,400.146 ചതുരശ്ര കിലോമീറ്ററാണ്, സംസ്ഥാനത്തിന്റെ മൊത്തം വനമേഖലയായ 11531.908 ചതുരശ്ര കിലോമീറ്ററിന്റെ 12.14 ശതമാനമാണിത്. തോട്ടം വിസ്തൃതിയുടെ 50[85] ശതമാനവും തേക്ക് തോട്ടങ്ങളാണ്, തോട്ടം വിഭവങ്ങളുടെ പ്രധാന ഘടകമാണ് തേക്ക് തോട്ടങ്ങൾ.

(i) സർക്കാരിന്റെ, വനം-വന്യജീവി വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി (എ.സി.എസ്), (ii) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആൻഡ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ് (പി.സി.സി.എഫ്), (iii) ടെറിട്ടോറിയൽ വിങ്ങിലെ അഞ്ച് സർക്കിൾ ഓഫീസുകളിൽ നാലെണ്ണം[86], (iv) മറയൂർ ചന്ദന ഡിവിഷൻ ഉൾപ്പെടെ 25 ടെറിട്ടോറിയൽ ഡിവിഷനുകളിൽ ഏഴ് എണ്ണം[87] എന്നിവയുടെ ഓഫീസുകളിലെ രേഖകൾ പരിശോധിച്ചാണ് ഓഡിറ്റ് നടത്തിയത്.

---

85 58,837.184 ഹെക്ടർ ശുദ്ധ തേക്ക് തോട്ടവും (42.02 ശതമാനം), 11,155.287 ഹെക്ടർ തേക്കും സോഫ്റ്റ് വുഡും കലർന്ന തോട്ടങ്ങളുമാണ് (7.97 ശതമാനം). ഇവ രണ്ടും ചേർന്ന് തോട്ടം വിസ്തൃതിയുടെ 50 ശതമാനം വരും.

86 കൊല്ലം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിലെ സർക്കിൾ ഓഫീസുകൾ.

87 കോന്നി, വാഴച്ചാൽ, ചാലക്കുടി, മണ്ണാർക്കാട്, നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത്, നോർത്ത് വയനാട് ഡിവിഷനുകൾ.

2.2.1 പ്രവർത്തന പദ്ധതിയുടെ അഭാവം സമയബന്ധിതമായ സിൽവികൾച്ചർ പ്രവർത്തനങ്ങളെയും തേക്ക് തോട്ടങ്ങളുടെ ഫൈനൽ ഫെല്ലിംഗിനെയും ബാധിച്ചു

തടി വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് തേക്ക് തടി. വനഭൂമിയും തോട്ടങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിക്കുന്നു. അതനുസരിച്ച്, പത്ത് വർഷത്തെ പ്രവർത്തന പദ്ധതി തയ്യാറാക്കുകയും വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് അംഗീകാരം നേടുകയും ചെയ്യണം. ഒരു ഡിവിഷന്റെ പ്രവർത്തന പദ്ധതിയിൽ ഒരു തേക്ക് തോട്ടത്തിന്റെ സിൽവികൾച്ചർ തിന്നിംഗ് അല്ലെങ്കിൽ ഫൈനൽ ഫെല്ലിംഗ് ഏത് വർഷത്തിൽ നടത്തണമെന്ന് നിർദ്ദേശിക്കുന്നു. തേക്ക് മരം അതിന്റെ പരമാവധി വളർച്ച കൈവരിക്കുന്നതിന്, പ്രവർത്തന പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ആനുകാലിക സിൽവികൾച്ചർ പ്രവർത്തനങ്ങളും ഫൈനൽ ഫെല്ലിംഗും നടത്തേണ്ടതുണ്ട്.

കഴിഞ്ഞ 10 വർഷത്തിനിടയിൽ എട്ട് ഡിവിഷനുകളിൽ രണ്ടെണ്ണത്തിന്[88] ആറ് വർഷമായി ഒരു പ്രവർത്തന പദ്ധതിയില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. മേൽപ്പറഞ്ഞ ഡിവിഷനുകളിൽ സിൽവികൾച്ചർ തിന്നിംഗും തേക്കിന്റെ ഫൈനൽ ഫെല്ലിംഗ് നടത്താതിരിക്കുന്നതിന് പ്രവർത്തന പദ്ധതിയുടെ അഭാവം കാരണമായി. ഇത് തേക്ക് മരങ്ങളുടെ ശരിയായ വളർച്ചയെയും വന വരുമാനത്തെയും പ്രതികൂലമായി ബാധിച്ചു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, 2016-17 മുതൽ 2017-18 വരെയുള്ള കാലയളവിലെ മാനേജ്മെന്റ് പ്ലാനിന്[89] കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടെന്നും അംഗീകരിച്ച മാനേജ്മെന്റ് പ്ലാൻ ലഭിക്കാൻ വൈകിയതും പദ്ധതി കാലയളവിന്റെ ദൈർഘ്യക്കുറവും കാരണം മേൽപ്പറഞ്ഞ പദ്ധതിക്ക് കീഴിൽ മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നും വകുപ്പ് മറുപടി നൽകി. 10 വർഷത്തെ പ്രവർത്തന പദ്ധതി കാലയളവിൽ നിന്ന് വ്യത്യസ്തമായ, ഹ്രസ്വകാലത്തേക്കുള്ള ഒരു ഇടക്കാല ക്രമീകരണമാണ് മാനേജ്മെന്റ് പ്ലാൻ എന്ന് മറുപടി തന്നെ വെളിപ്പെടുത്തുന്നു. അതിനാൽ, സിൽവികൾച്ചർ തിന്നിംഗ്, വിളവെടുപ്പ് എന്നിങ്ങനെയുള്ള സമയബന്ധിതമായ തോട്ടം പ്രവർത്തനങ്ങളെ പ്രവർത്തന പദ്ധതിയുടെ അഭാവം ബാധിക്കുന്നു. ഇതുമായി ബന്ധപ്പെട്ട പോരായ്മകൾ ചുവടെ നൽകിയിരിക്കുന്ന ഖണ്ഡികകളിൽ ചർച്ചചെയ്യുന്നു.

---

88 ചാലക്കുടി ഡിവിഷനിൽ കഴിഞ്ഞ 10 വർഷത്തെ പ്രവർത്തന പദ്ധതി 2014-15ൽ അവസാനിച്ചു. നിലവിലെ പ്രവർത്തന പദ്ധതി 2018-19ൽ ആരംഭിച്ചു, അത് 2021 ഡിസംബറിൽ മാത്രമാണ് അംഗീകരിച്ചത്. വാഴച്ചാൽ ഡിവിഷനിൽ ഏറ്റവും പുതിയ 10 വർഷത്തെ പ്രവർത്തന പദ്ധതി 2018-19ൽ ആരംഭിക്കുകയും മുൻ പ്രവർത്തന പദ്ധതി 2011-12ൽ അവസാനിക്കുകയും ചെയ്തു. ചാലക്കുടിയിൽ 3,863.79 ഹെക്ടർ വിസ്തീർണ്ണവും വാഴച്ചാലിൽ 5,457.20 ഹെക്ടർ വിസ്തീർണ്ണവും എന്ന വിധത്തിൽ രണ്ടു ഡിവിഷനിലുമായി 101 തേക്കിൻ തോട്ടങ്ങൾ വീതമുണ്ട്.

89 ടെറിട്ടോറിയൽ ഡിവിഷനുകളിൽ, രണ്ട് പ്രവർത്തന പദ്ധതി കാലയളവുകൾക്കിടയിലാണ് ഒരു മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നത്, സാധാരണയായി ഇത് വാർഷിക അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്.

2.2.2 പ്രവർത്തന പദ്ധതി നടപ്പാക്കുന്നതിലെ വീഴ്ചകൾ

2014ലെ ദേശീയ പ്രവർത്തന പദ്ധതി കോഡ് പ്രകാരം വനങ്ങളുടെ ശാസ്ത്രീയമായ പരിപാലനത്തിനായി, രാജ്യത്തെ വന ആസൂത്രണത്തിന്റെ (കൂടുതൽ കൃത്യമായി വന നിർമ്മാണത്തിന്) പ്രധാന ഉപകരണമാണ് പ്രവർത്തന പദ്ധതി. സാധാരണയായി, ഓരോ 10 വർഷത്തിലും പ്രവർത്തന പദ്ധതി പരിഷ്കരിക്കേണ്ടതാണ്. 2014ലെ ദേശീയ പ്രവർത്തന പദ്ധതി കോഡിന്റെ മൂന്നാം ഖണ്ഡിക പ്രകാരം ഒരു പ്രവർത്തന പദ്ധതി/ സ്കീമിലെ നിർദ്ദേശപ്രകാരം എല്ലാ വനങ്ങളും സുസ്ഥിരമായി കൈകാര്യം ചെയ്യണം. വന ആവാസവ്യവസ്ഥയുടെ പ്രവർത്തനത്തെക്കുറിച്ചുള്ള ശാസ്ത്രീയ വിശകലനത്തിനായി മെച്ചപ്പെട്ട പരിരക്ഷയുള്ള തുടർച്ചയായ വ്യവസ്ഥാപിത നിരീക്ഷണങ്ങൾ പ്രവർത്തന പദ്ധതി സുഗമമാക്കുന്നു. 'പ്ലാന്റേഷൻ വർക്കിംഗ് സർക്കിൾ' എന്ന തലക്കെട്ടിന് കീഴിൽ ഒരു പ്രത്യേക പ്ലാന്റേഷൻ അദ്ധ്യായം ഉണ്ടായിരിക്കണമെന്നും ദേശീയ പ്രവർത്തന പദ്ധതി വ്യവസ്ഥ ചെയ്യുന്നു. അതനുസരിച്ച്, പത്ത് വർഷത്തെ പ്രവർത്തന പദ്ധതി തയ്യാറാക്കുകയും കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിൽ നിന്ന് അംഗീകാരം നേടുകയും വേണം.

ഓരോ ടെറിട്ടോറിയൽ ഡിവിഷനിലെയും പ്രവർത്തന പദ്ധതിയിലെ പ്ലാന്റേഷൻ വർക്കിംഗ് സർക്കിളിനെക്കുറിച്ചുള്ള അദ്ധ്യായത്തിൽ തോട്ടങ്ങളുടെ പട്ടികയും നടീൽ വർഷവും നൽകിയിരിക്കുന്നു. മെക്കാനിക്കൽ തിന്നിംഗ്[90], സിൽവികൾച്ചർ പ്രവർത്തനങ്ങൾ[91], റൊട്ടേഷൻ പ്രായം (തേക്കിന്റെ കാര്യത്തിൽ 60 വർഷം[92]), ഫൈനൽ ഫെല്ലിംഗ്[93], പുനർ നടീൽ എന്നിവയ്ക്കുള്ള സമയക്രമങ്ങളും ഇതിൽ പരാമർശിക്കുന്നു. ഓരോ വർഷവും വിളവെടുക്കുകയും വീണ്ടും നട്ടുപിടിപ്പിക്കുകയും ചെയ്യേണ്ടതായ തോട്ടങ്ങൾ പ്രവർത്തന പദ്ധതിയിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്.

പ്രവർത്തന പദ്ധതി പാലിക്കുന്നതിൽ ഇനിപ്പറയുന്ന വീഴ്ചകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു:

(i) പ്ലാറ്റ്ഫോമിന്റെ അഭാവം

വകുപ്പിന്റെ പാക്കേജ് ഓഫ് പ്രാക്ടീസസിൽ (2009 മെയ്), തോട്ടം വളർത്തുന്ന സമയത്ത് പ്ലാറ്റ്ഫോമുകൾ നിർമ്മിക്കണമെന്നും അടുത്ത രണ്ട് വർഷത്തേക്ക് അവ പരിപാലിക്കണമെന്നും നിർദ്ദേശിക്കുന്നു. ഇത് മതിയായ ഈർപ്പം നിലനിർത്തുന്നത് ഉറപ്പാക്കും. ഓഡിറ്റ് കാലയളവിൽ, നിലമ്പൂർ സൗത്ത് ഡിവിഷനിലെ രണ്ട്[94] തേക്ക് തോട്ടങ്ങളിലെ തേക്ക് ചെടികൾ ആദ്യ വർഷത്തെ പ്ലാറ്റ്ഫോം നിർമ്മാണത്തിന്റെ അഭാവം മൂലം മോശം വളർച്ച പ്രകടിപ്പിച്ചു.

പ്ലാറ്റ്ഫോം നിർമ്മാണം സ്ഥലത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും, നിർദ്ദിഷ്ട തേക്ക് തോട്ടം ഒരു സമതല പ്രദേശത്താണെന്നും, അതിനാൽ ഒരു പ്ലാറ്റ്ഫോം ആവശ്യമില്ലെന്നും സർക്കാർ പ്രസ്താവിച്ചു (2024 ഡിസംബർ). വകുപ്പിന്റെ പാക്കേജ് ഓഫ് പ്രാക്ടീസസിന് അനുസൃതമല്ല ഈ മറുപടി. കൂടാതെ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

---

[90] തേക്ക് തോട്ടങ്ങളിൽ ശേഷിക്കുന്ന തേക്ക് മരങ്ങളുടെ പരമാവധി വളർച്ച ഉറപ്പാക്കാൻ, നടീലിന്റെ അഞ്ചാം വർഷത്തിൽ, ഒന്നിടവിട്ട മരങ്ങൾ കോണോടുകോണായി മുറിച്ചുകൊണ്ട് മെക്കാനിക്കൽ തിന്നിംഗ് നടത്തുന്നു.

[91] തേക്ക് മരങ്ങളുടെ പരമാവധി വളർച്ചയ്ക്ക് ആവശ്യമായ സിൽവികൾച്ചർ തിന്നിംഗ്, കള നീക്കം ചെയ്യൽ, കൊമ്പുകോതൽ തുടങ്ങിയ തേക്ക് തോട്ടങ്ങളുടെ ആനുകാലിക പരിപാലനമാണ് സിൽവികൾച്ചർ പ്രവർത്തനങ്ങൾ. തേക്ക് തോട്ടങ്ങളിൽ നിന്ന് പരമാവധി വിളവ് ലഭിക്കുന്നതിന് ഡിവിഷനുകളുടെ പ്രവർത്തന പദ്ധതികളിൽ അഞ്ച് സിൽവികൾച്ചർ തിന്നിങ്ങുകൾ (നടുന്നതിന്റെ 10, 15, 20, 30, 40 എന്നീ വർഷങ്ങളിൽ) നിർദ്ദേശിക്കുന്നു. തിന്നിങ്ങിന്റെ സമയത്ത് വളർച്ച മുരടിച്ചതും അനാരോഗ്യകരവും സാവധാനത്തിൽ വളരുന്നതുമായ മരങ്ങൾ നീക്കം ചെയ്യുന്നു. ഇത് ശേഷിക്കുന്ന മരങ്ങളുടെ മികച്ച വളർച്ചയ്ക്കും നല്ല തടിയുടെ രൂപീകരണത്തിനും സഹായിക്കും.

[92] നിലമ്പൂരിലെ രണ്ട് ഡിവിഷനുകളുടെ കാര്യത്തിൽ തേക്കിന്റെ റൊട്ടേഷൻ പ്രായം 50 വർഷമാണ്.

[93] ഒരു തേക്ക് തോട്ടത്തിലെ എല്ലാ തേക്ക് മരങ്ങളും അവയുടെ റൊട്ടേഷൻ പ്രായം കഴിഞ്ഞാൽ വെട്ടിമാറ്റുന്നു. നിലമ്പൂർ ഡിവിഷനുകളിൽ തേക്കിന്റെ റൊട്ടേഷൻ പ്രായം 50 വർഷവും മറ്റ് പ്രദേശങ്ങളിൽ 60 വർഷവുമാണ്.

[94] 2020 എഴുത്തുകൽ തേക്കിൻ തോട്ടം ബിറ്റ് I-ഉം II-ഉം.

നിർദ്ദിഷ്ട സ്ഥലം പരിശോധിക്കുകയും പ്ലാറ്റ്ഫോമിന്റെ അഭാവമാണ് തോട്ടത്തിന്റെ പരാജയത്തിന് കാരണമെന്ന് പ്ലാന്റേഷൻ ജേണലിൽ രേഖപ്പെടുത്തിയതായും ഓഡിറ്റ് നിരീക്ഷിച്ചു.

(ii) സമയബന്ധിതമായ അറ്റകുറ്റപ്പണികളുടെ അഭാവം

വകുപ്പിന്റെ പാക്കേജ് ഓഫ് പ്രാക്ടീസസ് പ്രകാരം തേക്ക് തോട്ടങ്ങളുടെ പരിപാലനം തുടക്കത്തിൽ മൂന്ന് വർഷത്തേക്ക് നടത്തണം, കൂടാതെ ഓരോ 25 ഹെക്ടർ തോട്ടത്തിനും ഒരു തൊഴിലാളിയെ ഏർപ്പെടുത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. നടീൽ ആരംഭിച്ച് ആദ്യ മൂന്നുവർഷങ്ങളിൽ ഇരട്ട ചിനപ്പ് പൊട്ടൽ ഉള്ളവയിൽ ഒരെണ്ണം മുറിച്ചു മാറ്റുക, വള്ളിച്ചെടികൾ മുറിച്ചുമാറ്റി നീക്കംചെയ്യുക, നശിച്ചു പോയവയ്ക്ക് പകരം പുതിയവ നടുക, കന്നുകാലികളെ ഓടിക്കുക, തീയിൽ നിന്നുള്ള സംരക്ഷണം തുടങ്ങിയ പ്രവൃത്തികൾ തോട്ടം പരിപാലന തൊഴിലാളിയെ ഏൽപ്പിക്കണം. സന്ദർശിച്ച 59 തേക്ക് തോട്ടങ്ങളിൽ, 2020-23 കാലയളവിൽ നടീൽ നടത്തിയ രണ്ട് പുതിയ തേക്ക് തോട്ടങ്ങളിൽ ഇരട്ട ചിനപ്പുപൊട്ടലും, ഒരു പുതിയ[95] തേക്ക് തോട്ടത്തിൽ കന്നുകാലി മേച്ചിലും, 5 തേക്ക് തോട്ടങ്ങളിൽ കളകളും/ വള്ളിച്ചെടികളും ഓഡിറ്റ് നിരീക്ഷിച്ചു. എല്ലാ തോട്ടങ്ങളിലും മരങ്ങളുടെ നല്ല ശേഖരമുണ്ടെന്ന് സർക്കാർ മറുപടി നൽകി. ആദ്യ വർഷത്തിൽ ചെടികളുടെ മികച്ച വളർച്ച ഉറപ്പാക്കാനാണ് തോട്ടം തൊഴിലാളിയെ നിയോഗിക്കുന്നതിനുള്ള വകുപ്പ് എന്നതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല.

സംയുക്ത പരിശോധനാ വേളയിൽ, മണ്ണാർക്കാട് ഡിവിഷനിൽ[96], പ്രവൃത്തി അനുവദിച്ച തീയതി (2023 ജൂൺ 23) മുതൽ മൂന്ന് മാസം കഴിഞ്ഞിട്ടും (2023 സെപ്റ്റംബർ 26) രണ്ടാം വർഷ ആനുകാലിക അറ്റകുറ്റപ്പണികൾ ആരംഭിച്ചിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അതിനാൽ കളപറിക്കൽ, ഇരട്ട ചിനപ്പുപൊട്ടൽ നീക്കം ചെയ്യൽ, പ്ലാറ്റ്ഫോം അറ്റകുറ്റപ്പണികൾ എന്നിവ നടപ്പാക്കിയില്ല.

രണ്ടാം വർഷ ആനുകാലിക അറ്റകുറ്റപ്പണി ആരംഭിക്കാത്ത സാഹചര്യത്തിൽ, ആദ്യ കളനീക്കൽ ജൂണിൽ നടത്തിയെന്നും 2023 ജൂലൈയിൽ പൂർത്തിയായെന്നും സർക്കാർ മറുപടി നൽകി (2024 ഡിസംബർ). സംയുക്ത പരിശോധനാ വേളയിൽ ഈ പ്രവർത്തനങ്ങളുടെ ഫലം ദൃശ്യമല്ലായിരുന്നതിനാൽ മറുപടി സ്വീകാര്യമല്ല.

(iii) തേക്ക് തോട്ടങ്ങളിൽ കള നീക്കം ചെയ്യൽ/ വള്ളിച്ചെടികൾ മുറിച്ച് മാറ്റൽ എന്നിവ നടത്തിയില്ല

തേക്ക് തോട്ടങ്ങളുടെ പുരോഗതിയിൽ കള നിയന്ത്രണം ഒരു പ്രധാന പ്രവർത്തനമാണെന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് ഫോറസ്ട്രി റിസർച്ച് ആൻഡ് എഡ്യൂക്കേഷൻ (ഐ.സി.എഫ്.ആർ.ഇ)[97] അനുശാസിക്കുന്നു. തേക്ക് തോട്ടങ്ങളിലെ കളകൾ വെള്ളം, പ്രകാശം, മണ്ണിലെ പോഷകങ്ങൾ എന്നിവയ്ക്കായി മരങ്ങളുമായി മത്സരിക്കുകയും കീടങ്ങൾക്കും രോഗങ്ങൾക്കും വാസസൗകര്യം ഒരുക്കുകയും ചെയ്യും എന്നത് തേക്ക് തോട്ടങ്ങളുടെ വളർച്ചയെയും പുരോഗതിയെയും ഗുരുതരമായി ബാധിക്കും. മിക്കാനിയ, ലന്റാന, ലോറന്തസ് തുടങ്ങിയ അധിനിവേശ കളകൾ, നട്ടുപിടിപ്പിച്ച മരങ്ങളുടെ വളർച്ചയെ തടസ്സപ്പെടുത്തുന്നു. മരങ്ങളുടെ തടിയിൽ ചുറ്റിപ്പടരുന്ന വള്ളിച്ചെടികൾ അവയിൽ രൂപഭേദം വരുത്തുകയും, അത് മൂലം അവയുടെ ദീർഘവൃത്താകൃതി നഷ്ടപ്പെടുകയും ചെടികളുടെ വളർച്ചയെ ബാധിക്കുകയും ചെയ്യുന്നു.

---

95 2023 പൊട്ടിക്കൽ തേക്ക് തോട്ടം.

96 മുക്കാലി ഫോറസ്റ്റ് സ്റ്റേഷനിലെ 2022 പൊട്ടിക്കൽ തേക്കിൻ തോട്ടത്തിലെ രണ്ടും മൂന്നും വർഷങ്ങളിലെ പരിപാലനം (2023 ജൂൺ 23ലെ എഗ്രിമെന്റ് നമ്പർ 13/2023-24)

97 ഇന്ത്യൻ കൗൺസിൽ ഓഫ് ഫോറസ്ട്രി റിസർച്ച് ആൻഡ് എഡ്യൂക്കേഷൻ പുറത്തിറക്കിയ വനത്തിലെ തോട്ടങ്ങളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചുള്ള ഒരു കൈപ്പുസ്തകം.

നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റേഞ്ചിൽ നടന്ന സംയുക്ത പരിശോധനാ വേളയിൽ (2023 ഒക്ടോബർ 11), അധിനിവേശ ഇനമായ സെന്നാ സ്പെക്റ്റാബില്ലിസ്[98] മൂന്ന് തേക്ക് തോട്ടങ്ങളെ[99] പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടു, അതിൽ ഒരു തേക്ക് തോട്ടം പൂർണ്ണമായും പരാജയപ്പെടുകയും, അവിടെ നശിച്ചു പോയ തേക്ക് മരങ്ങൾ കാണാൻ കഴിയുകയും ചെയ്തു, മറ്റൊരു തോട്ടം 50 ശതമാനം നശിച്ചു, മൂന്നാമത്തെ തോട്ടത്തിൽ പല പ്രദേശങ്ങളെയും സെന്നാ ഇനങ്ങൾ ബാധിച്ചതായി കണ്ടു.

ആറ് ഡിവിഷനുകളിലെ[100] 11 തേക്ക് തോട്ടങ്ങളിലായി തേക്ക് മരങ്ങളുടെ തടിയുടെ ആകൃതിയിലും വളർച്ചയിലും രൂപഭേദം വരുത്തുന്നവിധം വള്ളിച്ചെടികൾ മരങ്ങളുടെ വളർച്ചയെ ബാധിച്ചതായി ഓഡിറ്റ് കണ്ടെത്തി[101]. ചാലക്കുടി ഡിവിഷനിലെ 2011 കുട്ടഞ്ചിറ തേക്ക് തോട്ടത്തിന്റെ ഒരു ഭാഗം സമീപത്തെ റബ്ബർ തോട്ടത്തിൽ നിന്നുള്ള തോട്ടപ്പയർ അധിനിവേശം കാരണം പരാജയപ്പെട്ടു. സംയുക്ത പരിശോധനാ വേള യിൽ (2023 നവംബർ 09) പരിസ്ഥിതി പുനരുദ്ധാരണത്തിനായുള്ള പ്രദേശത്തിനു മപ്പുറം തേക്ക് തോട്ടങ്ങളിലേക്ക് കള കൂടുതൽ വ്യാപിച്ചതായി നിരീക്ഷിക്കപ്പെട്ടു.

പ്രവർത്തന പദ്ധതി/ തേക്ക് സമിതി റിപ്പോർട്ടുകൾ പ്രകാരം അഞ്ച് ഡിവിഷനുകളിലെ 79 തേക്ക് തോട്ടങ്ങളെ കളകളുടെ ആക്രമണം ബാധിച്ചു. ഉദാഹരണത്തിന്, കോന്നി ഡിവിഷനിൽ തേക്ക് മരങ്ങളുടെ വളർച്ചയെ തടസ്സപ്പെടുത്തുന്ന വള്ളിച്ചെടികൾ, ലന്റാന/ യൂപ്പറ്റോറിയം എന്നിങ്ങനെയുള്ളവ എല്ലാ തോട്ടങ്ങളിലും സാധാരണമാണ് (**ചിത്രം - 1**). ചാലക്കുടി ഡിവിഷനിൽ, തേക്ക് തോട്ടങ്ങൾ മോശം അല്ലെങ്കിൽ വളരെ മോശം ഗുണനിലവാരമുള്ളവയാണ്, കൂടാതെ മിഖാനിയ/ ലന്റാന/ യുപറ്റോറിയം പോലുള്ള അധിനിവേശ ഇനങ്ങൾ ഇവയെ ബാധിക്കുകയും ചെയ്തു.

[98] സെന്ന സ്പെക്റ്റാബിലിസ് അതിവേഗം വളരുന്ന ഒരു വൃക്ഷമാണ്, മുറിച്ചു മാറ്റിയാലും എളുപ്പത്തിൽ വീണ്ടും മുളയ്ക്കാൻ കഴിവുള്ളവയാണ് ഇവ. വേഗത്തിൽ പടർന്നു പിടിക്കുകയും പലപ്പോഴും ഏകവിളകൾ സൃഷ്ടിക്കാനുമുള്ള കഴിവും കാരണം പരിസ്ഥിതിയിൽ ഉയർന്ന പ്രതികൂല സ്വാധീനം ചെലുത്തുന്നവയായും, തദ്ദേശീയ സസ്യജാലങ്ങൾക്ക് ഉയർന്ന അപകടസാധ്യതയുള്ള ഒരു അധിനിവേശ ഇനമായും ഇതിനെ കണക്കാക്കുന്നു.

[99] ഒരു തേക്ക് തോട്ടം (1977 ആലത്തൂർ ബിറ്റ് 1) പൂർണ്ണമായും പരാജയപ്പെട്ടു, മറ്റൊന്നിൽ (1977 ആലത്തൂർ ബിറ്റ് 2) 50 ശതമാനം സ്റ്റോക്കുകളെ ബാധിച്ചു, മൂന്നാമത്തെ തേക്ക് തോട്ടത്തിൽ (1981 ആലത്തൂർ ബിറ്റ് 2) നിരവധി പ്രദേശങ്ങളെ സെന്ന ബാധിച്ചു.

[100] കോന്നി, ചാലക്കുടി, മണ്ണാർക്കാട്, വാഴച്ചാൽ, നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത്.

[101] കോന്നി (16.10.2023) ചാലക്കുടി (09.11.2023) വാഴച്ചാൽ (19.09.2023) മണ്ണാർക്കാട് (26.09.2023) നിലമ്പൂർ സൗത്ത് (13.10.2023) നിലമ്പൂർ നോർത്ത് (10.08.2023) എന്നിവിടങ്ങളിലെ സംയുക്ത പരിശോധനകൾ.

ചിത്രം 1: 2019-2020 – കോന്നി ഡിവിഷനിലെ ഉമയംകുപ്പ തേക്ക് തോട്ടം - കളകളും വള്ളിച്ചെടികളും മരങ്ങളുടെ ആകൃതി വികൃതമാക്കുന്നു (2023 ഒക്ടോബർ 16).

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, അധിനിവേശ ഇനങ്ങളെ ഉന്മൂലനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് സർക്കാർ മറുപടി നൽകി (2024 ഡിസംബർ).

(iv) അംഗീകൃത പ്രവർത്തന പദ്ധതിയിൽ നിന്ന് വ്യതിചലിച്ച് തേക്ക് മരങ്ങൾ നട്ടുപിടിപ്പിക്കൽ

കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം അംഗീകരിച്ച (2015 സെപ്റ്റംബർ) കോന്നി ഡിവിഷന്റെ പ്രവർത്തന പദ്ധതിയിൽ 2 x 2 മീറ്റർ അകലം പാലിച്ച് (എസ്പേസ്മെന്റ്[102]) തേക്ക് നടാൻ നിർദ്ദേശിക്കുന്നു. കോന്നി ഡിവിഷനിലെ 2018 കാഞ്ഞിരപ്പാറ തേക്കിൻ തോട്ടത്തിലെ സംയുക്ത പരിശോധനാ വേളയിൽ (2023 ഒക്ടോബർ 16) 3 x 3 മീറ്റർ അകലം പാലിച്ച് തേക്ക് നടുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. മറ്റ് തേക്ക് തോട്ടങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ തേക്ക് തോട്ടങ്ങളിലെ ചെടികൾക്ക് നിരവധി ശാഖകളുണ്ട്, ഇത് ചെടികൾ തമ്മിലുള്ള അകലം കൂടുതലായത് കൊണ്ടാണെന്ന് വകുപ്പുതല ഉദ്യോഗസ്ഥർ പറഞ്ഞു. ചെടികൾ തമ്മിലുള്ള അകലം പ്രവർത്തന പദ്ധതിയുടെ ലംഘനം മാത്രമല്ല, ആരോഗ്യമുള്ള ഒരു തേക്ക് മരത്തിന്റെ നേർ വളർച്ചാ സവിശേഷതയെയും ബാധിച്ചുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഈ ശ്രമം 10 ഹെക്ടറിൽ മാത്രം പരീക്ഷണാത്മകമായി പരിമിതപ്പെടുത്തിയിട്ടാണെന്നും അത് പരാജയമായിരുന്നുവെന്നും സർക്കാർ പ്രസ്താവിച്ചു (2024 ഡിസംബർ). നേർ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനായി തേക്ക് തോട്ടങ്ങളിൽ കൊമ്പ് കോതൽ നടപ്പാക്കുമെന്നും അവർ സൂചിപ്പിച്ചു. എന്നിരുന്നാലും, അംഗീകൃത പ്രവർത്തന പദ്ധതി ലംഘിച്ചാണ് തേക്ക് തോട്ടങ്ങൾ നട്ടുപിടിപ്പിച്ചതെന്നും വിഭാവനം ചെയ്ത പ്രവർത്തന പദ്ധതിയിൽ നിന്ന് വ്യതിചലിക്കുന്നതിന് പരിസ്ഥിതി, വനം മന്ത്രാലയത്തിൽ നിന്ന് അനുമതി വാങ്ങിയിട്ടില്ലെന്നതും വസ്തുതയാണ്.

[102] ഒരു തേക്ക് തോട്ടത്തിൽ രണ്ട് പുതിയ തേക്ക് തൈകൾ നടുമ്പോഴുള്ള അകലമാണ് എസ്പേസ്മെന്റ്.

(v) മെക്കാനിക്കൽ/ സിൽവികൾച്ചർ തിന്നിങ്ങിലെ കാലതാമസം മരങ്ങളുടെ മോശം വളർച്ചയിലേക്കും വരുമാനം ലഭിക്കാതിരിക്കുന്നതിനും കാരണമാകുന്നു

കേന്ദ്ര പരിസ്ഥിതി, വനം മന്ത്രാലയം അംഗീകരിച്ച ഡിവിഷനുകളുടെ പ്രവർത്തന പദ്ധതിയിൽ[103], തേക്ക് തോട്ടങ്ങളിൽ നിന്ന് പരമാവധി വിളവ് നേടുന്നതിന് അഞ്ച് സിൽവികൾച്ചർ തിന്നിംഗ് (10, 15, 20, 30, 40 എന്നീ വർഷങ്ങളിൽ) നിർദ്ദേശിക്കുന്നു. പ്രവർത്തന പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രകാരം നടീലിന്റെ അഞ്ചാം വർഷത്തിൽ മെക്കാനിക്കൽ തിന്നിംഗ് നടത്തണം, ഇതിൽ ബാക്കി മരങ്ങളുടെ പരമാവധി വളർച്ച ഉറപ്പാക്കുന്നതിനായി കോണോടുകോണായി വരുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നു. കൂടാതെ, ഇന്ത്യൻ കൗൺസിൽ ഓഫ് ഫോറസ്ട്രി റിസർച്ച് ആൻഡ് എഡ്യൂക്കേഷൻ (ഐ.സി.എഫ്.ആർ.ഇ) പറയുന്നതനുസരിച്ച്[104], പ്രകാശം, വെള്ളം, പോഷകങ്ങൾ എന്നിവയ്ക്കായുള്ള മത്സരം കുറയ്ക്കുന്നതിന് നേരത്തെയുള്ള തിന്നിംഗ് ആവശ്യമാണ്. വളർച്ച മുരടിച്ചതും അനാരോഗ്യകരവും സാവധാനത്തിൽ വളരുന്നതുമായ മരങ്ങൾ പൂർണ്ണമായും നീക്കം ചെയ്യുന്നത് ശേഷിക്കുന്ന മരങ്ങളുടെ മികച്ച വളർച്ചയ്ക്കും നല്ല തടിയുടെ രൂപീകരണത്തിനും സഹായിക്കും.

ചിത്രം 2: ചാലക്കുടി ഡിവിഷനിലെ 2013 പരുന്തുപാറ തേക്ക് തോട്ടം - മെക്കാനിക്കൽ തിന്നിംഗ് നടപ്പാക്കാത്തത് - തേക്ക് ചെടികൾ അകലമില്ലാതെ നിൽക്കുന്നതിനാൽ മിക്ക മരങ്ങൾക്കും ആവശ്യമായ വളർച്ച കൈവരിക്കാൻ കഴിഞ്ഞില്ല (2023 ഒക്ടോബർ 03).

തിരഞ്ഞെടുത്ത ഏഴ് ഡിവിഷനുകളുടെ നിലവിലെ പ്രവർത്തന പദ്ധതിയിൽ **5,520.558** ഹെക്ടർ വിസ്തൃതിയുള്ള **282** തേക്ക് തോട്ടങ്ങളിൽ പീരിയോഡിക്കൽ തിന്നിംഗ്[105] നിർദ്ദേശിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ, അഞ്ച് ഡിവിഷനുകളിലായി **888.75** ഹെക്ടർ **(16.10** ശതമാനം**)** വിസ്തൃതിയുള്ള **47** തേക്ക് തോട്ടങ്ങളിൽ **(16.67** ശതമാനം**)** മാത്രമാണ് തിന്നിംഗ് നടത്തിയത്. രണ്ട് ഡിവിഷനുകളിൽ[106] തിന്നിംഗ് നടത്തിയതേയില്ല. ദുർഘടമായ ഭൂപ്രദേശവും പ്രവേശനക്ഷമതാ പരിമിതികളും

---

103 കോന്നി ഡിവിഷന്റെ പ്രവർത്തന പദ്ധതി കാലയളവ് 2015-25-ഉം, ചാലക്കുടി ഡിവിഷന്റേത് 2018-30-ഉം, വാഴച്ചാൽ ഡിവിഷന്റേത് 2018-28-ഉം, മണ്ണാർക്കാട് ഡിവിഷന്റേത് 2012-23-ഉം, നോർത്ത് വയനാട് ഡിവിഷന്റേത് 2015-25-ഉം, നിലമ്പൂർ സൗത്ത് ഡിവിഷനിൽ 2014-24-ഉം, നിലമ്പൂർ നോർത്ത് ഡിവിഷനിൽ 2015-25-ഉം.

104 ഇന്ത്യൻ കൗൺസിൽ ഓഫ് ഫോറസ്ട്രി റിസർച്ച് ആൻഡ് എഡ്യൂക്കേഷൻ പുറത്തിറക്കിയ വനത്തിലെ തോട്ടങ്ങളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചുള്ള ഒരു കൈപ്പുസ്തകം.

105 പീരിയോഡിക്കൽ തിന്നിംഗ് എന്നാൽ മെക്കാനിക്കൽ തിന്നിംഗ്, ഒന്നും രണ്ടും മൂന്നും നാലും സിൽവികൾച്ചർ തിന്നിംഗ് എന്നിവയെ സൂചിപ്പിക്കുന്നു.

106 ചാലക്കുടി, നോർത്ത് വയനാട് ഡിവിഷനുകൾ.

ചൂണ്ടിക്കാട്ടി തിരഞ്ഞെടുത്ത രണ്ട് ഡിവിഷനുകളിലെ 579.435 ഹെക്ടർ വിസ്തൃതിയുള്ള ഒമ്പത് തേക്ക് തോട്ടങ്ങളിൽ[107] സിൽവികൾച്ചർ തിന്നിംഗ് നടത്തിയില്ല.

81.49 ശതമാനം[108] തേക്ക് തോട്ടങ്ങളിൽ മെക്കാനിക്കൽ തിന്നിംഗ് നടത്തിയിട്ടില്ല, ഇത് തോട്ടങ്ങളുടെ വളർച്ചയെ ബാധിച്ചു **(ചിത്രം - 2)**. പ്രവർത്തന പദ്ധതിയിലെ നിർദ്ദേശങ്ങൾക്ക് നേരെ തേക്ക് തോട്ടങ്ങളിൽ നടത്തിയ പീരിയോഡിക്കൽ തിന്നിംഗിന്റെ വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക - 2.8**ൽ നൽകിയിരിക്കുന്നു:

പട്ടിക 2.8 : പ്രവർത്തന പദ്ധതി നിർദ്ദേശങ്ങൾക്ക് എതിരായി നടന്ന തേക്ക് തോട്ടങ്ങളിലെ പീരിയോഡിക്കൽ തിന്നിംഗിന്റെ (ഫൈനൽ തിന്നിംഗ് അല്ലാതെ) വിശദാംശങ്ങൾ

ഡിവിഷന്റെ പേര്	പ്രവർത്തന പദ്ധതി അനുസരിച്ച് പീരിയോഡിക്കൽ തിന്നിംഗ് നടത്താൻ നിർദ്ദേശിച്ചവ		പീരിയോഡിക്കൽ തിന്നിംഗ് നടത്തിയത്		പീരിയോഡിക്കൽ തിന്നിംഗ് നടത്താത്തത്	
	പീരിയോഡിക്കൽ തിന്നിംഗ് നിർദ്ദേശിക്കപ്പെട്ട തേക്ക് തോട്ടങ്ങളുടെ എണ്ണം	വിസ്തീർണ്ണം (ഹെക്ടർ)	തേക്ക് തോട്ടങ്ങളുടെ എണ്ണം	വിസ്തീർണ്ണം (ഹെക്ടർ)	തേക്ക് തോട്ടങ്ങളുടെ എണ്ണം	വിസ്തീർണ്ണം (ഹെക്ടർ)
കോന്നി	75	1,457.16	10	154.21	65	1,302.95
ചാലക്കുടി	6	87.54	0	0	6	87.54
വാഴച്ചാൽ	23	551.76	7	301.19	16	250.57
മണ്ണാർക്കാട്	8	79.13	6	54.7627	2	24.3673
നോർത്ത് വയനാട്	1	10.13	0	0	1	10.13
നിലമ്പൂർ സൗത്ത്	94	2,379.238	4	62.19	90	2,317.048
നിലമ്പൂർ നോർത്ത്	75	955.6	20	316.4	55	639.2
ആകെ	**282**	**5,520.558**	**47**	**888.7527**	**235**	**4,631.8053**

സ്രോതസ്സ്: വനം വകുപ്പിൽ നിന്നുള്ള വിവരങ്ങൾ

107 നിലമ്പൂർ സൗത്ത് ഡിവിഷനിലെ 1978 പൂളക്കപ്പാറ (49.3 ഹെക്ടർ), 1979 പൂളക്കപ്പാറ (39.375 ഹെക്ടർ) തേക്ക് തോട്ടങ്ങൾ; വാഴച്ചാൽ ഡിവിഷനിലെ 1971 അതിരപ്പിള്ളി (108.46 ഹെക്ടർ), 1973 ഒലശ്ശേരി (9.75 ഹെക്ടർ), 1974 അതിരപ്പിള്ളി (129.55 ഹെക്ടർ), 1977 അതിരപ്പിള്ളി രണ്ട് ബിറ്റുകൾ (76.56 ഹെക്ടറും 79.64 ഹെക്ടറും), 1972 കരന്തോട് (14.28 ഹെക്ടർ) 1973 ഇരുമ്പുപാലം (72.52 ഹെക്ടർ) തേക്ക് തോട്ടങ്ങൾ.

108 281 തേക്ക് തോട്ടങ്ങളുള്ളതിൽ, മെക്കാനിക്കൽ തിന്നിംഗ് നടത്തിയത് 52 തേക്ക് തോട്ടങ്ങളിൽ മാത്രമാണ്.

ആകെയുള്ള 5,520 ഹെക്ടറിൽ, കോന്നി, നിലമ്പൂർ സൗത്ത് എന്നീ ഡിവിഷനുകൾക്ക് കീഴിലെ വിസ്തീർണ്ണം 3,836.398 ഹെക്ടർ (69.49 ശതമാനം) ആയിരുന്നു, എന്നാൽ 216.40 ഹെക്ടറിൽ (5.64 ശതമാനം) മാത്രമേ പീരിയോഡിക്കൽ തിന്നിംഗ് നടത്തിയിട്ടുള്ളൂ. തിന്നിംഗിന്റെ അഭാവം ഉയർന്ന വിലയും ഗുണനിലവാരവുമുള്ള കോന്നി, നിലമ്പൂർ തേക്ക് തടികളുടെ ഉത്പാദനത്തെ ബാധിച്ചേക്കാം. നിലവിലെ പ്രവർത്തന പദ്ധതി 2018-19-ൽ ആരംഭിച്ചെങ്കിലും, 2021 ഡിസംബറിൽ മാത്രമാണ് അംഗീകാരം ലഭിച്ചത് എന്നതിനാൽ പീരിയോഡിക്കൽ തിന്നിംഗ് നടത്തിയില്ല എന്ന് ചാലക്കുടി ഡിവിഷൻ അറിയിച്ചു. പീരിയോഡിക്കൽ തിന്നിംഗ് നടത്താതിരുന്നതിന് യാതൊരു കാരണവും നോർത്ത് വയനാട് ഡിവിഷൻ നൽകിയിട്ടില്ല.

ഫണ്ടുകളുടെ അഭാവത്താലാണ് മെക്കാനിക്കൽ തിന്നിംഗ്, പീരിയോഡിക്കൽ തിന്നിംഗ് എന്നിവ നടപ്പാക്കാൻ കഴിയാതിരുന്നത് എന്ന് സർക്കാർ അറിയിച്ചു (2024 ഡിസംബർ). കൂടാതെ, നിർദ്ദിഷ്ട സ്ഥലത്തിന്റെ ഗുണനിലവാരത്തിലെ മാറ്റങ്ങൾ, മണ്ണിലെ ഘടകങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഘടകങ്ങൾ കാരണമാണ് തേക്ക് തോട്ടങ്ങളുടെ സിൽവികൾച്ചർ പരിപാലനത്തിനായി നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങളുടെ പട്ടികയിൽ നിന്നും വ്യതിയാനങ്ങൾ സംഭവിച്ചതെന്നും എന്നാൽ പ്രധാന കാരണം പ്രവൃത്തിക്കായുള്ള ഫണ്ടിന്റെ അഭാവമാണെന്നും അംഗീകരിച്ചു.

ഈ തോട്ടങ്ങളിൽ നിന്നുള്ള ഇടക്കാല വരുമാനം കാലാനുസൃതമായ തിന്നിംഗിന്റെ അഭാവത്താൽ ഈടാക്കാൻ കഴിഞ്ഞില്ല. കൂടാതെ, പ്രവർത്തന പദ്ധതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തിന്നിംഗ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാതിരുന്നത് മരങ്ങളുടെ നിലവാരത്തെയും വളർച്ചയെയും ബാധിക്കുകയും അതുവഴി മരങ്ങൾ വെട്ടുന്ന സമയത്ത് ഭാവി വരുമാനത്തെയും ബാധിച്ചേക്കും.

(vi) തേക്ക് തോട്ടങ്ങളിലെ ഫൈനൽ തിന്നിങ്ങിന്റെ അഭാവം

കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം അംഗീകരിച്ച ഡിവിഷനുകളുടെ പ്രവർത്തന പദ്ധതി[109] പ്രകാരം, അന്തിമമായി മരം വെട്ടിമാറ്റുന്നതിന് മുമ്പ്, നട്ട് 40-ാമത്തെ വർഷത്തിൽ തേക്ക് തോട്ടങ്ങളുടെ അന്തിമ സിൽവികൾച്ചർ തിന്നിംഗ് നടത്തണം. അന്തിമ സിൽവികൾച്ചർ തിന്നിംഗിന്റെ സമയത്ത് വിളവെടുക്കുന്ന തടിയാണ് ഫൈനൽ ഫെല്ലിംഗിന് മുമ്പുള്ള വരുമാന സ്രോതസ്സുകളിൽ ഒന്ന്. കൂടാതെ, ശേഷിക്കുന്ന മരങ്ങളുടെ ആരോഗ്യകരമായ വളർച്ചയും ഇത് ഉറപ്പാക്കുന്നു. തിരഞ്ഞെടുത്ത ഏഴ് ഡിവിഷനുകളിലായി 8,662.1 ഹെക്ടർ വിസ്തീർണ്ണമുള്ള 213 തേക്ക് തോട്ടങ്ങൾ നിലവിലെ പ്രവർത്തന പദ്ധതി പ്രകാരം ഫൈനൽ തിന്നിംഗ് നടത്താൻ നിർദ്ദേശിച്ചിരുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ **പട്ടിക - 2.9**ൽ വിശദീകരിച്ചിരിക്കുന്നതുപോലെ നാല് ഡിവിഷനുകളിലെ 409.30 ഹെക്ടർ (4.73 ശതമാനം) വിസ്തീർണ്ണമുള്ള 10 തേക്ക് തോട്ടങ്ങളിൽ (4.69 ശതമാനം) മാത്രമാണ് ഫൈനൽ തിന്നിംഗ് നടത്തിയത്. തിരഞ്ഞെടുത്ത ഏഴ് ഡിവിഷനുകളിൽ മൂന്നെണ്ണത്തിൽ[110] ഫൈനൽ തിന്നിംഗ് നടത്തിയില്ല.

[109] കോന്നി ഡിവിഷൻ 2015-25, ചാലക്കുടി ഡിവിഷൻ 2018-30, വാഴച്ചാൽ ഡിവിഷൻ 2018-28, മണ്ണാർക്കാട് ഡിവിഷൻ 2012-23, നോർത്ത് വയനാട് ഡിവിഷൻ 2015-25, നിലമ്പൂർ സൗത്ത് ഡിവിഷൻ 2014-24, നിലമ്പൂർ നോർത്ത് ഡിവിഷൻ 2015-25 എന്നിങ്ങനെയാണ് പ്രവർത്തന പദ്ധതി കാലയളവ്.

[110] ചാലക്കുടി, നിലമ്പൂർ സൗത്ത്, മണ്ണാർക്കാട് ഡിവിഷനുകൾ.

പട്ടിക 2.9: പ്രവർത്തന പദ്ധതി നിർദ്ദേശത്തിനെതിരെ ഫൈനൽ തിന്നിംഗ് നടത്തിയത്

ഡിവിഷന്റെ പേര്	പ്രവർത്തന പദ്ധതി അനുസരിച്ച് നിർദ്ദേശിക്കപ്പെട്ട ഫൈനൽ തിന്നിംഗ്		ഫൈനൽ തിന്നിംഗ് നടത്തിയത്		ഫൈനൽ തിന്നിംഗ് നടത്താത്തവ	
	തേക്ക് തോട്ടങ്ങളുടെ എണ്ണം	വിസ്തീർണ്ണം (ഹെക്ടറിൽ)	തേക്ക് തോട്ടങ്ങളുടെ എണ്ണം	വിസ്തീർണ്ണം (ഹെക്ടറിൽ)	തേക്ക് തോട്ടങ്ങളുടെ എണ്ണം	വിസ്തീർണ്ണം (ഹെക്ടറിൽ)
കോന്നി	63	2,152.89	5	144.54	58	2,008.35
ചാലക്കുടി	2	67.56	0	0	2	67.56
വാഴച്ചാൽ	40	2,819.35	2	89.15	38	2,730.20
മണ്ണാർക്കാട്	13	152.49	0	0	13	152.49
നോർത്ത് വയനാട്	8	299.86	1	24.51	7	275.35
നിലമ്പൂർ സൗത്ത്	43	1,470.68	0	0	43	1,470.68
നിലമ്പൂർ നോർത്ത്	44	1,699.27	2	151.10	42	1,548.17
ആകെ	**213**	**8,662.10**	**10**	**409.30**	**203**	**8,252.80**

സ്രോതസ്സ്: വനം വകുപ്പിൽ നിന്നുള്ള വിവരങ്ങൾ

ആകെയുള്ള 8,662.10 ഹെക്ടറിൽ കോന്നി, വാഴച്ചാൽ ഡിവിഷനുകൾക്ക് കീഴിലെ വിസ്തീർണ്ണം 4,972.24 ഹെക്ടർ (57.40 ശതമാനം) ആയിരുന്നെങ്കിലും 233.69 ഹെക്ടറിൽ (4.70 ശതമാനം) മാത്രമാണ് ഫൈനൽ തിന്നിംഗ് നടത്തിയത്. ഫൈനൽ തിന്നിംഗ് നടത്താതിരുന്നത് പ്രവർത്തന പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കുന്നതിൽ വന്ന കാലതാമസം കാരണമാണെന്ന് ചാലക്കുടി ഡിവിഷൻ അറിയിച്ചു. മണ്ണാർക്കാട്, നിലമ്പൂർ സൗത്ത് ഡിവിഷനുകൾ ഫൈനൽ തിന്നിംഗ് നടത്താതിരുന്നതിന് കാരണമൊന്നും നൽകിയില്ല.

ഫൈനൽ തിന്നിംഗ് നടത്താത്തതിനാൽ വരുമാനനഷ്ടമില്ലെന്നും ഫണ്ടിന്റെ പരിമിതികൾ, ഡിപ്പോകളിലെ തടിയുടെ ലഭ്യത, വനങ്ങളുടെ മൊത്തത്തിലുള്ള ആരോഗ്യം, പരിപാലനം എന്നിവയാൽ തീരുമാനിക്കപ്പെടുന്ന ഒരു പ്രവർത്തനമാണിതെന്നും സർക്കാർ പ്രസ്താവിച്ചു (2024 ഡിസംബർ). ഒരു തേക്ക് തോട്ടത്തെ ബാധിക്കുന്ന എല്ലാ ഘടകങ്ങളും കണക്കിലെടുത്ത ശേഷം ശാസ്ത്രീയമായി തയ്യാറാക്കിയ പ്രവർത്തന പദ്ധതിയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ നടപടിയായതിനാൽ മറുപടി സ്വീകാര്യമല്ല.

(vii) തിരഞ്ഞെടുത്ത മരം മുറിക്കൽ നടത്താതിരുന്നത്

2021ലെ പരിസ്ഥിതി പുനഃസ്ഥാപന നയത്തിന്റെ ഖണ്ഡിക 3.2 പ്രകാരം, നിലവിലുള്ള വനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും പുനഃസ്ഥാപിക്കുന്നതിനുമായി, മോശം വളർച്ചയുള്ള പരാജയപ്പെട്ട തേക്ക് തോട്ടങ്ങളിൽ നിന്ന് ഉപയോഗയോഗ്യമായ തേക്ക് ശേഖരിച്ച ശേഷം ഘട്ടം ഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റും. ഇക്കാര്യത്തിൽ താഴെപ്പറയുന്ന പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടു:

മണ്ണാർക്കാട് ഡിവിഷനിലെ പ്രവർത്തന പദ്ധതി[111] പ്രകാരം 1962-ലെ പൊട്ടിക്കൽ തേക്ക് തോട്ടം ഫൈനൽ ഫെല്ലിങ്ങിനായി നിർദ്ദേശിച്ചിരുന്നതാണ്. ഡിവിഷനിലെ തേക്ക് തോട്ടങ്ങളിൽ തേക്ക് മരങ്ങൾ മുറിക്കാതെ വിവിധ ഇനങ്ങൾ[112] നട്ടുപിടിപ്പിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. നിലവിലുള്ള തേക്ക് മരങ്ങളുടെ മേലാപ്പ് പുതുതായി നട്ട വിവിധ ഇനങ്ങളുടെ വളർച്ച മുരടിയ്ക്കുന്നതിന് കാരണമായതായി ഓഡിറ്റ് നിരീക്ഷിച്ചു (2023 സെപ്റ്റംബറിൽ നടത്തിയ സംയുക്ത പരിശോധന). അതിനാൽ, ഉയർന്ന മൂല്യമുള്ള തിരഞ്ഞെടുത്ത തേക്ക് മരങ്ങൾ നീക്കം ചെയ്യുന്നതിലൂടെ ഗണ്യമായ വരുമാനം നേടുന്നതിൽ വകുപ്പ് പരാജയപ്പെട്ടു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ മണ്ണാർക്കാട് ഡിവിഷനിലെ പൊട്ടിക്കൽ തേക്ക് തോട്ടം തേക്കിന്റെ ലഭ്യത വളരെ കുറവുള്ള പ്രദേശമാണെന്നും, തേക്കിന്റെ വിളവെടുപ്പ് ചെലവ് വർദ്ധിപ്പിക്കുമെന്നും അത് ലാഭകരമല്ലെന്നും സർക്കാർ പ്രസ്താവിച്ചു (2024 ഡിസംബർ). ഈ തേക്ക് തോട്ടത്തിൽ 612.89 ഘനമീറ്റർ തേക്ക് ഉണ്ട്, അതിൽ 88.88[113] ശതമാനം പ്രദേശത്ത് ഡിവിഷന്റെ പ്രവർത്തന പദ്ധതി പ്രകാരം ക്ലാസ് I, ക്ലാസ് II എന്നിവയുൾപ്പെടെയുള്ള തേക്കിന്റെ ലഭ്യതയുള്ളത് കാരണം മറുപടി സ്വീകാര്യമല്ല. കൂടാതെ, നിലവിലുള്ള മരങ്ങൾ മുറിച്ചു മാറ്റാത്തത് കാരണം അവയുടെ മേലാപ്പ് പുതിയ ഇനങ്ങളുടെ വളർച്ചയെയും ബാധിക്കുന്നു.

തേക്ക് മൂല്യനിർണ്ണയ സമിതി (2019ലെ പി.സി.സി.എഫ്.ന്റെ ഉത്തരവ് പ്രകാരം) തേക്ക് തോട്ടങ്ങളിലെ പരിസ്ഥിതി പുനഃസ്ഥാപനത്തിന് ശുപാർശ ചെയ്തു, കൂടാതെ 2021ൽ സർക്കാർ പരിസ്ഥിതി പുനഃസ്ഥാപന നയം പുറപ്പെടുവിച്ചപ്പോൾ, ഉപയോഗയോഗ്യമായ തേക്ക് ശേഖരിച്ചതിന് ശേഷം പരിസ്ഥിതി പുനഃസ്ഥാപനത്തിന് നിർദ്ദേശം നൽകി. എന്നാൽ, ഇത് പാലിക്കപ്പെട്ടിട്ടില്ല.

(viii) മൂപ്പെത്തിയ തേക്ക് തോട്ടം മുറിച്ചു മാറ്റിയില്ല

കേന്ദ്ര പരിസ്ഥിതി, വനം മന്ത്രാലയം അംഗീകരിച്ച, ഡിവിഷനുകളുടെ നിലവിലെ പ്രവർത്തന പദ്ധതി[114] അനുസരിച്ച്, തിരഞ്ഞെടുത്ത ഏഴ് ഡിവിഷനുകളിലായി 4,770.471 ഹെക്ടർ വിസ്തൃതിയുള്ള 154 തേക്ക് തോട്ടങ്ങൾ റൊട്ടേഷൻ പ്രായം പൂർത്തിയാകുമ്പോൾ അന്തിമമായി വെട്ടിമാറ്റേണ്ടതായിരുന്നു. 1,092.37 ഹെക്ടർ (22.90 ശതമാനം) വിസ്തൃതിയുള്ള 51 തേക്ക് തോട്ടങ്ങളിൽ (33.12 ശതമാനം) മാത്രമാണ് ഫൈനൽ ഫെല്ലിംഗ് നടത്തിയതെന്ന് ഓഡിറ്റ് കണ്ടെത്തി. ഏഴ് ഡിവിഷനുകളിലെ രണ്ടെണ്ണത്തിൽ[115] ഫൈനൽ ഫെല്ലിംഗ് നടത്തിയിട്ടേയില്ല. വിശദാംശങ്ങൾ താഴെ **പട്ടിക - 2.10**ൽ നൽകിയിരിക്കുന്നു.

---

111 മണ്ണാർക്കാട് ഡിവിഷന്റെ പ്രവർത്തന പദ്ധതി കാലയളവ് 2012-23.

112 സീതപ്പഴം, വാക, വേങ്ങ തുടങ്ങിയവ.

113 ക്ലാസ് I - 2.21 ഹെക്ടർ, ക്ലാസ് II - 5.99 ഹെക്ടർ, ക്ലാസ് III - 1.79 ഹെക്ടർ, ക്ലാസ് IV - 3.27 ഹെക്ടർ, മറ്റ് ഇനങ്ങൾ - 14.92 ഹെക്ടറിൽ 1.66 ഹെക്ടർ.

114 കോന്നി ഡിവിഷൻ 2015-25, ചാലക്കുടി ഡിവിഷൻ 2018-30, വാഴച്ചാൽ ഡിവിഷൻ 2018-28, മണ്ണാർക്കാട് ഡിവിഷൻ 2012-23, നോർത്ത് വയനാട് ഡിവിഷൻ 2015-25, നിലമ്പൂർ സൗത്ത് ഡിവിഷൻ 2014-24, നിലമ്പൂർ നോർത്ത് ഡിവിഷൻ 2015-25 എന്നിങ്ങനെയാണ് പ്രവർത്തന പദ്ധതി കാലയളവ്.

115 ചാലക്കുടിയും നോർത്ത് വയനാടും.

പട്ടിക 2.10: തേക്ക് തോട്ടങ്ങളിലെ ഫൈനൽ ഫെല്ലിംഗിന്റെ വിശദാംശങ്ങൾ

ഡിവിഷന്റെ പേര്	പ്രവർത്തന പദ്ധതി അനുസരിച്ച് ഫൈനൽ ഫെല്ലിംഗ്		ഫൈനൽ ഫെല്ലിംഗ് നടത്തിയത്		ഫൈനൽ ഫെല്ലിംഗ് നടത്താത്തത്	
	ഫൈനൽ ഫെല്ലിംഗ് നിർദ്ദേശിച്ചിട്ടുള്ള തേക്ക് തോട്ടങ്ങളുടെ എണ്ണം	വിസ്തീർണ്ണം (ഹെക്ടറിൽ)	തേക്ക് തോട്ടങ്ങളുടെ എണ്ണം	വിസ്തീർണ്ണം (ഹെക്ടറിൽ)	തേക്ക് തോട്ടങ്ങളുടെ എണ്ണം (ശതമാനം ബ്രാക്കറ്റിൽ)	വിസ്തീർണ്ണം (ഹെക്ടറിൽ)
കോന്നി	52	1,647.85	12	426.67	40 (76.92)	1,221.18
ചാലക്കുടി	13	564.19	0	0	13 (100.00)	564.19
വാഴച്ചാൽ	10	473.93	1	26.25	9 (90.00)	447.68
മണ്ണാർക്കാട്	22	166.23	18	99.50	4 (18.18)	66.73
നോർത്ത് വയനാട്	10	488.56	0	0	10 (100.00)	488.56
നിലമ്പൂർ സൗത്ത്	22	838.011	11	381.05	11 (50.00)	456.961
നിലമ്പൂർ നോർത്ത്	25	591.70	9	158.90	16 (64.00)	432.80
ആകെ	**154**	**4,770.471**	**51**	**1,092.37**	**103 (66.88)**	**3,678.101**

സ്രോതസ്സ്: വനം വകുപ്പിൽ നിന്നുള്ള വിവരങ്ങൾ.

നിലവിലെ പ്രവർത്തന പദ്ധതി 2018-19-ൽ നിലവിൽ വന്നെങ്കിലും 2021 ഡിസംബറിൽ മാത്രമാണ് അംഗീകാരം ലഭിച്ചത് എന്നതിനാൽ അന്തിമ വെട്ടി മാറ്റൽ നടത്തിയില്ല എന്ന് ചാലക്കുടി ഡിവിഷൻ അറിയിച്ചു. സ്റ്റോക്കിലെ കുറവും പൊതുജന പ്രതിഷേധവും അന്തിമ വെട്ടി മാറ്റൽ നടത്താതിരുന്നതിന് കാരണമായി എന്ന് നോർത്ത് വയനാട് ഡിവിഷൻ അറിയിച്ചു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, തോട്ടങ്ങൾ അന്തിമമായി വെട്ടിമാറ്റുതിന് മുമ്പ് പരിഗണിക്കേണ്ട മറ്റ് ഘടകങ്ങളുണ്ടെന്നും കേരളത്തിൽ മരങ്ങൾ വളരുന്നതിനും തടിയുടെ ചുറ്റളവ് വർദ്ധിക്കുന്നതിനും സാധ്യതയേറെയുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു (2024 ഡിസംബർ). എന്നാൽ, എക്സിറ്റ് മീറ്റിംഗിൽ (2024 ആഗസ്റ്റ്), ഫൈനൽ ഫെല്ലിംഗ് നടത്താത്തതിന് കാരണം ഫണ്ടുകളുടെ അഭാവമാണെന്ന് സർക്കാർ പറഞ്ഞത് ശ്രദ്ധേയമാണ്. എന്നിരുന്നാലും, പ്രവർത്തന പദ്ധതി തയ്യാറാക്കുന്നതിനായി പ്രത്യേക വിഭാഗം നടത്തിയ വിശദമായ പഠനത്തിന് ശേഷം തയ്യാറാക്കിയ പ്രവർത്തന പദ്ധതിയിൽ ഈ തേക്ക് തോട്ടങ്ങൾ വെട്ടിമാറ്റുന്നത് പ്രത്യേകം പരാമർശിച്ചിരിക്കുന്നതിനാൽ സർക്കാർ മറുപടി സ്വീകാര്യമല്ല. അംഗീകൃത പ്രവർത്തന പദ്ധതിയിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തിനും പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ അംഗീകാരം വാങ്ങേണ്ടതുണ്ട്. താഴെപ്പറയുന്ന സന്ദർഭങ്ങളിൽ നിരീക്ഷിച്ചതുപോലെ വിൽപ്പനയ്ക്കായി തടി ലഭ്യമല്ലാത്തതിനാൽ ഇത് വരുമാന നഷ്ടത്തിന് കാരണമാകും.

- മുറിച്ചുമാറ്റൽ പ്രവർത്തനങ്ങൾ വൈകുകയോ ഇല്ലാതിരിക്കുകയോ ചെയ്തതിനാൽ കോഴിക്കോട് തടി വിൽപ്പന വിഭാഗത്തിന് കീഴിലുള്ള ഡിപ്പോകളിൽ വിൽപ്പനയ്ക്കായി നല്ല നിലവാരമുള്ള തടികളുടെ കുറവനുഭവപ്പെട്ടു.

- കോഴിക്കോട് നഗരത്തിനടുത്തുള്ള ചാലിയം ഡിപ്പോയ്ക്ക് മികച്ച വിൽപ്പനയും പരമാവധി വരുമാനവും ലഭിച്ചിരുന്നു, എന്നിരുന്നാലും 2020-22-ൽ ഡിപ്പോയിൽ ഗുണനിലവാരമുള്ള തേക്ക് തടിയുടെ കുറവ് നേരിട്ടു; പ്രത്യേകിച്ച് ഉയർന്ന മൂല്യമുള്ള നിലമ്പൂർ തേക്ക്.

- പുനലൂർ തടി വിൽപ്പന ഡിവിഷനു കീഴിലുള്ള തുയ്യം ഡിപ്പോ തടിയുടെ ലഭ്യതക്കുറവ് കാരണം ഒഴിഞ്ഞു കിടക്കുകയായിരുന്നുവെന്നും ഈ ഭൂമി

കയ്യേറിയതായും ഓഡിറ്റ് നിരീക്ഷിച്ചു, ഇതിനെതിരെ വകുപ്പ് പ്രത്യേക നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

(ix) തേക്ക് മരങ്ങളിലെ ബോറർ ആക്രമണം തടയുന്നതിലെ സമയബന്ധിതമായ നടപടിയുടെ അഭാവം

ഏത് പ്രായത്തിലുള്ള തേക്ക് മരങ്ങളിലും തുളകൾ ഉണ്ടാക്കി അവയെ നശിപ്പിക്കുന്ന ഒരു പ്രാണിയാണ് ടീക്ക് ബോറർ (തേക്ക് തുരപ്പൻ). ബാധിക്കപ്പെട്ട മരങ്ങൾ വെട്ടിക്കളയുകയും ഇളം മരങ്ങളിലേക്ക് ഇവയുടെ ബാധ പടരുന്നത് തടയുകയും ചെയ്യുക എന്നതാണ് ഇത് തടയാനായി ചെയ്യുന്ന രീതി. ചാലക്കുടി ഡിവിഷനിലെ പാലാപ്പിള്ളി റേഞ്ചിലെ മൂന്ന് തേക്ക് തോട്ടങ്ങളിലെ[116] 50 ശതമാനം മരങ്ങളിലും ടീക്ക് ബോററിൻറെ ആക്രമണം നേരിട്ടതായി (**ചിത്രം - 3**) ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു (2023 നവംബർ 9). മൂന്ന് തേക്ക് തോട്ടങ്ങളും 60 വർഷത്തെ റൊട്ടേഷൻ പ്രായം കൈവരിച്ചിട്ടുണ്ടെങ്കിലും ഫൈനൽ ഫെല്ലിംഗ് ഇതുവരെ നടന്നിട്ടില്ലെന്നതും ശ്രദ്ധേയമാണ്. ഈ മൂന്ന് തേക്ക് തോട്ടങ്ങളിൽ, ചാലക്കുടി ഡിവിഷന്റെ 2005-15 കാലയളവിലെ മുൻ പ്രവർത്തന പദ്ധതിയിൽ 2011-12ൽ തന്നെ രണ്ട് തേക്ക് തോട്ടങ്ങളിൽ[117] അന്തിമ വെട്ടിമാറ്റൽ നിർദ്ദേശിച്ചിരുന്നു. പരിസ്ഥിതി, വനം മന്ത്രാലയം അംഗീകരിച്ച നിലമ്പൂർ സൗത്ത് ഡിവിഷന്റെ പ്രവർത്തന പദ്ധതി[118] പ്രകാരം വ്യാപകമായ ബോറർ ആക്രമണത്തെത്തുടർന്ന് നാല് തേക്ക് തോട്ടങ്ങൾ[119] ഫൈനൽ ഫെല്ലിംഗിനായി നിർദ്ദേശിച്ചു. എന്നാൽ ഇത് ഒരു കേസിൽ[120] മാത്രമാണ് നടത്തിയത്; ശേഷിക്കുന്ന തേക്ക് തോട്ടങ്ങളിൽ ഫൈനൽ ഫെല്ലിംഗ് നടത്താത്തതിന് കാരണങ്ങളൊന്നും നൽകിയിട്ടില്ല.

ചിത്രം - 3: ചാലക്കുടി ഡിവിഷനിലെ 1946 കാരിക്കുളം തേക്ക് തോട്ടം - തേക്ക് മരങ്ങളിലെ ബോറർ ആക്രമണത്തിന്റെ വിവിധ ഘട്ടങ്ങൾ - (2023 നവംബർ 09)

---

